കേളപ്പൻ

ദേശീയ ജീവചരിത്രപരമ്പര

കേളപ്പൻ

പ്രൊഫ. എം. പി. മന്മഥൻ

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

1991 (ശക. 1912)

© പ്രൊഫ. എം. പി. മന്മഥൻ 1991

Kelappan (Malayalam)

രൂ. 16.00

അച്ചടി: ഡി. സി. പ്രസ്സ് കോട്ടയം 686 001

പ്രസാധകർ: ഡയറക്ടർ, നാഷണൽ ബുക് ട്രസ്റ്റ്, ഇന്ത്യ
എ—5, ഗ്രീൻപാർക്ക്, ന്യൂദൽഹി 110 016

മുഖവുര

വീര കേരള പുത്രനായ കേളപ്പജിയുടെ ഒരു ലഘുജീവിതകഥ 'നാഷണൽ ബുക്ക്ട്രസ്റ്റ് ഇന്ത്യ'യുടെ ആവശ്യപ്രകാരം തയ്യാറാക്കാൻ സാധിച്ചതിൽ എനിക്ക് അനല്പമായ ചാരിതാർത്ഥ്യമുണ്ട്. കേളപ്പജിയുടെ ജീവചരിത്രം ഞാൻ കുറേക്കൂടി വലിയ രൂപത്തിൽ കേരള സർവോദയമണ്ഡലത്തിന്റെ ആവശ്യപ്രകാരം എഴുതിയത് പ്രസിദ്ധീകൃതമായിക്കഴിഞ്ഞിട്ടുണ്ട്. കേളപ്പജിയുടെ ജീവിതകഥ സംക്ഷേപിച്ചെഴുതിയതാണ് ഈ ഗ്രന്ഥം.

ഈ നൂറ്റാണ്ടിൽ ഇന്ത്യയിൽ ജീവിച്ചിരുന്ന ധീര ദേശാഭിമാനികളായ മുതിർന്ന നേതാക്കളുടെ മുന്നണിയിൽതന്നെ നിലകൊള്ളുന്ന കേളപ്പജിയുടെ ത്യാഗോജ്ജ്വലമായ കഥ, കേരളത്തിലെ മാത്രമല്ല, ഭാരതത്തിലെ ഇന്നത്തെയും എന്നത്തെയും തലമുറകൾക്ക് മഹത്തായ സംഭാവനതന്നെയായിരിക്കുമെന്നുള്ളതിൽ സംശയമില്ല. അതിനാൽ ഇത് എല്ലാ ഭാരതീയഭാഷകളിലും പ്രസിദ്ധപ്പെടുത്തേണ്ട അർഹതയും ആവശ്യവുമുള്ളതാണ്. നാഷണൽ ബുക്ക് ട്രസ്റ്റ് ആ മഹത്തായ കൃത്യം നിർവഹിക്കുമെന്ന പ്രതീക്ഷയും എനിക്കുണ്ട്.

മൂവാറ്റുപുഴ
സെപ്തംബർ 9, 1989

എം. പി. മന്മഥൻ

ഉള്ളടക്കം

ഇതാ ഒരു ഉരുക്കുമനുഷ്യൻ 1
ജനനം ബാല്യം വിദ്യാഭ്യാസം 5
അണിയറയിൽനിന്നു് അരങ്ങത്തേക്കു് 14
ജീവിതസ്പർശിയായ ചില ഗാർഹിക സംഭവങ്ങൾ 22
മലബാർ കലാപം 26
മാതൃഭൂമിപ്പത്രത്തിന്റെ തുടക്കം: വൈക്കത്തെ സത്യാഗ്രഹം 33
ഹരിജനോദ്ധാരണം—ഉപ്പുസത്യാഗ്രഹം 43
ഗുരുവായൂർ സത്യാഗ്രഹം 57
സമർത്ഥനായ ഭരണാധികാരി 67
കോൺഗ്രസ്സിലെ ചേരിപ്പോരു് 70
ആഗസ്റ്റു് വിപ്ലവം 73
ഐക്യകേരളം 77
അധികാരരാഷ്ട്രീയത്തോടു് വിട 83
സർവോദയരംഗത്തേക്കു് 85
അന്ത്യകാലം 93

1. ഇതാ, ഒരു ഉരുക്കുമനുഷ്യൻ!

"സഹോദരന്മാരേ, നിങ്ങൾ ശാന്തരാകണം, മടങ്ങിപ്പോകണം. ഇങ്ങോട്ടു കടന്നുവന്നു് അക്രമങ്ങൾക്കു് ഒരുമ്പെടരുതു്. ഇവിടെ നിങ്ങളുടെ ബന്ധുക്കളേയുള്ളു. ശത്രുക്കളാരുമില്ല."

മലവെള്ളംപോലെ ഇരമ്പിപ്പാഞ്ഞുവരുന്ന ഒരു വമ്പിച്ച ജനക്കൂട്ടത്തിനഭിമുഖമായി നിന്നുകൊണ്ടു്, തൊണ്ട പൊട്ടുമാറു് ഒരാൾ വിളിച്ചുപറയുകയാണു്. അവരതു കേൾക്കുന്നില്ല. സംഹാരമൂർത്തികളെപ്പോലെ പാഞ്ഞടുക്കുന്ന ആ സംഘത്തിൽ അഞ്ഞൂറോളം ആളുകളുണ്ടു്. അവർ ഉയർത്തിപ്പിടിച്ച നീണ്ട കത്തികളും കുന്തങ്ങളും വാളുകളും മനുഷ്യരക്തത്തിനുവേണ്ടി ദാഹിച്ചു് മുന്നോട്ടു നീങ്ങുന്നതുപോലെ തോന്നി. അതിശീഘ്രം കടന്നുവരുന്ന ആ അക്രമികളുടെ മുഖങ്ങൾ സംഹാരത്തിന്റെ രൗദ്രഭാവമാണു് വിളിച്ചറിയിച്ചതു്.

അവർ അടുത്തടുത്തു വരികയാണു്.

ധീരഗംഭീരവും സ്നേഹശീതളവുമായ ആ ശബ്ദം വീണ്ടും ഉച്ചത്തിൽ മുഴങ്ങി: "ദയവുചെയ്തു മടങ്ങിപ്പോകുവിൻ. നിങ്ങളുടെ സഹോദരീസഹോദരന്മാരാണു് ഇവിടെയുള്ളതെന്നു് ഓർമ്മിക്കുവിൻ. അവരെ ആക്രമിക്കാൻ പാടില്ല. നിങ്ങളുടെ സ്നേഹമാണു് അവർക്കു വേണ്ടതു്. സ്നേഹത്തിന്റെ പേരിൽ ഞാനപേക്ഷിക്കുന്നു, നിങ്ങൾ മടങ്ങിപ്പോകണം."

അഭ്യർത്ഥനകൾ ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ ഒരു സാഹസികന്റെ മട്ടിൽ, അക്രമികളുടെ മുന്നേററത്തെ ചെറുക്കുവാൻ, കൈ കോർത്തുപിടിച്ചു് ഒരു വേലിപോലെ നിലയുറപ്പിക്കാൻ അദ്ദേഹം കൂടെയുള്ളവരോടാവശ്യപ്പെട്ടു. ആ അനുചരസംഘത്തിൽ ഇരുപതിലധികം പേർ ഉണ്ടായിരുന്നില്ല.

ആയുധപാണികളായ ആ ജനക്കൂട്ടം ആർത്തട്ടഹസിച്ചുകൊണ്ടു് അടുത്തെത്തിയപ്പോൾ കണ്ടതു്, അവരെ തടയാൻ

നിലയുറപ്പിച്ച നിരായുധരുടെ ആ പ്രതിരോധനിരയും അതിനു തൊട്ടുമുമ്പിലായി ഉയരം കൂടിയ ഒരു സൗഹൃത്തിന്റെ കഴുത്തിൽ കയറി ഇരിപ്പുറപ്പിച്ചുകൊണ്ടു് അത്യുച്ചത്തിൽ, മടങ്ങിപ്പോകാൻ ആഹ്വാനം മുഴക്കുന്ന ഹ്രസ്വകായനായ ആ മനുഷ്യനെയുമായിരുന്നു. ഇരുകരങ്ങളും ആകാശത്തേക്കുയർത്തിപ്പിടിച്ചുകൊണ്ടു് ദിഗന്തങ്ങൾ മുഴങ്ങുമാറു് അദ്ദേഹം തന്റെ അഭ്യർത്ഥന ആവർത്തിച്ചുകൊണ്ടിരിക്കയാണു്.

രാമരാവണയുദ്ധത്തിൽ ഹനുമാന്റെ ഗളതലത്തിലമർന്നിരുന്നുകൊണ്ടു് പ്രതിയോഗികൾക്കെതിരെ സമർത്ഥമായ തന്റെ അസ്ത്രപ്രയോഗപാടവം പ്രദർശിപ്പിച്ച ശ്രീരാമചന്ദ്രനെ ചിലർ ഓർത്തു. ശാന്തഗംഭീരമായ ആ മുഖവും ആജ്ഞാശക്തിയുള്ള തിളങ്ങുന്ന കണ്ണുകളും നിശ്ചയദാർഢ്യം വിളിച്ചോതുന്ന ആ മുഴക്കമുള്ള ശബ്ദവും ആരെയും അനുസരിപ്പിക്കാൻപോന്നവയായിരുന്നു.

ലഹളയ്ക്കു വന്നവർ ഒന്നു പകച്ചുനിന്നു. ആർപ്പുവിളികളും അട്ടഹാസങ്ങളും പെട്ടെന്നു നിലച്ചു. അല്പനേരത്തെ നിശ്ശബ്ദത. നിശ്ചലത! അതാ, വീണ്ടും ആ ഗംഭീരശബ്ദം.

''സഹോദരന്മാരേ, ഞങ്ങൾ നിങ്ങളുടെ ശത്രുക്കളല്ല. നിങ്ങളെ സ്നേഹിക്കുന്നവരാണു്. ഈ വാക്കുകൾ ദയവായി കേൾക്കൂ. അക്രമവും കൊലയും കൊള്ളയും കൊള്ളിവയ്പും പൊന്നാനിയിലേക്കു കടക്കാൻ ഞങ്ങൾ സമ്മതിക്കയില്ല നിങ്ങളുടെ ഈ മുന്നേററത്തെ നിരായുധരായി, ജീവൻ കൊടുത്തും ചെറുക്കാനാണു് ഞങ്ങൾ ഇവിടെ നില്ക്കുന്നതു്. ഞങ്ങളുടെയെല്ലാം ശവശരീരത്തിൽ ചവിട്ടിയല്ലാതെ നിങ്ങൾക്കിനി മുന്നോട്ടു നീങ്ങാനാവുകയില്ല. നിങ്ങളുടെ ആയുധങ്ങളേററു് ഇവിടെ മരിച്ചുവീഴുമ്പോഴും ഞങ്ങൾ നിങ്ങളുടെ നന്മയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയേയുള്ളു. സഹോദരരക്തം ഈ മണ്ണിൽ ഒഴുക്കണമോ എന്നു് ഇനി നിങ്ങൾ ചിന്തിച്ചുനോക്കൂ.''

ജനക്കൂട്ടം നിശ്ശബ്ദരായി ആ വാക്കുകൾ മുഴവൻ ശ്രദ്ധിച്ചു കേട്ടു. എന്താണാ വാക്കുകളുടെ അർത്ഥം?

കഴിഞ്ഞ കുറേ ദിവസങ്ങളിൽ തെക്കേ മലബാറിലെ പല ഗ്രാമങ്ങളും കൊള്ളചെയ്തിട്ടു് വരുന്നവരാണവർ. പൊന്നും പണവും ധാന്യവും വിലപിടിച്ച മററു പലതും കവർന്നെടുത്തു. കയ്യിൽ കിട്ടിയവരെയെല്ലാം വെട്ടിക്കൊന്നു. സ്ത്രീകളെ മാനഭംഗംചെയ്തു. വീടുകൾ തീവച്ചു. സഹോദരരക്തം വാർന്നൊ

ഴകി തളംകെട്ടിക്കിടക്കുന്നതു കണ്ടു് ആർത്തട്ടഹസിച്ചവരാണു് അവർ. ഇങ്ങനെ കൊലയും കൊള്ളയുംകൊണ്ടു് അല്പദിവസങ്ങൾക്കുള്ളിൽ എത്ര ഗ്രാമങ്ങൾ അവർ നശിപ്പിച്ചിരിക്കണം? എന്നാൽ ആ ലഹളക്കാർ അവിടെയെല്ലാം രണ്ടു തരം ആളുകളെ മാത്രമേ കണ്ടിരുന്നുള്ളു: ഒന്നു്, അവരെക്കണ്ടു് പേടിച്ചു വിറച്ചു നിന്നവർ. രണ്ടു്, കയ്യിൽ കിട്ടിയ ആയുധവുമായി അവരോടു് എതിരിടാൻ വരുന്നവർ. ഈ രണ്ടു തരക്കാരും അവർക്കൊരു പ്രശ്നമായിരുന്നില്ല. എല്ലാം തകർത്തു തരിപ്പണമാക്കിക്കൊണ്ടു് അവർ കാട്ടുതീപോലെ ഗ്രാമങ്ങളിൽനിന്നു ഗ്രാമങ്ങളിലേക്കു് നീങ്ങുകയായിരുന്നു. ഒടുവിൽ ആ വിജയാഹ്ലാദത്തിമർപ്പിൽ അവർ പൊന്നാനിയിലേക്കു വരികയാണു്. ചമ്രവട്ടം കടന്നു് പന്തപ്പടിക്കലോളം എത്തിയപ്പോൾ അവിടെയിതാ അവർ തീരെ പ്രതീക്ഷിക്കാത്ത ഒരു വിചിത്രരംഗം! നിരായുധമായ ഒരു ചെറുത്തുനിൽപ്പു്. അവരതു് അന്നോളം കണ്ടിരുന്നില്ല. ''അരുതേ, മനുഷ്യരെ കൊല്ലരുതേ'' എന്നിങ്ങനെ, മനസ്സാക്ഷിയെ കിടിലംകൊള്ളിക്കുന്ന മഹത്തായ മനുഷ്യത്വത്തിന്റെ മുറവിളി അവർ ആദ്യം കേൾക്കുകയാണു്—എന്തൊരത്ഭുതം! ''ഞങ്ങൾ മരിക്കുംവരെ നിങ്ങളെ അക്രമം കാട്ടാൻ സമ്മതിക്കുകയില്ല'' എന്നു നെഞ്ചൂക്കോടെ പ്രഖ്യാപിച്ചുകൊണ്ടു് ആത്മബലിക്കു തയ്യാറായി വെറുംകയ്യോടെ കുറെ ആളുകൾ മുമ്പിൽ നിരന്നുനില്ക്കുക!

അക്രമസംഘത്തിൽപ്പെട്ടവർ സ്തബ്ധരായി നിന്നുപോയി. കൂരിരുട്ടിൽ മിന്നൽപ്പിണർപോലെ അവരുടെ മനസ്സിൽ ഏതോ ഒരു പുതിയ പ്രവാഹം അനുഭവപ്പെട്ട പ്രതീതി! ഉയർത്തിപ്പിടിച്ചിരുന്ന ആയുധങ്ങൾ അറിയാതെ കൈകളിൽ നിന്നും വീണുപോയോ?

ആ യുവാവിന്റെയും ധീരരായ അനുയായികളുടെയും അഹിംസാത്മകപ്രതിരോധം ഇങ്ങനെ അധികം നീണ്ടുനില്ക്കാനിടയായില്ല. അവരുടെ സമയോചിതമായ ഈ പ്രവൃത്തിയിൽ സന്തുഷ്ടനായ ഒരാൾ ലഹളയ്ക്കു വന്നവരെ സമീപിച്ചു പറഞ്ഞു: ''കുട്ടികളേ, നിങ്ങൾക്കു ഭക്ഷണത്തിനു വേണ്ടതെല്ലാം ഞാനൊരുക്കിവെച്ചിരിക്കുന്നു. വന്നു് ഭക്ഷണം കഴിക്കൂ. എന്നിട്ടു് മേൽ വേണ്ടതെല്ലാം നമുക്കാലോചിക്കാം.''

പൊന്നാനിയിലെ ഒരു പ്രമാണിയും ധനികനുമായ ഇമ്പിച്ചിക്കോയതങ്ങളുടെ ഈ ക്ഷണം ലഹളയ്ക്കു വന്നവർ

സ്വീകരിച്ച് നേരേ അദ്ദേഹത്തിന്റെ വീട്ടിലേക്കു പോയി. തങ്ങളുടെ വീട്ടിൽ അന്നൊരു വിവാഹത്തിന്റെ ആഘോഷം നടക്കുകയായിരുന്നു. ഏതാനും ദിവസങ്ങളായി ലഹള നടത്തി പലയിടത്തും രാപ്പകൽ ചുററിത്തിരിഞ്ഞുനടന്നിരുന്ന ആ അക്രമിസംഘത്തിൽപ്പെട്ടവർ ഭക്ഷണം കഴിക്കാതെ കഠിനമായ വിശപ്പോടെയാണ് പൊന്നാനിയിലെത്തിയിരുന്നത്. തങ്ങളുടെ വീട്ടിൽനിന്ന് അവർ തൃപ്തിയോടെ വയറു നിറയെ ഭക്ഷണം കഴിച്ചു. ഈ സമയത്ത് അവിചാരിതമായി നല്ലൊരു മഴയും പെയ്തു ലഹളക്കാർ ഒന്നും ചെയ്യാതെ കുറേ നേരം അവിടെ അങ്ങനെയിരുന്നു. ഈ തക്കം നോക്കി യുവാവും അനുയായികളും വീണ്ടും അവരെ സമീപിച്ചു. ലഹളയ്ക്കൊരുങ്ങാതെ മടങ്ങിപ്പോകണമെന്നുള്ള അഭ്യർത്ഥന അവർ ആവർത്തിച്ചു. ആ അഭ്യർത്ഥന ഫലിക്കുകതന്നെ ചെയ്തു. മഴ കഴിഞ്ഞ് ലഹളക്കാർ പല വഴിക്കായി പിരിഞ്ഞുപോയി.

ഈ സംഭവം നടന്ന 1921 ആഗസ്റ്റ് 21 കഴിഞ്ഞിട്ട് കാലം എത്ര കടന്നുപോയി? എങ്കിലും പൊന്നാനിയിലെ ജനങ്ങളെ, ആ മാപ്പിളലഹളക്കാലത്തുണ്ടാകുമായിരുന്ന ഒരു വലിയ വിപത്തിൽനിന്നു രക്ഷിച്ച ആ യുവാവിനെയും അദ്ദേഹത്തിന്റെ അനുചരന്മാരെയും ആ നാട്ടുകാർ ഇന്നും കൃതജ്ഞതയുടെ കണ്ണീർത്തുള്ളികൾ അർപ്പിച്ച് സ്മരിച്ചുപോരുന്നു. അതിലും പ്രധാനമായി ആ സംഭവത്തിലൂടെ ജനസേവനത്തിനു സ്വയം അർപ്പണംചെയ്ത ഒരു വീരപുത്രന്റെ രംഗപ്രവേശം, കേരളം അഭിമാനപുളകാങ്കിതയായി ദർശിച്ച് ചരിതാർത്ഥയാവുകകൂടി ചെയ്തു. ''കേളപ്പൻ'' എന്ന നാമം കേരളത്തിലെ ആബാലവൃദ്ധം ജനങ്ങൾ അഹിംസയുടെ, നിർഭയത്വത്തിന്റെ, കറയററ രാജ്യസ്നേഹത്തിന്റെ,സർവ്വോപരി മഹത്തായ മനുഷ്യസ്നേഹത്തിന്റെ പര്യായമെന്ന നിലയിൽ കേട്ടു പരിചയപ്പെടാൻ തുടങ്ങി.

2. ജനനം, ബാല്യം, വിദ്യാഭ്യാസം

വടക്കേ മലബാറിൽ ഒരു കാലത്തു് കുറുമ്പ്രനാട് എന്നറിയപ്പെട്ടിരുന്ന പ്രദേശത്തിന്റെ ആധിപത്യം വഹിച്ചിരുന്ന തറവാട്ടുകളിലൊന്നാണു് മഞ്ചുട്ടിൽ. മഞ്ചുട്ടിലെ കാരണവരായിരുന്ന രാരുക്കുട്ടിനായർ, കൊഴപ്പള്ളിത്തറവാട്ടിലെ ഒരു സ്ത്രീയെയാണു് വിവാഹംകഴിച്ചതു്. ഈ ദമ്പതികൾക്കു് രണ്ടു പുത്രന്മാരും അഞ്ചു പുത്രിമാരുമുണ്ടായി. രാരുക്കുട്ടിനായർ അദ്ദേഹത്തിന്റെ മക്കൾക്കായി പണിയിച്ചുകൊടുത്ത മുചുകുന്നിലെ പുത്തൻപുരയ്ക്കൽ തറവാട്ടിലാണു് ആ കുടുംബം പില്ക്കാലത്തു താമസിച്ചിരുന്നതു്. രാരുക്കുട്ടിനായരുടെ പുത്രിമാരിൽ ഒരാളായ കുഞ്ഞമ്മയമ്മയെ വിവാഹംകഴിച്ചതു് കീഴരിയൂർ തേൻപൊയിൽ കണാരൻനായരാണു്.ഈ ദമ്പതികളുടെ പുത്രനായി 1880 ആഗസ്റ്റു് 24–ാം തീയതി കേളപ്പൻ ജനിച്ചു. കുഞ്ഞമ്മയമ്മയുടെ പുത്രന്മാരിൽ കേളപ്പൻ ഒഴികെയുള്ളവർ ബാല്യത്തിൽത്തന്നെ മരിച്ചു. കേളപ്പനും സഹോദരി ലക്ഷ്മിയമ്മയും സന്താനങ്ങളായി ശേഷിച്ചു.

ജ്യോത്സ്യന്റെ പ്രവചനം

കേളപ്പന്റെ പിതാവായ കണാരൻനായർ പയ്യോളിയിൽ ഒരു വക്കീൽ ഗുമസ്തനായിരുന്നു. ജ്യോതിഷവിദ്യയിലും അദ്ദേഹം നല്ല പണ്ഡിതനായിരുന്നു. എങ്കിലും,കേളപ്പന്റെ ജനനസമയത്തെ ഗ്രഹസ്ഥിതി നോക്കി ഫലം പറയാൻ അദ്ദേഹം അതിനിപുണനായ മറ്റൊരു ജ്യോത്സ്യനെത്തന്നെ വരുത്തുകയാണുണ്ടായതു്. ജ്യോത്സ്യൻ ജനനത്തീയതിയും സമയവും നോക്കി ഗ്രഹനില കുറിച്ചു് ഫലത്തെപ്പററി ചിന്തിച്ചശേഷം തന്റെ നിഗമനങ്ങൾ തുറന്നുപറയാൻ വളരെ മടിച്ചു. ഒടുവിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: ''കുട്ടി ബുദ്ധിമാനാണു്. ഉയർന്ന വിദ്യാഭ്യാസം നേടും. നാട്ടിൽ പ്രമാണിയാകും. ഒന്നാന്തരം ജാതകം. അതോടുകൂടി ഒരു ദോഷവും കാണുന്നുണ്ടു്: വീടുവിട്ടു് ഇരന്നുനടക്കാനുള്ള യോഗം. ഇത്രയും നല്ലൊരു ജാതകത്തിൽ ഇങ്ങനെയൊരു ഫലം എങ്ങനെ വരാനാണു്? വരില്ലായിരിക്കും.''

ബുദ്ധിമാനായ തന്റെ കുട്ടി പഠിച്ച് ഉന്നതബിരുദം നേടുമെന്നും അയാൾ വലിയൊരു വക്കീലോ ജഡ്ജിയോ ആകുമെന്നുമുള്ള മധുരസങ്കല്പങ്ങളാണ് ജ്യോത്സ്യന്റെ ഈ പ്രവചനം കണാരൻനായരിൽ ഉളവാക്കിയതു്. എത്ര ക്ലേശിച്ചും മകനെ പഠിപ്പിക്കണമെന്ന് അദ്ദേഹം ദൃഢനിശ്ചയംചെയ്തു. അക്കാലത്തു് ആ ദിക്കിൽ ഉന്നതവിദ്യാഭ്യാസം നേടുന്നവർ അത്യപൂർവമായിരുന്നു.

ബാല്യവിദ്യാഭ്യാസം

കീഴരിയൂരിൽ പിതൃഗൃഹത്തിനു സമീപമുള്ള എഴുത്തുപള്ളിയിൽ പ്രാരംഭവിദ്യാഭ്യാസവും പയ്യോളിക്കടുത്തുള്ള അയനിക്കാട്ട് എലിമെൻററി സ്കൂളിൽ മൂന്നാംക്ലാസ്സുവരെയുള്ള വിദ്യാഭ്യാസവും കഴിഞ്ഞു്, കേളപ്പൻ കൊയിലാണ്ടി ബാസൽ മിഷൻ സ്കൂളിൽ ലോവർ സെക്കണ്ടറി ക്ലാസ്സുകളിൽ പഠിക്കാനെത്തി. കേളപ്പന്റെ മാതൃസഹോദരീപുത്രൻ രയരപ്പൻ എന്നുകൂടി പേരുള്ള ചെറിയോമനനായർ എലിമെൻററി—ലോവർ സെക്കണ്ടറി ക്ലാസ്സുകളിലെ വിദ്യാഭ്യാസകാലത്തു് അദ്ദേഹത്തിന്റെ സതീർത്ഥ്യനും സന്തതസഹചാരിയുമായിരുന്നു. രണ്ടുപേരുമൊന്നിച്ചുകഴിച്ച ആ ബാല്യവിദ്യാഭ്യാസകാലത്തുതന്നെ കേളപ്പന്റെ ബഹുമുഖമായ വ്യക്തിത്വം പ്രകാശിക്കാൻ തുടങ്ങിയിരുന്നു. അതേപ്പററിയെല്ലാം, ചെറിയോമനനായർ തന്റെ ഓർമ്മകൾ അയവിറക്കിക്കൊണ്ടു്, ഒരു അഭിമുഖസംഭാഷണത്തിൽ ഇങ്ങനെ പറഞ്ഞു: ''അനുസരണശീലവും പഠിത്തത്തിൽ തികഞ്ഞ ജാഗ്രതയുമുണ്ടായിരുന്ന കേളപ്പൻ, അദ്ധ്യാപകരുടെയെല്ലാം വാത്സല്യഭാജനമായിരുന്നു. എല്ലാ ക്ലാസ്സിലും കേളപ്പൻ ഒന്നാം സ്ഥാനം നേടിയിരുന്നു. പരീക്ഷയിൽ ജനറൽ ഇംഗ്ലീഷിൽ ഏററവും കൂടുതൽ മാർക്കു നേടുന്ന കുട്ടിക്ക് ഒരു മാന്യൻ നൽകിപ്പോന്നിരുന്ന സമ്മാനം കേളപ്പനു മുടങ്ങാതെ ലഭിച്ചുപോന്നു. പഠിത്തത്തിലെന്നപോലെതന്നെ കളികളിലും കായികവിനോദങ്ങളിലും കേളപ്പൻ ശോഭിച്ചു. ഏതു കളിയിലും കൂട്ടുകാരുടെയെല്ലാം നേതാവായി കേളപ്പൻ മുമ്പിൽ നിന്നിരുന്നു. കേളപ്പന്റെ തീരുമാനം കൂട്ടുകാരെല്ലാം അനുസരിക്കുമായിരുന്നു. നല്ല ആരോഗ്യമുള്ള കുട്ടിയായിരുന്നതുകൊണ്ടു് ഏതു കളിയിലും കേളപ്പൻ ഒന്നാമനായിരുന്നു.''

മുഖം നോക്കാത്ത നിരൂപകൻ

അഭിപ്രായങ്ങൾ ആരുടെതായാലും നിരൂപണബുദ്ധിയോടെ ചിന്തിച്ചുമാത്രം സ്വീകരിക്കുകയും തെററെന്നു തോന്നുന്ന പക്ഷം മുഖം നോക്കാതെ സ്വാഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്യുന്ന സ്വഭാവം ബാലപ്രായത്തിൽത്തന്നെ കേളപ്പനുണ്ടായിരുന്നു എന്നതിനു് ഒരു ദൃഷ്ടാന്തം ചെറിയോമനനായർ പറഞ്ഞതു് ഇവിടെ വിവരിക്കട്ടെ: കേളപ്പനും ചെറിയോമനയും കൊയിലാണ്ടി ലോവർ സെക്കണ്ടറി സ്കൂളിൽ പഠിക്കുന്ന കാലത്തു്, പ്രസിദ്ധനായ ഒരു സന്ന്യാസി കൊയിലാണ്ടിയിൽ വന്നു. പല ദിവസം തുടർച്ചയായി അദ്ദേഹം നടത്തിയ ആത്മീയപ്രഭാഷണം നാട്ടുകാരെ മുഴുവൻ ആകർഷിച്ചു. എല്ലാവരും ആ സന്ന്യാസിയുടെ വചോവിലാസത്തിൽ മതിമറന്നു് ഭക്തിപരവശരായിരിക്കെ, ഒരു രാത്രിയിൽ പ്രഭാഷണം കേൾക്കാനെത്തിയ കേളപ്പൻ പ്രഭാഷണം കഴിഞ്ഞയുടൻ ശ്രോതാക്കൾക്കിടയിൽക്കൂടി കടന്നുചെന്നു് അദ്ദേഹത്തെ സമീപിച്ചു്, താൻ എഴുതി കയ്യിൽ സൂക്ഷിച്ചിരുന്ന ഒരു ശ്ലോകം നൽകിയിട്ടു്, അതിൻെറ അർത്ഥം പറഞ്ഞുതരണമെന്നപേക്ഷിച്ചു.

വിശ്വാമിത്ര പരാശരപ്രഭൃതയോ
 വാതാംബുപർണാശനാഃ
തേപി സ്ത്രീമുഖ പങ്കജം സുലളിതം
 ദൃഷ്ട്വൈവമോഹം ഗതാഃ
ശാല്യന്നം സഘൃതം പയോദധിയുതം
 ഭുഞ്ജന്തിയേ മാനവാഃ
തേഷാമിന്ദ്രിയ നിഗ്രഹം യദി ഭവേത്
 വിന്ധ്യ പ്ലവേത് സാഗരേ.

ഇതായിരുന്നു ശ്ലോകം. വിശ്വാമിത്രൻ, പരാശരൻ തുടങ്ങിയ മഹർഷിമാർ കാററു്, വെള്ളം, ഇല ഇവ ഭക്ഷിച്ചു ജീവിച്ചവരാണു്. അവർപോലും സുന്ദരികളായ സ്ത്രീകളുടെ മുഖം കണ്ടു് മോഹിച്ചുപോയി. നല്ല നെല്ലരിച്ചോറു്, നെയ്യും പാലും തൈരുമെല്ലാം ചേർത്തു കഴിക്കുന്ന മനുഷ്യർക്കു് ഇന്ദ്രിയനിഗ്രഹം സാധിക്കുമെങ്കിൽ അന്നു് വിന്ധ്യപർവതം കടലിൽ മുങ്ങിത്താഴും. അതസാദ്ധ്യമെന്നു സാരം. ശ്ലോകത്തിൻെറ അർത്ഥം ഇതാണു്.

സന്ന്യാസിയുടെ അന്നത്തെ പ്രസംഗം ഈശ്വരസാക്ഷാത്കാരത്തിനു് ഇന്ദ്രിയനിഗ്രഹം അനുപേക്ഷണീയമെന്നതിനെ ആസ്പദമാക്കിയായിരുന്നു. തന്റെ പ്രസംഗത്തെ പരോക്ഷമായി ചോദ്യംചെയ്യുന്ന ഈ ശ്ലോകം വായിച്ചുനോക്കിയിട്ടു് കേളപ്പനെ 'മിടുക്കൻ' എന്നു പറഞ്ഞഭിനന്ദിച്ചു് സന്ന്യാസി തന്റെ ജാള്യത മറച്ചുവയ്ക്കുകയാണുണ്ടായതു്.

കളരികളിൽ

കേളപ്പന്റെ ബാല്യകാലവിദ്യാഭ്യാസത്തിൽ കളരിയഭ്യാസംകൂടി ഉൾപ്പെട്ടിരുന്നു എന്നതു് എടുത്തു പറയേണ്ട മറ്റൊരു കാര്യമാണു്. തച്ചോളി ഒതേനൻ, തച്ചോളി കുഞ്ഞിച്ചന്തു, ആരോമൽച്ചേകവർ തുടങ്ങി വീരേതിഹാസങ്ങൾ രചിച്ച അനേകം ധീരയോദ്ധാക്കളുടെ കഥകൾ കടത്തനാട്ടു്—കുറുമ്പ്രനാട്ടു് പ്രദേശങ്ങളിലെ യുവമനസ്സുകളിൽ ആവേശം പകർന്നിരുന്നു. ആ വീരഗാഥകൾ ഗൃഹസദസ്സുകളിൽപോലും നിത്യവും വർണ്ണ്യവിഷയങ്ങളായിരുന്നു. ഒരു കാലത്തു്, വളരുന്ന തലമുറയ്ക്കു് മെയ്‌മിടുക്കും പയറ്റുപരിശീലനവും പ്രതിരോധശക്തിയും മർമ്മവിദ്യാപരിചയവും നൽകിപ്പോന്നിരുന്ന കളരികൾ മിക്കവാറും ജീർണ്ണിച്ചുതുടങ്ങിയിരുന്നെങ്കിലും പണ്ടത്തെ പുളകോദ്ഗമകാരികളായ ഓർമ്മകളെ ഉണർത്തിക്കൊണ്ടു്, കേളപ്പന്റെ ബാല്യകാലത്തും അവയിൽ ചിലതു് നിലനിന്നിരുന്നു. മാത്രമല്ല, മുച്ചുകുന്നിലെ കളരി അന്നും നിലവിലുണ്ടായിരുന്നു അമ്മാവനായിരുന്ന കുട്ടിരാമൻനായർ നല്ലവണ്ണം പയറ്റുമുറകളഭ്യസിച്ചു പേരുകേട്ടയാളുമായിരുന്നു. ഈ സാഹചര്യങ്ങളിൽ വളർന്നുവന്ന കേളപ്പനു് ഒരഭ്യാസിയായിത്തീരാനുള്ള അഭിവാഞ്ഛയുണ്ടാവുക സ്വാഭാവികമാണല്ലോ. പത്താമത്തെ വയസ്സിൽ, കൊയിലാണ്ടി ലോവർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിയായതോടെ കേളപ്പൻ, ചെറിയോമനനായരുമൊന്നിച്ചു് വിയ്യൂരിലെ കേളപ്പക്കുറുപ്പിന്റെ കളരിയിൽ പയറ്റുപരിശീലനം തുടങ്ങി. പിന്നീടു് തലാട്ടേരി കുറുപ്പന്മാരുടെ കീഴിലും കുറേക്കാലം അഭ്യാസം നേടുകയുണ്ടായി. ലോവർ സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാകുംമുമ്പുതന്നെ മെയ്യിറക്കു്, ചെറുമടി, ഒററ, കെട്ടുകാരി, കുന്തക്കെട്ടുകാരി ഈ വിധമുള്ള ഇനങ്ങളിലെല്ലാം കേളപ്പൻ നല്ല പരിശീലനം നേടിക്കഴിഞ്ഞിരുന്നു. ഇതെല്ലാം സാമാന്യം നല്ലൊരു അഭ്യാസിക്കു

വേണ്ട പരിശീലനമായിരുന്നു. ഇക്കാരണത്താൽ പിൽക്കാലത്തു് ഇതെല്ലാം മററു ചിലരെ പരിശീലിപ്പിക്കാനും അദ്ദേഹത്തിനു സാധിച്ചിട്ടുണ്ടു്. നിറഞ്ഞ സദസ്സുകളിൽ, പിന്നീടു് അപൂർവം ചില സന്ദർഭങ്ങളിൽ, കേളപ്പൻ ആശാനായി ഈ പയററുമുറകൾ പ്രദർശിപ്പിക്കാനും സദസ്യരുടെ മുക്തകണ്ഠമായ പ്രശംസ നേടാനും ഇടയായിട്ടുണ്ടു്. എന്നാൽ, കളരിയഭ്യാസമെന്നതു് കേളപ്പന്റെ ആദ്യകാലജീവിതത്തിലെ ഒരു ചെറിയ അംശം മാത്രമായിട്ടേ കണക്കാക്കേണ്ടതുള്ളു. പയ്യോളിയിൽ അദ്ദേഹത്തിന്റെ ശ്രമഫലമായി 'ശക്തിമന്ദിരം' എന്നൊരു കായികാഭ്യാസകേന്ദ്രം സ്ഥാപിച്ചതൊഴിച്ചാൽ പിന്നീടു് ആ പ്രസ്ഥാനവുമായി അദ്ദേഹത്തിനു ബന്ധമൊന്നുമുണ്ടായിരുന്നതായി കാണുന്നില്ല.

അക്രമരഹിതനായ അഭ്യാസി

തച്ചോളി ഒതേനൻ തുടങ്ങിയ പൂർവ്വികന്മാരുടെ ഹിംസാകലുഷമായ ആയോധനമാർഗ്ഗം വെടിഞ്ഞു് മറെറാരു ജീവിതായോധനമാർഗ്ഗമാണു് അദ്ദേഹം പില്ക്കാലത്തു സ്വീകരിച്ചതു്. അഹിംസായുധമുപയോഗിച്ചുള്ള ഈ നൂതനായോധനരംഗത്തു് അദ്ദേഹത്തിന്റെ മാർഗ്ഗദർശി ഗാന്ധിജിയായിരുന്നു. ഹിംസ തീർത്തും ഉപേക്ഷിച്ചു് അഹിംസ സമരായുധമാക്കി മാററിയെങ്കിലും, ആയോധനത്തിന്റെ യഥാർത്ഥ വീര്യവും കരുത്തും കേളപ്പൻ സമാർജ്ജിച്ചതു്, സ്വന്തം ജന്മസ്ഥലത്തു നിലനിന്നിരുന്ന കളരിസംസ്കാരത്തിൽനിന്നുതന്നെയായിരുന്നു എന്നതിൽ സംശയമില്ല. കേളപ്പൻ നടത്തിയ അനേകം സത്യഗ്രഹസമരങ്ങളെ വീരസാഹസസംരംഭങ്ങളാക്കാൻ ആ അപൂർവ്വ സംസ്കാരത്തിൽനിന്നു ലഭിച്ച ആവേശം കാരണമായിരുന്നു.

തലശ്ശേരിയിൽ

കേളപ്പന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം തലശ്ശേരി ബി. ഇ. എ. പാർസി ഹൈസ്കൂളിലാണു നടന്നതു്. അവിടെയും പഠിത്തത്തിൽ എല്ലാ ക്ലാസ്സിലും ഈ വിദ്യാർത്ഥി ഒന്നാം സ്ഥാനം നേടി സതീർത്ഥ്യരുടെയും ഗുരുനാഥന്മാരുടെയും പ്രശംസയ്ക്കു് പാത്രീഭൂതനായി. 1907–ലാണു് കേളപ്പൻ മെട്രിക്കുലേഷൻ പരീക്ഷ പാസ്സായതു്. പരീക്ഷ എഴുതിയതിനെ

പ്പററി രസകരമായ ഒരു കഥയുണ്ടു്. പരീക്ഷ തുടങ്ങുന്നതിനു് മൂന്നുനാലു ദിവസംമുമ്പു് വീട്ടിലെത്തി അച്ഛനെ കണ്ടു് അനുഗ്രഹം വാങ്ങി. തൻെറ ആശയും പ്രതീക്ഷയുമായിരുന്ന ഏകപുത്രനെ സന്തോഷാശ്രുക്കൾ പൊഴിച്ചു് തലയിൽ തൊട്ടനുഗ്രഹിച്ച ശേഷം കണാരൻനായർ പറഞ്ഞു: ''നിനക്കു് എന്തെങ്കിലും അസുഖം പിടിപെട്ടാൽ എങ്ങനെയാണു പിന്നെ എഴുതുക?'' ജ്യോതിഷിയായ അച്ഛൻെറ ആശങ്ക ശരിയായി. പരീക്ഷയുടെ തലേന്നാൾ മുതൽ കേളപ്പനു പനി തുടങ്ങി. അതു വകവയ്ക്കാതെ, ചില മരുന്നുകളൊക്കെ കഴിച്ചുകൊണ്ടാണു് കേളപ്പൻ പരീക്ഷ എഴുതിയതു്.

തലശ്ശേരിയിലെ വിദ്യാഭ്യാസകാലത്തെ രണ്ടു സംഭവങ്ങൾ ഇവിടെ എടുത്തുപറയേണ്ടതുണ്ടു്. തലശ്ശേരിയിലെ ബാസൽ മിഷൻ പ്രവർത്തകന്മാരും പുരോഹിതന്മാരും വിദ്യാഭ്യാസ–സാമൂഹികരംഗങ്ങളിൽ അനുഷ്ഠിച്ചുപോന്ന നിസ്വാൎത്ഥ സേവനങ്ങളും അവരുടെ ത്യാഗമനോഭാവവും കേളപ്പനെ ഉത്തേജിപ്പിച്ചു. ഈ മിഷൻ പ്രവർത്തകരുടെ മതപരിവർത്തന ശ്രമങ്ങളെ അദ്ദേഹം മനസാ എതിർത്തിരുന്നു എങ്കിലും അവരുടെ ത്യാഗപൂൎണ്ണമായ ജനസേവനം അദ്ദേഹത്തിൻെറ ശ്രദ്ധയാകർഷിച്ചു. അക്കാലത്തു് മാണിക്കോത്തു കേളുനമ്പ്യാർ തുടങ്ങിയ ചില പ്രശസ്തവ്യക്തികളുടെ ശ്രമഫലമായി തലശ്ശേരിയിൽ ആരംഭിച്ച ഹിന്ദുസമാജത്തിൻെറ സേവനപരിപാടികളിൽ അല്പകാലം പങ്കെടുക്കാൻ കേളപ്പൻ പ്രേരിതനായതു് ഇക്കാരണത്താലായിരുന്നു.

കണാരൻനായരുടെ ഒരു സുഹൃത്തിൻെറ വീട്ടിലായിരുന്നു തലശ്ശേരിയിലെ പഠിത്തകാലത്തു് കേളപ്പൻ താമസിച്ചതു്. ഗൃഹനായകൻ വളരെ സ്നേഹത്തോടെയാണു് കേളപ്പനോടു പെരുമാറിയിരുന്നതെങ്കിലും ഒരു വലിയ മദ്യപാനിയായിരുന്ന അദ്ദേഹം,പലപ്പോഴും മദ്യസേവയ്ക്കു് കേളപ്പനെ ക്ഷണിക്കാറുണ്ടായിരുന്നു. സ്നേഹപൂർവ്വകമായ ആ നിർബന്ധത്തെ ശക്തിയായി എതിർക്കാനുള്ള ധൎമ്മധീരത പ്രദർശിപ്പിച്ചു് ആ പരീക്ഷണത്തിൽ കേളപ്പൻ പൂൎണ്ണവിജയംതന്നെ നേടുകയുണ്ടായി.

കോളേജിൽ

മെട്രിക്കുലേഷൻ പാസ്സായ കേളപ്പൻ, കോഴിക്കോട്ടു് സാമൂതിരി കോളേജിലാണു് എഫ്. എ.യ്ക്കു് ചേർന്നതു്. രണ്ടു

വർഷത്തെ കോളേജ് ജീവിതം ഈ യുവാവിൽ വലിയ ചില പരിവർത്തനങ്ങൾ വരുത്തി. പില്ക്കാലത്ത്, സാധാരണ ഗതിയിൽനിന്നു തികച്ചും ഭിന്നമായ ഒരു ജീവിതപന്ഥാവു വെട്ടിത്തെളിക്കാൻ ഇതു കളമൊരുക്കി. ജാതി–മത–വർഗ്ഗ ചിന്തകൾക്കതീതമായി നിലകൊള്ളുകയും, എല്ലാ മതങ്ങളിലെയും ധാർമ്മികവും ആദ്ധ്യാത്മികവുമായ സദംശങ്ങളെ ഉൾക്കൊള്ളുകയുംചെയ്യുന്ന സാർവ്വജനീനസ്വഭാവമുള്ള ഒരു ആദ്ധ്യാത്മികപ്രസ്ഥാനം ഡോ. ആനി ബസൻറിൻെറ നേതൃത്വത്തിൽ, ബ്രഹ്മവിദ്യാസംഘം അഥവാ തിയോസഫിക്കൽ സൊസൈററി എന്ന പേരിൽ രൂപീകൃതമായി ഇന്ത്യയിലെങ്ങും വ്യാപിച്ചുതുടങ്ങിയതു് ഈ കാലഘട്ടത്തിലായിരുന്നു. കേരളവിദ്യാശാല എന്ന പേരിൽക്കൂടി അറിയപ്പെട്ടിരുന്ന സാമൂതിരി കോളേജ് പുതിയ തലമുറയ്ക്കു് പാശ്ചാത്യമാതൃകയിലുള്ള വിദ്യാഭ്യാസം നൽകാൻ സ്വതേ ബാദ്ധ്യസ്ഥമായിരുന്നെങ്കിലും, അതോടൊപ്പംതന്നെ ഭാരതീയമായ ചിന്തയും സംസ്കാരവും അവരിൽ കരുപ്പിടിപ്പിക്കുന്നതിനും ഈ സ്ഥാപനത്തിനു കഴിഞ്ഞിരുന്നു. ഇതിനു കാരണം അവിടത്തെ ഗുരുനാഥന്മാർ ബ്രഹ്മവിദ്യസംഘത്തിൽ ചേർന്നു പ്രവർത്തിച്ചിരുന്ന മഹാന്മാരായിരുന്നു എന്നതാണു്. പ്രിൻസിപ്പൽ റവ. ഇ. ബി. ഹിൽ, വൈസ് പ്രിൻസിപ്പൽ ജി. സുബ്ബറാവു, ഗണിതശാസ്ത്രാദ്ധ്യാപകൻ മഞ്ചേരി രാമയ്യർ എന്നീ പേരുകൾ ഇവിടെ എടുത്തു പറയേണ്ടവയാണു്. ഈ ഗുരുനാഥന്മാർ തിയോസഫിക്കൽ സൊസൈററിയുടെ സന്ദേശം ശിഷ്യവർഗത്തിനിടയിൽ പ്രചരിപ്പിക്കയല്ല ചെയ്തതു്; സ്വന്തം വ്യക്തിത്വവും മാതൃകാജീവിതവുംകൊണ്ടു് ശിഷ്യന്മാരെ ആ സന്ദേശങ്ങളിലേക്കു് ആകർഷിക്കുകയായിരുന്നു.

ബ്രഹ്മവിദ്യാസംഘത്തിൻെറ ഒരു ശാഖ കോഴിക്കോട്ടു സ്ഥാപിച്ചതു് സുബ്ബറാവുവാണു്. റാവു സാഹിബ് അയ്യത്താൻ ഗോപാലൻ, സി. കൃഷ്ണൻ, മഞ്ചേരി രാമയ്യർ തുടങ്ങി പല പ്രശസ്ത വ്യക്തികളും അതിൽ അംഗങ്ങളായി പ്രവർത്തിച്ചിരുന്നു. ഈ ശാഖയുടെ അന്നത്തെ മുഖ്യപ്രവർത്തനങ്ങളിലൊന്നു് ഹരിജനസേവയായിരുന്നു. പ്രിൻസിപ്പൽ റവ. ഹില്ലും കോളേജിലെ സോഷ്യൽ സർവ്വീസ് ലീഗ് അംഗങ്ങളായ വിദ്യാർത്ഥികളും ഹരിജനസേവാപരിപാടിയിൽ സജീവമാ

യി പങ്കെടുത്തു. ഹരിജനസേവയ്ക്കുപുറമേ, നഗരശുശ്രൂഷയിലും ഈ സംഘം വലിയ താല്പര്യം പ്രകടിപ്പിച്ചിരുന്നു.

നവീനാദർശങ്ങൾ

ഈ പ്രവർത്തനങ്ങളിൽ ഏതു വിദ്യാർത്ഥിയെക്കാളുമധികം ഉത്സാഹം പ്രദർശിപ്പിച്ചുവന്നിരുന്ന കേളപ്പനു്, തിയോസഫി യുടെ ആദർശങ്ങളോടൊപ്പം സേവനത്തിന്റെ ഉൽക്കൃഷ്ടപ്രേര ണയുംകൊണ്ടു്, ആദർശോജ്ജ്വലമായ പരാർത്ഥജീവിതത്തിനു് സ്വയം സജ്ജനാകാനുംകൂടി അവസരം ലഭിച്ചു. ഇതിനുപുറമേ, കഴ്സൺ പ്രഭുവിന്റെ ബംഗാൾ വിഭജനം ഭാരതീയ ദേശാഭി മാനത്തെ ശക്തിയായി ഉജ്ജ്വലിപ്പിച്ചതും, ബംഗാളിലെ സിംഹം എന്നറിയപ്പെട്ട അരവിന്ദഘോഷിന്റെ വന്ദേമാതരം പത്രം ഇന്ത്യൻ യുവലോകത്തിന്റെ രക്തധമനികളിൽ ഒരു പുതിയ വിദ്യുത്പ്രവാഹംതന്നെ ഉണ്ടാക്കിയതും ഈ കാലഘട്ട ത്തിൽത്തന്നെ ആയിരുന്നു. 'വന്ദേമാതരം' ഒരു മഹാമന്ത്രമായി ആസേതുഹിമാചലം മുഴങ്ങിക്കേട്ടിരുന്നു. സ്വദേശാഭിമാന ത്തിന്റെ ഈ പുതിയ വേലിയേററം കേളപ്പന്റെ ജീവിത ത്തിൽ ഗണ്യമായ ചില മാററങ്ങൾ വരുത്തി. കോട്ടിടാതെ കോളേജിൽ പോവുക, വിദേശവസ്ത്രങ്ങളുപേക്ഷിച്ചു് സ്വദേശി സ്വീകരിക്കുക, പ്രതിദിനം കുറച്ചു സമയം രാജ്യനന്മയ്ക്കും അവ ശരുടെ സേവനത്തിനുമായി നീക്കിവയ്ക്കുക എന്നിങ്ങനെ പുതിയ ചില നിഷ്ഠകൾ അദ്ദേഹം സ്വീകരിച്ചതു് വിദ്യാർത്ഥി ജീവിതത്തിന്റെ ഈ ഘട്ടത്തിലാണു്.

ജാതിയോടു വിട

ജാതിശ്രേഷ്ഠതയും പ്രഭുത്വവുമുള്ള ഒരു പുരാതന നായർതറ വാട്ടിലെ അംഗമായിരുന്ന കേളപ്പനിൽ,ബാല്യത്തിൽത്തന്നെ ജാതി, അയിത്തം തുടങ്ങിയ എല്ലാ അസമത്വചിന്തകളോടും എതിർപ്പുണ്ടായിരുന്നു. എന്നെന്നേക്കുമായി ജാതിചിന്തയോടു വിടപറയാൻ അദ്ദേഹത്തെ സഹായിച്ചതു് കോളേജുജീവിത കാലത്തുണ്ടായ പുതിയ ഉണർവാണു്. ജാത്യഭിമാനവും പ്രഭുത്വ വുംകൊണ്ടു തന്റെ സമൂഹത്തിൽ പൂർവന്മാർ കെട്ടിയുയർത്തിയ അസമത്വത്തിന്റെ അടിസ്ഥാനശിലകൾപോലും ഇളക്കാ നുള്ള ഒരു വലിയ സമരം നടത്താൻ പിൽക്കാലത്തു് അദ്ദേഹം

കരുത്തനായിത്തീർന്നതു് ഈ കാലത്തു സ്വീകരിച്ച ആദർശ നിഷ്ഠയുടെ ഫലമായാണു്.

മദിരാശി ക്രിസ്ത്യൻ കോളേജിൽ

1908–1909 വിദ്യാലയവഷ്ത്തിന്റെ അന്ത്യത്തിൽ കേളപ്പൻ എഫ്. എ പരീക്ഷ ജയിച്ചു് ബി. എ ക്ലാസ്സിൽ പഠിക്കാൻ മദിരാശി ക്രിസ്ത്യൻ കോളേജിൽ ചേന്നു. ഫിസിക്സ് ഐച്ഛികവിഷയമായി എടുത്താണു് ബി. എ. പഠനമാരംഭിച്ചതു്. കേരളത്തിലെ വിദ്യാഭ്യാസകാലത്തു് അദ്ധ്യാപകരുടെയെല്ലാം പ്രശംസ നേടിയിരുന്ന കേളപ്പൻ, ഗണിതശാസ്ത്രപഠനത്തിൽ മറ്റെല്ലാ വിദ്യാത്ഥികളെയും പിന്നിലാക്കിയിരുന്നു. ഗണിതശാസ്ത്രാദ്ധ്യാപകനായിരുന്ന മഞ്ചേരി രാമയ്യരെപ്പോലും തന്റെ അസാധാരണമായ ബുദ്ധിസാമത്ഥ്യംകൊണ്ടു് അദ്ദേഹം അത്ഭുതപരതന്ത്രനാക്കിയിരുന്നു.

മദിരാശിയിലെ ഉന്നത വിദ്യാഭ്യാസകാലത്തു് കേളപ്പൻ തികഞ്ഞ ഉത്തരവാദിത്വബോധത്തോടെ പെരുമാറി. ജ്ഞാന സമ്പാദനത്തിനു ലഭിച്ച അസുലഭമായ സന്ദർഭം പരമാവധി ഉപയോഗപ്പെടുത്തണമെന്ന കാര്യത്തിൽ അദ്ദേഹം ബദ്ധപ്രതിജ്ഞനായിരുന്നു. അതിവിനീതനും പഠിത്തത്തിൽ നിത്യനിഷ്ണാതനുമായ ഒരു വിദ്യാത്ഥിയെയാണു് ക്രിസ്ത്യൻകോളേജിലെ അദ്ധ്യാപകന്മാർ കേളപ്പനിൽ ദർശിച്ചതു്. അങ്ങനെ, മദിരാശിയിലെ ജീവിതകാലം പാഠ്യേതരപ്രവർത്തനങ്ങൾ കൊണ്ടു് ശ്രദ്ധാർഹമായിരുന്നില്ലെങ്കിലും, രാജ്യത്തെങ്ങും ശക്തിപ്പെട്ടുകൊണ്ടിരുന്ന ദേശീയമായ ഉണർവ്വ് കൂടുതൽ ഉൾക്കൊള്ളാൻ ഈ ജീവിതം ഉപകരിച്ചു. ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നുള്ള സഹപാഠികളുമായുണ്ടായ സമ്പർക്കം സ്വന്തം ദേശീയചിന്തയെ കൂടുതൽ ഉജ്ജ്വലത്താക്കാനുതകുന്ന ചർച്ചകൾക്കും ആശയവിനിമയങ്ങൾക്കും സന്ദഭ്ങ്ങൾ ഒരുക്കി. ഭാരതത്തെ കുറെക്കൂടി വിശാലമായ കാഴ്ചപ്പാടിലൂടെ മനസ്സിലാക്കാനും, അതിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അർപ്പിക്കുന്ന സേവനം വില തീരാത്തതാണെന്നുള്ള വിചാരം കൂടുതൽ ശക്തമാക്കാനും സഹായിച്ച സാഹചര്യമായിരുന്നു അതു്. ''ഇനിയുള്ള ജീവിതം രാജ്യസേവനത്തിനു്'' എന്ന മനസ്സാക്ഷിയുടെ വിളി കൂടുതൽ മുഴങ്ങിക്കേൾക്കാൻ തുടങ്ങി. തലശ്ശേരിയിലെ വിദ്യാഭ്യാസകാലത്തു് ബീജാവാപവും

കോഴിക്കോട്ട സാമൂതിരി കോളേജിലെ ജീവിതത്തിലൂടെ ഇല വിരിയലും നടന്നുകഴിഞ്ഞിരുന്ന ദേശാഭിമാനവും സേവനതൃഷ്ണയും മുററിത്തഴയ്ക്കാൻ തുടങ്ങിയതു് മദിരാശിയിലെ ജീവിതകാലത്തായിരുന്നു എന്നു പറയാം.

നിരന്തരവും ഏകാഗ്രവുമായ പഠനംകൊണ്ടു് അദ്ധ്യാപകരുടെ പ്രത്യേക പ്രശംസ സമ്പാദിച്ചതോടൊപ്പംതന്നെ, നാടകാഭിനയത്തിലൂടെ പ്രേക്ഷകരെ അത്ഭുതപരതന്ത്രരാക്കാനുള്ള സന്ദർഭവും അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. ക്രിസ്ത്യൻ കോളേജിൽ അന്നൊരിക്കൽ ഷേക്സ്പിയറുടെ ഹാംലററ് എന്ന നാടകം അരങ്ങേറി. ആർ. കെ. ഷൺമുഖംചെട്ടിയായിരുന്നു ഹാംലററു്, പൊളോണിയസ്സായിരുന്നു കേളപ്പൻ. അഭിനയത്തിൻെറ തന്മയത്വംകൊണ്ടു്, ഷേക്സ്പിയർ മനസ്സിൽക്കണ്ട പൊളോണിയസ് ഇതുതന്നെയെന്നു പറഞ്ഞു് പ്രശംസിച്ചവരായ പല പ്രേക്ഷകരും കേളപ്പനെ അഭിനന്ദിക്കുകയുണ്ടായി. പ്രിൻസിപ്പൽ ഡോ. സ്കിന്നർ പിന്നീടു കാണുമ്പോഴെല്ലാം ''ഹലോ മൈ ഡീയർ പൊളോണിയസ്'' എന്നു് കേളപ്പനെ സംബോധനചെയ്തിരുന്നു.

3. അണിയറയിൽനിന്നു് അരങ്ങത്തേക്കു്

ബി. എ. പരീക്ഷ പാസ്സായി നാട്ടിൽ മടങ്ങിയെത്തിയ കേളപ്പനു് ഒരു നല്ല ഉദ്യോഗം നേടാൻ ഒരു പ്രയാസവുമുണ്ടായിരുന്നില്ല. ബി.എ. ഡിഗ്രി അന്നു് ഇഷ്ടദാതാവായ 'കാമധേനു' തന്നെയായിരുന്നു. എന്നാൽ, ഉയർന്ന ഉദ്യോഗമോ പദവിയോ നേടുന്ന കാര്യത്തിൽ ഒരു വിരക്തിയാണു് കേളപ്പനു് ഉണ്ടായിരുന്നതു്. സമൂഹത്തെ സേവിക്കാനുള്ള ഒരു അഭിവാഞ്ഛ, ബി. എ. ക്കാരനായതോടെ, കൂടുതൽ ശക്തിപ്പെട്ടു.

ഒരു വക്കീൽഗുമസ്തനായിരുന്ന പിതാവു്, തൻെറ മകൻ ഒരു ജഡ്ജിയായി 'കറുത്ത പുറംകുപ്പായവു'മിട്ടു് കോടതിയിൽ പോകുന്ന ചിത്രമാണു് മനസ്സിൽ കണ്ടിരുന്നതു്. എത്രയും വേഗം നിയമബിരുദം നേടാൻ ലോക്കോളേജിൽ ചേരണമെന്ന നിർദ്ദേശം അദ്ദേഹം മകൻെറ മുമ്പിൽ വയ്ക്കുകയുംചെയ്തു. മകൻ ഒരു വക്കീലായി പ്രാക്ടീസ് തുടങ്ങിയാൽ താമസിയാ

തെ മജിസ്ട്രേട്ടോ ജഡ്ജിയോ ആവുക അന്നത്തെ കാലത്തു് സാധാരണഗതിയിൽത്തന്നെ നടക്കുമെന്നു് കണാരൻനായർ ആശിക്കയുംചെയ്തു.

അച്ഛന്റെ നിർദേശവും സ്വന്തം മനോഗതവും തമ്മിൽ ഒരു വലിയ സംഘട്ടനംതന്നെ നടന്നു. ഒടുവിൽ തന്റെ സർവസ്വവുമായിരുന്ന അച്ഛന്റെ ആഗ്രഹത്തെ നിഷേധിക്കാൻ കഴിയാതെ കേളപ്പൻ തിരുവനന്തപുരം ലോക്കോളേജിൽ ചേർന്നു് നിയമപഠനമാരംഭിച്ചു.

ചങ്ങനാശ്ശേരിയിൽ

എന്നാൽ, ആ പഠിത്തം പൂർത്തിയാക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. ആദ്യവർഷത്തെ പഠനം കഷ്ടിച്ചു പൂർത്തിയായപ്പോൾ ഒരു അദ്ധ്യാപകനാകാൻ ലഭിച്ച ക്ഷണം സ്വീകരിച്ചു്, അദ്ദേഹം ചങ്ങനാശ്ശേരി സെൻറ് ബർക്കുമൻസ് ഹൈസ്കൂളിൽ സയൻസ് അദ്ധ്യാപകനായി ചേർന്നു. മലബാറുകാരനായ കപ്പന കണ്ണൻ മേനോനും കാ. കണ്ണൻ നായരും അന്നു് പ്രസ്തുത ഹൈസ്കൂളിൽ അദ്ധ്യാപകരായിരുന്നു. അവർ മുഖേനയാവണം അദ്ദേഹം ഈ ജോലിയിലേക്കു് ആകൃഷ്ടനായതു്.

തന്റെ അഭിരുചിക്കു് വളരെ ഇണങ്ങിയ ഒന്നാണു് അദ്ധ്യാപകന്റെ ജോലിയെന്നു് ചുരുങ്ങിയ കാലംകൊണ്ടു് കേളപ്പൻ തെളിയിച്ചു പഠിപ്പിക്കാൻ അതിസമർത്ഥനായ അദ്ധ്യാപകനെന്നു് അദ്ദേഹം വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയുമിടയിൽ വളരെ വേഗം പ്രസിദ്ധി നേടി.

പഠിപ്പിക്കാനുള്ള സാമർത്ഥ്യം മാത്രമല്ല, ഒരാളെ മാതൃകാദ്ധ്യാപകനാക്കുന്നതെന്നു് സ്വന്തം അദ്ധ്യാപകവൃത്തിയിലൂടെ തെളിയിച്ചതാണു് കേളപ്പന്റെ പ്രത്യേക മഹത്ത്വം. ''അദ്ധ്യാപകൻതന്നെയാണു് കുട്ടികൾക്കുള്ള ഏറ്റവും നല്ല പാഠപുസ്തകം'' എന്ന ഗാന്ധിജിയുടെ അഭിപ്രായം, കേളപ്പനെപ്പോലെ, തന്റെ അദ്ധ്യാപകജീവിതംകൊണ്ടു് തെളിയിച്ചവർ അധികം പേരുണ്ടായിരിക്കയില്ല.

ഒരു തീപിടിത്തം

ചങ്ങനാശ്ശേരിയിൽ അദ്ധ്യാപകനായിരിക്കുന്ന കാലത്തു് കേളപ്പൻ തന്റെ വിദ്യാർത്ഥികളോടൊത്തു് വൈകുന്നേരം

സ്കൂളിനടുത്തുള്ള പറമ്പിൽ ബാഡ്മിൻറൻ കളിക്കുക പതിവായിരുന്നു. വിദ്യാർത്ഥികളുമായുള്ള അദ്ദേഹത്തിൻെറ സുഹൃദ്ബന്ധം ദൃഢീകരിക്കാൻ ഈ പരിപാടി സഹായിച്ചിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. ഒരു ദിവസം ഇങ്ങനെ കളിച്ചുകൊണ്ടിരിക്കുമ്പോൾ കുറച്ചകലെ ഒരു ഓലപ്പുരസ്സ് തീപിടിക്കുന്നതു് കേളപ്പനും സംഘവും കണ്ടു. ആ വീട്ടിൽനിന്നു് കൂട്ടനിലവിളി ഉയർന്നു. പുകയും തീനാളങ്ങളും ഉയരുന്നതു കണ്ടു. ''കുട്ടികളേ, വരൂ, നമുക്കു് ആ തീ കെടുത്താം'' എന്നു പറയേണ്ട താമസം, ഉടുപ്പുകളൂരിയിട്ടു്, അവരെല്ലാം അദ്ദേഹത്തോടൊപ്പം ആ വീടിൻെറ നേർക്കു പാഞ്ഞുചെന്നു. സ്ത്രീകളുടെ ആർത്തനാദവും പരിഭ്രാന്തരായ പുരുഷന്മാരുടെ നിഷ്പ്രയോജനമായ ചില ആജ്ഞകളും അട്ടഹാസങ്ങളും കേട്ടു. പരിഭ്രാന്തരായി അങ്ങോട്ടുമിങ്ങോട്ടും സ്ത്രീപുരുഷന്മാർ ഓടിനടന്നതല്ലാതെ തീ കെടുത്താനുള്ള ബുദ്ധിപൂർവകമായ ശ്രമമൊന്നും അവർ അവിടെ കണ്ടില്ല. ഈ സന്ദർഭത്തിൽ കേളപ്പൻ തൻെറ അനുചരരായ വിദ്യാർത്ഥികൾക്കു് ചില ആജ്ഞകൾ നൽകി. കുറേപ്പേർ പുരസ്സുടുത്തു നിന്ന ഒരു തെങ്ങിൽ പിടിച്ചു കയറി അതിൽനിന്നു പുരയുടെ മുകളിലേക്കു കയറി. മററു ചിലർ അടുത്തുള്ള കിണററിലിറങ്ങി വെള്ളം കോരി കൈമാറത്തക്കവിധം നിലയുറപ്പിച്ചു. അവിടെനിന്നു് പുര വരെ മററുള്ളവർ കൈയകലത്തിൽ ഒരു വരിയായി നിന്നു. നിമിഷങ്ങൾക്കുള്ളിൽ കിണററിൽനിന്നു് പാത്രങ്ങൾ നിറയെ വെള്ളം കൈമാറി, കൈമാറി, പുരമുകളിലെത്തുകയും പുരമുകളിൽ നിന്നവർ അതു തീ പിടിക്കുന്ന ഭാഗങ്ങളിലേക്കു് ഒഴിക്കുകയും ചെയ്തുതുടങ്ങി. ഏതാനും മിനിററുകൾക്കുള്ളിൽ തീ കെടുത്താൻ കേളപ്പനും അനുചരരായ വിദ്യാർത്ഥികൾക്കും കഴിഞ്ഞു. പുരയുടെ അധികഭാഗം അഗ്നിക്കിരയാകാതെ രക്ഷപ്പെട്ടു.

നിർഭയത്വം

സെൻറ് ബർക്കുമൻസ് ഹൈസ്കൂളിൽ, കപ്പന കണ്ണൻമേനോൻ ഹെഡ്മാസ്റ്ററുടെ ചാർജ് വഹിച്ചിരുന്ന കാലത്തു് ഒരു ദിവസം വൈകിട്ടു് സ്കൂൾ വിടാനുള്ള ബെൽ പതിനഞ്ചു മിനിററു് നേരത്തേ അടിച്ചു. മണിയടിക്കാൻ ചുമതലപ്പെട്ട ശിപായിക്കു പററിയ തെററായിരുന്നു അതു്. ബെൽ

അടിച്ച മുറയ്ക്കു് ക്ലാസ്സുകൾ വിടുകയുംചെയ്തു. ബെല്ലടിച്ചതു് നേരത്തേയാണെന്നു് ആലോചിച്ചു മനസ്സിലാക്കി, ക്ലാസ്സു വിടാതെ, അദ്ധ്യാപകർ അതിന്റെ കാരണം അന്വേഷിക്കേണ്ടതായിരുന്നു എന്നൊരു കുററാരോപണം അദ്ധ്യാപകരുടെ മേൽ ചുമത്താനും, അവരുടെ ക്ഷമായാചനം ആവശ്യപ്പെടാനും കണ്ണൻ മേനോൻ മുതിർന്നു. ഹെഡ്മാസ്റ്റർ പറയുന്നതെല്ലാം വേദവാക്യമായി കരുതിപ്പോന്ന സ്കൂളിലെ അദ്ധ്യാപകർ ഭീരുക്കളെപ്പോലെ ക്ലാസ്സുവിടുന്നതിനു് ചില മുടന്തൻന്യായങ്ങൾ പറഞ്ഞു. അദ്ധ്യാപകരിൽ ഒരാളായ കേളപ്പൻ നിർഭയമായി പറഞ്ഞ മറുപടി ഇങ്ങനെയായിരുന്നു: ''മണിയടിച്ചതു് സമയത്തിനു മുമ്പാണെന്നു മനസ്സിലായി. സ്കൂളിലെ സമയം നിയന്ത്രിക്കുന്നതു് ഹെഡ്മാസ്റ്ററാണു്. നേരത്തേ മണിയടിച്ചതിനു തക്കതായ കാരണം കാണും. അതു് അദ്ദേഹം പിന്നീടു് അദ്ധ്യാപകരെ അറിയിക്കുകയുംചെയ്യും. പെട്ടെന്നു് അന്വേഷിച്ചു ചെല്ലേണ്ട കാര്യമില്ല. മണിയടിച്ച സ്ഥിതിക്കു് ക്ലാസ്സു വിടുകയാണു് അദ്ധ്യാപകന്റെ ധർമം. ഇതിൽ പശ്ചാത്തപിക്കാനോ ക്ഷമായാചനംചെയ്യാനോ കാര്യമില്ല.''

മുഖം നോക്കാതെ, ശരിയെന്നു തോന്നുന്ന അഭിപ്രായം തുറന്നു പറയാനുള്ള ഈ കൂസലില്ലായ്മയിലൂടെ, കേളപ്പൻ അദ്ധ്യാപകനു വേണ്ട ഒരു ഗുണം വരച്ചുകാട്ടുകയായിരുന്നു.

കവാടഭേദനം

സെൻറു് ബർക്കുമൻസ് ഹൈസ്കൂളദ്ധ്യാപകനായിരുന്ന കാലത്തു് കേളപ്പൻ ചെയ്ത മറെറാരു പ്രവൃത്തി സ്കൂളിന്റെയും ആ ദിക്കിന്റെയും ചരിത്രത്തിൽ ഒരു വലിയ സംഭവമായിത്തീർന്നു. മഹാനായ ഈ കഥാപുരുഷന്റെ സ്വഭാവമഹിമ വിളംബരംചെയ്യുന്നതാണതു്: കണ്ണൻമേനോനുശേഷം ബർക്കുമൻസ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി വന്ന സുബ്രഹ്മണ്യയ്യർ കുട്ടികളുടെയും അദ്ധ്യാപകരുടെയും പെരുമാററത്തിൽ ഉണ്ടായിരിക്കേണ്ട നിഷ്കർഷ, അച്ചടക്കം എന്നിവയുടെ കാര്യത്തിൽ അനാവശ്യമായ നിർബന്ധം കാണിക്കുന്നയാളായിരുന്നു. കുട്ടികളും അദ്ധ്യാപകരും അദ്ദേഹത്തിന്റെ ഈ സമ്പ്രദായം തീരെ ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും എല്ലാം നിശ്ശബ്ദമായി സഹിച്ചു പോന്നു. മൂന്നു നിലകളുള്ള സ്കൂൾകെട്ടിടത്തിന്റെ രണ്ടും മൂന്നും

നിലകളിലായിരുന്നു ഉയർന്ന ക്ലാസ്സുകഠം നടത്തിയിരുന്നതു്. നാലുമണിയടിച്ചാൽ ഉടൻതന്നെ ക്ലാസ്സുകഠം വിട്ടുകൊള്ളണമെന്നും ഒരു മിനിട്ടു താമസിക്കാൻ പാടില്ലെന്നും ഹെഡ്മാസ്റ്റർ ഒരു കല്പന പുറപ്പെടുവിച്ചു. മുകളിലത്തെ രണ്ടു നിലകളിൽ നിന്നു കുട്ടികഠംക്കും അദ്ധ്യാപകർക്കും താഴേക്കു് ഇറങ്ങിപ്പോകാൻ ഒരേ ഒരു കോവണി മാത്രമാണുണ്ടായിരുന്നതു്. നാലുമണിയടിച്ചു് അഞ്ചു മിനിട്ടു കഴിഞ്ഞാൽ ഈ കോവണിയുടെ വാതിൽ പൂട്ടിക്കളയുമെന്നുകൂടി ഉഗ്രശാസനനായ ഹെഡ്മാസ്റ്റർ പ്രഖ്യാപിച്ചു!

കേളപ്പൻ ഒരു ദിവസം രണ്ടാമത്തെ നിലയിൽ ക്ലാസ്സെടുത്തുകൊണ്ടിരിക്കെ നാലുമണിക്കു് ക്ലാസ്സുകഠം വിടാനുള്ള മണിയടിച്ചു. ഹെഡ്മാസ്റ്ററുടെ കഠോരശാസനം മറന്നു് അദ്ദേഹം കുറച്ചു നേരംകൂടി ക്ലാസ്സെടുത്തു് പാഠം മുഴമിപ്പിച്ചിട്ടു് കുട്ടികളുമായി താഴേക്കിറങ്ങാൻ കോവണിയുടെ അടുക്കലെത്തി. കോവണിയുടെ വാതിൽ താഴെനിന്നു ബന്ധിച്ചിരിക്കുന്നു!

കെണിയിലകപ്പെട്ട ആ വിദ്യാർത്ഥികഠം കോവണിയുടെ വാതിലിൽ മുട്ടിവിളിച്ചു. പല പ്രാവശ്യം കൂവി വിളിച്ചു. വാതിൽ തുറക്കാൻ ആരും എത്തിയില്ല. അവർ വാതിലിൽ ഇടിക്കാനും ചവിട്ടാനും തുടങ്ങിയപ്പോഠം കേളപ്പൻ അവരെ വിലക്കി. ധർമ്മരോഷംകൊണ്ടു് അദ്ദേഹത്തിന്റെ മുഖം ജ്വലിക്കുന്നുണ്ടായിരുന്നു. വിദ്യാർത്ഥികളെ നിശ്ശബ്ദരാക്കിയിട്ടു് അദ്ദേഹംതന്നെ വാതിൽ തുറക്കാൻ ഉച്ചസ്വരത്തിൽ പലവട്ടം വിളിച്ചുപറഞ്ഞു. ഫലമുണ്ടായില്ല. കേളപ്പൻ വാതിലിൽ ആഞ്ഞു ചവിട്ടാൻ തുടങ്ങി. പല ചവിട്ടേററിട്ടും വാതിൽ ഇളകിയില്ലെന്നു കണ്ടപ്പോഠം വിദ്യാർത്ഥികളിൽ വളരെ കരുത്തനായ ഒരുവൻ മുന്നോട്ടു വന്നു് വാതിലിൽ രണ്ടു മൂന്നു പ്രാവശ്യം ആഞ്ഞു ചവിട്ടി. വാതിൽ തകർന്നു താഴെ വീണു. കേളപ്പനും വിദ്യാത്ഥികളും ആ കെണിയിൽനിന്നു് അങ്ങനെ രക്ഷ നേടുകയും പുറത്തു കടക്കുകയുംചെയ്തു.

ഇതിന്റെ മുഴുവൻ ഉത്തരവാദിത്വം താൻ സ്വയം ഏല്ക്കുന്നു എന്നും, വിദ്യാർത്ഥികഠം അതിൽ പങ്കാളികളല്ലെന്നുള്ള നിലയിൽ ഒഴിഞ്ഞുനില്ക്കണമെന്നും കേളപ്പൻ വിദ്യാത്ഥികളോടു പറഞ്ഞു. സ്നേഹത്തിന്റെ പേരിലാണു് അദ്ദേഹം അങ്ങനെ ആവശ്യപ്പെട്ടതു്. അവരതു സമ്മതിച്ചു. കവാടഭേദനത്തെപ്പററി ചോദ്യംചെയ്ത ഹെഡ്മാസ്റ്ററോടു താനാണു് കതകു ബലം

പ്രയോഗിച്ചു തുറന്നതെന്നു് കേളപ്പൻ പറഞ്ഞു. ഹെഡ്മാസ്റ്റർ വിവരം മാനേജർക്കു റിപ്പോർട്ടുചെയ്തു. മാനേജർ കേളപ്പനോടു സമാധാനം ചോദിച്ചു. തെററു ചെയ്തതും മാപ്പു പറയേണ്ടതും ഭരണാധികാരികളാണെന്നു് കേളപ്പൻ സമാധാനം നൽകി. സമാധാനം തൃപ്തികരമല്ലെന്നും ക്ഷമായാചനംചെയ്യുന്നതുവരെ കേളപ്പൻ സ്കൂളിൽ പ്രവേശിക്കരുതെന്നും മാനേജർ ഉത്തരവു പുറപ്പെടുവിച്ചു.

പബ്ലിക്കു് പരീക്ഷ ആസന്നമായിരുന്ന ആ സന്ദർഭത്തിൽ സ്കൂളിൽനിന്നു വിട്ടുനില്ക്കേണ്ടിവന്നെങ്കിലും, കേളപ്പൻ ചങ്ങനാശ്ശേരിയിൽ താൻ താമസിച്ചിരുന്ന വീട്ടിൽവച്ചു് രാത്രികാലങ്ങളിൽ കുട്ടികൾക്കു ക്ലാസ്സെടുത്തു്, പഠിപ്പിച്ചു കൊടുക്കേണ്ടതെല്ലാം പൂർത്തിയാക്കാൻ മറന്നില്ല.

എൻ. എസ്. എസ്. പ്രസിഡണ്ടു്

ബർക്കമൻസ് ഹൈസ്കൂളിലെ അദ്ധ്യാപകവൃത്തിയോടു് കേളപ്പൻ വിടവാങ്ങിയ സംഭവമാണു് മുകളിൽ വിവരിച്ചതു്. എന്നാൽ ആ സ്കൂളിലെ അദ്ധ്യാപകവൃത്തിക്കിടയിൽ അദ്ദേഹം ബന്ധപ്പെട്ട മറെറാരു സംഭവംകൂടി പറയേണ്ടതുണ്ടു്. അസംഘടിതരായി പരസ്പരം കലഹിച്ചു് എല്ലാം നശിപ്പിച്ചുകൊണ്ടിരുന്ന നായർ സമുദായാംഗങ്ങളെയോർത്തു വേദനിച്ചും ആ ദുരവസ്ഥയിൽനിന്നു് അവരെ മോചിപ്പിക്കാനാഗ്രഹിച്ചു്, ചില നിസ്വാർത്ഥസേവനങ്ങളിൽ ഏർപ്പെട്ടും കഴിഞ്ഞിരുന്ന മന്നത്തു പത്മനാഭപിള്ള അന്നു് ചങ്ങനാശ്ശേരിയിലെ ഒരു വക്കീലും കേളപ്പൻെറ സുഹൃത്തുമായിരുന്നു. ഇക്കാലത്താണു് കേളപ്പൻ പ്രസിഡണ്ടായി നായർ സർവീസ് സൊസൈററി എന്ന പ്രസിദ്ധമായ നായർ സമുദായസംഘടന രൂപീകൃതമായതു്.

ചങ്ങനാശ്ശേരി താലൂക്കിൽപ്പെട്ട മുട്ടാർ എന്ന ദേശത്തു്, സാമാന്യം സ്വത്തുള്ള പനങ്ങോട്ടു് എന്ന കുടുംബത്തിൽ പരമേശ്വരപ്പണിക്കരെന്നും കേശവപ്പണിക്കരെന്നും രണ്ടു സഹോദരന്മാരുണ്ടായിരുന്നു. ഈ ജ്യേഷ്ഠാനുജന്മാർ പരസ്പരം കലഹിച്ചും വ്യവഹാരങ്ങൾ നടത്തിയും കുടുംബത്തിൽ അന്തച്ഛിദ്രവും വമ്പിച്ച സാമ്പത്തികക്കെടുതികളും വരുത്തിക്കൊണ്ടിരുന്നു. ഇവരുടെ അന്യമതക്കാരായ കാര്യസ്ഥന്മാരായിരുന്നത്രേ ഇവരെ പരസ്പരം ശത്രുക്കളാക്കാൻ ഗൂഢമായി പ്രവർത്തിച്ചിരുന്ന

 തു്. പരമേശ്വരപ്പണിക്കർ തിരുവിതാംകൂറിലെ ശ്രീമൂലം പ്രജാസഭയിലേക്കു് ഒരു സ്ഥാനാർത്ഥിയായി നിന്നപ്പോൾ എതിർസ്ഥാനാർത്ഥിയായിരുന്ന ക്രിസ്ത്യാനിയെ അനുജൻ കേശവപ്പണിക്കർ സഹായിക്കുന്നുണ്ടെന്നു് പരമേശ്വരപ്പണിക്കരുടെ കാര്യസ്ഥൻ അദ്ദേഹത്തെ ധരിപ്പിച്ചു. ജ്യേഷ്ഠാനുജന്മാർ തമ്മിലുള്ള വൈരത്തിനു് ഇതു ശക്തി കൂട്ടി. വോട്ടെണ്ണൽ ചങ്ങനാശ്ശേരി താലൂക്ക കച്ചേരിയിൽ നടന്നു. പരമേശ്വരപ്പണിക്കർ ജയിച്ചു. ഫലപ്രഖ്യാപനത്തിനുശേഷം പരമേശ്വരപ്പണിക്കരെയും കേശവപ്പണിക്കരെയും മററും മന്നത്തു പത്മനാഭപിള്ള മന്നത്തു ഭവനത്തിലേക്ക കൂട്ടിക്കൊണ്ടുപോയി. പോകുന്ന വഴി സായാഹ്നസഞ്ചാരത്തിനിറങ്ങിയ കേളപ്പനെ യദൃച്ഛയാ കണ്ടു. കേളപ്പനെയും മന്നം സ്വഭവനത്തിലേക്ക കൂട്ടിക്കൊണ്ടുപോയി. അവിടെ എല്ലാവരുടെയും സാന്നിധ്യത്തിൽ പരമേശ്വരപ്പണിക്കരും കേശവപ്പണിക്കരും ഹൃദയം തുറന്നു സംസാരിച്ചു് തെററിദ്ധാരണകൾ നീക്കി. അവർ പരസ്പരം കെട്ടിപ്പുണർന്നു കണ്ണീർ വാർത്തു. മുൻകൂട്ടി നിശ്ചയിച്ചിരുന്നതുകൊണ്ടോ എന്തോ, ഈ സന്ദർഭം മന്നം ശരിക്കും ഉപയോഗപ്പെടുത്തി. പൂമുഖത്തു് ഒരു നിലവിളക്ക കൊളുത്തിവച്ചു് നായർ സമുദായത്തിൻെറ ഉൽക്കർഷത്തിനുവേണ്ടി മേലിൽ പ്രവർത്തിക്കമെന്നു ദൃഢപ്രതിജ്ഞചെയ്യാൻ മന്നം അവിടെ കൂടിയിരുന്നവരോടാവശ്യപ്പെട്ടു. എല്ലാവരും പ്രതിജ്ഞ ചെയ്തു. അവിടെ വച്ചു് രൂപീകരിക്കപ്പെട്ട കമ്മററിയുടെ അധ്യക്ഷനായിരിക്കാനുള്ള നിർബന്ധപൂർവമായ ക്ഷണം കേളപ്പനു് സ്വീകരിക്കേണ്ടിവന്നു. നായർ സർവീസ് സൊസൈററി ഉണ്ടായതും കേളപ്പൻ അതിൻെറ അധ്യക്ഷനായതും ഇങ്ങനെയായിരുന്നു. സൊസൈററിക്കു് ഒരു നിയമാവലി എഴുതിയുണ്ടാക്കാൻ നിയുക്തനായ കേളപ്പൻ, അതിൻെറ ലക്ഷ്യങ്ങളുടെ കൂട്ടത്തിൽ സർവസമുദായ മൈത്രിയും അധഃകൃതോദ്ധാരണവുംകൂടി ഉൾപ്പെടുത്താൻ മറന്നില്ല.

വീണ്ടും അധ്യാപകൻ

സെൻറ് ബർക്കമൻസ് ഹൈസ്കൂളിൽനിന്നു പിരിഞ്ഞ കേളപ്പൻ വീണ്ടും ലോ കോളേജിൽ ചേർന്നു പഠിത്തം തുടർന്നെങ്കിലും 1916 മെയ്മാസത്തിൽ എൻ. എസ്. എസ്സിൻെറ വകയായി കറുകച്ചാലിൽ തുടങ്ങിയ ആദ്യ വിദ്യാലയത്തിൻെറ

ഹെഡ്മാസ്റ്ററാകാൻ ലഭിച്ച ക്ഷണം, അദ്ധ്യാപകവൃത്തിയോടുള്ള പ്രത്യേക മമതകൊണ്ടാവണം, അദ്ദേഹത്തിനു നിഷേധിക്കാൻ കഴിഞ്ഞില്ല. കറുകച്ചാലിലെ നടമേൽ ഇരവിക്കുറുപ്പിന്റെ വക ഒരു പീടികക്കെട്ടിടത്തിൽ ഇരുപത്തിയൊന്നു വിദ്യാർത്ഥികളോടുകൂടി ആരംഭിച്ച വിദ്യാലയത്തിൽ അദ്ദേഹം അദ്ധ്യാപകനും ഹെഡ്മാസ്റ്ററുമായി ജോലി സ്വീകരിച്ചു.

എന്നാൽ, ഏതവസ്ഥയിലും സത്യം പാലിക്കുന്നതിൽ ഉണ്ടായിരുന്ന വ്യഗ്രതയുടെ കാഠിന്യം കേളപ്പനെ ഈ ജോലിയിലും അധികം തുടരാൻ ഇടയാക്കിയില്ല. സ്കൂളിനു വേണ്ടി സർക്കാരിന്റെ കണക്കനുസരിച്ചുള്ള കെട്ടിടം പണിതുവന്നിരുന്നെങ്കിലും അതു പൂർത്തിയായിരുന്നില്ല. മന്നത്തു പത്മനാഭപിള്ള നാടുനീളെ നടന്നു കഷ്ടപ്പെട്ട് പണപ്പിരിവു നടത്തിയെങ്കിലും കെട്ടിടംപണി മുഴുവനാക്കാൻ വേണ്ട ധനം സഞ്ചയിക്കാൻ വിഷമിക്കയായിരുന്നു. പറഞ്ഞ സമയം കഴിഞ്ഞിട്ടും പണി പൂർത്തിയാകാതിരുന്നപ്പോൾ സ്കൂൾ ഇൻസ്പെക്ടർ വന്ന് സ്കൂളിന്റെ അംഗീകാരം പിൻവലിക്കുമെന്ന ഭീഷണി മുഴക്കി. ഒടുവിൽ ഒരവധികൂടി ആവശ്യപ്പെട്ട് അതിനു മുമ്പ് കെട്ടിടം പണി പൂർത്തിയാകുമെന്ന് ഉറപ്പുനൽകാൻ മന്നം കേളപ്പനോടു പറഞ്ഞു.

ഒളിച്ചോട്ടം

സമയമടുത്തപ്പോൾ കെട്ടിടംപണി തീർന്ന വിവരത്തിന് ഇൻസ്പെക്ടർ റിപ്പോർട്ടാവശ്യപ്പെട്ടു. പണി അപ്പോഴും തീർന്നിട്ടുണ്ടായിരുന്നില്ല. തീർന്നതായി എഴുതിക്കൊള്ളാൻ മന്നം പറഞ്ഞു. ഇൻസ്പെക്ടർ വരും മുമ്പ് പണി തീരുമെന്ന വിശ്വാസത്തിൽ, തീർന്നതായി കേളപ്പൻ റിപ്പോർട്ടയക്കുകയുംചെയ്തു. ദിവസമടുത്തു. പണി തീർന്നില്ല. തീർന്നില്ലെങ്കിലും സമാധാനം പറഞ്ഞുനില്ക്കാമെന്ന വിശ്വാസം മന്നത്തിനുണ്ടായിരുന്നു. എങ്കിലും പറഞ്ഞ വാക്കു നിറവേററാത്ത സാഹചര്യത്തിൽ ഇൻസ്പെക്ടറുടെ മുഖത്തു നോക്കാനുള്ള അധർമ്മഭീരുത്വം നിമിത്തം ഇൻസ്പെക്ടർ വരുന്നതിന്റെ തലേദിവസം ആരോടും യാത്ര പറയാതെ കേളപ്പൻ നാടു വിട്ടു. ഈ രാജിയെപ്പററിയും അതിന്റെ കാരണത്തെപ്പററിയും കേളപ്പന്റെ വിശദമായ ഒരു ക്ഷമാപണക്കത്ത് മന്നത്തിനു കുറെ ദിവസങ്ങൾക്കുശേഷം ബോംബെയിൽനിന്നാണ് ലഭിച്ചത്.

4. ജീവിതസ്പർശിയായ ചില ഗാർഹിക സംഭവങ്ങൾ

പിതൃരാജ്ഞയെന്ന നിലയിൽ നിയമപഠനം നിർവ്വഹിക്കാനുള്ള കടപ്പാടും, ഇഷ്ടകാര്യമെന്ന നിലയിൽ അദ്ധ്യാപക ജോലിയോടുള്ള താല്പര്യവും തമ്മിലുണ്ടായിരുന്ന മാനസിക സംഘട്ടനം ബോംബെയിലും കേളപ്പനെ പിന്തുടർന്നു. അവിടെ ഗോവാക്കാരുടെ ഒരു സ്കൂളിൽ അദ്ധ്യാപകനായും ഒപ്പം എൽ. എൽ. ബി. ക്ലാസ്സിൽ വിദ്യാർത്ഥിയായുമാണ് അദ്ദേഹം ജീവിതമാരംഭിച്ചത്. എന്നാൽ, അധികനാൾ കഴിയും മുമ്പ് പൊന്നാനി ഹൈസ്കൂളിൽ ഒരദ്ധ്യാപകനാകാൻ ക്ഷണിക്കപ്പെട്ടപ്പോൾ, ആ ക്ഷണം നിഷേധിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അതിനാൽ അല്പനാളുകൾ കഴിഞ്ഞ് തന്റെ ആത്മസുഹൃത്തുക്കളിൽ ഒരാളായ കൊയിലാണ്ടി കുഞ്ഞിക്കണ്ണൻ നായരോടൊപ്പം, പൊന്നാനി സ്കൂളിൽ അദ്ദേഹം അദ്ധ്യാപകവൃത്തി സ്വീകരിച്ചു. ഒരു വർഷം പൊന്നാനിയിൽ അദ്ധ്യാപകജോലി നിർവഹിച്ചശേഷം രണ്ടുപേരും ബോംബെയ്ക്കു മടങ്ങി നിയമപഠനമാരംഭിച്ചു. കുഞ്ഞിക്കണ്ണൻനായർ നിയമപഠനം ശരിക്കും തുടർന്നെങ്കിലും കേളപ്പൻ ഏതാനും മാസങ്ങൾക്കുശേഷം വീണ്ടും നാട്ടിലേക്കു മടങ്ങിപ്പോരികയാണുണ്ടായത്.

സംഘർഷ വിമുക്തി

ഇത്തവണ വ്യക്തമായ ചില തീരുമാനങ്ങളുമായിട്ടാണ് അദ്ദേഹം വീട്ടിൽ മടങ്ങിയെത്തിയത്. ബി. എ. പാസ്സായി വന്നതിനുശേഷം സ്വന്തമായി സ്വീകരിക്കേണ്ട ജീവിതമാർഗ്ഗത്തെപ്പററി ഒരു വലിയ മാനസികസംഘർഷമാണ് അദ്ദേഹം ഇതേവരെ അനുഭവിച്ചുവന്നത്. നിയമബിരുദം നേടി, മകൻ ഒരു വക്കീലോ ജഡ്ജിയോ ആകണമെന്നുള്ള അച്ഛന്റെ അഭിലാഷം നിറവേററേണ്ട കടമ ഒരു വശത്ത്; രാഷ്ട്രം ആവശ്യപ്പെടുന്ന നിസ്സ്വാർത്ഥമായ ജനസേവനമെന്ന കർത്തവ്യം മറുവശത്ത്. ഈ രണ്ടു ഭിന്നപ്രേരണകളുടെ നടുവിലിട്ട് ഇനിയും മനസ്സിനെ വിഷമിപ്പിക്കാൻ താൻ തയ്യാറല്ലെന്ന് കേളപ്പൻ

ഒടുവിൽ തീരുമാനിച്ചു. തന്നെയുമല്ല, ബോംബെയിൽ താൻ കണ്ട ദേശീയ സമരാവേശത്തിന്റെ ആർത്തിരമ്പുന്ന അലകൾ കോൺഗ്രസ്സിൽ ചേരാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തു നാടിനെ സേവിക്കയല്ലാതെ വക്കീലോ ജഡ്ജിയോ ആകാൻ ശ്രമിക്കുന്നതു് സ്വധർമ്മത്തിൽനിന്നു് ഒളിച്ചോടുന്ന ഭീരുത്വമാണെന്നുകൂടി അദ്ദേഹത്തിനു തോന്നി. അച്ഛന്റെ ആഗ്രഹനിർവഹണം മനസ്സിൽ ഒരുതരം അജ്ജുനവിഷാദമെന്നോണം തുടന്നപ്പോൾ, അതിനെ ജയിച്ചേ പററൂ എന്നു നിശ്ചയിച്ചു് കേളപ്പൻ അച്ഛനു് ദീർഘമായ ഒരു കത്തെഴുതി. കേവലം സ്വാത്മലാഭം കരുതിയുള്ള ഏതെങ്കിലും ജോലിക്കു വേണ്ടി ഉഴന്നുനടക്കാതെ രാഷ്ട്രം നേരിടുന്ന ഈ വിപൽസന്ധിയിൽ ജനങ്ങളെ സേവിക്കാൻ അച്ഛൻ അനുവദിക്കണമെന്നായിരുന്നു കത്തിന്റെ ചുരുക്കം. പുത്രവത്സലനായ പിതാവു് ഈ അഭ്യത്ഥന സസന്തോഷം സ്വീകരിച്ചു.

അമ്മയുടെ അന്ത്യം

അച്ഛന്റെ അനുഗ്രഹം രാഷ്ട്രസേവനത്തിനുള്ള അനുമതിയായിത്തീർന്നതുപോലെ കേളപ്പനു് അദ്ദേഹത്തിന്റെ അമ്മയുടെ മരണം വരുത്തിയ കഠിനദുഃഖവും ജീവിതത്തിൽ കാര്യമായ മാററം വരുത്താനിടയാക്കിയിട്ടുണ്ടു്. അമ്മയുടെ മരണത്തെപ്പററി അദ്ദേഹം ഒരിക്കൽ പറഞ്ഞതു് ഇപ്രകാരമാണു്: ''അമ്മയുടെ മരണമാണു് എന്റെ ജീവിതത്തെ ഏററവുമധികം സ്പർശിച്ച സംഭവം. പുത്രവാത്സല്യംകൊണ്ടു് തന്നെത്തന്നെ മറന്നു് എന്തു ക്ലേശങ്ങളും എനിക്കുവേണ്ടി സഹിച്ചിരുന്ന എന്റെ അമ്മയുടെ ജീവിതം സുഖഭൂയിഷ്ഠമാക്കിത്തീർക്കേണ്ടതു് എന്റെ കർത്തവ്യമായി ഞാൻ തീരുമാനിച്ചിരുന്നു. രാജ്യസേവനത്തിനുള്ള ആഗ്രഹവും അമ്മയോടുള്ള കടമയും എന്നെ ഇരുവശത്തേക്കും വലിച്ചുകൊണ്ടിരുന്നു. അമ്മയുടെ ദീർഘകാലത്തെ ചികിത്സയ്ക്കുശേഷമുണ്ടായ മരണവും തന്നിമിത്തമുണ്ടായ വൈരാഗ്യവുമാണു് എന്റെ ജീവിതത്തെ ഈവിധം മാററിയതു്.''

കേളപ്പന്റെ വിവാഹം

ചങ്ങനാശ്ശേരിയിലെ ജീവിതത്തിനിടയ്ക്കു് കേളപ്പൻ വിവാഹിതനായി. തിക്കോടി വില്ലേജിൽ പള്ളിക്കര എന്ന

സ്ഥലത്തു് പ്രശസ്തികൊണ്ടും പുരാതനത്വംകൊണ്ടും സമ്പത്തുകൊണ്ടും കേഴ്‌വികേട്ട തൊണ്ടിപ്പനത്തിൽ തറവാട്ടിലെ അമ്മാളുഅമ്മയെയാണു് അദ്ദേഹം വിവാഹംകഴിച്ചതു്. തൊണ്ടിപ്പനത്തിൽ കിടാക്കന്മാർ സ്ഥാനികളായ നായർ പ്രഭുക്കന്മാരായിരുന്നു. അമ്മാളുഅമ്മയുടെ അമ്മാവന്മാരായ കണ്ണൻകിടാവും രാമൻകിടാവും വക്കീൽഗുമസ്തനായ കണാരൻനായരുടെ സ്നേഹിതന്മാരായിരുന്നു. കേളപ്പനും അമ്മാളുഅമ്മയുമായുള്ള വിവാഹക്കാര്യം കണാരൻനായർ തന്റെ ആഗ്രഹമെന്ന നിലയിൽ കിടാക്കന്മാരുടെ മുമ്പിൽ സമർപ്പിച്ചതു് അവർ സസന്തോഷം സമ്മതിക്കയാണുണ്ടായതു്. ബി. എ. ക്കാരനായ ഹൈസ്കൂളദ്ധ്യാപകനും ബഹുമാന്യനും, വിശേഷിച്ച് സർവാദരണീയനായ തേമ്പൊയിൽ കണാരൻനായരുടെ മകനുമായ യുവാവു് മരുമകളുടെ ഭർത്താവായി വരുന്നതു് തൊണ്ടിപ്പനത്തിൽ കിടാക്കന്മാർക്കു് അഭിമാനമായിത്തന്നെ അവർ കരുതി.

ആ ദിക്കിലെ നായന്മാരുടെയിടയിൽ നിലനിന്നിരുന്ന വിവാഹസമ്പ്രദായമനുസരിച്ചാണു് കേളപ്പന്റെ വിവാഹം നടന്നതു്. വധുവിന്റെയും വരന്റെയും വീട്ടുകാർ തമ്മിൽ ആലോചിച്ചു് വിവാഹം ഉറപ്പാക്കിക്കഴിഞ്ഞാൽ വരനും സംഘവും ഒരു നിശ്ചിതദിവസം വധൂഗൃഹത്തിലെത്തുന്നു. സ്വീകരണവും സദ്യയും കഴിഞ്ഞു് വരൻ അവിടെ അന്തിയുറങ്ങുന്നു. 'ഊഴം പൊറുക്കൽ' എന്നാണു് ഈ ചടങ്ങിന്റെ പേരു്. പിറേറന്നു മടങ്ങുമ്പോൾ വരൻ ഒരു സംഖ്യ തലയിണക്കടിയിൽ നിക്ഷേപിച്ചു പോരുന്നു. സ്വഗൃഹത്തിൽ മടങ്ങിയെത്തുന്ന പുരുഷൻ അവകാശക്കാരനായ ചാലിയന്റെ കൈയിൽ വസ്ത്രങ്ങളും മററും ഭാര്യാഗൃഹത്തിലേക്കു കൊടുത്തയക്കും. പിന്നീടു് ഭർത്തൃഗൃഹത്തിൽനിന്നു് സ്ത്രീകൾ വിവാഹിതയായ സ്ത്രീയെ വധൂഗൃഹത്തിൽനിന്നു് കൂട്ടിക്കൊണ്ടു വന്നു് ഗൃഹപ്രവേശമെന്ന മററൊരു പരിപാടികൂടി നടത്തുമ്പോൾ വിവാഹച്ചടങ്ങുകൾ പൂർത്തിയാകുന്നു.

ചരിത്രം സൃഷ്ടിച്ച ഗൃഹപ്രവേശം

കേളപ്പന്റെ വിവാഹത്തിൽ അമ്മാളുഅമ്മയെ ഭർത്തൃഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുവരുന്ന ചടങ്ങു് ഉടനെ നടന്നില്ല. നാലഞ്ചു വർഷം ആ ചടങ്ങു് നടക്കാനിടയാകാതെ നീണ്ടുപോയി.

കേളപ്പൻ നാട്ട വിട്ടു് അന്യകാര്യവ്യഗ്രനായിക്കഴിഞ്ഞതായിരുന്നു അതിനു കാരണം. ബോംബെയിൽനിന്നു പഠിത്തമെല്ലാം ഉപേക്ഷിച്ചു് ദേശീയരംഗത്തു പ്രവർത്തിക്കാനെത്തിക്കഴിഞ്ഞ കാലത്താണു് അമ്മാളുഅമ്മയെ കൂട്ടിക്കൊണ്ടുവരുന്ന ചടങ്ങു് നടത്താൻ തീരുമാനിച്ചതു്. എന്നാൽ, ഇതു കുറെ വൈകിപ്പോയിരുന്നു. കേളപ്പനുമായുള്ള വിവാഹം വേണ്ടായിരുന്നു എന്നു് ക്രമേണ തൊണ്ടിപ്പനത്തിലെ കാരണവന്മാർക്കു തോന്നിത്തുടങ്ങിയിരുന്നു. ജാതിഭേദവും അയിത്താചാരവുമൊന്നും മാനിക്കാതെയും താഴ്ന്ന ജാതിക്കാരെ കൂടെ കൊണ്ടുനടക്കാൻ മടിക്കാതെയും കഴിയുന്ന കേളപ്പനു് ''പെണ്ണിനെ കൊടുത്തതു്'' തെററായിപ്പോയി എന്നു് അവരുടെ യാഥാസ്ഥിതികത്വം അവരെ ഉപദേശിച്ചുതുടങ്ങിയിരുന്നു. അതിനാൽ അമ്മാളുഅമ്മയെ ഭർത്തൃഗൃഹത്തിലേക്കയക്കാൻ നല്ലനേരം ചോദിക്കാൻ തൊണ്ടിപ്പനത്തിലെത്തിയ ഭർത്തൃഗൃഹത്തിലെ ദൂതനു് നിരാശയോടെ മടങ്ങേണ്ടിവന്നു.

അമ്മാവന്മാരുടെ ഈ വിരസഭാവം അമ്മാളുഅമ്മ തീരെ ഇഷ്ടപ്പെട്ടില്ല. കേളപ്പനോടൊന്നിച്ചു ജീവിക്കാനുള്ള തന്റെ ദൃഢനിശ്ചയം അവർ അദ്ദേഹത്തെ രഹസ്യമായി അറിയിച്ചു. എത്രയും വേഗം തന്നെ കൂട്ടിക്കൊണ്ടുപോയില്ലെങ്കിൽ ജീവിതം അവസാനിപ്പിക്കയേ മാർഗ്ഗമുള്ളു എന്നാണു് അവർ അറിയിച്ചതു്.

തുടർന്നു് വീട്ടുകാർ അറിയാതെ, അഥവാ അറിഞ്ഞാൽ വരാവുന്ന ഭവിഷ്യത്തുകളെ നേരിടാനുള്ള തയ്യാറെടുപ്പോടുകൂടി അമ്മാളുഅമ്മയെ തൊണ്ടിപ്പനത്തിൽനിന്നു് കൊണ്ടുപോരാൻ കേളപ്പൻ തീരുമാനിച്ചു.

അമ്മാളുഅമ്മയ്ക്കു് മുന്നറിയിപ്പു നല്കിയശേഷം ഒരു ദിവസം കേളപ്പനും കുരുത്തരായ അനുചരസംഘവും പുലർച്ചയ്ക്കു മുമ്പായി അമ്മാളുഅമ്മയുടെ വീടിനു സമീപമുള്ള ഇടവഴിയിൽ നിലയുറപ്പിച്ചു. അവരെ കണ്ട മാത്രയിൽ അമ്മാളുഅമ്മ ഇറങ്ങിച്ചെന്നു. പ്രത്യേകിച്ചു് വേഷമൊന്നുംകൂടാതെ വീട്ടിൽ നില്ക്കുമ്പോളുള്ള വേഷത്തിൽ അവർ ഇറങ്ങിപ്പോയതുകൊണ്ടു് വീട്ടിലുള്ളവർ അയലത്തെവിടെയോ പോകുന്നതായിട്ടേ ധരിച്ചുള്ളു. കേളപ്പനും അമ്മാളുഅമ്മയും അനുചരസംഘവും അതിവേഗം നടന്നു് വടകര–കോഴിക്കോട്ടു റോഡിലെത്തി. അവിടെനിന്നു് ദമ്പതികൾ അവിടെ തയ്യാറാക്കി നിർത്തിയിരുന്ന ഒരു കുതിര

വണ്ടിയിൽ കേളപ്പന്റെ വസതിയായ ഒതയോത്തു് എത്തി ച്ചേർന്നു.

ധീരവും സാഹസികവുമായവിധം ആ ഗൃഹപ്രവേശം അങ്ങനെ നടന്നു. തൊണ്ടിപ്പനക്കാർ വിവരമറിഞ്ഞപ്പോഠം രോഷാകുലരായെങ്കിലും അവർ ഒരു പ്രതികാരനടപടിക്കം മുതിരാതെ ബുദ്ധിപൂർവം അടങ്ങിപ്പാർത്തു.

5. മലബാർ കലാപം

നിയമപഠനമുപേക്ഷിച്ചു് കേളപ്പൻ ബോംബെയിൽനിന്നു നാട്ടിലെത്തിയതു് ഒരു തനി കോൺഗ്രസ്സുകാരനായിട്ടായി രുന്നു. വക്കീൽപ്പണിക്കുവേണ്ടിയുള്ള പഠനമോ, അദ്ധ്യാപക ജോലിതന്നെയുമോ ഇപ്പോഠം അദ്ദേഹത്തിന്റെ മനസ്സിനെ അലട്ടിയിരുന്നില്ല. ഭാരതസ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തി ക്കാൻ അർപ്പിതമനസ്കനായി, പരുക്കൻ ഖാദിവസ്ത്രവും പനയോലത്തൊപ്പിക്കുടയുമായി കോഴിക്കോട്ടെ കോൺഗ്രസ്സാ ഫീസിലെത്തിയ കേളപ്പനെ അത്ഭുതവും അഭിമാനവും കുറ്റന്ന മിഴികളോടെയാണു് സഹപ്രവർത്തകർ സ്വീകരിച്ചതു്.

ദേശീയരംഗം ചൂടുപിടിക്കുന്നു

സ്വാതന്ത്ര്യസമരചരിത്രത്തിലെ സുപ്രധാനമായ ചില സംഭവവികാസങ്ങഠംകൊണ്ടു് ശ്രദ്ധേയമായ ഒരു സന്ദർഭമായി രുന്നു അതു്. 1920—ൽ മഞ്ചേരിയിൽ നടന്ന ദേശീയ കോൺ ഫറൻസ് മൊണ്ടേഗു്—ചെംസ്ഫോർഡ് ഭരണപരിഷ്കാര ങ്ങഠം ഇന്ത്യക്കു് അസ്വീകാര്യമെന്ന പ്രമേയം പാസ്സാക്കിയ തോടെ, ഡോ. ആനിബസന്റിന്റെ നേതൃത്വമുള്ള മിതവാദി കഠംക്കു കോൺഗ്രസിൽ പരാജയം സംഭവിക്കുകയും ഗാന്ധിജി യുടെ നേതൃത്വമുള്ള തീവ്രവാദികഠംക്കു മുന്നേററമുണ്ടാവുകയും ചെയ്യുതായിരുന്നു ആ കാലത്തെ ഒരു പ്രധാന സംഭവം! 1920 അവസാനത്തിൽ നാഗ്പൂരിൽ കൂടിയ കോൺഗ്രസ് സമ്മേളനം, അക്രമരഹിതമായ നിസ്സഹകരണത്തിനു് ആഹ്വാ നംചെയ്യുകൊണ്ടുള്ള ഗാന്ധിജിയുടെ പ്രമേയം അംഗീകരിച്ചതാ യിരുന്നു മറെറാരു സംഭവം. സ്വാതന്ത്ര്യാവേശത്തെ ഒരു കൊടു

ങ്കാററായി മാററിയ ആ സംഭവം മലബാറിലെ കോൺഗ്രസ്സ കാരിലും പുതിയ ആവേശം പകർന്നു. പ്രശസ്തരായ പല ബഹുമാന്യവ്യക്തികൾ അവരുടെ ഉദ്യോഗം ഉപേക്ഷിച്ച് കോൺഗ്രസ് അണിയിലേക്കു വന്നു. മറെറാരു സംഭവവികാസം 'ഖിലാഫത്ത്' എന്ന പ്രസ്ഥാനത്തിന്റെ ആവിർഭാവമാണ്. ഒന്നാം ലോകമഹായുദ്ധത്തിൽ തുർക്കി, ബ്രിട്ടനെതിരായി ജർമ്മനിയുടെ പക്ഷത്തു ചേർന്നിരുന്നു. ഇക്കാരണത്താൽ, ഇസ്ലാമികലോകത്തിന്റെ ദൈവപ്രതിപുരുഷനായ (ഖലീഫയായ) തുർക്കി സുൽത്താനെതിരായ യുദ്ധത്തിൽ ബ്രിട്ടനെ സഹായിക്കുന്നതിൽ ഇന്ത്യയിലെ മുസ്ലിങ്ങൾ വിമുഖത കാണിച്ചു. ഈ ഘട്ടത്തിൽ, തുർക്കിസുൽത്താന്റെ 'ഖലീഫ' പദവിക്കു ഹാനിവരുത്തുന്ന യാതൊരു പ്രവൃത്തിയും ബ്രിട്ടന്റെ നേതൃത്വത്തിലുള്ള കക്ഷികളിൽനിന്നുണ്ടാവുകയില്ലെന്ന് ഒരു വിളംബരം മുഖേന ഇന്ത്യാ വൈസ്രോയി മുസ്ലിങ്ങൾക്ക് ഉറപ്പു നൽകിക്കൊണ്ടാണ് യുദ്ധത്തിൽ അവരുടെ സഹായം സമ്പാദിച്ചതു്. എന്നാൽ, യുദ്ധത്തിൽ ജർമ്മനിയും ബന്ധപ്പെട്ട കക്ഷികളും പരാജയപ്പെട്ടതിനെത്തുടർന്നുണ്ടായ പാരീസുടമ്പടിയിലെ വ്യവസ്ഥകളനുസരിച്ച്, തുർക്കി സുൽത്താന്റെ അധികാരങ്ങളും പദവികളുമെല്ലാം ബ്രിട്ടനും കൂട്ടുകക്ഷികളും വെട്ടിച്ചുരുക്കി. തുക്കി സുൽത്താന്റെ ഭരണത്തിലായിരുന്ന മുസ്ലിം പുണ്യസ്ഥലങ്ങളുൾപ്പെടുന്ന പ്രദേശങ്ങളുടെ(ജറൂസലം സ്ഥിതിചെയ്തിരുന്ന പാലസ്തീൻ, മെക്കയും മദീനയും സ്ഥിതിചെയ്തിരുന്ന അറേബ്യ)മേൽ അദ്ദേഹത്തിനുണ്ടായിരുന്ന പരമാധികാരത്തിനു മങ്ങലേററു. ഈ വാഗ്ദാനലംഘനത്തിനെതിരെ ഖലീഫയുടെ പദവിയും അധികാരങ്ങളും പുനഃസ്ഥാപിച്ചുകിട്ടാൻ മുസ്ലിങ്ങൾ ആരംഭിച്ച പ്രക്ഷോഭമായിരുന്നു ഖിലാഫത്ത്. തുർക്കിയുടെ കാര്യത്തിൽ ചെയ്ത ഉടമ്പടി ഭേദപ്പെടുത്താനും ഖലീഫയുടെ പദവിയും അധികാരങ്ങളും പുനഃസ്ഥാപിച്ചു കിട്ടാനുംവേണ്ടി ബ്രിട്ടന്റെമേൽ പ്രയോഗിക്കാവുന്ന ആയുധം അക്രമരഹിതമായ നിസ്സഹകരണമാണെന്നുള്ള ഗാന്ധിജിയുടെയും കോൺഗ്രസ്സിന്റെയും അഭിപ്രായം ഇന്ത്യൻ മുസ്ലിങ്ങൾ സ്വീകരിച്ചു. കോൺഗ്രസ്സിന്റെ പരിപാടികളും ഖിലാഫത്ത് പ്രവർത്തനങ്ങളും പരസ്പരം ഇങ്ങനെ ബന്ധപ്പെട്ടു. ഹിന്ദു–മുസ്ലിംമൈത്രി ശക്തിപ്പെടുകയുംചെയ്തു.

ഈ ഘട്ടത്തിൽ മലബാറിലെത്തിയ കേളപ്പൻ തന്റെ കോൺഗ്രസ്പ്രവർത്തനത്തിനു് പൊന്നാനിയാണു തിരഞ്ഞെടുത്തതു്. മൂന്നുനാലു വർഷങ്ങൾക്കു മുമ്പാണു് അദ്ദേഹം പൊന്നാനി ഹൈസ്കൂളിൽ അദ്ധ്യാപകനായി അല്പകാലം സേവനമനുഷ്ഠിച്ചതു്. പൊന്നാനിക്കാരുടെ മുഴുവൻ കണ്ണിലുണ്ണിയായിരുന്നു അന്നദ്ദേഹം. അവിടെ അദ്ദേഹം പാർത്തിരുന്ന കാരക്കുന്നത്തു ഭവനത്തിലെ അംഗങ്ങളായ കെ. വി. ബാലകൃഷ്ണമേനോൻ, കെ. വി. രാമൻമേനോൻ എന്നിവർ കേളപ്പന്റെ ആത്മസുഹൃത്തുക്കളായിരുന്നു. അവരോടൊപ്പം ആ ഭവനത്തിൽ പാർത്തുകൊണ്ടാണു് പൊന്നാനിയിൽ കോൺഗ്രസ്പ്രവർത്തനം അദ്ദേഹം ആരംഭിച്ചതു്.

ആദ്യത്തെ ജയിൽവാസം

പൊന്നാനിയിൽ, ഗ്രാമങ്ങൾ തോറും കോൺഗ്രസ്–ഖിലാഫത്ത് കമ്മററികൾ സംഘടിപ്പിക്കുകയും ഹിന്ദു–മുസ്ലിം മൈത്രി വളർത്തുകയുംചെയ്യുന്നതിനാണു് കേളപ്പൻ ആദ്യമായി ശ്രമിച്ചതു്. ബാലകൃഷ്ണമേനോനും രാമൻമേനോനുമുൾപ്പെട്ട ഒരു സുഹൃദ്‌വലയം സഹകരിക്കാനുണ്ടായിരുന്നു. അല്പദിവസങ്ങൾകൊണ്ടു് ''പൊന്നാനിക്കാർ മുഴുവൻ കേളപ്പന്റെകൂടെ'' എന്ന നിലവന്നു. കേളപ്പന്റെ ജനപിന്തുണ വേഗം വളർന്നു ശക്തിപ്പെടുന്നതു കണ്ടു അധികാരികൾക്കു് കേളപ്പനെ അറസ്റ്റു ചെയ്യാതെ പററില്ലെന്നു തോന്നി. പൊന്നാനിയിൽനിന്നു് കുറെ അകലെയുള്ള മാറഞ്ചേരിയിൽ മാങ്ങൂർപള്ളിക്കു സമീപം ഒരു യോഗത്തിൽ കേളപ്പൻ പങ്കെടുത്തുകൊണ്ടിരിക്കുമ്പോൾ, പെട്ടെന്നു് ആ പ്രദേശം 144–ാം വകുപ്പിന്റെ പരിധിയിൽ പെടുത്തിയതായി പ്രഖ്യാപിച്ചുകൊണ്ടു് പോലീസ് കേളപ്പനെയും ബാലകൃഷ്ണമേനോനെയും അറസ്റ്റ്ചെയ്തു. മജിസ്ട്രേട്ട് അവർക്കു് ഓരോ മാസം തടവു് അല്ലെങ്കിൽ അമ്പതുറുപ്പിക വീതം പിഴ ശിക്ഷ വിധിച്ചു. രണ്ടുപേരും പിഴ ഒടുക്കാതെ ജയിലിൽ പോയി. ജയിൽവിമുക്തരായി പുറത്തു വന്ന കേളപ്പനും ബാലകൃഷ്ണമേനോനും ആവേശഭരിതമായ ഒരു സ്വീകരണമാണു് ജനങ്ങൾ അന്നു നൽകിയതു്.

കേളപ്പനെയും മററും അറസ്റ്റുചെയ്തതിനെത്തുടർന്നു് തെക്കേ മലബാറിൽ കോൺഗ്രസ്–ഖിലാഫത്ത് പ്രവർത്തനങ്ങൾ പതിന്മടങ്ങു ശക്തിപ്പെട്ടു. ഇതു് അധികാരികളുടെ അടവു

മാററാനിടയാക്കി. അറസ്റ്റുകളും കേസുകളും നിർത്തിവച്ച് എവിടെയും 144–ാം വകുപ്പു പ്രയോഗിച്ച് ജനങ്ങളെ അടിച്ചമർത്താൻതന്നെ അവർ തീരുമാനിച്ചു. 1921 ഏപ്രിലിൽ ഒററപ്പാലത്തുകൂടിയ കോൺഗ്രസ് മഹാസമ്മേളനം വലിയൊരു ജനതതിയെ ആകർഷിച്ചു. പോലീസിൻെറ ഏതു മർദനമുറകൾക്കെതിരേ, അക്രമരാഹിത്യം പാലിക്കണമെന്ന് നേതാക്കൾ ജനങ്ങളോടാവശ്യപ്പെട്ടു. എല്ലാവരും അഹിംസാനിഷ്ഠരായിരിക്കാനുള്ള ദൃഢപ്രതിജ്ഞയോടെയാണ് ആ സമ്മേളനം അവസാനിച്ചതു്.

എന്നാൽ, നിർഭാഗ്യമെന്നു പറയട്ടെ, ഖിലാഫത്ത് എന്നാൽ ഇസ്ലാംമതവിശ്വാസികളുടെ ഒരു പോരാട്ടമെന്നല്ലാതെ, അക്രമരഹിതമായ നിസ്സഹകരണമെന്ന അതിൻെറ അവശ്യാംശം സാധാരണക്കാരായ മുസ്ലിങ്ങൾക്ക് വേണ്ടപോലെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. നേതാക്കന്മാർ ഇതിലേക്കു ചെയ്ത ശ്രമങ്ങൾ വേണ്ടവിധം ഫലിച്ചില്ല. പോരെങ്കിൽ, കോൺഗ്രസ്–ഖിലാഫത്ത് പ്രസ്ഥാനങ്ങൾ, നാട്ടിൽ ലഹളയുണ്ടാക്കാനുള്ള ശ്രമത്തിൻെറ ഭാഗമായി വ്യാഖ്യാനിച്ച്, അധികാരികൾ എവിടെയും മർദനമുറകളും പ്രകോപനപരമായ നടപടികളും സ്വീകരിച്ചു. ഇതു് അക്രമരഹിതമായ കോൺഗ്രസ്–ഖിലാഫത്ത് പ്രസ്ഥാനങ്ങൾക്ക് ഒരു കനത്ത വെല്ലുവിളിയായി ഭവിച്ചു.

എങ്കിലും ഖിലാഫത്തിനെച്ചൊല്ലി അന്നോളം വളർന്നുണ്ടായ ജനവികാരം കെട്ടടങ്ങിയില്ല. ചാരം പൊതിഞ്ഞ തീക്കനൽപോലെ അതു മറഞ്ഞിരുന്ന്, നിർഭാഗ്യകരമായ ചില സ്ഫോടനങ്ങൾക്കു വഴിയൊരുക്കുകയായിരുന്നു. ഖിലാഫത്തിൻെറ അക്രമരഹിതസ്വഭാവം നിലനിർത്തിക്കൊണ്ടു പോകാൻ ബദ്ധപ്രതിജ്ഞരായിരുന്ന നേതാക്കന്മാർ അറസ്റ്റ് ചെയ്യപ്പെട്ട സാഹചര്യത്തിൽ, അവരുടെ സ്ഥാനത്തു്, നാട്ടിൻപുറങ്ങളിൽ, ആലോചനാശൂന്യന്മാരും മതഭ്രാന്തന്മാരുമായ ആളുകൾ കയറിപ്പററി. അവർ ഊഹാപോഹങ്ങളും കെട്ടുകഥകളും പ്രചരിപ്പിച്ച് സാമാന്യജനങ്ങളിൽ മതത്തിൻെറ സുരക്ഷിതത്വത്തെപ്പററി ആശങ്കയും അമ്പരപ്പുമുളവാക്കുകയും അക്രമമാർഗ്ഗങ്ങളിൽ ജനങ്ങൾക്കു വിശ്വാസം വളർത്തുകയും ചെയ്തു. തെക്കേ മലബാറിൽ പല ദിക്കിലും ആയുധങ്ങൾ നിർമ്മിക്കുക, ശേഖരിക്കുക, സംഘം ചേർന്നു പൊരുതാനുള്ള

ഒരുക്കങ്ങൾ നടത്തുക ഇവയൊക്കെ ഉണ്ടായി. പോലീസ് ഇതെല്ലാം മനസ്സിലാക്കിയെങ്കിലും തൽക്കാലം അവർ അത്ഥഗർഭമായ മൗനം അവലംബിച്ചു നില്ക്കുകയാണുചെയ്തതു്.

കലാപത്തിൻെറ തുടക്കം

സ്ഫോടനാത്മകമായ ഈ അന്തരീക്ഷത്തിലായിരുന്നു 1917 ആഗസ്റ്റ് 17–ാം തീയതി ജയിൽ വിമുക്തരായി കോഴിക്കോട്ടെത്തിച്ചേർന്ന കെ. മാധവൻനായർ, യു. ഗോപാലമേനോൻ, പൊന്മാടത്ത് മൊയ്തീൻകോയ എന്നീ നേതാക്കൾക്ക് ആയിരക്കണക്കിനു ജനങ്ങൾ ആവേശകരമായ സ്വീകരണം നൽകിയതു്. റോഡിൻെറ ഇരുവശങ്ങളും തിങ്ങിനിറഞ്ഞൊഴുകിക്കൊണ്ടിരുന്ന ജനങ്ങളുടെ അന്നത്തെ ഘോഷയാത്ര ഹജ്ജൂർ കച്ചേരിയുടെ മുന്നിലൂടെ കടന്നുപോയപ്പോൾ കച്ചേരിയുടെ മുകളിലത്തെ നിലയിൽ എല്ലാം വീക്ഷിച്ചു കൊണ്ടു നിന്ന മലബാർ കളക്ടർ ഇ. എഫ്. തോമസിനെ കണ്ടു് ജനം ആർത്തട്ടഹസിച്ചു. സ്വതേ വൈരനിര്യാതന ബുദ്ധിയുള്ള കളക്ടറെ ഇതു് കോപാന്ധനാക്കി. അന്നു കടപ്പുറത്തു കൂടിയ സമ്മേളനം ഒരു ജനസമുദ്രംതന്നെയായിരുന്നു. സമ്മേളനാന്ത്യത്തിൽ വിദേശവസ്ത്രദഹനവും നടന്നു. നാടെങ്ങും ഗവണ്മെൻറിനെതിരെ കണ്ടുവരുന്ന ''ധിക്കാര''ത്തിനു പ്രതിവിധിയായി, അധികാരശക്തി ഉപയോഗിച്ചുതന്നെ ജനങ്ങളെ ഒരു ''നല്ല പാഠം പഠിപ്പിക്കാൻ'' ഇനി വൈകിക്കൂടെന്നു് കളക്ടർ തീരുമാനിച്ചു.

മലബാർ ലഹളയുടെ തുടക്കം കുറിച്ചു സംഭവങ്ങൾ നടന്നതു് ആഗസ്റ്റ് 20–ാം തീയതി തിരൂരങ്ങാടിയിൽവെച്ചാണു്. കളക്ടർ തോമസ്, ഡിസ്ട്രിക്ട് പോലീസ് സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട് എന്നിവരും ഒരു സംഘം വെള്ളപ്പട്ടാളവും റിസർവ് പോലീസും മലപ്പുറത്തെ മലബാർ സ്പെഷ്യൽ പോലീസും തിരൂരങ്ങാടിയിൽ എത്തി. തിരൂരങ്ങാടി കിഴക്കേപ്പള്ളിയിലെ മതാദ്ധ്യാപകനും അവിടത്തെ മുസ്ലിം പ്രമാണിയുമായ ആലി മുസലിയാരെയും കൂട്ടുകാരെയും പിടിക്കാനുള്ള ഉദ്ദേശ്യമാണു് അവർക്കു് ഉണ്ടായിരുന്നതു്. പോലീസ് പള്ളി വളയുകയും ഏതാനും പേർ അകത്തു കടന്നു് തിരച്ചിൽ നടത്തുകയുംചെയ്തു. പിടി കിട്ടേണ്ടവരെ അവിടെ കാണാതെ വന്നപ്പോൾ അവിടെ ഉണ്ടായിരുന്ന രണ്ടുമൂന്നുപേരെ അറസ്റ്റു്

ചെയ്തു് പോലീസ് സ്റ്റേഷനിലേക്ക കൊണ്ടുപോയി. കൂടാതെ, പോലീസ് ഖിലാഫത്തു് ആഫീസ് കൈയേറുകയും റിക്കാഡു കരം പിടിച്ചെടുക്കുകയും ബോർഡു്, ചർക്കകരം, കൊടി ഇവ നശിപ്പിക്കുകയുംചെയ്തു.

കർണാകർണികയാ ഏതാനും മണിക്കൂറുകരംക്കുള്ളിൽ ഈ സംഭവം (പലതും മനോധർമ്മംപോലെ കൂട്ടിച്ചേർത്തു്) സമീപ പ്രദേശങ്ങളിലെത്തി. 'പട്ടാളക്കാർ പള്ളി വളഞ്ഞു, പള്ളിക്ക വെടിവച്ചു, മുസ്ലിംഭവനങ്ങളിൽ രാത്രിയിൽ കടന്നുചെന്നു് പലരെയും അറസ്റ്റുചെയ്തു. ചിലരെയെല്ലാം വെടിവെച്ചു കൊന്നു' എന്നിങ്ങനെയുള്ള വാർത്തകരം കേട്ടു് പരപ്പനങ്ങാടി, തിരൂർ, താനൂർ, കോട്ടക്കൽ തുടങ്ങിയ പ്രദേശങ്ങളിൽനിന്നു് ആളുകരം കൂട്ടംകൂട്ടമായി തിരൂരങ്ങാടിയിലെത്തി. എല്ലാവരും ചേർന്നു് പോലീസ്സ്റ്റേഷനിലേക്ക നീങ്ങിയപ്പോരം പട്ടാളവും പോലീസും അവരെ തടഞ്ഞു. എന്താണു് അവർക്കു് വേണ്ടതെന്നു ചോദിച്ചതിനു്, ''അറസ്റ്റുചെയ്തവരെ വിട്ടയക്കണം'' എന്നു് ആലി മുസലിയാർ മറുപടി പറഞ്ഞു. ''വിട്ടയക്കാം, എല്ലാവരും ഇരിക്കിൻ'' എന്നു പോലീസ് പറഞ്ഞപ്പോരം എല്ലാവരും ഇരുന്നു. എന്നാൽ, ഇരുന്നവരുടെ നേരെ പട്ടാളം വെടി തുടങ്ങുകയാണുചെയ്തതു്. പലരും ചത്തുവീണു. മുറിവേററവരും അല്ലാത്തവരുമായ ആളുകരം ആയുധങ്ങളോടു കൂടി പട്ടാളത്തെ എതിർക്കാൻ തയ്യാറായി. പട്ടാളം വെടി വെച്ചുകൊണ്ടുതന്നെ പിന്നോട്ടു നീങ്ങി, പോലീസ് സ്റ്റേഷനിൽ അഭയം പ്രാപിച്ചു.

ഈ സംഭവം കഴിഞ്ഞു് മടങ്ങിപ്പോയ സംഘങ്ങരം സർക്കാരാഫീസുകളും പോലീസ് സ്റ്റേഷനും, റെയിൽവേ സ്റ്റേഷനുമെല്ലാം ആക്രമിച്ചു. റെയിൽപാളങ്ങരം ഇളക്കി. പട്ടാളക്കാർ സഞ്ചരിച്ച ലോറികരം തടഞ്ഞു. പലരെയും കൊന്നു. പാളങ്ങരം ഇളക്കിയതുനിമിത്തം തീവണ്ടിയിൽ കോഴിക്കോട്ടേക്ക മടങ്ങാൻ വയ്യാതെവന്ന കളക്ടറും പോലീസ് സൂപ്രണ്ടും ഫറോക്ക്‌വരെ ഓടി രക്ഷപ്പെടുകയായിരുന്നു.

അല്പദിവസങ്ങരംക്കുള്ളിൽ ലഹള തെക്കേ മലബാർ മുഴുവൻ വ്യാപിച്ചു. ഭരണാധികാരികരം തികച്ചും നിസ്സഹായരായിത്തീർന്ന ആ ദിവസങ്ങളിൽ പല ദിക്കിലും നിർബാധം നടന്ന നിഷ്ഠുരമായ മനുഷ്യസംഹാരത്തിൻെറയും കൊള്ളയു

ടെയും കൊള്ളിവയ്പിന്റെയും കഥകഠം ഞെട്ടിപ്പിക്കുന്നവയാണെന്നേ ചുരുക്കത്തിൽ പറയാൻ കഴിയൂ.

അന്നത്തെ ലഹള നടത്തിയ പല സംഘങ്ങളിൽ ഒന്നാണ് ഈ ഗ്രന്ഥത്തിന്റെ പ്രഥമാദ്ധ്യായത്തിൽ ചിത്രീകരിച്ചവിധം പൊന്നാനിയിലെ ഗവണ്മെന്റ് ട്രഷറി കൊള്ളയടിക്കാൻ കടന്നു ചെന്നതു്.

രക്ഷിച്ചവനു ശിക്ഷ

ലഹളക്കാർ പൊന്നാനിയിലേക്കു വരുന്നതായി ആദ്യം അറിവു കിട്ടിയതു് പൊന്നാനി പോലീസിനായിരുന്നു. ആയുധശക്തികൊണ്ടും സംഖ്യാബലംകൊണ്ടും ലഹളക്കാരെ നേരിടാനുള്ള കഴിവു് പൊന്നാനി പോലീസിനില്ലെന്നു് അറിയാമായിരുന്ന സബ് ഇൻസ്പെക്ടർ കുഞ്ഞിരാമൻനായർ പരിഭ്രാന്തനായിത്തീർന്നു. അദ്ദേഹം കേളപ്പനെ കാണാൻ ആഗ്രഹിച്ചു. ഖിലാഫത്ത് ആഫീസിൽ, ഖിലാഫത്ത് അംഗങ്ങളുമായി സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു കേളപ്പൻ. ലഹളക്കാർ വന്നാൽ അവരോടു കൂടിച്ചേർന്നു് ലഹളയിൽ ചേരുന്നതു് ആത്മഹത്യാപരമാണെന്നും അങ്ങനെ വന്നാൽ പൊന്നാനി നശിക്കുമെന്നും, അക്രമരാഹിത്യവ്രതം ആരും കൈവെടിയരുതെന്നും അവരെ ബോദ്ധ്യപ്പെടുത്താൻ കേളപ്പനു കഴിഞ്ഞു. ഈ സന്ദർഭത്തിലാണു് ഇൻസ്പെക്ടർ കുഞ്ഞിരാമൻനായർ ഓടിക്കിതച്ചു് അവിടെയെത്തി, കേളപ്പനോടു് ലഹളക്കാർ ചമ്രവട്ടം കടന്നു് പൊന്നാനിയിലേക്കു വന്നു തുടങ്ങിയ വിവരം പറഞ്ഞതു്. ലഹളക്കാരെ നിരായുധരായി നേരിടാൻ കേളപ്പനും കൂട്ടരും തയ്യാറാണെന്നും പോലീസ് അവിടെങ്ങും പ്രത്യക്ഷപ്പെടരുതെന്നും കേളപ്പൻ പറഞ്ഞപ്പോഠം മാത്രമേ സബ് ഇൻസ്പെക്ടർക്കു് ശ്വാസം നേരേ വീണുള്ളു.

ലഹളക്കാരെ അക്രമരഹിതരായി ചെറുത്തു തോല്പിച്ച കേളപ്പനും സംഘവും ഒരു വലിയ വിപത്തിൽനിന്നു് പൊന്നാനി രക്ഷപ്പെട്ടുവല്ലോ എന്നു സമാധാനപ്പെട്ടിരിക്കുമ്പോഠം, ആ ചെറുത്തുനില്പിന്റെ പിറേറദിവസം, പട്ടാളം പൊന്നാനിയിൽ എത്തുകയും കേളപ്പനെയും സംഘത്തെയും കള്ളക്കേസ്സിൽ കുടുക്കി പിടികൂടുകയുമാണുചെയ്തതു്. കേളപ്പനും ബാലകൃഷ്ണമേനോനും രാമൻമേനോനും തലേദിവസത്തെ ചെറുത്തുനില്പിൽ പങ്കാളികളായ ഏതാനും മുസ്ലീങ്ങളും ലഹള നടത്തിയെന്നും

മുചുകുന്നിലെ കേളപ്പന്റെ ജന്മഗൃഹം

പയ്യോളിയിലെ കേളപ്പന്റെ തറവാട്



ഇന്ത്യയുടെ ആദ്യത്തെ കൃഷിമന്ത്രിയായിരുന്ന ബാബു രാജേന്ദ്രപ്രസാദിന് സ്വീകരണം നൽകിക്കൊണ്ട് കേളപ്പൻ സംസാരിക്കുന്നു

ഗുരുവായൂർ ക്ഷേത്രപ്രവേശന സമരത്തോടനുബന്ധിച്ച്, മഞ്ജുളാൽ പരിസരത്ത് കേളപ്പൻ പ്രസംഗിച്ചപ്പോൾ

കേളപ്പൻെറ ഏകസഹോദരി ലക്ഷ്മി അമ്മ



കേളപ്പൻെറ ഏകപുത്രൻ കുഞ്ഞിരാമൻ കിടാവ്

1947–ൽ തൃശൂരിൽ നടന്ന ഐക്യകേരള സമ്മേളനത്തിൽ കേളപ്പൻ, വി. കെ. കൃഷ്ണമേനോനോടൊപ്പം

1947–ലെ ഐക്യകേരള മഹാസമ്മേളനത്തിന്റെ അദ്ധ്യക്ഷനായിരുന്ന കേളപ്പൻ, കോമാട്ടിൽ അച്യുതമേനോനോടൊന്നിച്ച്

ലഹള നടത്താൻ പ്രേരിപ്പിച്ചുവെന്നും പൊന്നാനി സ്റ്റേഷൻ ആക്രമിക്കാൻ ശ്രമിച്ചുവെന്നും മററുമായിരുന്ന സബ് ഇൻസ്പെക്ടർ കുഞ്ഞിരാമൻനായർ ചാർജ്ചെയ്ത കള്ളക്കേസ്. കൂടാതെ കേളപ്പനും ബാലകൃഷ്ണമേനോനും രാമൻമേനോനും ഒരു കള്ളഷാപ്പു തീവച്ചതായി മറെറാരു കള്ളക്കേസ്സും കെട്ടിച്ചമച്ചു.

യാതൊരു വിചാരണയുംകൂടാതെ, കേളപ്പനും കൂട്ടർക്കും 11 മാസം കണ്ണൂർ ജയിലിൽ കിടക്കേണ്ടിവന്നു. ഒടുവിൽ കേസ് വിചാരണയ്ക്കെടുത്തു് തെളിവില്ലെന്നു കണ്ടു് കോടതി അവരെ വെറുതെ വിട്ടു. ബാലകൃഷ്ണമേനോനു് ജയിൽ വിമോചിതനാകാനുള്ള ഭാഗ്യമുണ്ടായില്ല. ജയിലിൽവച്ചു്, സന്നിപാതജ്വരം പിടിപെട്ടു് ആ രാജ്യസ്നേഹി ഇഹലോകവാസം വെടിയുകയാണുണ്ടായതു്.

6. മാതൃഭൂമിപ്പത്രത്തിൻെറ തുടക്കം; വൈക്കത്തെ സത്യഗ്രഹം

കണ്ണൂർ ജയിലിൽനിന്നു പുറത്തു വന്ന കേളപ്പനെ സ്വാഗതം ചെയ്തതു് പിതാവിൻെറ മരണവാർത്തയാണു്. ജീവിതത്തിൽ അനുഭവപ്പെട്ട ഏററവും കടുത്ത ആഘാതങ്ങളിൽ ഒന്നായിരുന്നു സ്നേഹനിധിയായ പിതാവിൻെറ ദേഹവിയോഗം. മലബാറിൽ നടന്നുകൊണ്ടിരുന്ന ലഹളയെയും വെടിവയ്പിനെയും അറസ്റ്റിനെയുംപററിയെല്ലാം രോഗശയ്യയിൽ കിടന്നു് ആ പിതാവു കേട്ടുകൊണ്ടിരുന്നു. മകനെ അറസ്റ്റുചെയ്തു് കണ്ണൂർ ജയിലിലടച്ച വിവരവും അദ്ദേഹം അറിഞ്ഞിരുന്നു. ജയിലിലേക്കു കൊണ്ടുപോയ ലഹളക്കാരിൽ പലരെയും നാടു കടത്തിയതും വധിച്ചതുമായ കഥകൾ നാട്ടിൽ പ്രചരിച്ചതു് അദ്ദേഹത്തിൽ ഉൽക്കടമായ ഭയാശങ്കകൾ ഉളവാക്കി. അതോർത്തുള്ള മനോവേദനയായിരിക്കണം അദ്ദേഹത്തെ മരണത്തിൽ എത്തിച്ചതു്.

ജയിലിൽനിന്നു പുറത്തു വന്നു് ഒരു വർഷത്തിനകം സംഭവിച്ച മറെറാരു ദുരന്തം കേളപ്പൻെറ സഹധർമ്മിണിയും സ്ത്രീലോകത്തിനു മഹനീയമാതൃകയുമായിരുന്ന അമ്മാളുഅമ്മയുടെ ആകസ്മികമായ മരണമാണു്. കടിഞ്ഞൂൽപ്രസവത്തിൽ അവർ

ഒരാൺകുട്ടിക്കു ജന്മം നൽകി. പ്രസവാനന്തരം പനിയുണ്ടായിരുന്നിട്ടും നാട്ടുനടപ്പനുസരിച്ച് നാലാം ദിവസം പച്ചവെള്ളത്തിൽ കുളിപ്പിക്കുക നിമിത്തം രോഗം മൂർച്ഛിച്ച് ഒടുവിൽ ആ സാധ്വി മരണമടഞ്ഞു.

കോൺഗ്രസ്സിനും തളർച്ച

1922 ഫെബ്രുവരിയിലാണ് ഉത്തർപ്രദേശത്തെ ചൗരി ചൗരയിൽ നടന്ന ചില അനിഷ്ടസംഭവങ്ങൾ ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യയിലെങ്ങും നടന്നിരുന്ന അഹിംസാനിഷ്ഠമായ നിയമലംഘനപരിപാടിക്ക് ഒരു ആഘാതമായിത്തീർന്നത്. ആ സംഭവങ്ങളുടെ ഉത്തരവാദിത്വം താൻ ഏറ്റെടുത്തിരിക്കുന്നതായി പ്രസ്താവിച്ചുകൊണ്ട് ഗാന്ധിജി, നിയമലംഘനപരിപാടി അനിശ്ചിതകാലത്തേക്കു നിർത്തിവച്ചു. അടുത്ത മാസത്തിലാണ് ബ്രിട്ടീഷ് ഗവണ്മെൻറ് രാജ്യദ്രോഹകുററം ചുമത്തി ഗാന്ധിജിയെ അറസ്റ്റുചെയ്യുകയും കോടതി അദ്ദേഹത്തിനു് ആറു വർഷത്തെ തടവുശിക്ഷ വിധിക്കുകയും ചെയ്തത്. ഈ സംഭവങ്ങൾ അഖിലേന്ത്യാതലത്തിൽ കോൺഗ്രസ്സിനെ പെട്ടെന്ന് ഒന്നു തളർത്തിക്കളഞ്ഞു. മലബാറിലും കോൺഗ്രസ്സിനു തളർച്ച സംഭവിച്ച കാലമായിരുന്നു ഇത്. സമുദായങ്ങൾ തമ്മിലുണ്ടായിരുന്ന സൗഹൃദം മലബാർ കലാപത്തെത്തുടർന്ന് തീരെ നഷ്ടപ്പെട്ടിരുന്നു. അന്നത്തെ ദുഃഖസംഭവങ്ങൾക്ക് ഹിന്ദുക്കളും മുസ്ലിങ്ങളും ഒരുപോലെ കോൺഗ്രസ്സിനെയാണ് കുററപ്പെടുത്തിയത്. മുസ്ലിങ്ങളോടു ചേർന്ന് ഹിന്ദുക്കളെ ദ്രോഹിച്ചത് കോൺഗ്രസ്സുകാരാണെന്ന് ഹിന്ദുക്കളും തങ്ങളെ കോൺഗ്രസ്സിൽ ചേരുവാനും കോൺഗ്രസ്സിനോടു സഹകരിക്കുവാനും പ്രേരിപ്പിച്ചവർ പോലീസിൻെറയും പട്ടാളത്തിൻെറയും ഭീകരമർദനങ്ങൾ വന്നപ്പോൾ കൈവെടിഞ്ഞു കളഞ്ഞുവെന്ന് മുസ്ലിങ്ങളും കുററപ്പെടുത്തി. ഈ അന്തരീക്ഷം മലബാറിലെ കോൺഗ്രസ് പ്രവർത്തനങ്ങളെ ഒരു സ്തംഭനാവസ്ഥയിൽ എത്തിച്ചിരുന്നു.

പുതിയ പന്ഥാവുകൾ തുറക്കുന്നു

എന്നാൽ, കേരളത്തിലെ കോൺഗ്രസ് പ്രവർത്തനത്തിനേർപ്പെട്ട മാന്ദ്യം മററൊരു തരത്തിൽ അനുഗ്രഹമായിട്ടാണ് ഭവിച്ചതെന്നു പറയേണ്ടിയിരിക്കുന്നു. സമരങ്ങളിലും നിയമ

ലംഘനപരിപാടികളിലുംനിന്നു വ്യത്യസ്തമായ രണ്ടു പുതിയ കർമ്മമുഖങ്ങൾ, കേരളത്തിൽ കോൺഗ്രസ് പ്രവർത്തകർക്ക് തുറക്കാൻ കഴിഞ്ഞതു് 1923–1924 കാലഘട്ടത്തിലായിരുന്നു. ഒരു ദേശീയപത്രത്തിന്റെ പ്രസിദ്ധീകരണത്തിലേക്കും അയി ത്തോച്ചാടനത്തിലേക്കും വഴിതിരിഞ്ഞു്, അഭിമാനകരമായ രണ്ടു ചരിത്രസംഭവങ്ങൾക്ക് കേരളത്തിലെ പ്രമുഖ കോൺ ഗ്രസ്സുകാർ തുടക്കം കുറിച്ചതു് ഈ കാലഘട്ടത്തിലായിരുന്നു. മാതൃഭൂമിപ്പത്രത്തിന്റെ തുടക്കവും അയിത്തോച്ചാടനശ്രമങ്ങളും തുടർന്നു സമാരംഭിച്ച വൈക്കം സത്യാഗ്രഹവുമാണു് ഇവിടെ സൂചിപ്പിക്കുന്നതു്.

മാതൃഭൂമി

കേരളത്തിലെ ദേശീയപ്രസ്ഥാനത്തിനു് ശക്തിയും ചൈ തന്യവും പകർന്നു നൽകാൻവേണ്ടി അന്നത്തെ കോൺഗ്രസ് നേതാക്കൾ നടത്തിയ നിശ്ശബ്ദവും നിസ്തന്ദ്രവുമായ പരിശ്രമ ത്തിന്റെ ഫലമായി 1923 മാർച്ച് 18–ാം തീയതി 'മാതൃഭൂമി' എന്ന ദേശീയ വൃത്താന്തപത്രം കോഴിക്കോട്ടുനിന്നു് പ്രസിദ്ധീ കരണമാരംഭിച്ചു (5 ക. വീതം വിലയുള്ള 20,000 ഓഹരിക ളോടുകൂടിയ ഒരു കമ്പനിയായി രജിസ്റ്റർചെയ്തു് പ്രവർത്തനം തുടങ്ങിയ മാതൃഭൂമിക്ക്, സാമ്പത്തിക രംഗത്തും പ്രചാരണരംഗ ത്തും വളരെ പ്രതികൂലമായ അന്തരീക്ഷമാണു് തുടക്കത്തിൽ ഉണ്ടായിരുന്നതു്. കോൺഗ്രസ്സുകാരെ ഹിന്ദുക്കളും മുസ്ലിങ്ങളും വെറുക്കുകയും അവിശ്വസിക്കുകയുംചെയ്തിരുന്നു). കോൺഗ്രസ് ആദർശങ്ങൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുക, സ്വാതന്ത്ര്യ സമരത്തെ സഹായിക്കുക എന്നീ ഉദ്ദേശ്യങ്ങൾ പരസ്യമായി പ്രഖ്യാപിച്ചുകൊണ്ടു് രംഗപ്രവേശംചെയ്ത പത്രത്തിനുവേണ്ടി, ഓഹരികളെടുപ്പിക്കാൻ പുറപ്പെട്ട നേതാക്കൾക്ക് അസാമാന്യ മായ ക്ഷമാശീലവും ത്യാഗബുദ്ധിയും നിശ്ചയദാർഢ്യവും അട ങ്ങാത്ത ദേശാഭിമാനവുമല്ലാതെ മറ്റൊന്നും പ്രേരകശക്തിയാ യിട്ടില്ലായിരുന്നു. ഇവ മാത്രം കൈമുതലാക്കിക്കൊണ്ടു് ധീരത യോടെ മാതൃഭൂമിയുടെ മൂലധനസംഭരണത്തിനുവേണ്ടി തള രാതെ നിരന്തരം പ്രവർത്തിച്ച ആ നേതാക്കളിൽ കെ. പി. കേശവമേനോൻ, കെ. മാധവൻനായർ, കെ. മാധവമേനോൻ, ടി. ആർ. കൃഷ്ണസ്വാമിഅയ്യർ, പി. രാമുണ്ണിമേനോൻ, പി. അച്യുതൻ, ടി. വി. ചാത്തുക്കുട്ടിനായർ, കെ. കേളപ്പൻ

എന്നിവരുടെ പേരുകൾ എടുത്തുപറയേണ്ടതുണ്ട്. എന്നാൽ, അക്കൂട്ടത്തിൽ മാതൃഭൂമി എന്ന പ്രസ്ഥാനത്തിനു തുടക്കംകുറിച്ചതും പിന്നീട് അതിനു വേണ്ട രൂപഭാവങ്ങൾ നൽകിയതും മാതൃഭൂമിയുടെ പിതാവെന്നുതന്നെ വിശേഷിപ്പിക്കേണ്ട കെ. പി. കേശവമേനോനാണ്. അദ്ദേഹത്തിന്റെ സ്വപ്നസാക്ഷാത്കാരമായിരുന്നു 'മാതൃഭൂമി' എന്നു പറഞ്ഞാൽ തെററില്ല.

നമ്മുടെ സ്വാതന്ത്ര്യസമരത്തിനും ദേശീയ നവോത്ഥാനത്തിനുംവേണ്ടി സർവകഴിവുകളും വിനിയോഗിക്കുകയും അതേസമയം അന്നത്തെ ദേശീയവിരുദ്ധശക്തികളോട് ഉറച്ചുനിന്നു പൊരുതുകയുംചെയ്യാൻ കഴിഞ്ഞുവെന്നതാണ് മാതൃഭൂമിയുടെ വിജയം. മലയാളികളെ സംബന്ധിച്ചിടത്തോളം നമ്മുടെ ദേശീയതയെ പാലൂട്ടി വളർത്തിയ പോററമ്മയുടെ സ്ഥാനം മാതൃഭൂമി അർഹിക്കുന്നു. പ്രലോഭനങ്ങൾക്കും ഭീഷണികൾക്കും വഴങ്ങാതെ ഈ മഹത്തായ സേവനം നിർവഹിക്കാൻ 'മാതൃഭൂമി'ക്കു കഴിഞ്ഞതു്, രാജ്യത്തിനുവേണ്ടി ഏതു് ആപത്തിനെയും നേരിടാൻ മടിക്കാത്ത, കഴിവുററ, കരങ്ങൾ അതിനെ പ്രവർത്തിപ്പിക്കാനുണ്ടായി എന്നതുകൊണ്ടാണ്.

കേളപ്പൻ ആദ്യകാലംമുതൽതന്നെ മാതൃഭൂമിയുമായി അഭേദ്യബന്ധമാണ് പുലർത്തിയിരുന്നതു്. 1923 ആഗസ്റ്റ് 23 മുതൽ കേളപ്പൻ മാതൃഭൂമിയുടെ മാനേജരായിരുന്നു. പിന്നീട് അദ്ദേഹം അതിന്റെ പത്രാധിപരായി. അവസാനംവരെ അദ്ദേഹം അതിന്റെ ഡയറക്ടർമാരിൽ ഒരാളായിരുന്നു. പത്രപ്രവർത്തകനെന്ന നിലയിലും നിർഭയനായ ഒരു വിമർശകനെന്ന നിലയിലും ആർജവത്വവും ലാളിത്യവുമുള്ള ഗദ്യശൈലിയിൽ എഴുതിയ കേളപ്പന്റെ ലേഖനങ്ങൾ സ്വന്തം വ്യക്തിത്വത്തെ പ്രകാശിപ്പിക്കുന്നവയായിരുന്നു. കേളപ്പൻ പൊതുരംഗത്തെ പ്രവർത്തനങ്ങൾക്കിടയിൽ നടത്തിയ ഐതിഹാസികങ്ങളായ സമരങ്ങൾക്കും പ്രക്ഷോഭണങ്ങൾക്കും പിന്തുണയും പ്രചാരവും നൽകുന്നതിൽ മാതൃഭൂമി എക്കാലവും ജാഗരൂകമായിരുന്നിട്ടുണ്ട്. ഇങ്ങനെ കേളപ്പനും മാതൃഭൂമിയും രണ്ടല്ല, ഒന്നാണെന്ന നിലയാണ് ഉണ്ടായിരുന്നതു്.

വൈക്കം സത്യഗ്രഹം

1923–ൽ കക്കിനഡയിൽ, മൗലാനാ മുഹമ്മദാലിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അഖിലേന്ത്യാ കോൺഗ്രസ് സമ്മേ

ളനത്തിൽ കേരളത്തിൽനിന്നുള്ള കോൺഗ്രസ്സുകാരോടൊപ്പം ദേശാഭിമാനി പത്രാധിപർ ടി. കെ. മാധവനും സംബന്ധിച്ചിരുന്നു. ഒന്നാന്തരം ഒരെഴുത്തുകാരനും സമർത്ഥനായ വാഗ്മിയും കഴിവുററ സംഘടനാപ്രവർത്തകനുമായിരുന്ന മാധവൻ ശ്രീനാരായണഗുരുസ്വാമികളെ തൻെറ ആദ്ധ്യാത്മിക ഗുരുവായി വരിച്ച്, അവശസമുദായോദ്ധാരണത്തിനുവേണ്ടി ആവേശത്തോടെ പ്രവർത്തിച്ചുപോന്ന ഉല്പതിഷ്ണുവായ ഒരു യുവാവായിരുന്നു. ''ഇന്ത്യയിലെ അയിത്തജാതിക്കാർക്കു വേണ്ടി സർവേന്ത്യാ കോൺഗ്രസ് കമ്മററിയോടുള്ള അഭ്യർത്ഥന'' എന്ന ശീർഷകത്തിൽ അച്ചടിപ്പിച്ച തയ്യാറാക്കിയിരുന്ന ഒരു ലഘുലേഖ, മാധവൻ കോൺഗ്രസ് പ്രസിഡണ്ടിനു നൽകുകയും അതിൻെറ പ്രതികഠം സമ്മേളനത്തിൽ വിതരണം ചെയ്യുകയുമുണ്ടായി. ഇതു് സമ്മേളനത്തിൽ സംബന്ധിച്ചവരെയെല്ലാം ചിന്തിപ്പിക്കാൻ പോന്ന ഒരു വിഷയമായിത്തീർന്നു. അതിൻെറ ഫലമായി, അയിത്തോച്ചാടനപ്രവർത്തനം ശക്തിപ്പെടുത്തുവാനും അതിനാവശ്യമായ നിർദേശങ്ങഠം സംസ്ഥാനക്കമ്മററികഠംക്കു നൽകുവാനും അന്നത്തെ സമ്മേളനം തീരുമാനിച്ചു. ടി. കെ. മാധവൻ അതെത്തുടർന്നു് കോൺഗ്രസ്സിൽ ചേർന്നു പ്രവർത്തിക്കാനാരംഭിക്കുകയുംചെയ്തു.

അഖിലേന്ത്യാ കോൺഗ്രസ്സിൻെറ ഈ തീരുമാനത്തെ ആദരിച്ച്, കേരള സംസ്ഥാന കോൺഗ്രസ് കമ്മററി അയിത്തോച്ചാടനക്കാര്യത്തിനു് രണ്ടു കമ്മററികഠം രൂപീകരിച്ചു. ആദ്യത്തേതിൽ ടി. കെ. മാധവൻ, കെ. കേളപ്പൻ, വിച്ചൂർ ശങ്കരൻനമ്പൂതിരിപ്പാട്, ടി. ആർ. കൃഷ്ണസ്വാമിഅയ്യർ, കണ്ണന്തോടത്തു വേലായുധമേനോൻ ഇവരായിരുന്നു അംഗങ്ങഠം. അയിത്തത്തിനെതിരെ പ്രചരണം നടത്തി, അയിത്തോച്ചാടനത്തിനു് അനുകൂലമായ ജനാഭിപ്രായം രൂപീകരിക്കാനുള്ളതായിരുന്നു രണ്ടാമത്തെ കമ്മററി. രണ്ടു കമ്മററികളുടെയും കൺവീനറായിരുന്നു കേളപ്പൻ. കോൺഗ്രസ് ഡെപ്യൂട്ടേഷൻ കമ്മററി എന്നറിയപ്പെട്ടിരുന്ന രണ്ടാമത്തെ കമ്മററി, സംസ്ഥാന കോൺഗ്രസ് സെക്രട്ടറി കെ. പി. കേശവമേനോൻ, ബാരിസ്റ്റർ എ. കെ. പിള്ള, കെ, കേളപ്പൻ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടു് ഇവരുഠംപ്പെട്ടതായിരുന്നു. ഈ കമ്മററി അന്നത്തെ തിരുവിതാംകൂർ സംസ്ഥാനത്തു പര്യടനം നടത്തുന്നതിനിടയിൽ വൈക്കത്തു് എത്തിച്ചേർന്നു. മണ്ഡപത്തിൽ

നാരായണൻനായർ, മണ്ഡപത്തിൽ ശങ്കരൻനായർ, മണ്ഡപത്തിൽ രാമൻനായർ എന്ന മൂന്നു ഉല്പതിഷ്ണുക്കളായ യുവാക്കരം അവിടെ സംഘടിപ്പിച്ചിരുന്ന പുലയരുടെ ഒരു മഹായോഗത്തിൽ പ്രസംഗിച്ചശേഷം, ആ യോഗത്തിൽ സംബന്ധിച്ചവരുംപ്പെടെ ഒരു ജാഥയായിട്ടാണു ഡെപ്യൂട്ടേഷൻ കമ്മററി, വൈക്കം ടൗണിൽ അവർക്കുവേണ്ടി അന്നു സംഘടിപ്പിച്ചിരുന്ന യോഗത്തിൽ എത്തിച്ചേർന്നതു്. യോഗത്തിൽ മുഖ്യ പ്രാസംഗികനായിരുന്ന കെ. പി. കേശവമേനോൻ കോൺഗ്രസ്സിൻെറ അയിത്തോച്ചാടനപരിപാടിയെപ്പററി സംസാരിച്ചശേഷം, ആനുഷംഗികമായി ഒരു കാര്യം അവിടെ കൂടിയിരുന്നവരുടെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായി. വൈക്കം ക്ഷേത്രത്തിനു പുറത്തുള്ള പൊതുവഴികളിൽക്കൂടി സവർണ്ണ ഹിന്ദുക്കരംക്കു പുറമെ, അന്യമതസ്ഥർക്കുപോലും സഞ്ചരിക്കാൻ സ്വാതന്ത്ര്യമുള്ളപ്പോരം, ഹിന്ദുക്കളിലെ അവർണ്ണവിഭാഗത്തിനു് ആ സ്വാതന്ത്ര്യം നിഷേധിച്ചിരിക്കുന്ന പ്രകടമായ നീതികേടിനെയാണു് അദ്ദേഹം ചൂണ്ടിക്കാണിച്ചതു്. ''ഈ അനീതി നീക്കംചെയ്യാനുള്ള ബാദ്ധ്യത നമുക്കില്ലേ?'' അദ്ദേഹം ചോദിച്ചു. സദസ്യർ കരഘോഷത്തോടെ ഈ പ്രസ്താവനയെ സ്വാഗതംചെയ്തുകണ്ടപ്പോരം അദ്ദേഹം തുടന്നു ചോദിച്ചു: ''അയിത്തജാതിക്കാരോടൊന്നിച്ചു് ക്ഷേത്രറോഡിൽക്കൂടി ഒരു ഘോഷയാത്ര പോകുന്നതായാൽ ഇവിടെക്കൂടിയിരിക്കുന്നവരിൽ എത്രയാളുകരം അതിൽ പങ്കെടുക്കും?''

''എല്ലാവരും, എല്ലാവരും'' എന്നു ശ്രോതാക്കരം ഒരേ സ്വരത്തിൽ ആർത്തുവിളിച്ചു.

''എന്നാൽ, നാളെ നമുക്കു് ആ ഘോഷയാത്ര നടത്താം'' എന്നായി കേശവമേനോൻ.

നല്ല പ്രതികരണമുണ്ടായെങ്കിലും അല്പമാലോചിച്ചശേഷം ആ പരിപാടി ഒരു മാസത്തേക്കു നീട്ടിവയ്ക്കുകയാണുണ്ടായതു്. ഒരു മാസം കഴിഞ്ഞു് (1924 മാർച്ച് 30-നു്) ആരംഭിച്ച ആ പരിപാടിയാണു് സുപ്രസിദ്ധമായ വൈക്കം സത്യഗ്രഹമായി രൂപപ്പെട്ട മഹാസമരം.

നീതി നേടുന്നതിനുവേണ്ടിയുള്ള സഹനസമരമാണു് സത്യഗ്രഹം. അടിയുറച്ച ധാർമികബോധമാണു് സത്യഗ്രഹത്തിൻെറ കാതൽ. സത്യഗ്രഹഭടന്മാർ ആത്മശുദ്ധിയുള്ളവരും അഹിംസാത്മകമാർഗങ്ങളിലൂടെ ലക്ഷ്യം നേടുന്നതിനുവേണ്ടി

പരിശ്രമിക്കുന്നവരുമാണ്. തികച്ചും ശരിയെന്നു തങ്ങൾക്കു ബോദ്ധ്യമുള്ള കാര്യങ്ങൾ എതിർപക്ഷത്തെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിനുവേണ്ടി, ഉപവാസം, പ്രാർത്ഥന, ധ്യാനം മുതലായവയെ അവലംബിക്കുകയാണ് സത്യഗ്രഹികൾ ചെയ്യുന്നത്. ഗാന്ധിജി പ്രചരിപ്പിച്ച ഈ സമരമുറ, ആദർശധീരരായ യുവജനങ്ങളുടെ ആവേശമായി മാറി. നീതിക്കുവേണ്ടി സത്യഗ്രഹസമരം നടത്തുവാൻ സന്നദ്ധഭടന്മാർ മുന്നോട്ടു വന്നു. നേതാക്കന്മാർ അവർക്കു് ശിക്ഷണവും മാർഗനിർദേശവും നൽകി.

മാർച്ച് 30 ആയപ്പോഴേക്ക് കേരളത്തിന്റെ നാനാഭാഗത്തുനിന്നും വാളണ്ടിയർമാരായും അനുഭാവികളായും കാഴ്ചക്കാരായും അനേകമാളുകൾ വൈക്കത്തെത്തി, ഒരു മുൻകരുതൽ എന്ന നിലയിൽ ഗവണ്മെന്റും ചില പ്രതിരോധനടപടികളെടുത്തിരുന്നു. വൈക്കം ക്ഷേത്രമതിലിനു ചുററുമുള്ള റോഡുകളിൽക്കൂടി ''കീഴ്ജാതിക്കാരായ ഈഴവർ, പുലയർ മുതലായവർ'' പോവുകയോ, ആരെങ്കിലും അവരെ അതിനു പ്രേരിപ്പിക്കുകയോ ചെയ്യുന്ന പക്ഷം, അവരുടെ പേരിൽ നടപടിയെടുക്കുമെന്ന് ഡിസ്ട്രിക്ററ് മജിസ്ട്രേട്ട് ഉത്തരവു പുറപ്പെടുവിച്ചു. ഈ റോഡുകളിലേക്ക് പ്രവേശിക്കുന്ന സ്ഥലത്ത് ദേവസ്വം അധികാരികൾ മുളവേലികൾ കെട്ടിയുറപ്പിക്കുകയും ''അയിത്തജാതിക്കാർക്ക് ഇതിനപ്പുറം പോകാൻ പാടില്ല'' എന്നെഴുതിയ ബോർഡുകൾ സ്ഥാപിക്കുകയുംചെയ്തു ഇതിനു പുറമെ, കെ. പി. കേശവമേനോൻ, ടി. കെ. മാധവൻ, കെ കേളപ്പൻ, കണ്ണന്തോടത്തു വേലായുധമേനോൻ എന്നീ നേതാക്കളുടെ പേരിൽ ഡിസ്ട്രിക്ററ് മജിസ്ട്രേട്ടിന്റെ നിരോധനാജ്ഞയും വന്നു. എങ്കിലും ആദ്യ ദിവസംതന്നെ നിരോധിക്കപ്പെട്ട റോഡുകളിൽ പ്രവേശിച്ച് നിയമം ലംഘിക്കാൻ മൂന്നു സത്യഗ്രഹികൾ—ഗോവിന്ദപ്പണിക്കർ, ബാഹുലേയൻ, കുഞ്ഞാപ്പിഎന്നിവർ—തയ്യാറായി. അവരെ നയിച്ചുകൊണ്ട്, കേശവമേനോന്റെ നേതൃത്വത്തിൽ ഒരു ഘോഷയാത്ര സത്യഗ്രഹാപ്പീസിൽനിന്നു പുറപ്പെട്ട് പടിഞ്ഞാറെ നടയിലെ നിരോധിതസ്ഥാനത്തെത്തി. സത്യഗ്രഹത്തിനു വിജയമാശംസിച്ചുകൊണ്ട് ഗാന്ധിജി അയച്ച ഒരു കത്ത് കേശവമേനോൻ വായിച്ചു. സത്യഗ്രഹികൾ മുളവേലിക്കു സമീപമുള്ള വാതില്ക്കൽ എത്തിയപ്പോൾ അവരെ പോലീസ് അറസ്റ്റ്

ചെയ്തു. അവർക്കു് ആറു മാസത്തെ ജയിൽശിക്ഷയാണു് കോടതി നല്കിയതു്.

ഇങ്ങനെ തുടങ്ങിയ സത്യഗ്രഹപരിപാടി ഇരുപതു മാസക്കാലം മുടങ്ങാതെ തുടന്നു.1925 നവംബർ 23–ാം തീയതിയാണു് അതവസാനിച്ചതു്. വൈക്കം ക്ഷേത്രത്തിനു ചുററുമുള്ള എല്ലാ പൊതുവഴികളിലും എല്ലാവർക്കും സഞ്ചാരസ്വാതന്ത്ര്യം അനുവദിച്ചതിനെ തുടർന്നാണു് അതവസാനിച്ചതു്. ഇരുപതു മാസക്കാലത്തിനുള്ളിൽ കേരളത്തിനകത്തും പുറത്തുമുള്ള അനേകം ധീരദേശാഭിമാനികൾ സത്യഗ്രഹത്തിൽ പങ്കെടുത്തു് അറസ്റ്റു് വരിച്ചു് ജയിലിൽ പോയി. സത്യഗ്രഹം ക്ഷേത്രത്തിൻെറ നാലു നടകളിലും നടന്നു. അറസ്റ്റു വരിച്ചു് ജയിലിൽ പോയവരിൽ കേശവമേനോൻ, കേളപ്പൻ, ബാരിസ്റ്റർ എ. കെ. പിള്ള, ജോർജു് ജോസഫു്, കെ. ജി. ഗോപാലകൃഷ്ണൻ, കെ. കുമാർ, ചിറേറടത്തു ശങ്കുപ്പിള്ള, കുരുവിള മാത്യ, ടി. ആർ. കൃഷ്ണസ്വാമി അയ്യർ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടു് ഇവരെല്ലാമുൾപ്പെടുന്നു. തമിഴ്നാടു് കോൺഗ്രസ്സ് കമ്മററി പ്രസിഡണ്ടും ഈറോഡു് മുൻസിപ്പൽ ചെയർമാനുമായിരുന്ന ഇ. വി. രാമസ്വാമിനായ്ക്കർ ഒരു സംഘം വാളണ്ടിയർമാരോടുകൂടി വൈക്കത്തെത്തി അറസ്റ്റു വരിച്ചു് ജയിലിൽ പോയി. നായ്ക്കരെ കഠിനതടവിനാണു ശിക്ഷിച്ചതു്. തുടർന്നു് അറസ്റ്റുവരിക്കാനും ജയിലിൽ പോകാനും എത്തുന്നവരുടെ എണ്ണം അധികമായപ്പോൾ പോലീസു് അടവു മാററി. സത്യഗ്രഹികളെ വഴിയിൽ തടയാൻ തീരുമാനിച്ചു. ടി. വി. ചാത്തുക്കുട്ടിനായരെയും രണ്ടു സത്യഗ്രഹികളെയും തടഞ്ഞുവച്ചു. ചാത്തുക്കുട്ടിനായർ തടഞ്ഞുവച്ച സ്ഥലത്തു് പൊരിവെയിലത്തിരുന്നു നിരാഹാരസത്യഗ്രഹമാരംഭിച്ചു. ഒടുവിൽ ഗാന്ധിജിയുടെ നിർദേശപ്രകാരമാണു് അതു് അവസാനിപ്പിച്ചതു്.

വൈക്കം സത്യഗ്രഹത്തിൻെറ ചരിത്രത്തിലെ സുപ്രധാനമായ ചില സംഭവങ്ങൾകൂടി ഇവിടെ ചുരുക്കി പ്രതിപാദിച്ചുകൊള്ളട്ടെ. സത്യഗ്രഹം തുടങ്ങി ഏതാനും മാസങ്ങൾക്കകം അതു് ഒരു അഖിലേന്ത്യാപ്രശ്നമായി വളർന്നു. സി. രാജഗോപാലാചാരി, ദീനബന്ധു സി. എഫ്. ആൻഡ്രൂസ്, ആചാര്യ വിനോബാഭാവേ തുടങ്ങിയ പ്രശസ്തരായ നേതാക്കൾ വൈക്കത്തെത്തി. ദൂരദേശങ്ങളിൽനിന്നും സാമ്പത്തികസഹാ

യങ്ങരം വന്നുതുടങ്ങി. പഞ്ചാബിൽനിന്നു വന്ന അകാലികളുടെ ഒരു സംഘം സത്യഗ്രഹാശ്രമത്തിൽ ഒരു സൗജന്യ ഭക്ഷണശാലതന്നെ തുറന്നു. (ഇതു് ഗാന്ധിജിയുടെ നിർദേശ പ്രകാരം കുറച്ചു നാരം കഴിഞ്ഞു് നിർത്തുകയും അകാലികരം മടങ്ങിപ്പോവുകയുമാണുണ്ടായതു്).

1924 ആഗസ്റ്റിലെ വലിയ വെള്ളപ്പൊക്കത്തിൽ വൈക്കത്തെ റോഡുകരം മുങ്ങിക്കിടന്നു. എന്നിട്ടും സത്യഗ്രഹം മുടങ്ങിയില്ല. കോരിച്ചൊരിയുന്ന മഴയത്തു് കഴുത്തോളം വെള്ളത്തിൽ തണുപ്പുകൊണ്ടു വിറച്ചു നിന്ന സത്യഗ്രഹികളെ മുമ്പോട്ടു വിടാതിരിക്കാൻ പോലീസുകാർ വെള്ളത്തിനു മുകളിൽ തട്ടിട്ടു് നിലകൊണ്ടിരുന്നു. കുളയട്ടകരം സത്യഗ്രഹികളുടെ രക്തമൂററി ക്കുടിച്ചുകൊണ്ടിരുന്നു. ഈ അവസ്ഥയിലും തളരാതെ, സത്യഗ്രഹം തുടർന്ന അഹിംസായോദ്ധാക്കരം ജനങ്ങളുടെ മുഴുവൻ ആദരവും പ്രശംസയും നേടി.

യാഥാസ്ഥിതികരായ ഹിന്ദുക്കളുടെ നേതൃത്വത്തിൽ സത്യഗ്രഹികളുടെ നേർക്കു് പല പ്രാവശ്യം ഗുണ്ടകളുടെ കൈയേററം നടന്നു. സത്യഗ്രഹിയായ ഒരു ഇളയതിന്റെ കണ്ണിൽ ഒരു മുഷ്കനായ സവർണ്ണ ഹിന്ദു ചുണ്ണാമ്പു തേയ്ക്കുകയുണ്ടായി. ബലമായി പിടിച്ചുനിർത്തി ചെയ്ത ഈ ക്രൂരകർമ്മത്തിന്റെ ഫലമായി അദ്ദേഹത്തിന്റെ ഒരു കണ്ണു നഷ്ടപ്പെട്ടു.

വൈക്കം സത്യഗ്രഹത്തെ ആശംസകരംകൊണ്ടും സാമ്പത്തികസഹായംകൊണ്ടും അനുഗ്രഹിച്ച മഹാത്മാവാണു് ശ്രീനാരായണഗുരുസ്വാമികരം. സ്വാമികരം കാൽനടയായി വൈക്കത്തെത്തി സത്യഗ്രഹാശ്രമം സന്ദർശിച്ചതും വാളണ്ടിയർമാരെ ആശീർവദിച്ചതും സത്യഗ്രഹഫണ്ടിലേക്കു് അദ്ദേഹം സഞ്ചയിച്ച ആയിരം രൂപ സംഭാവനചെയ്തതും ശ്രദ്ധേയമായ സംഭവങ്ങളാണു്. നായർ സർവീസ് സൊസൈററിയുടെയും എസ്. എൻ. ഡി. പി. യോഗത്തിന്റെയും ഒരു സംയുക്ത യോഗം വൈക്കത്തു കൂടുകയും സത്യഗ്രഹത്തിനു പിന്തുണ പ്രഖ്യാപിക്കുകയുംചെയ്തതു് ഇവിടെ സ്മർത്തവ്യമാണു്.

മറെറാരു വലിയ സംഭവമായിരുന്നു, മന്നത്തു പത്മനാഭപിള്ളയുടെ നേതൃത്വത്തിൽ എൻ. എസ്. എസ്സിലെ പ്രമുഖ നേതാക്കളെല്ലാം പങ്കെടുത്ത സവർണ്ണ ഹിന്ദുജാഥ. വൈക്കത്തു നിന്നു കാൽനടയായി തിരുവനന്തപുരത്തെത്തിയ ഈ വമ്പിച്ച ജാഥ, ആയിരക്കണക്കിനാളുകളുടെ ശ്രദ്ധ പിടിച്ചുപററിയ

മഹാസംഭവമായിരുന്നു. ജാഥയ്ക്കു് തിരുവനന്തപുരത്തു സ്വീകരണം നൽകിയതു് ഒരു മനുഷ്യസമുദ്രംതന്നെയായിരുന്നു. ജാഥാ പ്രതിനിധികളുടെ ഒരു നിവേദകസംഘം, നാടു വാണിരുന്ന റീജൻറ് മഹാറാണിയെ കണ്ടു് 23,000 പേർ ഒപ്പിട്ട ഒരു മെമ്മോറാണ്ഡം സമർപ്പിച്ചതിൽ, എല്ലാ പൊതുനിരത്തുകളും പൊതുസ്ഥാപനങ്ങളും ജാതിമതഭേദമെന്യേ എല്ലാ പൗരന്മാർക്കും പ്രവേശനസ്വാതന്ത്ര്യമുള്ളതായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടിരുന്നു. നിവേദനത്തിലെ വിഷയംതന്നെ നിയമനിർമ്മാണസഭയുടെ പരിഗണനയ്ക്കു വന്നിട്ടുള്ളതിനാൽ സഭയുടെ തീരുമാനമറിഞ്ഞിട്ടു് ആലോചിക്കാമെന്നു് മഹാറാണി മറുപടി നൽകി. നിർഭാഗ്യവശാൽ, അടുത്തുതന്നെ കൂടിയ നിയമസഭ ഈ പ്രമേയം പരിഗണനയ്ക്കെടുത്തപ്പോഠം 21 പേർ അനുകൂലിച്ചും 22 പേർ എതിർത്തും വോട്ടുചെയ്കയാൽ പ്രമേയം തള്ളിപ്പോയി.

1925 മാർച്ചിൽ മഹാത്മാഗാന്ധി വൈക്കം സന്ദർശിച്ചു. സത്യഗ്രഹാശ്രമത്തിൽവച്ചു് സന്നദ്ധഭടന്മാർക്കു വേണ്ട ഉപദേശങ്ങഠം നൽകിയശേഷം, അദ്ദേഹം വർക്കലെ ചെന്നു് മഹാറാണി റീജൻറുമായി സംഭാഷണം നടത്തി. പോലീസ് കമ്മീഷണർ പിററുമായി ഗാന്ധിജി നടത്തിയ സംഭാഷണത്തിൻെറ ഫലമായി നിരോധനകല്പനകളെല്ലാം പിൻവലിക്കുകയും പോലീസ് പാറാവു വേണ്ടെന്നുവയ്ക്കുകയും മുള്ളുവേലികഠം നീക്കംചെയ്യുകയും ഉണ്ടായി. സത്യഗ്രഹികഠം സ്വസ്ഥാനങ്ങളിൽനിന്നു മുന്നോട്ടു കയറാതെ അതേ നിലയിൽ സത്യഗ്രഹം തുടരുമെന്നു് ഗാന്ധിജി അധികാരികഠംക്കു് ഉറപ്പു നൽകി.

വൈക്കം സത്യഗ്രഹത്തിനു തുടക്കംകുറിച്ചതും അതാരംഭിക്കാൻ നേതൃത്വം നൽകിയതും കേരള കോൺഗ്രസ് സെക്രട്ടറിയെന്ന നിലയിൽ കെ. പി. കേശവമേനോനായിരുന്നു. അതിൻെറ പ്രേരകശക്തിയായ ടി. കെ. മാധവൻ ആദ്യന്തം ഒരു തീജ്ജ്വാലയെന്നപോലെ സത്യഗ്രഹത്തിനു് ചൂടും ചൈതന്യവും പകർന്നു. എന്നാൽ, അതിൻെറ അണിയറശില്പികളിൽ പ്രമുഖൻ കേളപ്പനായിരുന്നു. അയിത്തോച്ചാടനകമ്മററിയുടെ കാര്യദർശി, സത്യഗ്രഹക്കമ്മെററിയുടെ ഖജാൻജി, സത്യഗ്രഹാശ്രമം കാര്യദർശി എന്നിങ്ങനെ പല ചുമതലകളും അദ്ദേഹം വഹിച്ചിരുന്നു. അക്രമരാഹിത്യത്തിൻെറ അഗ്നിപരീ

ക്ഷകാം ഒന്നിനു പുറകേ ഒന്നായി വന്നു നിരന്ന ആ കാലഘട്ടത്തിൽ, തളരാതെയും പതറാതെയും സത്യഗ്രഹപ്രസ്ഥാനത്തെ നയിക്കുന്നതിൽ കേളപ്പൻ പ്രദർശിപ്പിച്ച കഴിവ്, അതിനെ വിജയത്തിലെത്തിക്കാൻ ആദ്യന്തം സഹായിച്ചു. നീണ്ട ഇരുപതു മാസത്തിനിടയിൽ, സത്യഗ്രഹിയെന്ന നിലയിൽ നാലു മാസത്തെ ജയിൽശിക്ഷയും അദ്ദേഹത്തിന് അനുഭവിക്കേണ്ടിവന്നു. ആദർശനിഷ്ഠരായ യുവാക്കളെ കണ്ടെത്താനും, അവരെ പരിശീലിപ്പിച്ച് ഓരോ ദിവസവും സമരരംഗത്തേക്കയക്കാനും കേളപ്പനുണ്ടായിരുന്ന കഴിവാണ് വൈക്കം സത്യഗ്രഹത്തെ ഒരിക്കലും തളരാത്ത ഒരു ധർമ്മയുദ്ധമായി മുമ്പോട്ടു കൊണ്ടുപോയത്. സംഭവങ്ങൾ സത്യനിഷ്ഠവും ലളിതവുമായ ഭാഷയിൽ വിശദീകരിച്ചുകൊണ്ട്, ഓരോ ഘട്ടത്തിലും കേളപ്പൻ പുറപ്പെടുവിച്ചിരുന്ന പ്രസ്താവനകൾ പൊതുജനങ്ങളെ സത്യഗ്രഹകാര്യങ്ങളോട് കൂടുതൽ അടുപ്പിക്കുവാനും സർക്കാരിന്റെ നിലപാട് എത്ര അർത്ഥശൂന്യമാണെന്നു ബോധ്യപ്പെടുത്തുവാനും സഹായിച്ചിരുന്നു. ചുരുക്കത്തിൽ വൈക്കം സത്യഗ്രഹത്തിൽ, കേളപ്പൻ ആദ്യന്തം നിറഞ്ഞുനിന്നിരുന്ന വ്യക്തിത്വത്തിന്റെ ഉടമയാണ്.

7. ഹരിജനോദ്ധാരണം—ഉപ്പുസത്യഗ്രഹം

ഹരിജനോദ്ധാരണം

അയിത്തജാതിക്കാർക്ക് വൈക്കം ക്ഷേത്ര മതിലിനു പുറത്തുള്ള വഴികളിൽക്കൂടി നടക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി ഉണ്ടായ വൈക്കം സത്യഗ്രഹത്തിനു നേതൃത്വം നൽകിയ കേളപ്പന്,സ്വന്തനാടായ മലബാറിലെ അയിത്തജാതിക്കാരുടെ ദുരവസ്ഥയോർക്കുമ്പോൾ അതു് കൂടുതൽ വേദനാജനകമായി തോന്നിയിരുന്നു. ക്ഷേത്രമതിലിനു ചുററുമുള്ള വഴികളിലല്ല, മനുഷ്യർ സഞ്ചരിക്കുന്ന വഴികളിലൊന്നും നടക്കാൻ സ്വാതന്ത്ര്യമില്ലാത്തവരായിരുന്നു അന്ന് മലബാറിലെ ''താഴ്ന്ന ജാതിക്കാർ''. ചെററച്ചാളകളിൽ മൃഗങ്ങളെപ്പോലെ കഴിഞ്ഞുകൂടിയിരുന്ന ഇവർക്ക്, വിദ്യാഭ്യാസമോ പരിഷ്കൃതമായ ജീവിതമോ കേവലം അജ്ഞാതമായിരുന്നു. സ്വന്തം നാട്ടിലെ

പതിതവർഗക്കാരായ സഹോദരങ്ങളുടെ ഈ ശോചനീയാവസ്ഥയിൽ കേളപ്പൻ അതീവ ദുഃഖിതനായിരുന്നു. അഥവാ, ഈ മർദ്ദിതവർഗത്തിനുവേണ്ടി നൊമ്പരപ്പെട്ടിടത്തോളം ആ ഹൃദയം മററാർക്കു വേണ്ടിയും നൊമ്പരപ്പെട്ടിട്ടില്ല. ഒരിക്കൽ ഇതേ സംബന്ധിച്ചു ചെയ്ത പ്രസ്താവനയിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: ''എൻെറ ജീവിതം പുലയർ മുതലായ നിസ്സഹായന്മാരുടെ ഉന്നമനത്തിനു വേണ്ടിത്തന്നെ ഞാൻ സമർപ്പിക്കുന്നു. എൻെറ ഇഷ്ടവും മഹാത്മജിയുടെ നിർദേശവും അതാണു്.''

ഗോപാലപുരം

അധഃകൃതരായ സാധുജനങ്ങളോടു് മററുള്ളവർ കാണിച്ചുപോന്ന അനീതിക്കും അക്രമത്തിനുമെതിരേ, ഏതവസ്ഥയിലും ശീഘ്രമായും ശക്തിയായും പ്രതികരിക്കുന്നതിൽ കേളപ്പൻ സദാ ജാഗരൂകനായിരുന്നു. ദൃഷ്ടാന്തങ്ങൾ അനവധിയാണു്. എന്നാൽ, ആ പതിതവർഗത്തിൻെറ സമുദ്ധരണത്തിനുള്ള സ്ഥായിയായ പ്രവർത്തനം, അവർക്കുവേണ്ടി വിദ്യാലയങ്ങൾ തുടങ്ങുകയും അവർക്കു് മാതൃകാപരമായ ജീവിതം പരിശീലിപ്പിക്കാനുള്ള സ്ഥാപനങ്ങൾ ആരംഭിക്കുകയുമാണെന്നു് താമസിയാതെ അദ്ദേഹത്തിനു ബോദ്ധ്യമായി. വൈക്കം സത്യഗ്രഹം കഴിഞ്ഞു് ഏതാനും മാസങ്ങൾക്കുശേഷം, കൊയിലാണ്ടി റെയിൽവേസ്റ്റേഷനിൽനിന്നു് രണ്ടര നാഴിക വടക്കു്, തീവണ്ടിപ്പാതയ്ക്കു സമീപമുള്ള പവൂർ കുന്നിന്മേൽ കേളപ്പനും സഹോദരൻ ചെറിയോമനനായരുംകൂടി, ഒരു പഞ്ചമ സ്കൂൾ ആരംഭിക്കാനിടയായതു് ഇക്കാരണത്താലാണു്. മലബാറിലെ വിദ്യാലയങ്ങളിൽ പലതും അന്നു് ഹരിജനവിദ്യാർത്ഥികളോടു കാണിച്ചുപോന്ന കുററകരമായ അവഗണനയ്ക്കുള്ള ഒരു വെല്ലുവിളിയായിരുന്നു അതു്. വിദ്യാലയം ഉദ്ഘാടനംചെയ്യാനെത്തിയ മഹാകവി വള്ളത്തോളിനെ സ്വാഗതംചെയ്തുകൊണ്ടു് കേളപ്പൻ പറഞ്ഞ ഈ വാക്കുകൾ അർത്ഥഗർഭമായിരുന്നു: ''ഈ സ്കൂളിലെ അദ്ധ്യാപകന്മാർ ഈ കുട്ടികളെ ഏകോദരസഹോദരന്മാരെപ്പോലെ സ്നേഹിക്കുന്നവരായിരിക്കും. ഒന്നാമതായി, അവരെ കുളിച്ചു ദേഹശുദ്ധി വരുത്തുവാനും മുണ്ടു് അലക്കുവാനും പഠിപ്പിക്കും. അക്ഷരാഭ്യാസത്തെക്കാൾ തൊഴിലിനു പ്രാധാന്യം കൊടുക്കുന്നതായിരിക്കും ഈ വിദ്യാ

ലയം. ഈ സ്കൂളിൽനിന്നും വിട്ടുപോകുന്ന ഒരു കുട്ടി, സ്വന്തം പ്രയത്നംകൊണ്ടു് തന്നെയും തന്റെ കുടുംബത്തെയും പുലർത്താൻ പ്രാപ്തനായിത്തീരണം. അന്യരുടെ മുതൽ അപഹരിക്കുന്നതിലും നല്ലതു് മരണമാണെന്നു് അവൻ പഠിച്ചിട്ടുണ്ടായിരിക്കും. ഇതിനെല്ലാമുപരിയായി, താനൊരു മനുഷ്യനാണെന്നും മനുഷ്യജീവിതത്തിനൊഴിച്ചുകൂടാത്ത എല്ലാ സ്വാതന്ത്ര്യങ്ങളും തനിക്കും തന്റെ സമുദായത്തിനും ജന്മസിദ്ധമാണെന്നും അവൻ ഉറപ്പിച്ചു വിശ്വസിക്കും. വളരെക്കാലമായി അടിമത്തത്തിൽ കിടക്കുക നിമിത്തം, മൃഗപ്രായന്മാരായി ജീവിക്കുന്ന നമ്മുടെ എളിയ സഹോദരന്മാരെ ഉയർത്തുവാനുള്ള ഒന്നായിട്ടാണു് ഞങ്ങൾ ഈ സ്ഥാപനത്തെ കരുതുന്നതു്.''

പവൂർ പഞ്ചമവിദ്യാലയത്തിനു വേണ്ടി ശേഖരിക്കാൻ കഴിഞ്ഞ സംഭാവനയും ഒന്നുരണ്ടു ജന്മിമാരിൽനിന്നു സമ്പാദിച്ച ഉദ്ദേശം 15 ഏക്കർ സ്ഥലവും കെട്ടിടവുമെല്ലാം 'ദേവധർ മലബാർ റീ കൺസ്ട്രക്ഷൻ ട്രസ്റ്റിനു്'കേളപ്പൻ വിട്ടുകൊടുത്തു. മഹാനായ ഗോപാലകൃഷ്ണഗോഖലെ സ്ഥാപിച്ച ഭാരത സേവാസംഘത്തിന്റെ വൈസ് പ്രസിഡണ്ടായ ദേവധറുടെയും മററും നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഈ ട്രസ്റ്റിന്റെ ചുമതലയിൽ സ്ഥാപനം പ്രവർത്തിക്കുന്നതാണു് ഭദ്രതരമെന്നു് കേളപ്പനു തോന്നി. ഗോപാലകൃഷ്ണഗോഖലെയെ അനുസ്മരിച്ചു് പവൂർ കുന്നിനു ഗോപാലപുരം എന്ന പേരും നൽകപ്പെട്ടു. ദേവധർ ട്രസ്റ്റിന്റെ സെക്രട്ടറിയും ഭാരതസേവാസംഘത്തിന്റെ ആയുഷ്കാലാംഗവുമായിരുന്ന വി. ആർ. നായനാരായിരുന്നു ഗോപാലപുരത്തെ സ്ഥാപനം ഏറെറടുത്തു നടത്തിയതു്. കേളപ്പന്റെ ആത്മമിത്രവും ഉററ സഹപ്രവർത്തകനും സമുന്നതനായ സാമൂഹ്യപ്രവർത്തകനുമായിരുന്ന നായനാർ, അദ്ദേഹത്തിന്റെ ആശയങ്ങൾക്കും ആദർശങ്ങൾക്കുമൊത്ത വിധത്തിൽ അതിനെ വളർത്തിക്കൊണ്ടുവന്നു.

പാക്കനാർപുരം

1927 ഒക്ടോബറിൽ ഗാന്ധിജി കോഴിക്കോടു സന്ദർശിച്ച വേളയിൽ, ഹരിജനോദ്ധാരണത്തിനായി ഒരു ഫണ്ടു് ഏർപ്പെടുത്തുകയും ഹരിജനപ്രവർത്തനങ്ങൾക്കു് ഒരു കമ്മററി രൂപീകരിക്കണമെന്നാവശ്യപ്പെടുകയുമുണ്ടായി. ഇതനുസരിച്ചു് കെ. മാധവൻനായർ, മഞ്ചേരി രാമയ്യർ, സി. കൃഷ്ണൻ,

യു. ഗോപാലമേനോൻ, ടി. ആർ.കൃഷ്ണസ്വാമിഅയ്യർ, ശ്യാംജി സുന്ദർദാസ്, വല്ലഭദാസ് പുരുഷോത്തം,കെ. കേളപ്പൻ എന്നിവരടങ്ങിയ ഒരു കമ്മററി രൂപീകരിക്കപ്പെട്ടു. കമ്മററിയുടെ കാര്യദർശിയായിരുന്നു കേളപ്പൻ. 'ആദികേരളോദ്ധാരണ സംഘ'മെന്ന പേരിൽ അധഃകൃതോന്നമനത്തെ ലക്ഷ്യമാക്കിക്കൊണ്ടു തുടങ്ങിയ ഈ സംരംഭം കേളപ്പനെ ഹരിജനസേവാരംഗത്തു കുറെക്കൂടി ആമഗ്നനാക്കാൻ വഴിയൊരുക്കുകയാണു ചെയ്തതു്.

'ആദികേരളോദ്ധാരണ സംഘ'ത്തിന്റെ പ്രവർത്തനമാരംഭിച്ചു് ഏതാനും മാസങ്ങൾക്കകം പയ്യോളിക്കു സമീപമുള്ള 'നല്ലമ്പ്രക്കുന്നി'ൽ സ്വന്തം ആദർശങ്ങൾക്കും അഭിലാഷങ്ങൾക്കും കുറെക്കൂടി വ്യക്തമായ രൂപം നൽകിക്കൊണ്ടു് 'ശ്രദ്ധാനന്ദ വിദ്യാലയ'മെന്ന പേരിൽ അദ്ദേഹം ഒരു സ്ഥാപനം തുടങ്ങി. 'നല്ലമ്പ്രക്കുന്നു്' എന്ന പേരു മാററി ആ സ്ഥലത്തിനു 'പാക്കനാർപുര'മെന്നു് നാമകരണംചെയ്തു. ശ്രദ്ധാനന്ദ വിദ്യാലയം കേളപ്പന്റെ ഹരിജനവിദ്യാഭ്യാസപരിപാടിയിലെ ശ്രദ്ധേയമായ ഒരു ചുവടുവയ്പായിരുന്നു. അദ്ദേഹത്തിന്റെ ചിരകാലസങ്കല്പങ്ങളുടെ ബീജാവാപം ഗോപാലപുരത്തു നടന്നെങ്കിൽ അവ പൂവണിഞ്ഞതും ഫലമായി പരിണമിച്ചതും പാക്കനാർപുരത്തായിരുന്നു. കേളപ്പന്റെ ഈ സ്വതന്ത്രവിദ്യാഭ്യാസപരീക്ഷണത്തിന്റെ ഒരു നല്ല ചിത്രം, ശ്രദ്ധാനന്ദ വിദ്യാലയത്തിലെ ആദ്യവിദ്യാർത്ഥികളിൽ ഒരാളായിരുന്ന എ. കെ. മുകുന്ദൻ ഇങ്ങനെ അവതരിപ്പിച്ചിരിക്കുന്നു: ''ഹരിജനവിദ്യാർത്ഥികൾക്കു മാത്രമായി സ്കൂൾ ആരംഭിച്ചുവെങ്കിലും വിദ്യാർത്ഥികൾക്കു് ഉച്ചക്കഞ്ഞിയും പുഴുക്കും കിട്ടുമെന്നറിഞ്ഞപ്പോൾ ഹരിജനേതര വിദ്യാർത്ഥിനീവിദ്യാർത്ഥികളും വന്നു പഠിക്കാൻ തുടങ്ങി. പഠിപ്പിനെക്കാളും പ്രധാനം ഭക്ഷണമാണെന്നു് കേളപ്പൻ മനസ്സിലാക്കിയിരുന്നു. അതിനാൽ, ക്രമേണ ജാതി നശിപ്പിക്കുകയെന്ന അദ്ദേഹത്തിന്റെ ആഗ്രഹം സഫലമായി. കഞ്ഞിയും പുഴുക്കും പാകംചെയ്തിരുന്നതു് ഹരിജനും നായരും കൂടിയായിരുന്നു. അതു കാരണം പലർക്കും മധുരിച്ചിട്ടു തുപ്പാനും കയ്ച്ചിട്ടിറക്കാനും വയ്യാത്ത മട്ടായിരുന്നു....ശ്രദ്ധാനന്ദവിദ്യാലയം അംഗീകാരമില്ലാത്തതായിരുന്നു. പഠിത്തമാണെങ്കിൽ അതിലും രസകരം!....കരിക്കുലത്തിൽ പ്രാധാന്യം കൈത്തൊഴിലിനായിരുന്നു. കപ്പ (മരച്ചീനി),

മാവ്, പ്ലാവ്, തെങ്ങിൻതൈ മുതലായവ നട്ടുപിടിപ്പിക്കൽ, കിളയ്ക്കൽ, തോട്ടം വച്ചുപിടിപ്പിക്കൽ, ചർക്കയിലും തക്ലിയിലും നൂൽനൂൽക്കൽ, പരുത്തിയിൽനിന്നു കുരു കളയുക, തിരിയുണ്ടാക്കുക മുതലായവ....

''പാക്കനാർപുരം ആശ്രമജീവിതം ഞങ്ങൾക്കു പുത്തരിയായിരുന്നു. പുലർകാലം നാലു മണിക്കു എഴുന്നേൽക്കണം. കാലും മുഖവും കഴുകി പ്രാർത്ഥന കഴിക്കണം. പ്രാർത്ഥന ദൈവികവും സാമൂഹ്യവുമായിരുന്നു. അടുക്കളജോലി, ശുചീകരണം, നനയ്ക്കൽ, വെള്ളം കൊണ്ടുവരൽ മുതലായ ജോലികൾക്കു ഓരോ ബാച്ചുകളായി പ്രവർത്തിക്കണം. വെള്ളത്തിന്റെ പ്രശ്നം ഏററം വിഷമംപിടിച്ചതായിരുന്നു. പലരുടെയും വീട്ടിനരികിൽനിന്നു അവർ കോരിത്തരുന്ന വെള്ളം വരിവരിയായിനിന്നു ആശ്രമത്തിലെത്തിക്കണം....

''ആശ്രമത്തിലെ ജീവിതം ഞങ്ങൾക്കു പുനർജന്മം തന്നു. രാമായണം, ഭാരതം, ഭാഗവതം മുതലായവ വായിക്കാനും ചിട്ടപ്രകാരം പൂജാർച്ചനകൾ ചെയ്യാനും രാത്രിയിൽ നിർഭയമായി ആശ്രമത്തിനു ചുററും നടക്കാനും ഞങ്ങളെ പഠിപ്പിച്ചു. നിത്യവും സന്ധ്യാവന്ദനം കഴിഞ്ഞാൽ കേളപ്പജിയുടെ സാരോപദേശം ഉണ്ടാകും. അതു ഏതാണ്ടു പത്തുപതിനഞ്ചു മിനിട്ടു നീണ്ടുനില്ക്കും. ആ ഉപദേശങ്ങളുടെ വില ഇന്നു ഞങ്ങൾ അറിയുകയാണു.''

ശ്രദ്ധാനന്ദ വിദ്യാലയത്തിലെ കുട്ടികളോടൊന്നിച്ചു പാർത്തും കായികാദ്ധ്യാനമുൾപ്പെടെയുള്ള എല്ലാ പരിപാടികളിലും പങ്കെടുത്തുമാണു കേളപ്പൻ തന്റെ മഹത്തായ ഹരിജനസേവാകർമ്മം നിർവഹിച്ചുപോന്നതു. ആ കുട്ടികളോടൊപ്പംതന്നെ അദ്ദേഹം ജീവിക്കയും പ്രവർത്തിക്കയുംചെയ്തു അവരോടുള്ള അത്യഗാധമായ വാത്സല്യംകൊണ്ടും സാമൂഹ്യമായി അവരുടെ സമുദായം അനുഭവിച്ചുപോന്ന അവശതയോടുള്ള അടങ്ങാത്ത ദുഃഖംകൊണ്ടുമായിരുന്നു.

അയിത്തധ്വംസനത്തിലും ഹരിജനസേവയിലും ജീവിതമർപ്പിച്ചു പ്രവർത്തിച്ചിരുന്ന സ്വാമി ആനന്ദതീർത്ഥൻ ഒരിക്കൽ ശ്രദ്ധാനന്ദ വിദ്യാലയം സന്ദർശിച്ചശേഷം, അവിടത്തെ ഒരു പുലയവിദ്യാർത്ഥിയായ കേശവനെയുംകൂട്ടി കീഴൂരിലെ ചാലിയത്തെരുവിൽ നെയ്ത്തു കാണാൻ പോവുകയുണ്ടായി. ചാലിയർ സ്വാമിയോടു ജാതി ചോദിച്ചപ്പോൾ മനുഷ്യൻ

എന്നു മറുപടി കിട്ടി. കുപിതരായ ചാലിയർ സ്വാമിയെയും കേശവനെയും അടിച്ചു. ശക്തിയായ പ്രഹരമേററിട്ടും സ്വാമിയോടൊപ്പം അതെല്ലാം സഹിച്ചുകൊണ്ടു് ഒന്നുമുരിയാടാതെ നിർഭയനായി കേശവൻ അവിടെ നിന്നു. ഈ സമയം മദിരാശിയിലായിരുന്ന കേളപ്പൻ വിവരമറിഞ്ഞു് വിദ്യാലയത്തിലെ കുട്ടികൾക്കയച്ച കത്തിൽ ഇങ്ങനെ എഴുതി:

''പ്രിയപ്പെട്ട കുട്ടികളെ,

കൊയിലാണ്ടിയിൽവച്ചു് എന്നെയും നമ്പ്യാരെയും പോലീസുകാർ തല്ലിയെന്നു് ഞാൻ നിങ്ങളോടു പറഞ്ഞപ്പോൾ രാമകൃഷ്ണൻെറ കണ്ണിൽ വെള്ളം നിറഞ്ഞു. ഉണ്ണിയുടെ മുഖം വാടി. അച്യുതൻ പുറത്തെല്ലാം തൊട്ടുഴിഞ്ഞു. എല്ലാവരും മൗനമവലംബിച്ചു. ഈ അടി കൊണ്ടതിൽ എനിക്കു സന്തോഷമാണെന്നും തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി കഷ്ടതകളനുഭവിക്കാൻ ഒരുക്കമില്ലാത്ത ഭീരുക്കൾക്കു് ഈ ലോകത്തിൽ സ്ഥാനമില്ലെന്നും നിങ്ങൾക്കു മനുഷ്യരായി നടക്കണമെങ്കിൽ ധീരതയോടുകൂടി നിങ്ങൾ പലരുടെയും തല്ലു കൊള്ളാൻ ഒരുങ്ങണമെന്നും ഞാൻ തല്ലു കൊണ്ടതിൽ നിങ്ങൾ സന്തോഷിക്കയാണു വേണ്ടതെന്നും ഞാൻ പറഞ്ഞപ്പോൾ മാത്രമാണു നിങ്ങളുടെ ഭാവം പകർന്നതു്. എന്നാൽ, ഇത്ര വേഗത്തിൽ തൻെറ സമുദായത്തിനുവേണ്ടി നിങ്ങളിലാർക്കെങ്കിലും രണ്ടു പ്രാവശ്യം തല്ലു കൊള്ളേണ്ടിവരുമെന്നു് ഞാൻ വിചാരിച്ചില്ല. അതിനുള്ള ഭാഗ്യമുണ്ടായതു് രണ്ടു പ്രാവശ്യവും കേശവനാണു്. അന്നൊരു തമ്പുരാൻ അടിച്ചപ്പോഴും കേശവൻെറ മുഖത്തു വ്യസനഭാവം ഞാൻ കണ്ടില്ല. തെരുവത്തുവച്ചു് അടി കൊണ്ടിട്ടും കേശവൻ ക്ലേശരഹിതനായി, ധീരതയോടുകൂടി സ്വാമിയുടെ അടുക്കൽ നില്ക്കുന്നതായി കണ്ടു എന്നാണു് മാസ്റ്ററുടെ എഴുത്തിൽ കണ്ടതു്. അതു വാസ്തവമാണെങ്കിൽ കേശവനെ ഞാൻ അഭിനന്ദിക്കുന്നു. പ്രിയ കുട്ടികളെ, നിങ്ങളുടെ സമുദായം അധഃപതിച്ചു് അന്ധകാരത്തിലാണ്ടു്, മനുഷ്യനുള്ള യാതൊരവകാശവുമില്ലാതെ മൃഗസമാനം ജീവിക്കയാണുചെയ്യുന്നതു്. അവരെ അവിടെ നിന്നുയർത്തിക്കൊണ്ടുവരുന്നതു് എളുപ്പമല്ല. അതിനായി നിങ്ങൾ എത്രയോ നിഷ്ഠുരന്മാരുടെ തല്ലു കൊള്ളേണ്ടതും പല കഷ്ടതകൾ അനുഭവിക്കേണ്ടതുമുണ്ടു്! അതിനുള്ള ഭാഗ്യം നിങ്ങൾക്കു ലഭിച്ചതിൽ സന്തോഷിക്കുക. പ്രിയ കുട്ടികളെ, മനുഷ്യനായി ജീവിക്കുവാനുള്ള അവകാശത്തിനു വേണ്ടി മരി

ക്കാൻകൂടി നിങ്ങൾ ഒരുങ്ങണം. രണ്ടു പ്രാവശ്യം അടി കൊള്ളാനുള്ള ഭാഗ്യമുണ്ടായതു് കേശവനാകകൊണ്ടു് നിങ്ങളെല്ലാവരും അവനോടു് അസൂയപ്പെടുന്നുണ്ടായിരിക്കും. അസൂയപ്പെടേണ്ട. നിങ്ങളുടെ ഊഴവും വരുന്നു. ഈ കലിയുഗത്തിൽ കണ്ടത്തിൽ വേല ചെയ്താൽ, വരമ്പത്തു കൂലി കിട്ടുമെന്നാണു പറയാറു്. കേശവൻ കഷ്ടപ്പെട്ടതിനു കൂലി കിട്ടിക്കഴിഞ്ഞു. കേശവനെ കോഴിക്കോട്ടു തുന്നൽ പഠിക്കാൻ കൊണ്ടാക്കാൻ തീരുമാനിച്ചുകഴിഞ്ഞു. ചാലിയത്തെരുവിൽ പോയി അടി കൊണ്ടതിനു പരിഹാരമായി, കേശവൻ കോഴിക്കോട്ടു് ഒന്നാന്തരം ഒരു നായരായ കോഴിപ്പുറത്തു മാധവമേനോൻ വക്കീലിന്റെ കൂടെ ഒരുമിച്ചു് താമസിക്കും. എത്ര വേഗത്തിലാണു് കേശവന്റെ ജാതി പോയതു്? ഒരു കൊല്ലം കഴിഞ്ഞാൽ കേശവൻ ഒന്നാന്തരം ഒരു തുന്നൽക്കാരനായി പയ്യോളിയിൽ തിരിച്ചെത്തിയാൽ ഇന്നു തല്ലിയവരിൽ പലരും മേസ്തിരിയുടെ അടുക്കൽ കുപ്പായം തുന്നിക്കാൻ വന്നുവെന്നുവരാം....

കേശവനു പെട്ടി വാങ്ങി. ഞങ്ങൾക്കൊന്നും വാങ്ങിയില്ലേ എന്നു പരിഭവിക്കേണ്ട. തിലകനോടു വാഗ്ദത്തംചെയ്ത പന്തു വാങ്ങീട്ടുണ്ടു്. വാഴയും പനിനീർച്ചെടിയും നനയ്ക്കുന്നില്ലേ? തിലകനോടു പുഷ്പം പറിച്ചു് പനിനീർച്ചെടിയെ വേദനിപ്പിക്കരുതെന്നു പറയണം. വേദനിപ്പിച്ചാൽ ഞാൻ വരുമ്പോൾ എന്നോടു സ്വകാര്യമായി വിവരം പറയാതിരിക്കയില്ല. ഞാൻ വരുമ്പോഴേക്കു് മുകുന്ദൻ ഒരു കവിതയെഴുതുമോ? വിഷയം സ്വാമിക്കും കേശവനും അനുഭവപ്പെട്ട ദേഹോപദ്രവം. ഉണ്ണിയും ശ്രമിക്കട്ടെ. നല്ല കവിതയ്ക്കു് സമ്മാനമുണ്ടു്.

സ്വന്തം കേളപ്പൻ.''

ഉപ്പുസത്യാഗ്രഹം

ലാഹോർ സമ്മേളനം

1929 ഡിസംബറിൽ ജവാഹർലാൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ ലാഹോറിൽ കൂടിയ അഖിലേന്ത്യാ കോൺഗ്രസ് സമ്മേളനം പൂർണ്ണസ്വാതന്ത്ര്യപ്രഖ്യാപനത്താൽ ചരിത്രപ്രസിദ്ധമായിത്തീർന്നു.കോൺഗ്രസ് നഗറിൽ കൂടിയ ഒരു ലക്ഷത്തിലധികം ജനങ്ങൾ ആഹ്ലാദാരവങ്ങളോടെ സ്വാഗതംചെയ്ത ആ പ്രഖ്യാപനം നമ്മുടെ സ്വാതന്ത്ര്യസമരചരിത്രത്തിലെ ഒരു മഹാസംഭവമാണു്. ആ പ്രഖ്യാപനത്തെത്തുടർന്നു് ജനുവരി

26 പൂർണസ്വാതന്ത്ര്യദിനമായി ആഘോഷിക്കണമെന്നു് കോൺഗ്രസ്സ് പ്രവർത്തകക്കമ്മററി ആഹ്വാനംചെയ്തു. രാജ്യമെങ്ങും അതു് സസന്തോഷം സ്വാഗതംചെയ്യപ്പെട്ടു. ഗ്രാമഗ്രാമാന്തരങ്ങളിൽപോലും ജനങ്ങൾ ആവേശകരമായ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടു് സ്വാതന്ത്ര്യദിനം ആഘോഷിച്ചു. 1930 ഫെബ്രുവരി 14–നു് അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മററി സബർമതിയിൽ യോഗം ചേർന്നു് പൂർണസ്വാതന്ത്ര്യത്തിനു വേണ്ടി സിവിൽ നിയമലംഘനം നടത്താൻ അനുജ്ഞ നൽകുകയും സമരത്തിൻെറ പൂർണ്ണചുമതല ഗാന്ധിജിയിൽ അർപ്പിക്കുകയുംചെയ്തു. സമരം ആരംഭിക്കുംമുമ്പു് ഗാന്ധിജി ഇന്ത്യാ വൈസ്രോയിക്കയച്ച ഒരു അന്തിമസന്ദേശത്തിൽ മാർച്ച് 11–നു മുമ്പു് തൃപ്തികരമായ മറുപടി ലഭിച്ചില്ലെങ്കിൽ സമരമാരംഭിക്കുമെന്നു് എഴുതിയിരുന്നു. വൈസ്രോയിയിൽനിന്നു് തൃപ്തികരമായ ഒരു പ്രതികരണവും ഉണ്ടായില്ല. ഈ പശ്ചാത്തലത്തിലാണു് നിയമലംഘനത്തിനു തുടക്കം കുറിച്ചുകൊണ്ടു് ഉപ്പുസത്യഗ്രഹത്തിനായി ഗാന്ധിജി ചരിത്രപ്രസിദ്ധമായ ദണ്ഡിയാത്രയാരംഭിച്ചതു്.

ദണ്ഡിയാത്ര

1930 മാർച്ച് 12–ാം തീയതിയാണു് 84 വാളണ്ടിയർമാരോടുകൂടി നിയമലംഘനത്തിനായി ഗാന്ധിജി ദണ്ഡിയിലേക്കു പുറപ്പെട്ടതു്. ഉപ്പുനികുതിനിയമം പരസ്യമായി ലംഘിച്ചുകൊണ്ടു്, ഇന്ത്യ ഭരിക്കുന്ന ബ്രിട്ടീഷ് സർക്കാരിനെതിരെയുള്ള തുറന്ന യുദ്ധപ്രഖ്യാപനമാണു് അദ്ദേഹം ചെയ്തതു്. ''മുട്ടിന്മേൽ നിന്നു ഞാൻ അപ്പം ചോദിച്ചു. എനിക്കു കിട്ടിയതു കല്ലാണു്'' എന്നാണു് ബ്രിട്ടീഷ് സർക്കാരിൻെറ പ്രതികരണത്തെ സൂചിപ്പിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞതു്.

ഗുജറാത്തിലെ നാട്ടിൻപുറങ്ങളെ കോരിത്തരിപ്പിച്ചുകൊണ്ടു്, സബർമതിയിൽനിന്നു് 200 നാഴിക അകലെ കടൽപ്പുറത്തുള്ള ദണ്ഡി എന്ന ഗ്രാമത്തിലേക്കു പദയാത്രയായിട്ടാണു് ഗാന്ധിജിയും സംഘവും സഞ്ചരിച്ചതു്. 24 ദിവസംകൊണ്ടാണു് പദയാത്ര ദണ്ഡിയിൽ എത്തിച്ചേർന്നതു്. അടുത്ത ദിവസം കടൽപ്പുറത്തെ ഉപ്പുതരികൾ വാരിയെടുത്തു നിയമലംഘനം നടത്താൻ പുറപ്പെടുംമുമ്പു്, ഗാന്ധിജി ഇങ്ങനെ പറഞ്ഞു: ''ഒന്നുകിൽ ഞാൻ എനിക്കു വേണ്ടതു സമ്പാദിച്ചു തിരിച്ചുവരും,

അല്ലെങ്കിൽ എന്റെ മൃതദേഹം സമുദ്രത്തിൽ പൊങ്ങിക്കിടക്കുന്നതു കാണാം.'' വികാരോഷ്മളമായ ഈ വാക്കുകൾ ഇന്ത്യയൊട്ടാകെയുള്ള അനേക ലക്ഷം ദേശാഭിമാനികളെ, മരണം വരിച്ചും നാടിന്റെ സ്വാതന്ത്ര്യം നേടുമെന്ന ദൃഢപ്രതിജ്ഞയോടെ, സമരരംഗത്തേക്കു നയിക്കാൻ ശക്തമായിരുന്നു. ദണ്ഡിയിലെ കടൽപ്പുറത്തു കൂടിനിന്ന ജനങ്ങൾ ഈ വാക്കുകൾ കേട്ട് പൊട്ടിക്കരഞ്ഞു. ദണ്ഡിയിൽ ആരംഭിച്ച നിയമനിഷേധ പ്രസ്ഥാനം ഒരു കൊടുങ്കാററായി ഇന്ത്യയിലെ അനേകം പ്രദേശങ്ങളിലേക്കു വ്യാപിക്കാൻ പിന്നീട് ഏതാനും ദിവസങ്ങൾ മാത്രമേ വേണ്ടിവന്നുള്ളു. ഉപ്പുനിയമം ലംഘിച്ച നമ്മുടെ ദേശീയനേതാക്കൾ ഉൾപ്പെടെ ആയിരക്കണക്കിനുള്ള ആളുകളെക്കൊണ്ട് ജയിലറകൾ നിറഞ്ഞു.

കേരളത്തിൽ

കേളപ്പനായിരുന്നു അന്ന് കേരള പ്രദേശ് കോൺഗ്രസ് കമ്മററിയുടെ പ്രസിഡണ്ട്. നിയമനിഷേധം കേരളത്തിൽ നടക്കുമോ, വിജയിക്കുമോ എന്നെല്ലാമുള്ള കാര്യത്തിൽ കേരളത്തിലെ ചില നേതാക്കളുൾപ്പെടെ ഒരു വിഭാഗം കോൺഗ്രസ്സുകാർ സംശയാലുക്കളായിരുന്നു. കേളപ്പന് കേരളത്തിലും ഉപ്പുസത്യഗ്രഹം തുടങ്ങണമെന്ന കാര്യത്തിൽ ഒട്ടും സംശയമുണ്ടായിരുന്നില്ല. 1930 മാർച്ച് 9–ന് അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ വടകരയിൽ കൂടിയ സംസ്ഥാന കോൺഗ്രസ് കമ്മററിയാണ് കേരളത്തിൽ ഉപ്പുസത്യഗ്രഹം തുടങ്ങുന്ന കാര്യം ചർച്ചചെയ്തതു്. കമ്മററിയിൽ ശങ്കാലുക്കളും ഭിന്നാഭിപ്രായക്കാരുമുണ്ടെന്നു കണ്ടപ്പോൾ, താൻ ഒററയ്ക്കു നിയമലംഘനത്തിനിറങ്ങുമെന്ന് കേളപ്പൻ പ്രസ്താവിച്ചു. അതോടെ എതിർവാദക്കാർ നിശ്ശബ്ദരായി. കേരളത്തിൽ ഉപ്പുസത്യഗ്രഹമാരംഭിക്കുന്നതിനാവശ്യമായ വാളണ്ടിയർമാരെ ചേർക്കാനും പണം പിരിക്കാനും സമരത്തിനാവശ്യമായ അന്തരീക്ഷം സൃഷ്ടിക്കാനും വേണ്ടി, കേളപ്പൻ അദ്ധ്യക്ഷനും കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, മൊയാരത്തു ശങ്കരൻ, മാധവനാർ, പി. കെ. കുഞ്ഞിശങ്കരമേനോൻ എന്നിവർ അംഗങ്ങളുമായുള്ള ഒരു കമ്മററിയെ നിയോഗിച്ചിട്ടാണ് ആ യോഗം പിരിഞ്ഞതു്.

ഹോസ്ദുർഗ്മുതൽ കോഴിക്കോടുവരെ ഈ കമ്മററി ശീഘ്രമായ ഒരു പര്യടനം നടത്തി. വമ്പിച്ച പൊതുയോഗങ്ങ

ളിൽ കേളപ്പൻ പ്രസംഗിച്ചു. സത്യഗ്രഹ വാളണ്ടിയർമാരായി ഉപ്പുസത്യഗ്രഹത്തിൽ പങ്കുചേരാനും സാമ്പത്തികസഹായം ചെയ്യാനും അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു. പ്രസംഗ വേദികളിൽ മുഴങ്ങിക്കേട്ടതും മാതൃഭൂമിപ്പത്രത്തിൽ അടിക്കടി പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നതുമായ ഉദ്ബോധനങ്ങൾ നാടെങ്ങും ദേശീയമായ ഒരു നവചൈതന്യം ഉണർത്താൻ പര്യാപ്തമായിരുന്നു. രാജ്യത്തിനുവേണ്ടി എന്തു ത്യാഗവും അനുഷ്ഠിക്കാനുള്ള ഒരു പുതിയ അഭിനിവേശം എങ്ങും പ്രകടമായി. കേളപ്പനെ സംബന്ധിച്ചിടത്തോളം തന്റെ ആദർശങ്ങളുടെ സാക്ഷാത്കാരത്തിനുള്ള സന്ദർഭമെട്ടത്തു എന്നദ്ദേഹം സന്തോഷിച്ചു.

പയ്യന്നൂർ സമരരംഗം

പയ്യന്നൂരാണ് കേരളത്തിലെ ഉപ്പുസത്യഗ്രഹത്തിന്റെ ആദ്യരംഗമായി നിശ്ചയിക്കപ്പെട്ടതു്. സുശിക്ഷിതരായ മുപ്പതു വാളണ്ടിയർമാരോടുകൂടി 1930 ഏപ്രിൽ 13–നു് കോഴിക്കോട്ടു നിന്നു് കാൽനടയായി അങ്ങോട്ടു പുറപ്പെടാനുള്ള തീരുമാനം കേളപ്പൻ പ്രഖ്യാപിച്ചു. വാളണ്ടിയർമാർക്കു പരിശീലനം നൽകാൻ മൂന്നു ദിവസത്തെ ഒരു ക്യാമ്പു് അദ്ദേഹം സംഘടിപ്പിച്ചു. 13–നു് ജാഥ പുറപ്പെടും മുമ്പു് കേളപ്പൻ ചെയ്ത പ്രസ്താവനയിലെ ഏതാനും ശ്രദ്ധേയമായ വാക്കുകൾ ഇവിടെ ഉദ്ധരിക്കട്ടെ:

''ഈ സമരത്തിൽ ഞങ്ങളിതാ യോദ്ധാക്കളായി ഇറങ്ങുന്നു. കേരളത്തിൽ നേതൃത്വം വഹിക്കാൻ ത്രാണിയുള്ളവരാരും ഇന്നു് ഈ സമരത്തിൽ ഇറങ്ങിയിട്ടില്ല എന്നുള്ളതു് വാസ്തവമാണു്. ഞാൻ എന്റെ ഒന്നിച്ചുവരുന്ന വാളണ്ടിയർമാരുടെ ദാസൻ മാത്രമാണു്. എന്നാൽ, ഇത്രയും മഹനീയമായ ഒരു കാര്യത്തിൽ ഏർപ്പെടുന്നതു്, ഒരു നേതാവില്ലാത്തതുകൊണ്ടു് നിറുത്തിവയ്ക്കണമെന്നുള്ള അഭിപ്രായക്കാരനല്ല ഞാൻ.... ഈശ്വരനെ മനസ്സിൽ വിചാരിച്ചു്, സത്യത്തിന്റെയും നന്മയുടെയും വിജയത്തിൽ വിശ്വാസത്തോടുകൂടി, ഏകനായിപ്പോലും പോർക്കളത്തിൽ ഇറങ്ങുവാനുള്ള സന്നദ്ധതയാണു് ഓരോ സത്യഗ്രഹിയിലും ഞാൻ പ്രതീക്ഷിക്കുന്നതു്. അതുകൊണ്ടു ചില പത്രങ്ങൾ സ്നേഹപൂർവം ചെയ്ത ഉപദേശം എനിക്കു സ്വീകാര്യമായി തോന്നുന്നില്ല. ഈ ദുഷിച്ച ഭരണം ഇന്ത്യയിൽ നശിച്ചാൽ

മാത്രമേ ഇന്ത്യയ്ക്കു രക്ഷയും ലോകത്തിനു സമാധാനവുമുള്ളു എന്നു ഞാൻ വിശ്വസിക്കുന്നു. ഈ വിശ്വാസം എന്നിലിരിക്കുന്ന കാലത്തോളം, ഈ ഭരണത്തെ ഏകനായിട്ടുപോലും എതിർക്കുവാൻ ഞാൻ ഒരുങ്ങും. ഞങ്ങളുടെ ഉദ്യമം പരാജയപ്പെടുമോ എന്നു ഭയന്നു്, നല്ല കാര്യത്തിനിറങ്ങുവാൻ മടിക്കുന്ന നയം ശരിയായിട്ടുള്ളതല്ല.''

13–ാം തീയതി കോഴിക്കോട്ടുനിന്നു പുറപ്പെട്ട ജാഥ പല സ്ഥലങ്ങളിലും ക്യാമ്പുചെയ്തും പൊതുയോഗങ്ങളിൽ പങ്കെടുത്തും പ്രചരണം നടത്തിയും 21–ാം തീയതിയാണു് പയ്യന്നൂർ എത്തിച്ചേർന്നതു്. യാത്രാമദ്ധ്യേ ഗാന്ധിജിയുടെ ഒരു കമ്പി സന്ദേശവും ലഭിച്ചു. അതിൽ ഇങ്ങനെ പറഞ്ഞിരുന്നു: ''കേളപ്പൻ ഒരു സംഘം നിയമഭഞ്ജകരോടുകൂടി പുറപ്പെട്ടിരിക്കുന്നു എന്നറിഞ്ഞു സന്തോഷിക്കുന്നു. സംഭവങ്ങൾ അറിയിച്ചുകൊണ്ടിരിക്കണം.'' സത്യഗ്രഹികൾക്കും ജനങ്ങൾക്കും അതു് ഉത്തേജനം നൽകി.

സത്യഗ്രഹ വാളണ്ടിയർ ജാഥയ്ക്കു് പയ്യന്നൂർ നിവാസികൾ നൽകിയ സ്വീകരണം അതിഗംഭീരമായിരുന്നു. പട്ടണത്തിലെ എല്ലാ വീഥികളും അലങ്കരിച്ചിരുന്നു. ജാതിമതഭേദമെന്യേ ജനങ്ങൾ എവിടെയും ഉത്സാഹഭരിതരായി കൂട്ടംകൂടി നിന്നു. സത്യഗ്രഹികൾ മറുകരെ കടവിൽ എത്തിയപ്പോഴേക്കും ഇക്കരയിൽ വമ്പിച്ച ജനതതി നാഗസ്വരമേളം,ദീപം, നാളികേരം, വെററില, അരി, സുഗന്ധദ്രവ്യങ്ങൾ ഇവയെല്ലാമായി അവരെ എതിരേൽക്കാൻ തയ്യാറായി നിന്നിരുന്നു. സംഘത്തെ അകലെ കണ്ടപ്പോൾ ഇരുകരകളിലും നിന്ന ജനങ്ങൾ ജയാരവം മുഴക്കി. വി. ജി. നായനാർ കേളപ്പനെയും അനുയായികളെയും മാല്യങ്ങളണിയിച്ചു സ്വീകരിച്ചു. പുഷ്പങ്ങളും പനിനീരും അവരുടെ മേൽ വർഷിക്കപ്പെട്ടു.

സത്യഗ്രഹാരംഭം

ഏപ്രിൽ 23–ാം തീയതിയാണു് സത്യഗ്രഹം ആരംഭിച്ചതു്. കൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടു് ഒരു ചെറുപ്രസംഗത്തോടെ ആശംസകളർപ്പിക്കെ കേളപ്പൻെറ നേതൃത്വത്തിൽ ആദ്യദിവസം 116 വാളണ്ടിയർമാർ അണിയായി ഉപ്പുമണ്ണു ശേഖരിക്കാൻ പുറപ്പെട്ടു. അവർ ശേഖരിച്ച ഉപ്പുമണ്ണു് സത്യഗ്രഹ ക്യാമ്പിൽ കൊണ്ടുവന്നു കുറുക്കി ഉപ്പുണ്ടാക്കി. സത്യഗ്രഹികൾ

നിർമിച്ച ഉപ്പ് ജനങ്ങൾ സന്തോഷത്തോടെ വിലയ്ക്കു വാങ്ങി. സത്യഗ്രഹരംഗം, പ്രോത്സാഹനത്തിനെത്തിയ ജനങ്ങളെക്കൊണ്ടു നിറഞ്ഞു.

ആദ്യദിവസങ്ങളിൽ പോലീസും സാൾട്ട് ഇൻസ്പെക്ടർമാരും ശിപായിമാരും സ്ഥലത്തുണ്ടായിരുന്നെങ്കിലും അവർ കാഴ്ചക്കാരായി നിന്നതേയുള്ളു. അടുത്തൊരു ദിവസം വാറണ്ടു പ്രകാരം, സത്യഗ്രഹികൾ നിർമിച്ച ഉപ്പു പിടിച്ചെടുക്കാൻ അവർ ശ്രമിച്ചു. ബലം പ്രയോഗിച്ച് ഉപ്പു പിടിച്ചെടുക്കാൻ കഴിയുംമുമ്പ് അതു മുഴുവൻ കൂടിനിന്ന ജനങ്ങൾ വിലയ്ക്കു വാങ്ങിക്കളഞ്ഞു.

പയ്യന്നൂരിൽ ആരംഭിച്ച സത്യഗ്രഹം വളരെ വേഗം ഉത്തര മലബാറിനെ മുഴുവൻ തട്ടിയുണർത്തി. അവിടെ പ്രധാന കേന്ദ്ര ങ്ങളിലെല്ലാം കേളപ്പൻ നടത്തിയ മിന്നൽ പര്യടനങ്ങളും വികാരോജ്ജ്വലമായ പ്രസംഗങ്ങളും സമരത്തിന്റെ പുതിയ മേഖലകൾതന്നെ തുറന്നു. ഏപ്രിൽ 30-നു ഹോസ്ദുർഗിൽ പുതിയൊരു സത്യഗ്രഹകേന്ദ്രം തുറക്കാനുള്ള ശ്രമത്തിനിടയിൽ, ഒരു യോഗത്തിൽ പ്രസംഗിക്കവേ, കേളപ്പനെയും ചില വാളണ്ടിയർമാരെയും പോലീസ് അറസ്റ്റ്ചെയ്തെങ്കിലും അല്പം കഴിഞ്ഞ് അവരെ വിട്ടയച്ചു. ഈ സംഭവം സമരത്തിന്റെ ശക്തിയും തീവ്രതയും വർദ്ധിപ്പിക്കാനേ സഹായിച്ചുള്ളു.

കോഴിക്കോട്ട്

പയ്യന്നൂരെ സത്യഗ്രഹത്തെത്തുടർന്ന് കോഴിക്കോട്ടും സത്യഗ്രഹമാരംഭിക്കാൻ കേളപ്പൻ ശ്രമങ്ങൾ തുടങ്ങി. 'അൽ-അമീൻ' പത്രാധിപരും ധീര ദേശാഭിമാനിയുമായ മുഹമ്മദ് അബ്ദുർ റഹ്മാന്റെ അഭ്യർത്ഥനയെ മാനിച്ച്, അനേകം മുസ്ലിം യുവാക്കൾ സമരത്തിൽ പങ്കെടുക്കാൻ തയ്യാറായി. കോഴിക്കോട്ടെ കടൽപ്പുറത്തെ വമ്പിച്ച പൊതുയോഗങ്ങളിൽ അബ്ദുർ റഹ്മാനും കേളപ്പനും കൃഷ്ണസ്വാമി അയ്യരും മററും പ്രസംഗിച്ചു. സത്യഗ്രഹത്തിനു കോഴിക്കോട്ടെ ജനങ്ങൾ സജ്ജരായി.

ഗാന്ധിജിയുടെ അറസ്റ്റ്

മെയ് 4-നാണ് അർദ്ധരാത്രിയിൽ ഗാന്ധിജിയുടെ ഉറക്കറയിൽ പോലീസ് കടന്നുചെന്ന് അദ്ദേഹത്തെ അറസ്റ്റ്

ചെയ്തതു്. ഗവണ്മെൻറിനു് ഇഷ്ടമുള്ള കാലത്തോളം അദ്ദേഹത്തെ തടവിൽ പാർപ്പിക്കാൻ അനുശാസിക്കുന്ന ഒരു വാറണ്ടു് അനുസരിച്ചാണു് അദ്ദേഹത്തെ അറസ്റ്റു്ചെയ്തതു്. യർവാദാ ജയിലിൽ അദ്ദേഹം അടയ്ക്കപ്പെട്ടു. ഗാന്ധിജിയെ അറസ്റ്റു് ചെയ്ത വാർത്ത കാട്ടുതീപോലെ ഇന്ത്യയൊട്ടാകെ വേഗം പരന്നു. നിയമലംഘനം നാടെങ്ങും ദൈനന്ദിന സംഭവമായി. ഉജ്ജൃംഭിതമായ ബഹുജനശക്തി ഭരണാധികാരികളെ അമ്പരപ്പിച്ചു. ഗവണ്മെൻറ് ക്രൂരമായ മർദ്ദനമുറകളുപയോഗിച്ചു സമരങ്ങളെ അടിച്ചമർത്താൻ ആരംഭിച്ചു. ലാത്തിച്ചാർജ്ജും വെടിവയ്പും നിത്യസംഭവങ്ങൾപോലെ കേട്ടുതുടങ്ങി.

ഈ സന്ദർഭത്തിലാണു് (മെയ് 12–നു്) കോഴിക്കോട്ടെ കടൽപ്പുറത്തു് ആദ്യമായി ഉപ്പുസത്യഗ്രഹം ആരംഭിച്ചതു്. അന്നു രാവിലെ കോഴിക്കോട്ടെ സത്യഗ്രഹക്യാമ്പിൽനിന്നു് നാല്പതു വാളണ്ടിയർമാർ ത്രിവർണപതാകയുമേന്തി, മുദ്രാവാക്യം മുഴക്കിക്കൊണ്ടു്,കടൽപ്പുറത്തേക്കു പുറപ്പെട്ടു. അനേകമാളുകൾ കാഴ്ചക്കാരായി അവരെ അനുഗമിച്ചു. പതാക മണലിൽ നാട്ടിയിട്ടു്, അതിനു ചുററുമായി വാളണ്ടിയർമാർ ഒരു വലയം സൃഷ്ടിച്ചു നിന്നു. കേളപ്പൻ ഒരു ലഘുപ്രസംഗത്തിലൂടെ അഹിംസാപ്രസ്ഥാനത്തിൻെറ മഹത്ത്വത്തെയും നിയമലംഘനത്തിൽ അക്രമരഹിതരായിരിക്കേണ്ടതിൻെറ പ്രാധാന്യത്തെയും വിശദീകരിച്ചു. കൃഷ്ണസ്വാമി അയ്യരും അല്പനേരം പ്രസംഗിച്ചു. ഒരു വലിയ സംഘം പോലീസ് അപ്പോഴേക്കും സ്ഥലത്തെത്തി. സത്യഗ്രഹികളായ അബ്ദുർ റഹ്മാൻ, കൃഷ്ണസ്വാമി അയ്യർ, ബാലകൃഷ്ണക്കുറുപ്പ്, ഗണപതി മുസ്സതു്, പാലത്തിൽ ഗോപാലൻ, മൊയാരത്തു ശങ്കരൻ നമ്പ്യാർ എന്നിവർ കടലിൽനിന്നു വെള്ളം കൊണ്ടുവന്നു് ഉപ്പുണ്ടാക്കുന്ന പ്രവൃത്തി ആരംഭിച്ചു. അതു് നിയമവിരുദ്ധമായ സംഘംചേരലാകയാൽ പിരിഞ്ഞുപോകണമെന്നു് ഈ സമയം പോലീസ് സത്യഗ്രഹികളെ നോക്കി ആജ്ഞാപിച്ചു. അവർ അനുസരിക്കുന്നില്ലെന്നു കണ്ടപ്പോൾ പോലീസ് ഉഗ്രമായ ഒരു ലാത്തിച്ചാർജു് നടത്തി. പലരെയും ബൂട്സ്കൊണ്ടു ചവിട്ടുകയും ലാത്തികൊണ്ടു കുത്തുകയുംചെയ്തു.കേളപ്പൻ, അബ്ദുർ റഹ്മാൻ, കൃഷ്ണസ്വാമിഅയ്യർ, പി. കൃഷ്ണപിള്ള, ശർമ്മ, മാധവനാർ എന്നിവരെ അറസ്റ്റ്ചെയ്തു. അവരെ ആറു മാസം വീതം കഠിന തടവു ശിക്ഷ വിധിച്ചു് കണ്ണൂർ ജയിലിലേക്കയച്ചു.

കേളപ്പന്റെ ശേഷം സമരത്തിന്റെ നേതൃത്വം ഏറ്റെടുത്ത മൊയ്യു മൗലവിയും ഏതാനും ദിവസങ്ങൾക്കകം ജയിലിലായി. അതേവരെ സമരത്തിൽനിന്നു് ഒഴിഞ്ഞുനിന്നിരുന്ന കെ. മാധവൻനായരാണു് തുടർന്നു രംഗത്തിറങ്ങി പ്രവർത്തനമാരംഭിച്ചതു്.

മർദനം

അധികം താമസിയാതെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ഒരു നിയമവിരുദ്ധസംഘടനയായി ഗവണ്മെൻറ് പ്രഖ്യാപിച്ചു. ഗവണ്മെൻറിന്റെ മർദനനയം രൂക്ഷതരമായി. വിദേശവസ്ത്രബഹിഷ്കരണം, മദ്യഷാപ്പു പിക്കററിംഗ് തുടങ്ങിയ കോൺഗ്രസ്സിന്റെ എല്ലാ പ്രവർത്തനങ്ങളെയും പിന്നീടു് ഉരുക്കുമുഷ്ടി ഉപയോഗിച്ചാണു് ഗവണ്മെൻറ് നേരിട്ടതു്. ഭീകരവാഴ്ചയായിരുന്ന അധികാരികൾ എവിടെയും നടത്തിയതു്. ജയിലിൽ പോകാതെ പുറത്തുണ്ടായിരുന്ന നേതാക്കൾക്കെല്ലാം നിരോധനാജ്ഞ ലഭിച്ചു. അതു ലംഘിച്ചാൽ ജയിലിൽ എന്ന നിലയായി.

ഉപ്പുസത്യഗ്രഹത്തിന്റെ നേട്ടങ്ങൾ

ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്തു വീരചരമമടഞ്ഞവരെ ഈ സന്ദർഭത്തിൽ മറക്കാനാവില്ല. അവരിൽ, പയ്യന്നൂർ ഹൈസ്കൂൾ ആറാം ഫാറം വിദ്യാർത്ഥിയായിരുന്ന കെ. കുഞ്ഞിരാമനടിയോടി ആലിപുരം ജയിലിൽവച്ചും മതിലകത്തുകാരൻ രാമൻകുട്ടിപ്പണിക്കർ കണ്ണൂർ ജയിലിൽവച്ചും ചേർത്തല പാണാവള്ളി സ്വദേശി എം. ഗോപാലപ്പണിക്കർ കോഴിക്കോട്ടാസ്പത്രിയിൽവച്ചുമാണു് മരിച്ചതു്. കോഴിക്കോട്ടു് നിരോധനാജ്ഞ ലംഘിച്ചതിനു് അറസ്റ്റ്ചെയ്തു് ലോക്കപ്പിലിട്ടു് പോലീസ് മൃഗീയമായി മർദ്ദിക്കയാൽ അധികനാൾ കഴിയുംമുമ്പു് മരണമടഞ്ഞ കൊയിലാണ്ടിക്കാരൻ പനോട്ടു കൃഷ്ണപ്പണിക്കർ, കോഴിക്കോട്ടു കടൽപ്പുറത്തു് ഉപ്പുണ്ടാക്കുകയും കല്ലായി കള്ളഷാപ്പു പിക്കററ്ചെയ്യുകയുംചെയ്തതിനു് ഉഗ്രമായ മർദ്ദനമേററു് ജയിലിൽ കിടന്നു് അന്ത്യശ്വാസം വലിക്കുകയുംചെയ്ത വളപട്ടണത്തുകാരൻ നാരായണൻ, ഇതേ കാരണങ്ങളാൽ പോലീസിന്റെ മർദ്ദനമേററു് അധികനാൾ കഴിയും മുമ്പു് മരണപ്പെട്ട കല്ലിശ്ശേരി അപ്പു, ഹർഷൻ എന്നിവരും ഉപ്പുസത്യഗ്രഹത്തിലെ രക്തസാക്ഷികളാണു്.

ഗാന്ധി–ഇർവിൻ സന്ധി

1931 മാർച്ച് 5–ന് ഗാന്ധിജിയും ഇന്ത്യാ വൈസ്രോയി ഇർവിൻ പ്രഭുവും ഒപ്പുവച്ച ഗാന്ധി–ഇർവിൻ സന്ധിയിലെ വ്യവസ്ഥകളനുസരിച്ചാണ് സിവിൽ നിയമലംഘനം പിൻവലിച്ചതു്. സമാധാനലംഘനത്തിനു ഹേതുവാകാതെ, പിക്കററ്ചെയ്യുവാനുള്ള അവകാശം ഈ ഉടമ്പടിമൂലം ഗവണ്മെൻറ് അംഗീകരിച്ചു. ഓർഡിനൻസുകൾ പിൻവലിച്ചു. ഉപ്പുണ്ടാക്കാവുന്ന സ്ഥലങ്ങളിൽ താമസിക്കുന്നവർക്കു് അതുണ്ടാക്കാനും അതതു ഗ്രാമങ്ങളുടെ അതിർത്തിക്കുള്ളിൽ വില്പന നടത്താനും ഗവണ്മെൻറനുവദിച്ചു. എല്ലാ സത്യഗ്രഹത്തടവുകാരെയും വിട്ടയച്ചു.

ഗാന്ധിജി നേതൃത്വം നൽകിയ ദേശീയസമരത്തെ ലാഘവബുദ്ധിയോടെ വീക്ഷിച്ചിരുന്ന ഗവണ്മെൻറ്, ഈ സമരത്തോടെ അവരുടെ അവഗണനാമനോഭാവത്തിൽ സാരമായ മാററം വരുത്തി. സ്വാതന്ത്ര്യം ജന്മാവകാശമാണെന്നും അതു നേടിയെടുക്കാൻ സാധിക്കുമെന്നുമുള്ള വിശ്വാസം ഭാരതത്തിലെ ജനമനസ്സുകളിൽ ഉറപ്പിക്കാനും ഒരു വർഷം നീണ്ടുനിന്ന ഈ സമരവും അതിൻെറ പരിസമാപ്തിയിലുണ്ടായ ഗാന്ധി–ഇർവിൻ ഉടമ്പടിയും വളരെ സഹായിച്ചു.

8. ഗുരുവായൂർ സത്യഗ്രഹം

1931 മെയ് 3, 4 തീയതികളിൽ വടകരവെച്ച് കൂടിയ കേരള സംസ്ഥാന കോൺഗ്രസ് സമ്മേളനം കേരളത്തിൽ കോൺഗ്രസ്സിൻെറ പിൽക്കാല ചരിത്രത്തിൽ മഹത്തായ സംഭവങ്ങൾക്കു തുടക്കം കുറിച്ച രണ്ടു പ്രമേയങ്ങൾ പാസ്സാക്കുകയുണ്ടായി. ഖാദിപ്രവർത്തനത്തിനുവേണ്ടി ഗാന്ധിജി 1925–ൽ സ്ഥാപിച്ച അഖില ഭാരത ചർക്കാസംഘത്തിൻെറ ഒരു പ്രത്യേക ശാഖ കേരളത്തിനു വേണമെന്നുള്ളതായിരുന്നു ഒരു പ്രമേയം. ഇതിനു വേണ്ട ശ്രമങ്ങൾ നടത്താൻ സി. എച്ച്. ഗോവിന്ദൻനമ്പ്യാർ സെക്രട്ടറിയായും ശ്യാംജി സുന്ദർദാസ്, എം. കാർത്ത്യായനിയമ്മ, കെ. ററി. കുഞ്ഞിരാമൻനമ്പ്യാർ, കെ. കേളപ്പൻ എന്നിവർ അംഗങ്ങളായും ഒരു കമ്മററി അന്നു

രൂപീകരിക്കപ്പെട്ട ഈ കമ്മററിയുടെ ശ്രമഫലമായി 1935—ൽ ചർക്കാസംഘത്തിന്റെ കേരള ശാഖ പ്രവർത്തനമാരംഭിച്ചു. ഈ സംഘമാണു് ഇന്നത്തെ കേരള സർവ്വോദയ സംഘമായി ത്തീർന്നതു്.

എല്ലാ ഹിന്ദുജാതിക്കാർക്കും എല്ലാ ക്ഷേത്രങ്ങളിലും പ്രവേശനം സാധിക്കുന്നതിനു വേണ്ടുന്ന ഒരു സംരംഭം കഴിവതും വേഗം കേരളത്തിൽ ആരംഭിക്കേണ്ടതാണെന്നുള്ളതായിരുന്നു രണ്ടാമത്തെ പ്രമേയം. സദസ്സിൽനിന്നുയർന്ന കരഘോഷങ്ങൾക്കിടയിൽ ഈ പ്രമേയം അവതരിപ്പിച്ചതു് കേരള സംസ്ഥാന കോൺഗ്രസ് പ്രസിഡണ്ടായ കേളപ്പൻതന്നെയായിരുന്നു. പ്രമേയം സഭ സഹർഷം സ്വീകരിച്ചു.

കോൺഗ്രസ്സിന്റെ ഈ തീരുമാനങ്ങൾ ഉണ്ടായശേഷം, ആ തീരുമാനങ്ങൾ വിശദീകരിക്കാനും ജനാഭിപ്രായം സംഘടിപ്പിക്കാനും പുതിയ പ്രവർത്തകരെ കണ്ടെത്താനുമായി കേളപ്പൻ ആരംഭിച്ച പര്യടനത്തിനിടയിൽ അദ്ദേഹവും സംഘവും ഗുരുവായൂരും ചെന്നെത്തി. അവിടെ യാദൃച്ഛികമായി അദ്ദേഹത്തിനു യാഥാസ്ഥിതികരായ ഹിന്ദുക്കളിൽനിന്നുണ്ടായ ഒരു അനുഭവം പ്രസ്താവ്യമാണു്. കിഴക്കേ നടയിൽ സംഘടിപ്പിച്ചിരുന്ന കോൺഗ്രസ് യോഗത്തിൽ സംബന്ധിക്കാൻ, പടിഞ്ഞാറേ നടയിൽക്കൂടി കിഴക്കോട്ടു പോകുംവഴി, അദ്ദേഹത്തെയും സംഘത്തെയും പോലീസ് തടഞ്ഞു. പടിഞ്ഞാറെ നടയിൽ തീയർക്കു ചെല്ലാൻ പാടുള്ള അതിർത്തിയിൽവച്ചാണു് തടഞ്ഞതു്. കൂട്ടത്തിൽ തീണ്ടൽജാതിക്കാർ ഉണ്ടോ എന്നു് പോലീസ് ഇൻസ്പെക്ടർ കേളപ്പനോടു ചോദിച്ചതിനു്, ''പുതുതായി വരുന്നയാളാണു്, കൂട്ടത്തിലുള്ളവരുടെ ജാതിയെപ്പററി നിശ്ചയമില്ല'' എന്നു് കേളപ്പൻ മറുപടി പറഞ്ഞു. അധികാരി മുഖേന പോലീസ്, ഈ സംഘത്തിൽ തീണ്ടൽ ജാതിക്കാരുണ്ടോ എന്നന്വേഷിച്ചിട്ടാണു് അവരെ കടത്തിവിട്ടതു്. അന്നു കിഴക്കേ നടയിൽക്കൂടിയ വമ്പിച്ച പൊതുയോഗത്തിൽ യാഥാസ്ഥിതികരായ ഹിന്ദുക്കളെ പരാമർശിക്കവേ, കേളപ്പൻ ഇങ്ങനെ പറഞ്ഞു: ''ഭക്തോത്തമനായ ഒരു പുലയനെ ദീനബന്ധുവായ ഭഗവാന്റെ അടുക്കൽ ചെല്ലുവാൻ ഇക്കൂട്ടർ അനുവദിക്കയില്ല. ഭഗവാനെ ഇവർ ഒരു പാൽപ്പായസപ്രിയനായ ജന്മിയും സാധുജനദ്രോഹിയുമാക്കിയിരിക്കുകയാണു്.... ഈ അക്രമങ്ങൾ നിൽക്കണം. ക്ഷേത്രങ്ങളിൽ ഭക്ഷണപ്രിയ

ന്മാർക്കല്ല, ഭക്തോത്തമന്മാർക്കാണ് പ്രവേശനം വേണ്ടിയിരിക്കുന്നത്.''

അധഃകൃതർക്ക് കേരളത്തിലെ ക്ഷേത്രങ്ങളിൽ പ്രവേശനം ലഭിക്കുന്നതിന് കേരള പ്രദേശ് കോൺഗ്രസ് കമ്മററി ആരംഭിക്കുന്ന പ്രസ്ഥാനത്തെപ്പററി, അല്പദിവസങ്ങൾക്കു ശേഷം ബോംബെയിൽ കൂടിയ അഖിലേന്ത്യാ കോൺഗ്രസ് പ്രവർത്തകക്കമ്മററി യോഗത്തിൽ കേളപ്പൻ വിശദീകരിക്കുകയും ക്ഷേത്രപ്രവേശനസംരംഭം തുടങ്ങാൻ പ്രവർത്തകക്കമ്മററിയുടെ ആനുകൂല്യവും ഒപ്പംതന്നെ ഗാന്ധിജിയുടെ അനുവാദവും അനുഗ്രഹവും സമ്പാദിക്കുകയുംചെയ്തു. ബോംബെയിൽ നിന്നു മടങ്ങിയെത്തിയശേഷം അദ്ദേഹം കേരള പ്രദേശ് കോൺഗ്രസ് കമ്മററി യോഗം 1931 ആഗസ്റ്റ് 2–ന് വീണ്ടും വിളിച്ചുകൂട്ടി. ക്ഷേത്രപ്രവേശനത്തിനായി ഗുരുവായൂർ ക്ഷേത്രനടയിൽ സത്യഗ്രഹമാരംഭിക്കണമെന്നു നിർദേശിച്ചുകൊണ്ട് തന്റെ അഭിപ്രായം കമ്മററിയിൽ ഇങ്ങനെ പ്രകടിപ്പിച്ചു: ''തിരുവിതാംകൂറിലും കൊച്ചിയിലും ക്ഷേത്രങ്ങൾ ഗവണ്മെൻറധീനതയിലാകയാൽ അവിടങ്ങളിൽ സത്യഗ്രഹമാരംഭിക്കുന്നതു് ഗവണ്മെൻറിനോടുള്ള ഒരു സമരമായിരിക്കും. പക്ഷേ, നമുക്ക് ഇക്കാര്യത്തിൽ ഗവണ്മെൻറിനോടല്ല പോരാടേണ്ടതു്, യാഥാസ്ഥിതികരോടാണ്. അതുകൊണ്ട്, ഇക്കാര്യം വ്യക്തമാകത്തക്കവിധം, ബ്രിട്ടീഷ് മലബാറിൽ, ഗുരുവായൂരിൽ, സത്യഗ്രഹമാരംഭിക്കുന്നതായിരിക്കും ആശാസ്യമായിട്ടുള്ളതു്. ഗാന്ധിജിയുടെ അഭിപ്രായവും മലബാറിൽത്തന്നെ വേണമെന്നാണ്.''

സുദീർഘമായ ചർച്ചകൾക്കുശേഷം കേളപ്പന്റെ അഭിപ്രായത്തെ മാനിച്ച് 1931 നവംബർ ഒന്നാം തീയതി ഗുരുവായൂർ ക്ഷേത്രനടയിൽത്തന്നെ സത്യഗ്രഹം തുടങ്ങാൻ കമ്മററി തീരുമാനിച്ചു.

പ്രചരണം തുടങ്ങുന്നു

അടുത്ത ഒന്നുരണ്ടു മാസങ്ങളിലായി സത്യഗ്രഹവാർത്തയ്ക്ക് ജനങ്ങൾക്കിടയിൽ പ്രചാരം നൽകാനും വാളണ്ടിയർമാരെ കണ്ടെത്താനും ധനശേഖരം നടത്താനുമുള്ള ശ്രമമായിരുന്നു. കേളപ്പന്റെ നേതൃത്വത്തിൽ പൊന്നാനിത്താലൂക്കിലെ വിവിധ കേന്ദ്രങ്ങളിൽ നടത്തപ്പെട്ട പ്രചരണയോഗങ്ങൾക്കു

പുറമേ, തെക്കോട്ടു് കന്യാകുമാരിവരെയും വടക്കോട്ടു് കാസർകോടുവരെയും പ്രധാന കേന്ദ്രങ്ങളിലെല്ലാം പ്രചരണയോഗങ്ങൾ നടത്തപ്പെട്ടു. ഈ യോഗങ്ങളിലെ പ്രസംഗകരുടെ കൂട്ടത്തിൽ എ. കെ. ഗോപാലൻ, മൊയാരത്തു ശങ്കരൻ, കെ. രാമൻ മേനോൻ, കെ. മാധവമേനോൻ, മന്നത്തു പത്മനാഭൻ, കെ. പി. കയ്യാലയ്ക്കൽ, എം. കാർത്ത്യായനിയമ്മ, സി. കുട്ടൻ നായർ, കമലാവതി, സി. ദേവകിയമ്മ, രുഗ്മിണിയമ്മ, വി. ടി. ഭട്ടതിരിപ്പാടു്, കെ. എൻ. കുഞ്ഞുകൃഷ്ണൻ, ററി. സുബ്രഹ്മണ്യൻ തിരുമുമ്പു് എന്നീ പേരുകൾ എടുത്തു പറയേണ്ടവയാണു്. സത്യഗ്രഹക്കമ്മറ്റിയുടെ മുഖ്യ പ്രചാരകന്റെ സ്ഥാനം എ. കെ. ഗോപാലനായിരുന്നു. സത്യഗ്രഹം തുടങ്ങുന്നതിനു മുമ്പുതന്നെ സാമ്പത്തികസഹായമെന്ന നിലയിൽ സംഭാവനകളും വാളണ്ടിയർമാരായി സേവനമനുഷ്ഠിക്കാൻ ഊർജ്ജസ്വലരായ ചെറുപ്പക്കാരും വന്നുകൊണ്ടിരുന്നു. കേളപ്പന്റെ ഈ സത്യഗ്രഹസംരംഭത്തിൽ അഭിനന്ദനമറിയിച്ചുകൊണ്ടും വിജയമാശംസിച്ചുകൊണ്ടും സർദാർ വല്ലഭായു് പട്ടേൽ ഒരു സന്ദേശമയയ്ക്കുകയുണ്ടായി. സത്യഗ്രഹത്തിൽ പുരുഷന്മാരോടൊപ്പം ധീരതയോടെ പങ്കുചേർന്നു് സ്വകർത്തവ്യം നിർവഹിക്കണമെന്നു് ആഹ്വാനംചെയ്തുകൊണ്ടു്, കസ്തൂർബാ ഗാന്ധി കേരളത്തിലെ സ്ത്രീകൾക്കായി ഒരു സന്ദേശം അയയ്ക്കുകയുണ്ടായി.

കാൽനടജാഥ

ഒക്ടോബർ 21–നു് കണ്ണൂർനിന്നു് ഗുരുവായൂരേക്കു പുറപ്പെട്ട വാളണ്ടിയർമാരുടെ കാൽനടജാഥയ്ക്കു് വടക്കേ മലബാറിലെ പ്രസിദ്ധ നമ്പൂരികുടുംബങ്ങളിലൊന്നായ താഴക്കാട്ടു മനയ്ക്കലെ ററി. സുബ്രഹ്മണ്യൻ തിരുമുമ്പാണു് നേതൃത്വം നല്കിയതു്. ജാഥാ ക്യാപ്ററൻ എ. കെ. ഗോപാലനായിരുന്നു. വഴിനീളെ ആവേശകരമായ സ്വീകരണങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടു് ജാഥ ഒക്ടോബർ 31–നു് ഗുരുവായൂരിൽ എത്തിച്ചേർന്നു.

സത്യഗ്രഹത്തിന്റെ ആരംഭം

നവംബർ ഒന്നാം തീയതി രാവിലെ അയിത്തജാതിക്കാർ എന്നറിയപ്പെട്ടിരുന്ന ഏതാനും ആളുകളുമായി വാളണ്ടി

യർമാർ, കുളിച്ച് ശുഭ്രവസ്ത്രം ധരിച്ച്, ക്ഷേത്രത്തിലേക്ക നടന്നു ചെന്നു. അയിത്തജാതിക്കാർക്ക് വിലക്കപ്പെട്ടിരുന്ന സ്ഥാനത്തെത്തിയപ്പോരം ക്ഷേത്രാധികാരികരം അവരെ തടഞ്ഞു. സത്യാഗ്രഹികരം അവിടെത്തന്നെ നിന്നു. വെയിൽ സഹിച്ചും മഴ നനഞ്ഞും പിന്നോട്ട മാറാതെ അവിടെത്തന്നെ സത്യഗ്രഹമനുഷ്ഠിക്കുന്ന രീതി അന്നുതൊട്ട് എല്ലാ ദിവസവും നിർവിഘ്നം നടന്നുവന്നു. സത്യഗ്രഹം ഇങ്ങനെ മൂന്നു നടയിലും ഉണ്ടായിരുന്നു. വൈകുന്നേരം പതിവായി നടന്നുവന്ന പൊതുയോഗങ്ങളിൽ കേളപ്പനു പുറമേ ആഗമാനന്ദസ്വാമികരം, വൈശ്രവണത്ത് രാമൻനമ്പൂരി, മന്നത്തു പത്മനാഭൻ തുടങ്ങി പ്രശസ്തരായ പലരും സത്യഗ്രഹത്തിനു ബഹുജനപിന്തുണയാർജിക്കാനുതകുന്നവിധം പ്രഭാഷണങ്ങരം നടത്തിവന്നു. ഇതിനിടയിൽ ഹരിജനങ്ങളുടെ ക്ഷേത്രപ്രവേശനത്തെ എതിർത്ത കുറേ ആളുകളും സംഘടിച്ചു. അവർ സത്യഗ്രഹികളുടെ നേരെ ശകാരവർഷം നടത്തുക മാത്രമല്ല, യോഗങ്ങരം സംഘടിപ്പിച്ച് എതിർ പ്രചരണം നടത്താനും തുടങ്ങി. ഇവരുടെ യോഗങ്ങളിൽ പാലിയത്തു കുഞ്ഞുണ്ണിഅച്ചനായിരുന്നു മുഖ്യ പ്രസംഗകൻ.

സത്യഗ്രഹക്യാമ്പ്

സത്യഗ്രഹികരംക്ക പാർക്കാൻ ഒരു ആശ്രമം സ്ഥാപിച്ചിരുന്നു. അവിടെ പതിവായി നടത്തിവന്ന പ്രാർത്ഥനകരം, നൂൽനൂൽപ്പ്, ഗീതാപാരായണം, ഭാഗവതപാരായണം എന്നീ പരിപാടികരം വളരെപ്പേരെ ആകർഷിച്ചുവന്നു. സത്യഗ്രഹികരം ദൈവവിശ്വാസത്തെയല്ല, അന്ധവിശ്വാസത്തെയാണ് എതിർക്കുന്നതെന്ന് അവരുടെ ആശ്രമജീവിതം വെളിപ്പെടുത്തി.

മർദനം

ദിവസം ചെല്ലുന്തോറും സത്യഗ്രഹത്തിൻെറ ശക്തി വർദ്ധിച്ചുവന്നതേയുള്ളൂ. സത്യഗ്രഹത്തെ പരാജയപ്പെടുത്താനുള്ള ക്ഷേത്രാധികാരികളുടെ ശ്രമങ്ങരം ഓരോന്നും വിഫലമായി എന്നു മാത്രമല്ല, അവയോരോന്നും ജനങ്ങളിൽ സത്യഗ്രഹത്തോടുള്ള അനുഭാവം വർദ്ധിപ്പിക്കാൻ സഹായിക്കുകയുംചെയ്തു. ഇതിൽ നിരാശരായിട്ടെന്നോണം, സവർണ്ണ

യാഥാസ്ഥിതികരിൽപ്പെട്ട നൂറോളം പേർ ചേർന്നു് സത്യ ഗ്രഹവാളണ്ടിയർമാരുടെ നായകനായ എ. കെ. ഗോപാലനെ ക്രൂരമായി മർദ്ദിച്ചു. പലരും ചേർന്നു് ഏല്പിച്ച ശക്തിയായ പ്രഹരമേററു് നിലത്തു വീണ അദ്ദേഹത്തെ അവർ ചവിട്ടുകയും കഴുത്തുപിടിച്ചു ഞെരിക്കുകയുംചെയ്തു. ഗോപാലന്റെ കഴുത്തി നും വാരിയെല്ലിനും അരസ്ഥമാണു് കൂടുതൽ പരിക്കു പററിയതു്. ഈ സംഭവത്തിനിടയിൽ വലുതായൊരു പടക്കം പൊട്ടിയതു നിമിത്തം നാലു പേർക്കു പരിക്കു പററി. ഇതെല്ലാം സംഭവി ച്ചിട്ടും നിശ്ശബ്ദതയവലംബിച്ചു് എല്ലാം പൊറുത്തതല്ലാതെ, അദ്ദേഹമാകട്ടെ, മററു സത്യഗ്രഹികളാകട്ടെ യാതൊരു പ്രതി ക്രിയയ്ക്കും മുതിർന്നില്ല. ഈ സംഭവം സവർണവിഭാഗത്തിൽ കൂടിയും ശക്തിയായ പ്രതിഷേധത്തിനിടയാക്കി. സത്യഗ്രഹി കളെ തടഞ്ഞുനിർത്താൻ ക്ഷേത്രാധികാരികൾ കെട്ടിയുയ ർത്തിയ മുള്ളുവേലി പൊതുജനങ്ങൾതന്നെ ഈ സംഭവത്തെ ത്തുടർന്നു് പൊളിച്ചു മാററിയതു്, സത്യഗ്രഹത്തെപ്പററിയുള്ള യാഥാസ്ഥിതികചിന്തയ്ക്കു് മങ്ങലേററുതുടങ്ങിയതിന്റെ ഒരു സൂചനയായിരുന്നു. ഒടുവിൽ അന്തരീക്ഷം ആകെ ചൂടായിവരു ന്നു എന്നു കണ്ടപ്പോൾ ക്ഷേത്രാധികാരികൾ ക്ഷേത്രം അടച്ചു പൂട്ടുകയാണുണ്ടായതു്.

ഗാന്ധിജിയുടെ അറസ്റ്റു്

വട്ടമേശസമ്മേളനം കഴിഞ്ഞു് ഇന്ത്യയിൽ മടങ്ങിയെ ത്തിയ മഹാത്മാഗാന്ധിയെ 1932 ജനുവരി 4-ാം തീയതി അറ സ്റ്റു് ചെയ്തു് യർവ്വാദാ ജയിലിൽ അടച്ചു. അതേത്തുടർന്നു് ഇന്ത്യ യൊട്ടാകെ അനേകായിരം സമുന്നത കോൺഗ്രസ് നേതാക്കളും വിചാരണ കൂടാതെ തുറുങ്കിലടയ്ക്കപ്പെട്ടു. കോൺഗ്രസ്സും ബന്ധ പ്പെട്ട സംഘടനകളും നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടു. ഓർഡിനൻസുകളിലൂടെയുള്ള ഒരു മർദ്ദനഭരണമാണു് പിന്നീടു് ഇവിടെ നടന്നതു്. ഒരു ലക്ഷത്തിലധികംപേർ ജയിൽവാസം വരിച്ചു.

സത്യഗ്രഹം തുടരുന്നു

ഈ അവസ്ഥയിലും ഗുരുവായൂർ സത്യഗ്രഹം നിർവ്വിഘ്നം നടന്നു. സത്യഗ്രഹികൾ ദേശീയസമരത്തിൽ പങ്കെടുക്കുക യല്ല, ഗുരുവായൂരെ സത്യഗ്രഹം തുടർന്നുകൊണ്ടുപോവുകയാ

ണ്ട വേണ്ടതെന്നു് ഗാന്ധിജി അവരെ ഉപദേശിച്ചിരുന്നു. ഗാന്ധിജിയുടെ നിർദേശപ്രകാരം ഈ സന്ദർഭത്തിൽ സത്യ ഗ്രഹത്തിൻെറ ചുമതല കോൺഗ്രസ് കമ്മററിയിൽനിന്നു വേർപെടുത്തി, കേളപ്പൻെറ നേതൃത്വത്തിലുള്ള ഒരു പ്രത്യേക കമ്മററിയെ ഏല്പിക്കുകയുംചെയ്തു.

അയിത്തജാതിക്കാർക്കു് ഗുരുവായൂർ ക്ഷേത്രത്തിൽ പ്രവേശനം അനുവദിച്ചുകൊണ്ടു്, കേരളത്തിലെ ഹിന്ദുജനതയുടെ ഹൃദയങ്ങളിൽ ചക്രവർത്തിയായി വാഴാനുള്ള സുവർണാവസരം വിനിയോഗിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു്, ജനുവരി 27–ാംതീയതി ഗുരുവായൂർ ക്ഷേത്രത്തിൻെറ ചുമതലക്കാരനായ കോഴിക്കോട്ടു സാമൂതിരിപ്പാടിനു നൽകിയ ഹൃദയസ്പർശിയായ പ്രത്യക്ഷപത്രത്തിനു് യാതൊരു പ്രതികരണവുമുണ്ടായില്ല.

1932 സെപ്റ്റംബർ 12–ാം തീയതി ബ്രിട്ടീഷ് പ്രധാന മന്ത്രിയായ മാക്ഡൊണാൾഡിൻെറ കുപ്രസിദ്ധമായ 'വർഗീയവിധി' (കമ്യൂണൽ അവാർഡ്)യെ പ്രതിഷേധിച്ചു് മഹാത്മാഗാന്ധി മരണംവരെ ഉപവസിക്കാനുള്ള തീരുമാനം പ്രഖ്യാപിച്ചു. ഹരിജനങ്ങൾക്കു് പ്രത്യേക നിയോജകമണ്ഡലങ്ങൾ ആകാമെന്നായിരുന്നു ആ വിധിയുടെ സാരം. ഗാന്ധിജിയുടെ ഉപവാസവാർത്ത പത്രങ്ങളിൽ വന്നപ്പോൾ ഗുരുവായൂരിലെ ക്ഷേത്രപ്രവേശനത്തിനായി മരണംവരെ ഉപവസിക്കാനുള്ള തീരുമാനം കേളപ്പനും പ്രഖ്യാപിച്ചു.

കേളപ്പൻെറ പ്രഖ്യാപനം

കേളപ്പൻെറ ഈ പ്രഖ്യാപനം വലിയ ഒരു ഞെട്ടലാണുണ്ടാക്കിയതു്. തൽക്കാലം ഉപവാസം തുടങ്ങരുതെന്നു് മാളവ്യജി തുടങ്ങിയ പല നേതാക്കന്മാരും ഉപദേശിച്ചെങ്കിലും കേളപ്പൻ തൻെറ തീരുമാനത്തിൽത്തന്നെ ഉറച്ചുനിന്നു. തൻെറ പ്രവൃത്തിയെ അദ്ദേഹം സാധൂകരിച്ചതു് ഇങ്ങനെയായിരുന്നു: ''പല സ്ഥലങ്ങളിലും ഇത്രയും പൗരാണികമായ പല ക്ഷേത്രങ്ങളും തുറന്നുകൊടുത്തുകഴിഞ്ഞു. ഗുരുവായൂർ ക്ഷേത്രം തുറന്നുകൊടുപ്പിക്കുവാനുള്ള ശ്രമം ആരംഭിച്ചിട്ടു് 10 മാസമായെങ്കിലും ആ സുദിനം ഇന്നും വിദൂരമായിത്തന്നെയിരിക്കുന്നു. മഹാത്മജിയുടെ തപസ്സിൻെറ സഹായമുള്ള ഈ അവസരത്തിൽ അതു സാധിക്കാത്തപക്ഷം, അടുത്തെങ്ങും അതു സാധിക്കുന്ന കാര്യം പ്രയാസമാണു്. പുലയരാദി അധഃകൃതരോടു് നാം

ഇതുവരെ കാണിച്ചുപോന്ന കടുംകൈകകളോർക്കുന്നതായാൽ, ഈ അക്രമങ്ങളെ അവസാനിപ്പിക്കുവാൻ എത്രതന്നെ ജീവൻ ബലികഴിക്കേണ്ടിവന്നാലും അധികമാവുകയില്ല. മർദ്ദിതരും മർദ്ദിക്കുന്നവരും (ഇരുക്കൂട്ടരും) മനുഷ്യരാവുന്നതിനു് ഈ അനീതി അവസാനിപ്പിക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നു. ഞാൻ ചെയ്യുന്നതു് എന്റെ കർത്തവ്യമാണെന്നും ഈ അവസരം ഞാൻ പാഴാക്കുന്നതു് അക്ഷന്തവ്യമാണെന്നും എനിക്കു പൂർണ വിശ്വാസമുള്ളതുകൊണ്ടു്, ഇതു് അപരാധമാണെങ്കിൽ ക്ഷമിക്കണേ എന്നു് നേതാക്കന്മാരോടും സുഹൃത്തുക്കളോടും പൊതുജനങ്ങളോടും പ്രാത്ഥിച്ചുകൊണ്ടു് ഞാൻ നിരാഹാരവ്രതം ആരംഭിക്കുന്നു.''

ഉപവാസത്തിന്റെ തലേദിവസം ഗുരുവായൂർ ആൽത്തറയ്ക്കൽ കൂടിയ മഹായോഗത്തിൽ കേളപ്പൻ ചെയ്ത പ്രഖ്യാപനം, കേരളജനതയുടെ മനസ്സാക്ഷിയെ കിടിലംകൊള്ളിക്കുന്നതായിരുന്നു. ആ വാക്കുകൾ ഇങ്ങനെയായിരുന്നു:

''അധഃകൃതർക്കുവേണ്ടി എനിക്കു മരിക്കുവാൻ കഴിയുന്നുവെങ്കിൽ എന്റെ ജീവിതസാധ്യം വന്നുകഴിഞ്ഞു എന്നു ഞാൻ സമാധാനിക്കും. അവരുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിച്ചിരുന്നു പ്രവർത്തിക്കുവാൻ കഴിയാത്ത കാര്യങ്ങൾ മരണത്തിൽക്കൂടി സാധിക്കുകയാണെങ്കിൽ ഞാൻ കൃതാത്ഥനാണു്.''

കണ്ണുനീരൊഴുക്കിക്കൊണ്ടാണു് ജനങ്ങൾ ഈ വാക്കുകൾ കേട്ടതു്.

ഉപവാസത്തിന്റെ തുടക്കം

സെപ്തംബർ 20–ാം തീയതി ഗാന്ധിജി ഉപവാസമാരംഭിച്ചു. പിറേറ ദിവസം കേളപ്പനും ഗുരുവായൂർ കിഴക്കേ നടയിൽ ഉപവാസമാരംഭിച്ചു. രാവിലെ ആറര മണിക്കു് സത്യഗ്രഹികളുടെ ഒരു സംഘവുമൊത്തു് കേളപ്പൻ ''ഒന്നുകിൽ വിജയം, അല്ലെങ്കിൽ മരണം'' എന്ന ദൃഢപ്രതിജ്ഞയോടുകൂടി ക്ഷേത്രനടയിലേക്കു് ഉപവാസത്തിനായി പോകുമ്പോൾ, അതു കാണാൻ ദുഃഖാർത്തരായ ജനങ്ങൾ വഴിയിൽ കൂട്ടംകൂടി നിന്നിരുന്നു.

വെയിലും മഴയും മഞ്ഞുമേററു് രാവും പകലും അദ്ദേഹം കിഴക്കേ നടയിൽ ഇരുന്നു. ഈ ഉഗ്രതപസ്സ് പത്തു ദിവസം പൂർത്തിയാക്കിയിട്ടും ക്ഷേത്രാധികാരികളിൽ അതു് യാതൊരു

ചാഞ്ചല്യവുമുണ്ടാക്കിയില്ല. ഉപവാസം ആപത്മേഖലയിലേക്ക കടന്നു എന്ന വാർത്ത ഇന്ത്യയിലെങ്ങും ഉത്കണ്ഠയുളവാക്കി. ഉപവാസം എങ്ങനെ അവസാനിപ്പിക്കണമെന്നതിനെപ്പററിയുള്ള ചർച്ചകളായി എവിടെയും. ക്ഷേത്രം ഉടൻ തുറന്നുകൊടുത്തു് കേളപ്പന്റെ ജീവൻ രക്ഷിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു്, ഇന്ത്യയുടെ നാനാഭാഗത്തുനിന്നും നിരവധി കമ്പിസന്ദേശങ്ങൾ സാമൂതിരിപ്പാടിനു ലഭിച്ചുകൊണ്ടിരുന്നു. പതിനായിരത്തോളം സവർണഹിന്ദുക്കൾ ഗുരുവായൂരിൽ സമ്മേളിച്ചു് അയിത്തജാതിക്കാർക്കു് ക്ഷേത്രം തുറന്നുകൊടുക്കണമെന്നാവശ്യപ്പെടുന്ന പ്രമേയം പാസ്സാക്കി. ഇതിനിടയിൽ വി. ടി. ഭട്ടതിരിപ്പാടു്, കെ എ. ദാമോദരമേനോൻ എന്നിവരുൾപ്പടെ, ഇരുപത്തിയഞ്ചുപേർ ക്ഷേത്രം അയിത്തജാതിക്കാർക്ക തുറന്നുകൊടുക്കാനാവശ്യപ്പെട്ടുകൊണ്ടു് ക്ഷേത്രത്തിനുള്ളിൽ നിരാഹാര സത്യഗ്രഹമാരംഭിച്ചു.

ഉപവാസം നിർത്താൻ ഗാന്ധിജിയുടെ നിർദേശം ഉപവാസ സമാപനം

അവസ്ഥകൾ ഇത്രത്തോളമെത്തിയപ്പോഴാണു് ഉപവാസം നിർത്തിവയ്ക്കാൻ ഗാന്ധിജി കേളപ്പനെ ഉപദേശിച്ചതു്. ഉപവാസം അവസാനിപ്പിക്കമ്പോൾ മൂന്നു മാസത്തിനുള്ളിൽ അധഃകൃതർക്കു് ക്ഷേത്രം തുറന്നുകൊടുക്കാത്തപക്ഷം ഗാന്ധിജിയുടെ അനുമതിയോടുകൂടി വീണ്ടും ഉപവാസം തുടങ്ങുമെന്നു്, ക്ഷേത്രഭാരവാഹികളെ അറിയിക്കാനും ഗാന്ധിജി കേളപ്പനു നൽകിയ സന്ദേശത്തിൽ നിർദേശിച്ചിരുന്നു. ഈ സന്ദേശത്തെ ആദരിച്ചു് ഒക്ടോ. 2—ാംതീയതി രാവിലെ കേളപ്പൻ ഉപവാസം അവസാനിപ്പിച്ചു. സത്യഗ്രഹം അവസാനിച്ചിട്ടില്ലെന്നും തത്കാലത്തേക്ക നിർത്തിവയ്ക്കുകയാണെന്നും തദവസരത്തിൽ അദ്ദേഹം പ്രസ്താവിക്കയുംചെയ്തു. കേളപ്പന്റെ ഉപവാസത്തിനു കാലമായിട്ടില്ലെന്നു തനിക്ക തോന്നുകയാലും, നിർബന്ധത്തിന്റെ ഒരു നേരിയ ലാഞ്ഛന അതിലെവിടെയോ ഉണ്ടെന്നു സംശയം ജനിക്കയാലുമാണു് ഉപവാസം അവസാനിപ്പിക്കാൻ കേളപ്പനെ ഉപദേശിച്ചതെന്നു പിന്നീടു് ഗാന്ധിജി വ്യക്തമാക്കുകയുണ്ടായി. കേളപ്പൻ ഉപവാസം നിർത്തിയ വിവരമറിഞ്ഞപ്പോൾ, മൂന്നു മാസത്തിനിടയിൽ ഫലപ്രാപ്തിയിലെത്താത്തപക്ഷം, ഗുരുവായൂർ

ക്ഷേത്രപ്രവേശനത്തിനായി താൻ ഉപവാസം തുടങ്ങുമെന്നുകൂടി ഗാന്ധിജി പ്രഖ്യാപിച്ചു. ഇതു് ഗുരുവായൂർ ക്ഷേത്രപ്രവേശന സത്യഗ്രഹവുമായി ബന്ധപ്പെട്ടവർക്കെല്ലാം വലിയ ഉത്കണ്ഠയ്ക്കും വേദനയ്ക്കും ഇടയാക്കിത്തീർത്തു. ഗുരുവായൂർ ക്ഷേത്രം സ്ഥിതിചെയ്യുന്ന പൊന്നാനിത്താലൂക്കിൽ, ഗാന്ധിജി നിർദേശിച്ച പ്രകാരം, ഒരു ജനഹിത പരിശോധന, എ. കെ. ഗോപാലന്റെ നേതൃത്വത്തിൽ നടന്നു. സത്യഗ്രഹികളുടെ കേരള വ്യാപകമായ പ്രചാരണവും ഇതോടൊപ്പം ഉണ്ടായി.

മൂന്നുമാസം കഴിഞ്ഞപ്പോൾ ഗാന്ധിജി പ്രതിജ്ഞ ചെയ്തിരുന്ന ഉപവാസം ഭാഗ്യവശാൽ നടന്നില്ല. അന്നു് യർവാദാ ജയിലിലായിരുന്ന ഗാന്ധിജിയെ കേളപ്പൻ, മാധവൻ നായർ തുടങ്ങിയ നേതാക്കൾ സന്ദർശിച്ചു് മദിരാശി നിയമസഭയിൽ ക്ഷേത്രപ്രവേശനത്തിനായി ഡോ. സുബ്ബരായൻ ഒരു ബിൽ അവതരിപ്പിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്ന കാര്യം ഓർമപ്പെടുത്തി. ബില്ലിന്റെ ഗതി എന്താണെന്നറിയുംവരെ ഉപവാസം മാററിവയ്ക്കണമെന്നുള്ള അവരുടെ ഉപദേശം ഗാന്ധിജി സ്വീകരിച്ചു.

സത്യഗ്രഹം നിർത്തിവയ്ക്കുന്നു

ഡോ. സുബ്ബരായന്റെ ബിൽ കൗൺസിലിൽ അവതരിപ്പിക്കുന്നതിനു്, വൈസ്രോയി അനുമതി നിഷേധിക്കയാണുണ്ടായതു്. അങ്ങനെ അദ്ദേഹത്തിന്റെ ഉദ്യമം നിഷ്ഫലമായി കലാശിച്ചെങ്കിലും ഗുരുവായൂർ ക്ഷേത്രപ്രവേശന സത്യഗ്രഹത്തിന്റെ സമാപനത്തിനു് ഇതു് കാരണമായി ഭവിച്ചു. സത്യഗ്രഹമാരംഭിച്ചു് 15 മാസമായപ്പോൾ (1933 ഫെബ്രു. 4) സത്യഗ്രഹക്യാമ്പു പിരിച്ചുവിട്ടു. എന്നാൽ, സത്യഗ്രഹക്കമ്മററി പിരിച്ചുവിടുകയുണ്ടായില്ല.

ഗുരുവായൂർ സത്യഗ്രഹം അധഃകൃതർക്കു് ആ ക്ഷേത്രത്തിൽ പ്രവേശനം ലഭിക്കുകയെന്ന പ്രത്യേക ലക്ഷ്യം നേടാത്ത നിലയിൽ അവസാനിപ്പിക്കേണ്ടിവന്നുവെങ്കിലും ആ പ്രത്യക്ഷ നേട്ടത്തെക്കാൾ, അയിത്തോച്ചാടനത്തിനും ക്ഷേത്രപ്രവേശനത്തിനും അനുകൂലമായി എത്രയോ വലിയ ചലനവും ശക്തിയുമാണു് ഭാരതമെങ്ങും ജനഹൃദയങ്ങളിൽ വളർത്തിയെടുക്കാൻ ആ സത്യഗ്രഹത്തിനു കഴിഞ്ഞതെന്ന വസ്തുത ഒരിക്കലും വിസ്മരിക്കാവതല്ല.

9. സമർത്ഥനായ ഭരണാധികാരി

1937–ലെ നിയമസഭാ തിരഞ്ഞെടുപ്പുകളെത്തുടർന്നു മലബാർ ഡിസ്ട്രിക്റ്റ് ബോർഡിലേക്കുള്ള തിരഞ്ഞെടുപ്പും വന്നെത്തി. സ്വയംഭരണസ്ഥാപനമെന്ന നിലയിൽ, ഡിസ്ട്രിക്റ്റ് ബോർഡിന്റെ ഭരണം ജനകീയപ്രസ്ഥാനമായ കോൺഗ്രസ്തന്നെ നേടിയെടുക്കണമെന്നു തീരുമാനിക്കുകയും തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ കോൺഗ്രസ് സ്ഥാനാർത്ഥികളെ നിർത്തുകയുംചെയ്തു. ഈ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥികളുടെ വിജയത്തിനുവേണ്ടി കേളപ്പൻ നടത്തിയ ശക്തിയായ പ്രചാരവേല അഭിമാനകരമായ നേട്ടമാണ് കൈവരിച്ചത്. ആകെയുണ്ടായിരുന്ന 52 സ്ഥാനങ്ങളിൽ കോൺഗ്രസ് മത്സരിച്ച 46 സ്ഥാനങ്ങളിൽ 37 സ്ഥാനങ്ങളിലും കോൺഗ്രസ്സിനു വിജയം നേടാൻ കഴിഞ്ഞു. തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ ഉദ്ദേശ്യമില്ലെന്നു് കേളപ്പൻ വ്യക്തമാക്കിയിരുന്നുവെങ്കിലും സുഹൃത്തുക്കളുടെ നിർബന്ധത്തിനു വഴങ്ങി, കൊയിലാണ്ടിയിൽനിന്നു് അദ്ദേഹം ഒടുവിൽ നാമനിർദേശപത്രിക സമർപ്പിക്കയും എതിരില്ലാതെ തിരഞ്ഞെടുക്കപ്പെടുകയുംചെയ്തു.

ഡിസ്ട്രിക്റ്റ് ബോഡ് പ്രസിഡണ്ടാകേണ്ടതു് ഭൂരിപക്ഷമുള്ള കോൺഗ്രസ് വിഭാഗത്തിൽനിന്നൊരാളായിരിക്കുമെന്നു വ്യക്തമായിരുന്നു. മലബാർ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ ഡിസ്ട്രിക്റ്റ് ബോർഡ് മെംബർമാരുടെ യോഗം കേളപ്പനെ പ്രസിഡണ്ടായി ഐകകണ്ഠ്യേന തിരഞ്ഞെടുക്കുകയുംചെയ്തു.

അന്നോളം പ്രക്ഷോഭണകാരിയും സമരനേതാവുമായി കഴിഞ്ഞിരുന്ന കേളപ്പൻ ഒരു ഭരണാധികാരിയായി വേണ്ടത്ര ശോഭിക്കുമോ എന്നു് അദ്ദേഹത്തിന്റെ സുഹൃത്തുക്കാം പലരും ശങ്കിച്ചിരുന്നു. എന്നാൽ, അവരെയെല്ലാം അത്ഭുതപ്പെടുത്തുമാറു് ശക്തവും നിഷ്പക്ഷവും നീതിനിഷ്ഠവുമായ ഒരു ഡിസ്ട്രിക്റ്റ് ബോർഡ് ഭരണത്തിന്റെ തുടക്കം കുറിക്കാൻ അദ്ദേഹത്തിനു് ഒരു പ്രയാസവും ഉണ്ടായിരുന്നില്ല. ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിലുള്ള ഒരു പ്രധാന വകുപ്പായിരുന്നു

വിദ്യാഭ്യാസവകുപ്പ്. തീരെ നിരുത്തരവാദപരമായി കൈകാര്യം ചെയ്യപ്പെട്ട്, കുത്തഴിഞ്ഞ മട്ടിൽ കിടന്ന ആ വകുപ്പ് സമർത്ഥമായ രീതിയിൽ അദ്ദേഹം പുനഃസംഘടിപ്പിച്ചു. ഗവണ്മെൻറിൻെറ വിദ്യാഭ്യാസവകുപ്പിൽ സേവനമനുഷ്ഠിച്ച് ഭരണസാമർത്ഥ്യത്തിനു പേരെടുത്ത ഒരുദ്യോഗസ്ഥനെ അദ്ദേഹം സ്പെഷ്യൽ എഡ്യുക്കേഷനോഫീസറായി നിയമിച്ചു. വിദ്യാഭ്യാസവകുപ്പ് ശുദ്ധവും കാര്യക്ഷമവുമായി പ്രവർത്തിക്കാൻ ഈ ഉദ്യോഗസ്ഥൻെറ സേവനം വളരെ പ്രയോജനപ്പെട്ടു. വിദ്യാലയങ്ങളുടെ പ്രവർത്തനരീതി നേരിട്ടു മനസ്സിലാക്കുവാൻ പ്രസിഡണ്ടുതന്നെ വിദ്യാലയങ്ങൾ സന്ദർശിച്ചുതുടങ്ങി. കേളപ്പൻെറ ഈദൃശപ്രവർത്തനങ്ങൾ ബോർഡിൻെറ കീഴിലുള്ള വിദ്യാലയങ്ങളെ മാതൃകാവിദ്യാലയങ്ങളാക്കി മാററുന്നതിൽ ഗണ്യമായി സഹായിച്ചു. ജോലിയിൽ അനാസ്ഥ കാണിക്കുന്നവർക്കും അഴിമതിക്കാർക്കും ശുപാർശക്കാർക്കും കേളപ്പനിൽനിന്നു യാതൊരു സൗജന്യവും പ്രതീക്ഷിക്കാമായിരുന്നില്ല. അദ്ദേഹത്തിൻെറ നിദ്ദാക്ഷിണ്യമായ പ്രവൃത്തിയും പെരുമാററവും അല്പനാളുകൾക്കുള്ളിൽത്തന്നെ പല ശത്രുക്കളെയും സൃഷ്ടിച്ചു എന്നതും വിസ്മരിക്കാവുന്നതല്ല.

ഡിസ്ട്രിക്റ്റ് ബോഡിൻെറ ഭരണച്ചുമതലയിൽപ്പെട്ട ആരോഗ്യവകുപ്പിലും പണ്ടെങ്ങും കണ്ടിട്ടില്ലാത്തവിധം കാര്യക്ഷമത പുലർത്താൻ അദ്ദേഹത്തിൻെറ ഭരണത്തിനു കഴിഞ്ഞു. ആശുപത്രികൾ നവീനരീതിയിൽ പ്രവർത്തിപ്പിക്കാനും അവ സാധാരണക്കാർക്കു വേണ്ടിയുള്ളതാണെന്ന് അനുഭവപ്പെടുത്താനും കഴിഞ്ഞു.

ജില്ലയുടെ ഗതാഗതസൗകര്യവും ജില്ലാ ബോർഡിൻെറ ചുമതലയായിരുന്നു. ജില്ലയിലെ ഗ്രാമീണറോഡുകൾ സഞ്ചാരത്തിന് തീരെ അപര്യാപ്തമായിരുന്നു. സാമ്പത്തിക പരാധീനതകൊണ്ട് ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലാക്കിയിരുന്നു. അതിനൊരു പരിഹാരമെന്ന നിലയിൽ അതതു സ്ഥലത്തെ ജനങ്ങളുടെ സംഘടിത ശ്രമദാനത്തെ കേളപ്പൻ ആശ്രയിക്കുകയാണുണ്ടായത്. കേളപ്പൻെറ ആഹ്വാനമനുസരിച്ച് പല ദിക്കിലും ജനങ്ങൾ സംഘടിച്ച് റോഡ് നിർമാണത്തിനിറങ്ങി. അവരുടെ മുന്നിൽ കൈക്കോട്ടുമായി ഇറങ്ങിയതു് അവരുടെ ബോർഡ്

പ്രസിഡണ്ടുതന്നെയായിരുന്നു എന്നതു് അവർക്കു് ആവേശം നൽകി.

മലബാർ ജില്ലയിലെ മുഖ്യ ഹൈവേയിലെ പ്രധാനപ്പെട്ട രണ്ടു പാലങ്ങൾ—മുറാട്ടുപാലവും കോരപ്പുഴപാലവും—പണി കഴിപ്പിച്ചതു് ഇക്കാലത്താണു്. പണമില്ലാത്ത കാരണത്താൽ അന്നോളം ആലോചനയിൽ മാത്രം കഴിഞ്ഞിരുന്ന ഈ രണ്ടു പാലങ്ങളുടെ പണി, മദിരാശി ഗവണ്മെൻറുമായി നിരന്തരം എഴുത്തുകുത്തുകൾ നടത്തി നാഷണൽ ഡവലപ്മെൻറ് ബോർഡിൽനിന്നു് ആവശ്യമായ പണം അനുവദിപ്പിച്ചു്, നടപ്പിൽവരുത്താനിടയായതു് കേളപ്പൻെറ ശ്രമഫലമായിട്ടായിരുന്നു. വടക്കേമലബാറിലെ ജനങ്ങളുടെ ഗതാഗതസൗകര്യത്തിനു് ഇതിനെക്കാൾ വലിയൊരനുഗ്രഹമുണ്ടാകാനില്ലായിരുന്നു.

1937 മെയ് 30–ാം തീയതി മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട കേളപ്പൻ 1940 ഫെബ്രുവരി ഒന്നാം തീയതിയാണു് ആ ജോലിയിൽ നിന്നു വിരമിച്ചതു്. സമർത്ഥവും സത്യസന്ധവുമായ ആ ജനസേവനചരിത്രത്തെ കരിതേച്ചു കാണിക്കാൻ എതിരാളികൾ ബോധപൂർവം പ്രയോഗിച്ച അപവാദങ്ങളുടെ ''ഉണ്ടയില്ലാ വെടികൾ'' കേളപ്പനെ നന്നായി അറിയാവുന്ന മലബാറിലെ ജനങ്ങൾ തള്ളിക്കളയുകയാണുചെയ്തതെങ്കിലും തരിമ്പും പരമാർത്ഥമില്ലാത്ത ചില അഴിമതിയാരോപണങ്ങളുടെ പിന്നിലെ ദൗഷ്ട്യവും സ്നേഹശൂന്യതയും ആ വലിയ മനുഷ്യനെപ്പോലും വേദനിപ്പിക്കാതിരുന്നില്ല. പ്രസിഡണ്ടുസ്ഥാനത്തു നിന്നു വിരമിക്കുന്നതിനു് അല്പംമുമ്പു് ഈ അപവാദാരോപണങ്ങളെപ്പററിയും തൻെറ നിരപരാധിത്വത്തെപ്പററിയും അദ്ദേഹം ചെയ്ത ദീർഘമായ ഒരു പ്രസ്താവന ആ വ്യക്തിമഹത്വത്തെ വിളിച്ചറിയിക്കുന്നതായിരുന്നു.

10. കോൺഗ്രസ്സിലെ ചേരിപ്പോരു്

1935മുതൽ മലബാറിലെ കോൺഗ്രസ്സിനുള്ളിൽ വളർന്നു വന്ന ചേരിതിരിവുകളത്രയും നിർഭാഗ്യകരമായ അവസ്ഥകളാണു് സൃഷ്ടിച്ചതു്. മഹാത്മജിയുടെ ആദർശങ്ങളിൽ അടിയുറച്ചു വിശ്വസിച്ച ഒരു വിഭാഗം, കമ്മ്യൂണിസത്തോടും റഷ്യയിലുണ്ടായ പരിവർത്തനങ്ങളോടും ആത്മാർത്ഥമായ കൂറുള്ള ഇടതുപക്ഷം, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ നേതൃത്വത്തിലുള്ള ദേശീയ മുസ്ലിങ്ങൾ എന്നിങ്ങനെ മൂന്നു ഭിന്ന ശക്തികളാണു് അക്കാലത്തു് കോൺഗ്രസ്സിൽ ഉണ്ടായിരുന്നതു്. കോൺഗ്രസ്സിനുള്ളിലും പൊതുവേ ജനങ്ങൾക്കിടയിലും കേളപ്പനുണ്ടായിരുന്ന വർദ്ധമാനമായ സ്വാധീനം, തങ്ങളുടെ പ്രവർത്തനത്തിന്റെ സ്വച്ഛന്ദമായ ഗതിക്കു് തടസ്സമാണെന്നു തോന്നിയ വിഭാഗങ്ങൾ യോജിച്ചാണു് പ്രവർത്തിച്ചിരുന്നതു്. കോൺഗ്രസ്സിൽ ഗാന്ധിപക്ഷക്കാരുടെ സ്വാധീനംതന്നെ പൊതുവേ കുറയ്ക്കണമെന്നഭിപ്രായമുണ്ടായിരുന്ന ഇവരുടെ യോജിച്ചുള്ള ശ്രമഫലമായി, കെ. പി. സി. സി.യിൽ അവരുടെ സ്വാധീനം ക്രമേണ ശക്തിപ്പെട്ടുവന്നിരുന്നു. 1938 ജനുവരിയിൽ, കേളപ്പന്റെയും ഗാന്ധിപക്ഷക്കാരുടെയും നേതൃത്വത്തിൽ അസഹിഷ്ണുതയുള്ളവർ ചേർന്നു് മുഹമ്മദ് അബ്ദുറഹ്മാൻ പ്രസിഡണ്ടായും, ഇ. എം. എസ് നമ്പൂതിരിപ്പാടു് ജനറൽ സെക്രട്ടറിയായും, പി. നാരായണൻനായർ ഖജാൻജിയായും, പി. കൃഷ്ണപിള്ള, എ. കെ. ഗോപാലൻ തുടങ്ങിയവർ അംഗങ്ങളായും ഉള്ള കെ. പി. സി. സിക്കു് രൂപം കൊടുത്തതോടെ ഗാന്ധിപക്ഷവും എതിർപക്ഷവും തമ്മിലുള്ള ഭിന്നിപ്പു് കേരളത്തിലെ കോൺഗ്രസ്സിൽ രൂക്ഷമായിത്തീർന്നു. ഈ തിരഞ്ഞെടുപ്പിൽ കേളപ്പൻ, കോങ്ങാട്ടിൽ രാമൻമേനോൻ, കെ. എ. ദാമോദരമേനോൻ, കെ. മാധവമേനോൻ, എ. വി. കുട്ടിമാളുഅമ്മ തുടങ്ങി കോൺഗ്രസ്സിലെ തലയെടുപ്പുള്ള നേതാക്കളെ അകററിനിർത്തിക്കൊണ്ടു് കെ. പി. സി. സി. കയ്യടക്കിയ ഈ എതിർസംഘം, കോൺഗ്രസ്സിലെ ഇടതുപക്ഷമെന്നാണു് വിശേഷിപ്പിക്കപ്പെട്ടിരുന്നതു്. കോൺഗ്രസ് സോഷ്യലിസ്റ്റു് പാർട്ടിയുടെ കേരളഘടകമെന്നു് അവർ

സ്വയം അവകാശപ്പെട്ടിരുന്നെങ്കിലും ഈ ഗ്രൂപ്പു രൂപീകരിച്ചതിന്റെ പിന്നിൽ, അഖിലേന്ത്യാ തലത്തിലെന്നപോലെ ഇടതുപക്ഷചിന്താഗതിക്കാരുടെ ഒരു വിഭാഗം കേരളത്തിലും ഉണ്ടാക്കാനുള്ള കേവലമായ വിചാരമായിരുന്നില്ല. കോൺഗ്രസ്സിനുള്ളിൽ ഈ കക്ഷിയുണ്ടാക്കാൻ നേതൃത്വം നൽകിയതു് ഇ.എം.എസ്. നമ്പൂതിരിപ്പാടു്, പി.കൃഷ്ണപിള്ള, പി.നാരായണൻനായർ തുടങ്ങി പിൽക്കാലത്തു യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരായിത്തന്നെ പ്രത്യക്ഷപ്പെട്ട ചില പ്രധാന വ്യക്തികളായിരുന്നു. അവർ അന്നേ കമ്മ്യൂണിസ്റ്റുകാരും റഷ്യയിലുണ്ടായ പരിവർത്തനങ്ങളോടു് കൂറുള്ളവരുമായിരുന്നു. ആ വസ്തുത മറച്ചുവച്ചു്, കോൺഗ്രസ്സുകാരും സോഷ്യലിസ്റ്റുകാരുമായി പ്രവർത്തിക്കുകയായിരുന്നു അവർ.

മലബാറിൽ ഗാന്ധിജിയുടെയും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെയും പേരിൽ കഠിനത്യാഗങ്ങളനുഷ്ഠിച്ചു്, അഹിംസാത്മകസമരത്തിന്റെ ശക്തിയിൽ കേരളത്തെ അഭിമാനത്തിന്റെ പുളകമണിയിച്ച അനേകം കോൺഗ്രസ്സുകാർ, ഈ കോൺഗ്രസ് ''വിരുദ്ധ''ന്മാരുടെ കോൺഗ്രസ്സിലേക്കുള്ള കടന്നുകയററം ഒരു ആപത്തായിത്തന്നെ കണ്ടറിഞ്ഞു. ദേശീയൈക്യത്തെയും അഹിംസാത്മകജനശക്തിയെയും നശിപ്പിക്കുന്ന ഒരു വിരുദ്ധപ്രസ്ഥാനമെന്ന നിലയിൽ അതിനെ എതിർത്തു പരാജയപ്പെടുത്താനുള്ള ദൃഢപ്രതിജ്ഞയോടുകൂടി അവർ ഗാന്ധിസേവാസംഘമെന്ന പേരിൽ ഒരു സംഘമായി പ്രവർത്തിക്കാൻ തീരുമാനിച്ചു. ഈ സംഘത്തിന്റെ നേതാവു് കേളപ്പനായിരുന്നു.

കോൺഗ്രസ്സിന്റെ അഹിംസാതത്ത്വത്തിനും ദേശീയൈക്യത്തിനും ഗാന്ധിജിയുടെ നേതൃത്വത്തിനുമെതിരെ നിലയുറപ്പിച്ചിരുന്ന കമ്മ്യൂണിസ്റ്റ് സിദ്ധാന്തക്കാരായ കോൺഗ്രസ്സുകാർക്കെതിരെ ജനങ്ങളെ ജാഗ്രതപ്പെടുത്താനും കോൺഗ്രസ്സിനെ അവരുടെ പിടിയിൽനിന്നു മോചിപ്പിക്കാനുമായിട്ടാണു് കേളപ്പന്റെ നേതൃത്വത്തിൽ ഗാന്ധി സേവാസംഘം രംഗത്തിറങ്ങിയതു്. ഒരു ധർമ്മയോദ്ധാവിന്റെ നിലയിൽ കേളപ്പൻ അന്നു് നാടെങ്ങും സഞ്ചരിച്ചു നടത്തിയ ഉദ്ബോധനങ്ങളും സംഘടനാപ്രവർത്തനങ്ങളും അന്നോളമുള്ള അദ്ദേഹത്തിന്റെ ദേശീയ സേവന ചരിത്രത്തിൽ ഉജ്ജ്വലമായ ഒരു അദ്ധ്യായ

മാണു് രചിച്ചതു്. അപവാദങ്ങൾ പ്രചരിപ്പിച്ചും അപഹസിച്ചും കേളപ്പനെ നിരുത്സാഹപ്പെടുത്താൻ എതിർപക്ഷക്കാർ അന്നു നടത്തിയ ശ്രമങ്ങൾ വളരെയായിരുന്നു. എങ്കിലും അതിലൊന്നും കുലുങ്ങാതെ ധർമ്മധീരതയോടെ അദ്ദേഹം മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. ഖാദി, കുടിൽ വ്യവസായം, ഹരിജനോദ്ധാരണം, ക്ഷേത്രപ്രവേശനം, സമുദായമൈത്രി, മദ്യവർജനം തുടങ്ങിയ പ്രവർത്തനങ്ങളിൽ ജനതയുടെ സഹകരണത്തിനായി അദ്ദേഹം നീട്ടിയ ഹസ്തങ്ങൾ എങ്ങും സ്വാഗതംചെയ്യപ്പെട്ടു.

വ്യക്തിസത്യഗ്രഹം

ഇതിനിടയിൽ 1940 സെപ്റ്റംബറിൽ കൂടിയ എ. ഐ. സി. സി. യോഗം ഗാന്ധിജിയുടെ നേതൃത്വത്തിൽ ബ്രിട്ടീഷ് ഗവണ്മെന്റിനെതിരെ വ്യക്തിസത്യഗ്രഹമാരംഭിക്കാൻ തീരുമാനിച്ചു. ഗാന്ധിജിയുടെ അനുമതി ലഭിക്കുന്നവർക്കു മാത്രമേ വ്യക്തിസത്യഗ്രഹം നടത്താൻ പാടുള്ളൂ എന്നായിരുന്നു വ്യവസ്ഥ. അഹിംസയുടെ പരീക്ഷണത്തിനു വേണ്ടത്ര സുശിക്ഷിതരെന്നു ബോധ്യപ്പെട്ടവർക്കു മാത്രമേ ഗാന്ധിജി അനുവാദം നൽകിയിരുന്നുള്ളു. ബ്രിട്ടീഷ് യുദ്ധയത്നങ്ങളോടു്, അസ്വാതന്ത്ര്യമായ ഭാരതത്തിന്റെ പ്രതിഷേധശബ്ദമാണു് ഈ സത്യഗ്രഹികൾ മുഴക്കിയതു്. ആദ്യത്തെ വ്യക്തിസത്യഗ്രഹി ആചാര്യ വിനോബാഭാവേ ആയിരുന്നു എന്നു പ്രസിദ്ധമാണല്ലോ? കേരളത്തിൽനിന്നുള്ള പത്തു വ്യക്തിസത്യഗ്രഹികളുടെ കൂട്ടത്തിൽ ഒന്നാമത്തെയാൾ കേളപ്പനായിരുന്നു. കേളപ്പനെ അറസ്റ്റ്ചെയ്തു് ഒരു കൊല്ലത്തെ കഠിനതടവിനു ശിക്ഷിച്ചു് ത്രിശ്ശിനാപ്പള്ളി ജയിലിൽ പാർപ്പിച്ചു. 1941 ഒക്ടോബർ 6–ാം തീയതിയാണു് അദ്ദേഹത്തെ മോചിപ്പിച്ചതു്.

1941 ജൂൺ 22–നു് ഹിററ്ലർ റഷ്യയെ ആക്രമിച്ചു. ജർമ്മൻ സൈന്യത്തിന്റെ റഷ്യയിലേക്കുള്ള തള്ളിക്കയററം അമ്പരപ്പിക്കുന്നതായിരുന്നു. ഈ സംഭവം ആംഗ്ലോ–അമേരിക്കൻ ചേരിയും റഷ്യയും തമ്മിൽ ചേർന്നു് ഒരു സഖ്യമുണ്ടാക്കാനിടയാക്കി. റഷ്യ ഐക്യകക്ഷികളോടു ചേർന്നപ്പോൾ, യുദ്ധത്തെ സംബന്ധിച്ചു് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാർ അതേവരെ സ്വീകരിച്ചിരുന്ന നിലപാടിൽ മാററം വരുത്തി. അതേവരെ അവർക്കു സാമ്രാജ്യത്വശക്തികളുടെ യുദ്ധ

മായിരുന്ന ലോകമഹായുദ്ധം ഇപ്പോൾ ജനകീയ യുദ്ധമായി മാറി. അതോടെ കേരളത്തിലെ കമ്മ്യൂണിസ്റ്റുകാർ കോൺഗ്രസ്സിൽനിന്നു പിരിയുകയും യുദ്ധത്തിൽ ബ്രിട്ടനെയും ബ്രിട്ടൻെറ യുദ്ധയത്നങ്ങളെയും സഹായിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന ഒരു ശക്തിയായി മാറുകയുംചെയ്തു.

1942 ആഗസ്റ്റ് ആദ്യവാരത്തിൽ പുതിയ കെ. പി. സി. സി.യിലേക്കുള്ള തിരഞ്ഞെടുപ്പു നടന്നു. അന്നു് പി. കെ. മൊയ്തീൻകുട്ടി ഹാജി പ്രസിഡണ്ടായും സി. കെ. ഗോവിന്ദൻ നായർ സെക്രട്ടറിയായും കെ. സി. നമ്പ്യാർ ഖജാൻജിയായും രൂപീകൃതമായ പുതിയ കെ. പി. സി. സി. ഗാന്ധിയന്മാരുടേതു മാത്രമായിരുന്നു.

11. ആഗസ്റ്റ് വിപ്ലവം

രണ്ടാം ലോകമഹായുദ്ധത്തിൻെറ മൂർദ്ധന്യഘട്ടത്തിൽ അച്ചുതണ്ടുശക്തികളിലൊന്നായ ജപ്പാൻെറ സൈന്യം റംഗൂൺ കൈവശപ്പെടുത്തി. ഇന്ത്യയുടെ കിഴക്കൻമേഖലയിൽ ശത്രുവിൻെറ മുന്നേററം പ്രത്യക്ഷഭീഷണിയായി വന്ന ഘട്ടത്തിൽ, ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യത്തിൻെറ കാര്യത്തിൽ അതേവരെ ഒട്ടും അനുകൂലഭാവമില്ലാതിരുന്ന ബ്രിട്ടനു് പെട്ടെന്നു് ഒരു മനംമാററമുണ്ടായി. ഇന്ത്യക്കൊരു പുതിയ ഭരണഘടന വാഗ്ദാനംചെയ്തുകൊണ്ടു്, ഇന്ത്യൻനേതാക്കളുമായി ചർച്ച നടത്താൻ സർ സ്റ്റാഫോർഡ് ക്രിപ്പ്സ് നിയോഗിക്കപ്പെട്ടതു് അപ്പോഴായിരുന്നു. സർ സ്റ്റാഫോർഡ് ക്രിപ്പ്സ് 1942 മാർച്ച് 23–നു് ഇന്ത്യയിലെത്തി. യുദ്ധം അവസാനിച്ചാലുടനെ ഒരു പുതിയ ഭരണഘടനാനിർമാണസഭ രൂപീകരിക്കുക, ആ സഭ നിർദേശിക്കുന്നപ്രകാരം ഏതാണ്ടു് ഡൊമിനിയൻപദവിയുള്ള ഒരു പുതിയ ഇന്ത്യായൂണിയൻ ഉണ്ടാവുക എന്നൊക്കെയുള്ളതായിരുന്നു ക്രിപ്പ്സ്, ഇന്ത്യൻ ദേശീയനേതാക്കളുടെ മുമ്പിൽ സമർപ്പിച്ച നിർദേശങ്ങൾ. എന്നാൽ, യുദ്ധകാലത്തു തന്നെ ഒരു താൽക്കാലിക ദേശീയ ഗവണ്മെൻറ് രൂപീകരിക്കണമെന്ന ബദൽനിർദേശമാണു് കോൺഗ്രസ്സിനു് നിർദേശിക്കാനുണ്ടായിരുന്നതു്. ക്രിപ്പ്സിൻെറ നിർദേശങ്ങൾ ഇന്ത്യൻ

ദേശീയ നേതാക്കരം നിരാകരിച്ചതുപോലെതന്നെ, കോൺഗ്രസ്സിൻെറ നിർദേശങ്ങരം ക്രിപ്പിനും അസ്വീകാര്യമായിവന്നു. അങ്ങനെ ക്രിപ്പ്ദൗത്യം പരാജയമടയുകയാണുണ്ടായതു്.

ഇനി കൂടിയാലോചനകളൊന്നും ആവശ്യമില്ലെന്നും ബ്രിട്ടൻ ഇന്ത്യ വിട്ടുപോകാൻ ഒരു ബഹുജനസമരംതന്നെയാണാവശ്യമെന്നുമുള്ള ഗാന്ധിജിയുടെ അഭിപ്രായം നേതാക്കരം സ്വീകരിച്ചു. 1942 ജൂലൈ 14—ാം തീയതി വാർദ്ധയിൽ കൂടിയ കോൺഗ്രസ് പ്രവർത്തകസമിതിയോഗം, 'ബ്രിട്ടൻ ഇന്ത്യ വിടുക' എന്നാവശ്യപ്പെട്ടുകൊണ്ടു് അക്രമരഹിതമായ സിവിൽ നിയമലംഘനം ആരംഭിക്കാൻ ആഹ്വാനംചെയ്തതോടെ, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൻെറ അന്ത്യഘട്ടം വിളംബരംചെയ്യപ്പെട്ടു. 'ബ്രിട്ടൻ ഇന്ത്യ വിടുക' എന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള ചരിത്രപ്രസിദ്ധമായ ആ പ്രമേയം 1942 ആഗസ്റ്റ് 7, 8 തീയതികളിൽ ബോംബെയിൽ കൂടിയ എ.ഐ.സി.സി. സമ്മേളനത്തിൽ ജവാഹർലാൽ നെഹ്റുവാണു് അവതരിപ്പിച്ചതു്. അതു് സഹർഷം സഭ പാസ്സാക്കി.

കോൺഗ്രസ്സിൻെറ ക്വിററിന്ത്യാസമരത്തെ ഉരുക്കുമുഷ്ടികൊണ്ടുതന്നെ നേരിടാൻ മുൻകൂട്ടി തീരുമാനിച്ചിരുന്ന ഗവണ്മെൻറ്, ക്വിററിന്ത്യാപ്രമേയം പാസ്സാക്കിയ ആഗസ്റ്റ് 8—ാം തീയതി രാത്രിതന്നെ ഗാന്ധിജിയെയും എല്ലാ കോൺഗ്രസ് നേതാക്കളെയും രാജ്യരക്ഷാനിയമപ്രകാരം അറസ്റ്റുചെയ്തു. ഇന്ത്യയൊട്ടുക്കു് ഏതാണ്ടു് ഒരേ സമയത്താണു് അറസ്റ്റുകരം നടന്നതു്. ഈ സംഭവം ജനങ്ങളെ ഉത്കണ്ഠാഭരിതരാക്കി. ആസേതുഹിമാചലം, ഗ്രാമംതോറും, നഗരംതോറും ഹർത്താലും പ്രതിഷേധയോഗങ്ങളും അറസ്റ്റുകളും മുറയ്ക്കാരംഭിച്ചു. ആവേശഭരിതരായ ജനങ്ങരം അനേകം സ്ഥലങ്ങളിൽ സ്വയം സംഘടിച്ചു് ഗവണ്മെൻറിൻെറ പ്രവർത്തനത്തെ പാടേ സ്തംഭിപ്പിക്കാനുള്ള നടപടികരംകൂടി സ്വീകരിച്ചപ്പോരം സമരം പൂർവാധികം ഉഗ്രമായ രൂപം കൈക്കൊണ്ടു. റെയിൽവേ പാളങ്ങരം, റെയിൽവേ പാലങ്ങരം, ഗവണ്മെൻറ് കെട്ടിടങ്ങരം ഇവ നശിപ്പിക്കുക, ടെലഗ്രാഫ്—ടെലിഫോൺ കമ്പികരം മുറിക്കുക ഇതെല്ലാം പല സ്ഥലങ്ങളിലും നടന്നു. ഇതിനെയെല്ലാം നിഷ്ഠുരമായ മർദനമുറകളോടെയാണു് ഗവണ്മെൻറ് നേരിട്ടതു്.

ഇന്ത്യയിലെ പ്രമുഖ സോഷ്യലിസ്റ്റ്നേതാക്കളാണ് അന്നത്തെ ഒളിപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തതു്. ഹസാരിബാഗ് ജയിലിൽ പാർപ്പിക്കപ്പെട്ടിരുന്ന ജയപ്രകാശ്നാരായൺ ജയിൽ ചാടി പുറത്തു വന്നു് ഒളിവിൽ പാർത്തുകൊണ്ടു്, ഈ ഒളിപ്രവർത്തനങ്ങൾക്ക നേതൃത്വം നൽകി. അരുണാ ആസഫ് അലി, അച്യുത് പട്വർദ്ധൻ, ഡോ. രാം മനോഹർ ലോഹ്യ, ഡോ. കെ. ബി. മേനോൻ ഇവരെല്ലാം അന്നത്തെ ധീരരായ ഒളിപ്രവർത്തകരായിരുന്നു.

ഈ കാലഘട്ടത്തിൽ ഇന്ത്യയിൽ പോലീസും പട്ടാളവും നിർദയം ജനങ്ങളെ അടിച്ചമർത്താൻ നടത്തിയ ലാത്തിച്ചാർജ്ജുകളും വെടിവയ്പുകളും അറസ്റ്റുകളും എണ്ണമററവയായിരുന്നു. 1942 ആഗസ്റ്റ് 9മുതൽ ഡിസംബർ 31വരെയുള്ള കാലയളവിൽതന്നെ 62229 പേർ അറസ്റ്റ്ചെയ്യപ്പെട്ടു. 6000 പേർ തടവിൽ പാർപ്പിക്കപ്പെട്ടു. 940 പേർ പോലീസിൻെറയോ പട്ടാളത്തിൻെറയോ വെടിയേററു മരണമടഞ്ഞു. ഇതെല്ലാം ഔദ്യോഗികമായ കണക്കുകളാണ്. യഥാർത്ഥമായ സംഖ്യകൾ ഇതിലെത്രയോ അധികമാണ്.

ഈ മഹാസമരത്തിൽ ഏററവും അഭിമാനകരമായ ഒരു പങ്കാണ് കേരളം നിർവഹിച്ചതു്. ക്വിററിന്ത്യാപ്രമേയം പാസ്സാക്കിയതിൻെറ പിറേറദിവസം പ്രഭാതത്തിൽതന്നെ മലബാറിലെ എല്ലാ കോൺഗ്രസ് നേതാക്കളെയും അറസ്റ്റ് ചെയ്യുകയുണ്ടായി. കേളപ്പൻ, കെ. മാധവമേനോൻ, കെ. എ. ദാമോദരമേനോൻ,ഇ. മൊയ്തുമൗലവി, പി.കെ. മൊയ്തീൻകുട്ടി, എ. വി. കുട്ടിമാളുഅമ്മ, ആർ. രാഘവമേനോൻ, സി. കെ. ഗോവിന്ദൻനായർ, എം. പി. നാരായണമേനോൻ, പി. കെ. കുഞ്ഞിശ്ശങ്കരമേനോൻ, സി.കെ. രാഘവൻനമ്പ്യാർ, കെ.പി. കുട്ടിക്കൃഷ്ണൻനായർ, പി. കുഞ്ഞിരാമൻനായർ, ശ്യാംജി സുന്ദർദാസ്, കെ.പി. രാമുണ്ണിമേനോൻ ഇങ്ങനെ അറസ്റ്റ് ചെയ്യപ്പെട്ടവരുടെ പട്ടിക വളരെ നീണ്ടതാണ്. എല്ലാവരെയും വെല്ലൂർ ജയിലിലാണു പാർപ്പിച്ചതു്.

ഡോ. കെ. ബി. മേനോൻ, എൻ. എ. കൃഷ്ണൻനായർ, വി. എ.കേശവൻനായർ, മത്തായി മാഞ്ഞൂരാൻ തുടങ്ങിയ മലയാളികളായ ചില കോൺഗ്രസ് സോഷ്യലിസ്റ്റ്നേതാക്കൾ ഈ ഘട്ടത്തിൽ ബോംബെയിൽനിന്നു മലബാറിലെത്തി സമരത്തിനു നേതൃത്വം നൽകി. പണിമുടക്കുകൾ, പഠിപ്പുമുടക്കുകൾ,

പിക്കറ്റിങ്, പൊതുയോഗങ്ങൾ, ഘോഷയാത്രകൾ തുടങ്ങി അക്രമരഹിതങ്ങളായ സാധാരണ സമരമുറകളാണ് അവർ ആരംഭിച്ചത്. എന്നാൽ, ഇതിനെയെല്ലാം തുടക്കത്തിൽതന്നെ നിർദയം അടിച്ചമർത്താൻ ഗവണ്മെൻറ് മടിച്ചില്ല. അതിനാൽ സമരക്കാരുടെ ശ്രദ്ധ പിന്നീട് ഒളിപ്രവർത്തനങ്ങളിലേക്ക തിരിഞ്ഞു. സോഷ്യലിസ്റ്റ് നേതാക്കളോടൊപ്പം ഈ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ അതേവരെ രാഷ്ട്രീയരംഗത്തു പ്രത്യക്ഷപ്പെട്ടിട്ടില്ലാതിരുന്ന മലബാറിലെ ദേശാഭിമാനികളായ അനേകം യുവാക്കൾ മുന്നിട്ടിറങ്ങി. ഭരണയന്ത്രത്തിൻെറ പ്രവർത്തനം സ്തംഭിപ്പിക്കാനുദ്ദേശിച്ച് അവർ സംഘടിപ്പിച്ച അട്ടിമറിപ്രവർത്തനങ്ങൾ ഒരു ജീവഹാനിയുമുണ്ടാക്കാതെ നടത്താൻ അവർക്ക കഴിഞ്ഞു എന്നതു് പ്രത്യേകം പ്രസ്താവ്യമാണ്. റെയിൽപ്പാളങ്ങൾ ഇളക്കുക, റെയിൽപ്പാലങ്ങൾ തകർക്കുക, ഗവണ്മെൻറ് കെട്ടിടങ്ങൾ തീ വച്ചു നശിപ്പിക്കുക, ടെലിഗ്രാഫ്–ടെലിഫോൺ കമ്പികൾ മുറിക്കുക തുടങ്ങിയ അട്ടിമറിപ്രവർത്തനങ്ങൾ മലബാറിൻെറ പല ഭാഗങ്ങളിലും നടന്നു. ഈ ഒളിപ്പോരുകാരായ യുവാക്കളിൽ പലരും പിടിക്കപ്പെടുകയും വർഷങ്ങളോളം ജയിലിൽ അടയ്ക്കപ്പെടുകയും ഉണ്ടായി. ഏതാനും പേർ പോലീസിനു പിടികൊടുക്കാതെ ഒളിവിൽ പോയി. ഇവരിൽ കേളപ്പൻെറ ഏക പുത്രൻ ടി.പി. കുഞ്ഞിരാമക്കിടാവിൻെറ പേർ എടുത്തുപറയേണ്ടതുണ്ട്. ധീരനും സാഹസികനുമായ ഈ യുവാവ് സ്വാതന്ത്ര്യലബ്ധിക്കു ശേഷമാണ് ഒളിവിൽനിന്നു മറനീക്കി പുറത്തു വന്നതു്.

1942 ആഗസ്റ്റ് 9–ാം തീയതി കേളപ്പനെ അറസ്റ്റ് ചെയ്ത് ജയിലിലേക്ക കൊണ്ടുപോയശേഷം അദ്ദേഹത്തിൻെറ മൂടാടിയിലുള്ള ഭവനം പോലീസ് മൂന്നുനാലു തവണ റെയിഡ് ചെയ്യുകയുണ്ടായി. അദ്ദേഹത്തിൻെറ അനന്തരവൻ ബാലകൃഷ്ണൻനായരെ കൊയിലാണ്ടി പോലീസ് പിടിച്ചുകൊണ്ടു പോയി പല ദിവസം ''ചോദ്യംചെയ്യാൻ'' സ്റ്റേഷനിൽ പാർപ്പിക്കുകയുംചെയ്തു.

12. ഐക്യകേരളം

ഒരേ ഭാഷ, ഒരേ സംസ്കാരം, ഒരേ പാരമ്പര്യം, ഒരേ ദേശം എന്നിവയുടെ അവകാശികളായ മലയാളികൾ ഐക്യ കേരളമെന്ന മോഹനസങ്കല്പം പണ്ടേ പുലർത്തിപ്പോന്നവരാണ്. കാലത്തിന്റെ ഗതിവിഗതികളിൽപ്പെട്ടു ഭിന്നിച്ചു കിടന്ന മലയാളനാട് വീണ്ടും ഒന്നിക്കാൻ വെമ്പിനിന്നു. എന്നാൽ, നമ്മുടെ ദേശീയ സമരത്തിന്റെ ആരംഭത്തോടു കൂടിയാണ് ഈ സങ്കല്പം യാഥാർത്ഥ്യമാകാനുള്ള ചില ലക്ഷണങ്ങൾ കണ്ടുതുടങ്ങിയതു്. ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിന്റെ ശാഖ മലബാറിൽ രൂപംകൊണ്ടു് അധികം കഴിയുംമുമ്പു്, മലബാർ പ്രദേശ് കോൺഗ്രസ് എന്ന അതിന്റെ സങ്കുചിത നാമം വെടിഞ്ഞു്, കേരള പ്രദേശ് കോൺഗ്രസ് എന്ന നാമം സ്വീകരിക്കാനിടയായതുതന്നെ, ഭാവിയിലെ ഒരു ഏക കേരളത്തെ വിഭാവനചെയ്തിട്ടായിരിക്കണം. അപ്പോഴും കൊച്ചി, തിരുവിതാംകൂർ എന്ന രണ്ടു നാട്ടുരാജ്യങ്ങളും ഭാരതത്തിന്റെ മുഖ്യ ദേശീയ ധാരയിൽനിന്നു് ഒഴിഞ്ഞാണു നിന്നിരുന്നതു്. രണ്ടു സംസ്ഥാനങ്ങളിലെയും ദേശാഭിമാനികളായ പല യുവാക്കളും ആ നാട്ടുരാജ്യങ്ങളുടെ പരിധികൾ അതിക്രമിച്ചു്, മലബാറിലുള്ളവരോടൊപ്പം ഇന്ത്യൻ ദേശീയ സമരങ്ങളുടെ വിശാലരംഗത്തേക്കു കടന്നുവരികയും കേരളത്തിന്റെ ഐക്യത്തിനു് അവ്യക്തമായിട്ടെങ്കിലും തുടക്കം കുറിക്കുകയുംചെയ്തിരുന്നു.

കേളപ്പൻ, കെ. എ. ദാമോദരമേനോൻ എന്നിങ്ങനെ അപൂർവം ചില നേതാക്കൾ ദേശീയ സംരംഭങ്ങളുടെ തുടക്കം മുതൽതന്നെ ഐക്യകേരളമെന്ന ആദർശത്തെ ഉയർത്തിപ്പിടിച്ചവരായിരുന്നു. ജവാഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇന്ത്യയിൽ ഒരു ഇടക്കാല ഗവണ്മെന്റ് രൂപീകൃതമായപ്പോൾ, ഈ നേതാക്കൾ അവരുടെ ചിരകാലസ്വപ്നത്തിന്റെ സാക്ഷാത്കാരത്തിനുവേണ്ട ശ്രമങ്ങൾ തുടങ്ങി. ഇതിന്റെ ഫലമായി ചെറുതുരുത്തിയിൽ(കലാമണ്ഡലത്തിൽ)വച്ചു് കെ. പി. കേശവമേനോന്റെ അദ്ധ്യക്ഷതയിൽ ഒരു ആലോചനായോഗം കൂടി. മഹാകവി വള്ളത്തോൾ, കെ. കേളപ്പൻ,

കെ. എ. ദാമോദരമേനോൻ, എം. കെ. രാജാ, എം. മുകുന്ദരാജാ, മിസ് ആനി മസ്ക്രീൻ, യു. ഗോപാലമേനോൻ, ഇ. ഇക്കണ്ടവാര്യർ തുടങ്ങി പല നേതാക്കന്മാരും അവിടെ സന്നിഹിതരായിരുന്നു. ഐക്യകേരളത്തിനുവേണ്ടി പ്രവർത്തിക്കാൻ കേളപ്പൻ പ്രസിഡണ്ടും ദാമോദരമേനോൻ സെക്രട്ടറിയുമായി ഒരു കമ്മററി അന്നു് (1946 ഒക്ടോബർ) രൂപീകരിക്കപ്പെട്ടെങ്കിലും, ആരംഭത്തിൽ അതിൻെറ പ്രവർത്തനം മന്ദഗതിയിലായിരുന്നു. തിരുവിതാംകൂറും കൊച്ചിയും ഏകീകൃത കേരളം എന്ന ആശയത്തോടു് അനുകൂലിക്കാത്തിടത്തോളംകാലം അതു് സാധിക്കാൻ പോകുന്നില്ലെന്നു് എല്ലാവർക്കും അറിയാമായിരുന്നു. തിരുവിതാംകൂർ ഗവണ്മെൻറ് ഐക്യകേരളത്തെ ഒട്ടും തന്നെ അന്നു് അനുകൂലിച്ചിരുന്നില്ല. എന്നു മാത്രമല്ല, തിരുവിതാംകൂർ ദിവാൻ സർ സി. പി. രാമസ്വാമി അയ്യർ, തിരുവിതാംകൂർ സ്വതന്ത്രഭാരതത്തിൽനിന്നു വിട്ടുനിൽക്കണമെന്ന ഉറച്ച അഭിപ്രായക്കാരനുമായിരുന്നു. തിരുവിതാംകൂറിലെ ജനങ്ങളും അവർക്കു് ഉത്തരവാദഭരണം നേടിക്കൊടുക്കാൻ സമരം ചെയ്തിരുന്ന സ്റ്റേററ് കോൺഗ്രസ്സും ഐക്യകേരളത്തെ സ്വാഗതംചെയ്യുമെന്നുറപ്പാണെങ്കിലും, അതുകൊണ്ടു് അന്നു് നേട്ടമൊന്നും പ്രതീക്ഷിക്കാനുണ്ടായിരുന്നില്ല. എന്നാൽ, കൊച്ചി ഗവണ്മെൻറ് ഇക്കാര്യത്തിൽ കുറെക്കൂടി പുരോഗമനപരമായ നിലപാടാണു സ്വീകരിച്ചതു്. ഐക്യകേരളമെന്ന ആശയത്തെ സ്വാഗതംചെയ്യുന്ന ആളായിരുന്നു കൊച്ചി മഹാരാജാവു്.

ഈ അനുകൂല പശ്ചാത്തലം കണക്കിലെടുത്തു്, കേരളത്തിൻെറ നാനാഭാഗത്തുനിന്നുമുള്ള ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടു് 1947 ഏപ്രിൽ 26-ാം തീയതി തൃശ്ശൂരിൽ വച്ചു് ഐക്യകേരളത്തിനനുകൂലമായ തീരുമാനം കൈക്കൊള്ളാനുദ്ദേശിച്ചു് ഒരു മഹാസമ്മേളനം നടത്താൻ കേളപ്പൻ പ്രസിഡണ്ടായുള്ള മുൻപറഞ്ഞ കമ്മററി നിശ്ചയിച്ചു. സമ്മേളനത്തിൻെറ വിജയത്തിനു് കൊച്ചി മഹാരാജാവിൻെറയും കൊച്ചി ഗവണ്മെൻറിൻെറയും സർവവിധമായ സഹകരണവും ലഭിച്ചിരുന്നു.

കേരളത്തിൻെറ നാനാഭാഗങ്ങളിൽനിന്നും മലയാളികൾ പാർക്കുന്ന മറുനാടുകളിൽനിന്നുമായി രണ്ടായിരത്തിലധികം പ്രതിനിധികളും അതിനുപുറമെ അയ്യായിരത്തിലധികം സന്ദർശകരും പങ്കെടുത്ത ആ മഹാസമ്മേളനം കൊച്ചി മഹാ

രാജാവുതന്നെയാണു് ഉദ്ഘാടനംചെയ്തതു്. കൊച്ചിയും മലബാറും തിരുവിതാംകൂറും ചേർന്നു് കേരള സംസ്ഥാനമായി ത്തീരേണ്ട ആവശ്യം മഹാരാജാവു് സ്പഷ്ടമായി പ്രസ്താവി ച്ചതു് അനേകായിരങ്ങളുടെ നീണ്ടുനിന്ന കരഘോഷങ്ങളോടെ യാണു് സ്വാഗതംചെയ്തതു്. കേരളം സ്വതന്ത്രഭാരതത്തിന്റെ അവിഭാജ്യ ഘടകമായിത്തീരണമെന്നും അദ്ദേഹം അർത്ഥശങ്ക ക്കിടയില്ലാത്തവിധം പ്രഖ്യാപിച്ചു.

കേളപ്പനായിരുന്നു സമ്മേളനാധ്യക്ഷൻ. ആ സ്ഥാനം അലങ്കരിക്കാൻ തൃശ്ശൂരിലെത്തിച്ചേർന്ന കേളപ്പനു് ജനങ്ങൾ നൽകിയ അതിഗംഭീരമായ വരവേല്പു് തൃശ്ശൂർപൂരത്തെ അനു സ്മരിപ്പിക്കുന്നതായിരുന്നു. സുദീർഘവും പഠനാർഹവുമായി രുന്നു അധ്യക്ഷപ്രസംഗം. ഐക്യകേരളപ്രസ്ഥാനത്തിന്റെ അടിസ്ഥാനം ഭാഷ മാത്രമല്ല, കാര്യക്ഷമമായ ഒരു ഭരണം സ്ഥാപിക്കാനുതകുന്ന ഒരു സംസ്ഥാനരൂപവൽക്കരണംകൂടി യാണതെന്നു് അദ്ദേഹം കാര്യകാരണസഹിതം വെളിപ്പെടു ത്തി. ആ പ്രസംഗം അന്ധമായ ഭാഷാഭ്രാന്തിന്റേതായിരുന്നി ല്ല. തെക്കൻ കർണാടകം, കുടകു്, നീലഗിരി, മലബാർ, കൊച്ചി, തിരുവിതാംകൂർ ഈ ഭാഗങ്ങൾ ഒന്നിച്ചു ചേർത്തു് 21000 ചതുരശ്ര നാഴിക വലിപ്പവും ഒന്നേകാൽ കോടി ജന സംഖ്യയും വേണ്ടത്ര മുതലെടുപ്പുമുള്ള ഒരു ഐക്യകേരള സംസ്ഥാനത്തിനുവേണ്ടിയാണു് കേളപ്പൻ വാദിച്ചതു്. മേൽ പ്പറഞ്ഞ പ്രദേശങ്ങൾ ചേർന്നുള്ള കേരളം നമ്മുടെ പൗരാണിക സങ്കല്പങ്ങൾക്കും പ്രാചീന ചരിത്ര വസ്തുതകൾക്കും പൂർണമാ യി യോജിക്കുമെന്നു് അശോകന്റെ ശിലാലേഖനങ്ങൾമുതൽ കേരളത്തെ സംബന്ധിച്ചുണ്ടായിട്ടുള്ള പരാമർശങ്ങളെ ഒന്നൊ ന്നായി അവതരിപ്പിച്ചുകൊണ്ടു തന്റെ പ്രസംഗത്തിൽ അദ്ദേ ഹം സമർത്ഥിക്കുകയുംചെയ്തു.

സമ്മേളനം ഐകകണ്ഠ്യേന അംഗീകരിച്ച ഐക്യകേരള പ്രമേയത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു: ''ഭൂമിശാസ്ത്രപരവും ഭാഷാപരവും സംസ്കാരപരവും സാമ്പത്തികവും ഭരണപരവു മായ പരിഗണനകളെ അടിസ്ഥാനമാക്കി, കേരളത്തിന്റെ അംഗങ്ങളായി ഗണിക്കാവുന്ന തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളും, ബ്രിട്ടീഷിന്ത്യൻ വിഭാഗങ്ങളും ഫ്രഞ്ചു മയ്യഴിയും ഒന്നിച്ചു ചേർത്തു് ഇന്ത്യൻ യൂണിയനിൽ ഉൾപ്പെ ടുന്ന സ്വയംഭരണാധികാരമുള്ള ഒരു ഘടകമായി രൂപംകൊ

ള്ളണമെന്നും കേരളത്തിലെ ജനപ്രതിനിധികളുടെ ഈ കൺവൻഷൻ ആവശ്യപ്പെടുന്നു. ഈ ഘടകത്തിലെ ഭരണകൂടത്തിന്റെ എല്ലാ അധികാരവും ശക്തിയും ജനങ്ങളിൽ നിക്ഷിപ്തവും ജനങ്ങളിൽനിന്നുതന്നെ ലഭിക്കുന്നതുമാകുന്നു.'' പ്രമേയം അവതരിപ്പിച്ചതു് ടി. എം. വർഗീസും പിന്താങ്ങിയതു് മൊയ്തുമൗലവി, ഇ. ഇക്കണ്ടവാര്യർ എന്നിവരുമായിരുന്നു. ഐക്യകേരളത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനു് കൂടുതൽ അംഗങ്ങളെ ചേർക്കാനുള്ള അധികാരത്തോടുകൂടി, 101 പേരടങ്ങുന്ന ഒരു കമ്മററിയും അതിൽനിന്നു് 15 പേരടങ്ങുന്ന ഒരു പ്രവർത്തകക്കമ്മെററിയും രൂപീകരിക്കപ്പെട്ടു. ആന്ധ്രകേസരി ടി. പ്രകാശം, വി. കെ. കൃഷ്ണമേനോൻ എന്നിവരായിരുന്നു ആശംസാപ്രസംഗങ്ങൾ നടത്തിയതു്.

കേരളം ഒരു സംസ്ഥാനമായി രൂപീകൃതമാകണമെന്ന കേരളജനതയുടെ അഭിലാഷത്തിനനുകൂലമായി ശക്തിയായ ഒരു കൊടുങ്കാററുയർത്തുവാൻ തൃശ്ശൂരിൽ നടന്ന ഐക്യകേരള സമ്മേളനത്തിനു കഴിഞ്ഞു. എന്നാൽ, തിരുവിതാംകൂറിലെ ഉത്തരവാദഭരണ പ്രക്ഷോഭണത്തിനു പുനരുജ്ജീവനം നല്കാൻ അതു വഴിതെളിച്ചു എന്നതാണു് കൂടുതൽ പ്രാധാന്യമർഹിക്കുന്നതു്. തിരുവിതാംകൂർ ദിവാന്റെ ഏകാധിപത്യഭരണം അവസാനിപ്പിച്ചു്, തിരുവിതാംകൂറിൽ ഉത്തരവാദഭരണം സ്ഥാപിക്കാനുള്ള നീക്കത്തിൽ, തിരുവിതാംകൂർ സ്റ്റേററു് കോൺഗ്രസ്സ് കേരളത്തിന്റെ മററു ഭാഗങ്ങളിലുള്ള ദേശീയ നേതാക്കളുടെയും ജനങ്ങളുടെയും സഹായസഹകരണങ്ങൾ തേടുന്ന കാര്യം തൃശ്ശൂർ സമ്മേളനത്തിന്റെ അന്ത്യത്തിൽ മുഖ്യ ചർച്ചാവിഷയമായി. തിരുവിതാംകൂറിലെ ദേശീയസമരം എത്രയും വേഗം പുനരാരംഭിക്കണമെന്ന ആഗ്രഹം എല്ലാവരും പ്രകടിപ്പിച്ചു.

തൃശ്ശൂരെ ഐക്യകേരള സമ്മേളനത്തിൽ തിരുവിതാംകൂറിലെ കോൺഗ്രസ്സ് നേതാക്കളോടൊപ്പം പ്രത്യേക ക്ഷണപ്രകാരം, നായർ സർവീസ് സൊസൈററിയിൽനിന്നു പ്രസിഡണ്ടായ മന്നത്തു പത്മനാഭനും ജനറൽ സെക്രട്ടറി വി. ഗംഗാധരനും സംഘടനാസെക്രട്ടറി എം. പി. മന്മഥനും സന്നിഹിതരായിരുന്നു. തിരുവിതാംകൂറിലെ ദേശീയസമരത്തിൽ മന്നത്തു പത്മനാഭനും അദ്ദേഹത്തോടൊപ്പമുള്ള നേതാക്കളും പങ്കെടുക്കുന്നതിന്റെ ആവശ്യം കേളപ്പനുൾപ്പെടെ പല നേതാക്കളും

ഐക്യകേരള സമ്മേളനത്തിനിടയ്ക്കു് ഊന്നിപ്പറയുകയു ണ്ടായി.

താമസിയാതെ പറവൂർ ടി.കെ. നാരായണപിള്ളയുടെ (പറവൂരുള്ള) വസതിയിൽവെച്ചു് സ്റ്റേററ് കോൺഗ്രസ്സിലെ പ്രമുഖ നേതാക്കളുടെ ഒരു ആലോചനായോഗം നടന്നു. കേളപ്പനും ദാമോദരമേനോനും മന്നത്തു പത്മനാഭനും വി. ഗംഗാധരനും മററും ആ യോഗത്തിൽ പ്രത്യേക ക്ഷണപ്രകാരം പങ്കെടുക്കുകയുണ്ടായി. ഉത്തരവാദഭരണത്തിനുവേണ്ടിയുള്ള സമരം പുനരാരംഭിക്കുന്നതിനുള്ള സുപ്രധാനമായ ചർച്ചയാണു് അവിടെ നടന്നതു്. ഉടനെതന്നെ സമരമാരംഭിച്ചാൽ അതു് എത്ര കണ്ടു വിജയിക്കുമെന്നുള്ള ശങ്ക പലർക്കുമുണ്ടായിരുന്നു. മുമ്പു നടന്ന സമരത്തിനു നേരിട്ട പരാജയങ്ങളെയും അതിനുശേഷം കോൺഗ്രസ്സണികളിലുണ്ടായ നിരാശാബോധത്തെയും സൂചിപ്പിച്ചുകൊണ്ടു്, പട്ടം താണുപിള്ളതന്നെ ഈ സംശയം പ്രകടിപ്പിച്ചു. എന്നാൽ, മന്നത്തു പത്മനാഭൻ, ശക്തിയായ ഒരു സമരം എത്രയും വേഗം ആരംഭിക്കണമെന്നും മൂന്നു മാസത്തിനകം ദിവാൻ ഭരണം തിരുവിതാംകൂറിൽ അവസാനിക്കണമെന്നും ദൃഢസ്വരത്തിൽ അഭിപ്രായപ്പെട്ടപ്പോഠം ആവിധമൊരു തീരുമാനമെടുക്കാൻ പിന്നീടു് ഒരു താമസവുമുണ്ടായില്ല. സമരം ഉടനെ ആരംഭിക്കാൻ തീരുമാനിച്ചു.

അല്പദിവസങ്ങഠംക്കകം തിരുവിതാംകൂറിൻെറ സ്വാതന്ത്ര്യ സമരത്തിൽ ചരിത്രം സൃഷ്ടിച്ച മുതുകുളം കോൺഗ്രസ് സമ്മേളനം നടന്നു. പട്ടം താണുപിള്ള അദ്ധ്യക്ഷത വഹിച്ച ആ മഹാസമ്മേളനത്തിൽ മലബാറിൽനിന്നു് കേളപ്പൻ, യു. ഗോപാലമേനോൻ, കെ. എ. ദാമോദരമേനോൻ, ലീലാ ദാമോദരമേനോൻ എന്നിവർ പ്രസംഗകരായിരുന്നു. എന്നാൽ, മന്നത്തു പത്മനാഭനായിരുന്നു അന്നത്തെ സമ്മേളനത്തിൻെറ മുഴുവൻ ശ്രദ്ധയും പിടിച്ചുപററിയതു്. സർ സി. പി. യുടെ ഭരണത്തെ ''ഹിരണ്യഭരണ''മെന്നു വിശേഷിപ്പിച്ചുകൊണ്ടു് അധികാരദുർമദാന്ധ്യം നിമിത്തം അദ്ദേഹം നടത്തുന്ന ദുർഭരണം അവസാനിപ്പിച്ചേ മതിയാവൂ എന്നു് അദ്ദേഹം ഹർഷാരവങ്ങഠംക്കിടയിൽ പ്രഖ്യാപിച്ചു.

തുടങ്ങാൻ പോകുന്ന സമരം തികച്ചും അക്രമരഹിതമായിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്നാണു് കേളപ്പൻ തൻെറ പ്രസംഗമദ്ധ്യേ ഊന്നിപ്പറഞ്ഞതു്. ദേശീയ വിമോചനത്തിനു

വേണ്ടി ഒരു അഗ്നിപരീക്ഷയ്ക്കിറങ്ങുന്ന തിരുവിതാംകൂറിലെ ജനങ്ങളെ സഹായിക്കാൻ കേരളത്തിലെവിടെയുമുള്ള ജനങ്ങൾ തയ്യാറാകണമെന്ന് കെ. പി. സി. സി. പ്രസിഡണ്ടുകൂടിയായ കേളപ്പൻ ചെയ്ത പ്രസ്താവന വളരെ ഫലപ്രദമായിരുന്നു.

അല്പദിവസം കഴിഞ്ഞ് മന്നത്തു പത്മനാഭനെ അറസ്റ്റ് ചെയ്തു, രാജദ്രോഹക്കുററത്തിന് കോടതി അദ്ദേഹത്തിന് രണ്ടു വർഷത്തെ തടവുശിക്ഷ വിധിച്ചു. അദ്ദേഹം തിരുവനന്തപുരം സെൻട്രൽ ജയിലിൽ അടയ്ക്കപ്പെട്ടു. തിരുവിതാംകൂർ അന്നുവരെ കണ്ടിട്ടില്ലാത്ത ഒരു ദേശീയ സമരത്തിന്റെ വേലിയേററമാണ് തുടർന്നുണ്ടായത്. അറസ്റ്റും ക്രൂരമായ മർദനങ്ങളും പീഡനങ്ങളും സർവത്ര അരങ്ങേറി. അതിനതിന് ജനങ്ങളുടെ സമരാവേശം കാട്ടുതീപോലെ പടർന്നു.

1947 ആഗസ്റ്റ് 27 'തിരുവിതാംകൂർ മർദ്ദന പ്രതിഷേധദിനമായി ആചരിക്കണമെന്ന് ഒരു പ്രസ്താവനയിലൂടെ കേളപ്പൻ അഭ്യർത്ഥിച്ചു. ''ഒരു കൈയിൽ മർദനവും മറുകൈയിൽ ചൂഷണവുമായി തിരുവിതാംകൂറിൽ നടമാടുന്ന ദിവാൻ ഭരണ ദുർഭൂതത്തെ'' ഒഴിക്കുവാൻവേണ്ടി മുന്നോട്ടു നീങ്ങാൻ കേരളജനത ധീരതയോടെ ദൃഢപ്രതിജ്ഞചെയ്യുന്ന ദിവസമായിരിക്കണമതെന്ന് അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞിരുന്നു.

''അന്യഥാ ചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേൽ'' എന്ന ചൊല്ലിനെ സാധൂകരിക്കുന്ന മട്ടിലായിരുന്നു അനന്തര സംഭവങ്ങൾ. ജൂലൈ 25–ാം തീയതി വൈകുന്നേരം തിരുവനന്തപുരത്ത് സ്വാതിതിരുനാൾ മഹോത്സവം ഉദ്ഘാടനം ചെയ്തശേഷം ദിവാൻ സർ സി. പി. കാറിൽ കയറുന്ന സമയത്ത് അവിടെ കടന്നെത്തിയ ഒരാൾ ഒരു വടിവാൾകൊണ്ട് അദ്ദേഹത്തെ ആക്രമിച്ചു പരുക്കേല്പിക്കയുണ്ടായി. നിനച്ചിരിക്കാതെ അണഞ്ഞുപോയ വൈദ്യുതവിളക്കുകൾ തെളിയുംമുമ്പ് അക്രമി അപ്രത്യക്ഷനാവുകയുംചെയ്തു. മുഖത്ത് ചില സ്ഥാനങ്ങളിൽ സാരമായ മുറിവുകളേറെറങ്കിലും ജീവാപായം കൂടാതെ ദിവാൻ രക്ഷപ്പെട്ടു.

ദിവാന്റെമേലുണ്ടായ ഈ ആക്രമണത്തെത്തുടർന്ന് തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ലയിക്കാൻ തീരുമാനിച്ചതായി മഹാരാജാവ് വൈസ്രോയി മൗണ്ട് ബാററൻ പ്രഭുവിനെ അറിയിച്ചു. അതോടെ തിരുവിതാംകൂറിലെ സ്ഥിതി

ഗതികൾ പാടേ മാറി. സർ. സി. പി. ദിവാൻപദമൊഴി ഞ്ഞു. രാഷ്ട്രീയത്തടവുകാരെയെല്ലാം മോചിപ്പിക്കയും ഉത്തര വാദ ഭരണസ്ഥാപനത്തിനുള്ള നടപടികൾ ഗവണ്മെൻറ് ശീഘ്രഗതിയിൽ ആരംഭിക്കുകയുംചെയ്തു.

1947 ജൂലൈ 14—ാം തീയതിതന്നെ കൊച്ചിയിൽ ഉത്തര വാദഭരണമേർപ്പെടുത്താനുള്ള കൊച്ചി മഹാരാജാവിൻെറ പ്രഖ്യാപനം ഉണ്ടായിക്കഴിഞ്ഞിരുന്നു.

ഐക്യകേരള രൂപീകരണത്തിനുണ്ടായ മുഖ്യ തടസ്സങ്ങൾ ഇങ്ങനെ ഒഴിവായി.

13. അധികാര രാഷ്ട്രീയത്തോട് വിട

സ്വാതന്ത്ര്യലബ്ധിയെത്തുടന്ന് കേന്ദ്രത്തിൽ ഒരു ഇടക്കാല ഗവണ്മെൻറും സംസ്ഥാനങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട നിയമ സഭകളും സ്ഥാപിതമായതോടുകൂടി അന്നോളം സമരത്തിൻെറ കയ്പേറിയ അനുഭവങ്ങളുമായി മല്ലിട്ടുകൊണ്ടിരുന്ന കോൺ ഗ്രസ് നേതാക്കൾക്കും പ്രവർത്തകർക്കും അധികാരത്തിൻെറ മേഖലകളിൽ വ്യാപരിക്കാനുള്ള സന്ദർഭം വന്നു. ഒന്നിച്ചു നിന്ന് സ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്തവർ അധികാര ത്തിൻെറ ഈ കാലഘട്ടം വന്നപ്പോൾ ഭിന്നിക്കാൻ തുടങ്ങി. അതേവരെ പുലർത്തിപ്പോന്ന മഹത്തായ ദേശീയാദർശങ്ങൾ നിസ്സാരമായ സ്വാർത്ഥലാഭങ്ങൾക്കുവേണ്ടി ഉപേക്ഷിക്കാമെ ന്നായി. അധികാരത്തിനുവേണ്ടിയുള്ള വടംവലിയിൽപെട്ട് കോൺഗ്രസ് ഉലയാൻ തുടങ്ങി.

മലബാറിലും കോൺഗ്രസ് കക്ഷിയിൽ ഇതിൻെറ ലക്ഷ ണങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. കക്ഷിക്കുള്ളിലെ ഭിന്നിപ്പുകൾ അതിൻെറ ഭദ്രതയ്ക്ക് ആപത്തായിത്തീരാതെ കേരളത്തിലെ കോൺഗ്രസ് നൗകയെ ആദർശപഥത്തിൽക്കൂടിത്തന്നെ മുന്നോട്ടു നയിക്കേണ്ട കർണധാരൻെറ ചുമതലയാണ് കെ പി. സി. സി. പ്രസിഡണ്ടെന്ന നിലയിൽ അന്ന് കേളപ്പനു നിർവഹിക്കേണ്ടിവന്നത്. എന്നാൽ, ആ കർത്തവ്യനിർവഹ ണത്തിൽ അദ്ദേഹം പ്രകടിപ്പിച്ച ഉദ്ദേശ്യശുദ്ധി പണ്ടത്തെപ്പോ ലെ മാനിക്കപ്പെട്ടില്ല. മുഖം നോക്കാതെ അപ്രിയസത്യങ്ങൾ വിളിച്ചുപറയാനും സഹപ്രവർത്തകർക്കു തെററുപററിയെന്നു

തോന്നിയ ഘട്ടങ്ങളിൽ തെററു തിരുത്തണമെന്നു് ശക്തിയുള്ള ഭാഷയിൽ അവരോടാവശ്യപ്പെടാനുമുള്ള അദ്ദേഹത്തിൻെറ കുസലില്ലായ്മ അഭിനന്ദനത്തെക്കാൾ എതിർപ്പും വിമർശനവുമാണു് ചിലപ്പോൾ ക്ഷണിച്ചുവരുത്തിയതു്.

കേളപ്പൻെറ വാക്കുകളും പ്രവൃത്തികളും എത്ര സത്യനിഷ്ഠമായിരുന്നാലും അതിനെ മാറുതരത്തിൽ വ്യാഖ്യാനിക്കാനും, അവയൊന്നും അദ്ദേഹം വഹിക്കുന്ന ചുമതലയേറിയ സ്ഥാനത്തിനു നിരക്കാത്തതാണെന്നുള്ള അഭിപ്രായം പ്രകടിപ്പിക്കാനും കിട്ടിയ അവസരങ്ങൾ എതിർപക്ഷക്കാർ ഉപയോഗപ്പെടുത്താൻ മടിച്ചില്ല. ഈ പ്രചാരവേലയെ തന്ത്രപൂർവം നേരിടുന്നതിൽ കേളപ്പൻ പരാജയപ്പെട്ടു എന്നു പറയുന്നതായിരിക്കും ശരി. തെററു തെററെന്നും ശരി ശരിയെന്നും ഒരു മട്ടും മയവുമില്ലാതെ തുറന്നടിക്കുന്ന സമ്പ്രദായം അത്ര ബുദ്ധിപൂർവകമല്ലെന്നു് അദ്ദേഹം മനസ്സിലാക്കിയിരുന്നില്ലെന്നു പറഞ്ഞുകൂടാ. അധികാരമത്സരങ്ങൾക്കും സ്വാർത്ഥമോഹങ്ങൾക്കും അതീതമായ ഒരു രാഷ്ട്രീയത്തെ കൂടുതൽ അഭികാമ്യമായി അദ്ദേഹം കരുതിയിരിക്കാം. അതിൻെറ ഫലമായി അദ്ദേഹം പരാജയപ്പെടുകയോ പരിഹാസ്യനാവുകയോചെയ്ത സന്ദർഭങ്ങൾ പലതുണ്ടായപ്പോൾ അദ്ദേഹം നേതൃത്വം സ്വയം ഉപേക്ഷിച്ചു.

ഇതു മാത്രമല്ല, മറെറാരു സ്ഥാനംകൂടി കേളപ്പൻ താമസമെന്യേ ഉപേക്ഷിക്കയുണ്ടായി. ഇതു് ഐക്യകേരളത്തിനുവേണ്ടി നിയുക്തമായിരുന്ന കമ്മററിയുടെ പ്രസിഡണ്ടുസ്ഥാനമായിരുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിയെത്തുടർന്നു് ഐക്യകേരള രൂപവത്കരണം കൂടുതൽ പ്രസക്തമായി. കേളപ്പൻെറ നേതൃത്വത്തിൽ ഒരു നിവേദകസംഘം മദിരാശിയിലെത്തി സർദാർ പട്ടേലിനെക്കണ്ടു് ഒരു മെമ്മോറാണ്ഡം സമർപ്പിക്കയുണ്ടായി. തിരുവിതാംകൂർ—കൊച്ചി സംസ്ഥാനങ്ങളും കുടകും, മദിരാശി സംസ്ഥാനത്തിൻെറ ഭാഗങ്ങളായ മലബാർ, നീലഗിരി, തെക്കൻ കർണാടകം എന്നീ പ്രദേശങ്ങളും മയ്യഴിയും ലക്ഷദ്വീപുകളും ഉൾപ്പെട്ട ഒരു പശ്ചിമസംസ്ഥാന രൂപവൽക്കരണമാണു് മെമ്മോറാണ്ഡത്തിൽ ആവശ്യപ്പെട്ടിരുന്നതു്. അതിനു പുറമേ അങ്ങനെ രൂപീകരിക്കുന്ന സംസ്ഥാനം ഒരു ഗവർണർ ഭരിക്കുന്നതായിരിക്കണമെന്നും രാജവാഴ്ച അവസാനിപ്പിക്കണമെന്നും അഭിപ്രായപ്പെട്ടിരുന്നു. കൊച്ചി മഹാരാജാവു് സ്ഥാനമൊഴിയാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ള കാര്യ

വും തിരുവിതാംകൂർ മഹാരാജാവും അപ്രകാരം ചെയ്യുമെന്നുള്ള പ്രതീക്ഷയും കേളപ്പൻ സർദാർ പട്ടേലിനെ ധരിപ്പിച്ചിരുന്നു. രാജാക്കന്മാർ ഐക്യകേരളത്തെ അനുകൂലിക്കുന്നവരാണെങ്കിൽ അവർ സ്വയം വാഴ്ചയൊഴിഞ്ഞു് അതിനനുവദിക്കേണ്ടതാണെന്നു് പട്ടേൽ അന്നു് അഭിപ്രായപ്പെടുകയുംചെയ്തു.

ഇങ്ങനെയിരിക്കെയാണു് പെട്ടെന്നു് തിരുവിതാംകൂർ കൊച്ചി സംയോജനമുണ്ടായതു്. ഈ സംയോജനം തന്റെ സങ്കല്പത്തിലുള്ള ഐക്യകേരള സൃഷ്ടിക്കു് തടസ്സമാണെന്നു് കേളപ്പനു തോന്നി. തന്നെയുമല്ല, അടുത്ത പടിയായി മലബാർ കൂടി ചേർത്തു് ഒരു രാജവാഴ്ചയിൻകീഴിൽ സംസ്ഥാന രൂപവല്ക്കരണമുണ്ടായേക്കാമെന്നും അദ്ദേഹം ശങ്കിച്ചു. ഐക്യകേരള കമ്മററിയിലെ മററംഗങ്ങൾ തിരു-കൊച്ചി സംയോജനത്തെ സ്വാഗതംചെയ്യുകയാണുണ്ടായതു്. ഈ സന്ദർഭത്തിൽ കമ്മററിയുടെ പ്രസിഡണ്ടായി തുടരാൻ വിസമ്മതം പ്രകടിപ്പിച്ചുകൊണ്ടു് അദ്ദേഹം രാജിവെച്ചു.

അങ്ങനെ ചുമതലപ്പെട്ട സ്ഥാനങ്ങൾ ഒഴിഞ്ഞു് അദ്ദേഹം സ്വതന്ത്രനായി.

14. സർവോദയരംഗത്തേക്കു്

സ്വാതന്ത്ര്യം ലഭിച്ചതിനെത്തുടർന്നു് അധികാരത്തിൽ വന്ന കോൺഗ്രസ്സിൽ, അധികം താമസിയാതെതന്നെ സ്വാർത്ഥതയുടെയും തത്ത്വദീക്ഷയില്ലായ്മയുടെയും അഴിമതിയുടെയും ലക്ഷണങ്ങൾ രാഷ്ട്രതലത്തിൽതന്നെ കണ്ടുതുടങ്ങിയതു് ആ സംഘടനയിലുള്ള ആദർശനിഷ്ഠരായ ഒരു വിഭാഗത്തെ വളരെ നിരാശരാക്കിത്തീർത്തു. കെ.പി.സി.സി.യിൽ നിന്നു രാജിവയ്ക്കാൻ കേളപ്പനെ പ്രേരിപ്പിച്ചതു് കോൺഗ്രസ്സിൽ വളർന്നുകൊണ്ടിരുന്ന ഈ ദുഷ്പ്രവണതകളായിരുന്നുവല്ലോ. എന്നാൽ, ഇന്ത്യയൊട്ടാകെയുള്ള കോൺഗ്രസ്സുകാരിൽ ഒരു വിഭാഗത്തിനു് ഈ ദോഷങ്ങൾ അത്യന്തം വേദനാജനകമായി തോന്നിയപ്പോൾ കോൺഗ്രസ്സിനെ ശുദ്ധീകരിക്കാനും ഭരണം സത്യസന്ധവും കാര്യക്ഷമവുമാക്കുവാനും അടിയന്തിരമായി പ്രവർത്തിച്ചില്ലെങ്കിൽ, ആ സംഘടനയുടെ സ്വാധീന

ശക്തി നിശ്ശേഷം നശിക്കുമെന്നു ബോദ്ധ്യപ്പെട്ടു് മേൽപറഞ്ഞ ആദർശനിഷ്ഠരായ കോൺഗ്രസ്സുകാർ ചേർന്നു് കോൺഗ്രസ്സിൽ തന്നെ ഒരു ജനകീയമുന്നണിക്കു് രൂപംനൽകി. ആചാര്യ കൃപലാനിയുടെ നേതൃത്വത്തിൽ ദില്ലിയിൽ വിളിച്ചുകൂട്ടിയ ഒരു ചെറുസംഘമാണു് ഇതിനു തുടക്കംകുറിച്ചതു്. കേന്ദ്ര കമ്യൂണിക്കേഷൻസ് മന്ത്രി റാഫി അഹമ്മദ് കിദ്വായി, പി. സി. ഘോഷ്, ടി. പ്രകാശം തുടങ്ങിയ പ്രമുഖ നേതാക്കൾ പങ്കെടുത്ത ഈ യോഗത്തിൽ കേളപ്പനും കെ.എ. ദാമോദരമേനോനും സംബന്ധിച്ചിരുന്നു.

കോൺഗ്രസ് ജനകീയമുന്നണി അധികം താമസിയാതെ പാററ്നയിൽ ഒരു വമ്പിച്ച സമ്മേളനം നടത്തിയതിനെത്തുടർന്നു്, അവിടെ നടന്ന ചർച്ചകളുടെ ഫലമായി, അതു് കിസാൻ മസ്ദൂർ പ്രജാപാർട്ടി എന്ന പേരിൽ കോൺഗ്രസ്സിൽ നിന്നു വേർപെട്ടു് ഒരു സ്വതന്ത്ര രാഷ്ട്രീയപ്പാർട്ടിയാകാൻ തീരുമാനിക്കയാണുചെയ്തതു്. കേരളത്തിൽ കെ.എം.പി.പി.യുടെ നേതൃത്വം കേളപ്പനും ദാമോദരമേനോനും വഹിച്ചിരുന്നതിനാൽ ആ പാർട്ടിക്കു വമ്പിച്ച ജനപിന്തുണയാണു ലഭിച്ചതു്.

1952 ആരംഭത്തിൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ്പാർട്ടിയുമായി സഖ്യമുണ്ടാക്കിയിരുന്ന കെ. എം. പി.പി.യുടെ വിജയം അത്ഭുതാവഹമായിരുന്നു. കോൺഗ്രസ് ദയനീയമായി പരാജയപ്പെട്ടു. ഈ തിരഞ്ഞെടുപ്പിൽ കേളപ്പൻ വമ്പിച്ച ഭൂരിപക്ഷത്തോടെ ലോകസഭയിലേക്കു് തിരഞ്ഞെടുക്കപ്പെടുകയുംചെയ്തു.

കേളപ്പന്റെ രാഷ്ട്രീയപ്രവർത്തനഗതിക്കു് ഇതിനിടയിൽ പിന്നെയും ചില മാററങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു. ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് പാർട്ടി,ആദർശങ്ങളിലും അഭിപ്രായങ്ങളിലും മാർക്സിന്റെ മാർഗം ഇന്ത്യൻ ചരിത്രപശ്ചാത്തലത്തിനു യോജിക്കാത്തതാണെന്നുള്ള നിഗമനത്തിലെത്തിയതും, ഗാന്ധിജിയുടെ മാർഗത്തെ സർവാത്മനാ സ്വീകരിച്ചതും ഈ സന്ദർഭത്തിലായിരുന്നു. സോഷ്യലിസ്റ്റ്പാർട്ടിയുടെ ഈ മാററം കെ. എം. പി. പി.യും സോഷ്യലിസ്റ്റ്പാർട്ടിയും തമ്മിൽ അടുക്കാനും അചിരേണ പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയെന്ന ഒററ പാർട്ടിയായി രൂപാന്തരപ്പെടാനും ഇടയാക്കി.

അഹിംസാമാർഗത്തിലൂടെയുള്ള ഒരു സാമ്പത്തികവിപ്ലവം സുസാദ്ധ്യമാക്കാനുള്ള യത്നമാണ് നാടിന്റെ അടിയന്തരാവശ്യമെന്നും അതാണ ശരിയെന്നുമുള്ള അഭിപ്രായത്തോട് പൂർണമായി യോജിക്കാൻ കഴിയുന്ന രണ്ടു പാർട്ടികളും പരസ്പരം ലയിച്ചതിനെ കേളപ്പൻ സ്വാഗതംചെയ്തു. എങ്കിലും ആ പാർട്ടി രൂപീകൃതമായതിനുശേഷം, ഒരു വർഷത്തിലധികം അദ്ദേഹം ആ രംഗത്തു പ്രവർത്തിച്ചില്ല. ആചാര്യ വിനോബാ ഭാവേയുടെ ഭൂദാനപ്രസ്ഥാനം അതിനകം ഇന്ത്യയിൽ ഏററവും അധികം ജനശ്രദ്ധയാകർഷിച്ചുകഴിഞ്ഞിരുന്നു. ജയപ്രകാശ് നാരായൺ രാഷ്ട്രീയകക്ഷിബന്ധങ്ങൾ പാടേ ഉപേക്ഷിക്കയും സർവോദയപ്രസ്ഥാനത്തിൽ സജീവമായി പങ്കെടുക്കുകയും ചെയ്ത ചരിത്രപ്രസിദ്ധമായ സംഭവം ഉണ്ടായതും ഈ കാലത്തായിരുന്നു. കക്ഷിരാഷ്ട്രീയത്തിന് രാഷ്ട്രത്തെ പുരോഗതിയിലേക്കു നയിക്കാൻ കഴിയില്ലെന്നും ഗാന്ധിമാർഗമെന്ന കക്ഷിരഹിതവും അഹിംസാശക്തവുമായ മാർഗമേ നാടിന്റെ യഥാർത്ഥ മോചനത്തിനുതകൂ എന്നുമുള്ള വിശ്വാസം നിമിഷംപ്രതി മനസ്സിൽ വളർന്നു ശക്തിപ്പെട്ടുകൊണ്ടിരുന്ന കേളപ്പനും ഈ സന്ദർഭത്തിൽ തന്റെ രാഷ്ട്രീയകക്ഷിബന്ധങ്ങൾ പാടേ ഉപേക്ഷിച്ച് കേരളത്തിലെ സർവോദയപ്രസ്ഥാനത്തെ പ്രകാശമാനമാക്കാൻ രംഗപ്രവേശംചെയ്തു.

കേരളത്തിൽ സർവോദയപ്രസ്ഥാനത്തിന്റെ വിവിധശാഖകളിൽ കേളപ്പൻ തന്റെ സേവനമർപ്പിച്ച് അവയെ പരിപുഷ്ടമാക്കി. കേരളത്തിൽ ഭൂദാനത്തിനുവേണ്ടിയുള്ള പ്രചരണത്തിന്റെ ഉദ്ഘാടനം നടന്നത് 1953 ജൂലൈ 29–ാം തീയതിയായിരുന്നു. ചരിത്രപ്രസിദ്ധമായ ഉപ്പുസത്യഗ്രഹം നടന്ന പയ്യന്നൂരിൽ ഇതിലേക്കായി സംഘടിപ്പിച്ച ഒരു മഹാസമ്മേളനത്തിൽവച്ച് പ്രചരണപരിപാടി ഉദ്ഘാടനം ചെയ്തത് കേളപ്പൻതന്നെയായിരുന്നു. രാജ്യത്തെ തൊണ്ണൂറു ശതമാനംവരുന്ന ഭൂരഹിതരായ കർഷകരെ ബാധിക്കുന്ന പ്രശ്നത്തിനു പരിഹാരം കാണാൻവേണ്ടിയുള്ളതാണ് ഭൂദാനപ്രസ്ഥാനമെന്ന് ഉദ്ഘാടനവേളയിൽ അദ്ദേഹം പ്രസ്താവിച്ചു. ഭൂമി സമൂഹത്തിന്റെ പൊതുസ്വത്തായിത്തീർന്നാൽ ഇന്നു കാണുന്ന എല്ലാവിധമായ അസമാധാനങ്ങൾക്കും അറുതിവരുമെന്നും അദ്ദേഹം പറഞ്ഞു.

1953—ന ശേഷം ലോകസഭാമെമ്പറെന്ന നിലയിലുള്ള ജോലികഠംക്കുള്ള സമയമൊഴികെ, മുഴവൻ സമയവും കേളപ്പൻ സർവോദയപ്രവർത്തനത്തിലാണു് ഏർപ്പെട്ടിരുന്നതു്. കേരള സർവോദയസംഘമെന്ന ഖാദി—ഗ്രാമവ്യവസായസംഘടനയുടെ അദ്ധ്യക്ഷനായിരുന്ന അദ്ദേഹം, മരണംവരെ ആ സ്ഥാനം വഹിച്ചിരുന്നു. അതിനു പുറമെ ഹരിജനസേവാരംഗത്തും അടിസ്ഥാനവിദ്യാഭ്യാസരംഗത്തും അദ്ദേഹത്തിൻെറ സേവനം ലഭിച്ചുവന്നിരുന്നു.

കേരളത്തിൽ സർവോദയത്തിൻെറ വിവിധ ശാഖകളെ സമന്വയിപ്പിച്ചുകൊണ്ടു് പ്രവർത്തിച്ചുവരുന്ന കേരള സർവ്വോദയമണ്ഡലത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ടായിരുന്നുകൊണ്ടു്, 1957മുതൽ പന്ത്രണ്ടു വർഷക്കാലം കേളപ്പൻ സർവോദയപ്രസ്ഥാനത്തിനു നേതൃത്വം നൽകിയിരുന്നു.

സർവോദയപ്രസ്ഥാനത്തിനു് അഖിലേന്ത്യാതലത്തിൽ നേതൃത്വം നൽകിവരുന്ന സർവസേവാസംഘത്തിൻെറ കർമ്മസമിതിയിലും കേളപ്പൻ ദീർഘകാലം അംഗമായിരുന്നു. 1959—ൽ അജ്മീറിൽ വച്ചു നടന്ന അഖിലേന്ത്യാസർവോദയസമ്മേളനത്തിൻെറ പ്രസിഡണ്ടും അദ്ദേഹംതന്നെയായിരുന്നു.

കേരള ഗാന്ധിസ്മാരക നിധി 1951—ൽ രൂപീകൃതമായതു മുതൽ, ജീവിതകാലം മുഴവൻ കേളപ്പൻ ആ സ്ഥാപനത്തിൻെറയും പ്രസിഡണ്ടായിരുന്നു. കോഴിക്കോട്ടു് ഗാന്ധി പീസ് ഫൗണ്ടേഷൻ കേന്ദ്രം രൂപീകൃതമായ കാലംമുതൽ ആ സ്ഥാപനത്തിൻെറയും അദ്ധ്യക്ഷൻ അദ്ദേഹംതന്നെയായിരുന്നു. കോഴിക്കോടു് സിററിയിൽ ചെറൂട്ടി റോഡിൽ ഗാന്ധി പീസ് ഫൗണ്ടേഷൻെറ ആസ്ഥാനമായി ഗാന്ധിഗൃഹമെന്ന കെട്ടിടം നിർമിച്ചതും അദ്ദേഹത്തിൻെറ നേതൃത്വത്തിലായിരുന്നു.

1953 നവംബറിൽ വിനോബാജിയുടെ സഹപ്രവർത്തകനായ ശങ്കർ റാവുദേവ് കേരളത്തിൽ ഒരു ഭൂദാന പദയാത്ര നടത്തി. ഈ പദയാത്രയിൽ പല സ്ഥലത്തും കേളപ്പൻ സ്വീകരണയോഗങ്ങളിൽ പങ്കെടുത്തു് ഭൂദാനപ്രസ്ഥാനത്തെ വിജയിപ്പിക്കാൻ ചെയ്ത അഭ്യർത്ഥനകഠംക്കു് ഗണ്യമായ ഫലം ഉണ്ടായി. ഭൂവുടമകഠം തങ്ങളുടെ ഭൂസ്വത്തിൻെറ ഒരു ഭാഗം ഉപേക്ഷിച്ചുകൊണ്ടു് ഈ പ്രസ്ഥാനത്തോടു് അവരുടെ സഹഭാവം പ്രകടിപ്പിക്കാൻ പല ദിക്കിലും മുന്നോട്ടു വന്നു. ഭൂമി സമൂഹത്തിൻെറ ഉടമയിൽ വരിക, ഓരോ വില്ലേജും സ്വയം

പര്യാപ്തമാവുക, വില്ലേജുകളുടെ ഭരണം അവിടെയുള്ള ജനങ്ങളുടേതാവുക, ഇങ്ങനെ 'ഗ്രാമസ്വരാജ്' എന്നു് ഗാന്ധിജി വിശേഷിപ്പിച്ച മാതൃകാവ്യവസ്ഥിതിയിലേക്കുള്ള മാർഗമെന്ന നിലയിലാണു് കേളപ്പൻ ഈ സംരംഭത്തെ മനസാ സ്വാഗതം ചെയ്തതു്. സ്വന്തമായുണ്ടായിരുന്ന ഭൂമി മുഴുവൻ തുടക്കത്തിലേ അദ്ദേഹം ദാനംചെയ്തു. തുടർന്നു് അദ്ദേഹത്തിന്റെ സഹോദരി ലക്ഷ്മിയമ്മ 20 ഏക്കർ ഭൂമി ദാനംചെയ്തതു് ശങ്കർ റാവുദേവിന്റെ പദയാത്രാവേളയിലായിരുന്നു.

മയ്യഴി വിമോചനസമരം

ഇതിനിടെ കക്ഷിരാഷ്ട്രീയമെല്ലാം ഉപേക്ഷിച്ചു് സർവോദയപ്രവർത്തനത്തിൽ മുഴുകിയിരുന്ന കേളപ്പനു് മറ്റൊരു ദേശീയസമരത്തിനു നേതൃത്വം നൽകേണ്ടിവന്നു. അതു് മയ്യഴിയിലെ സ്വാതന്ത്ര്യസമരമായിരുന്നു. ഫ്രഞ്ചുകാരുടെ അധീനതയിൽനിന്നു് മയ്യഴിയെ മോചിപ്പിക്കാൻ മയ്യഴി മഹാജനസഭ എന്നൊരു സംഘടന 1938–ൽ രൂപീകൃതമായി പ്രവർത്തനം ആരംഭിച്ചിരുന്നുവെങ്കിലും അതൊരു ദേശീയ സമരപ്രസ്ഥാനമായി ശക്തിപ്രാപിച്ചതു് 1947–ൽ ഇന്ത്യ സ്വതന്ത്രയായതിനുശേഷമാണു്. മയ്യഴിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഉഗ്രസമരവുമായി അന്നു രംഗപ്രവേശംചെയ്ത ദേശാഭിമാനികളായ യുവാക്കളെ ഉരുക്കുമുഷ്ടി ഉപയോഗിച്ചാണു് ഫ്രഞ്ചു് ഭരണാധികാരികൾ നേരിട്ടതു്. 1954–ലെ അന്തിമസമരം നടന്നതു്, കേളപ്പന്റെ നേതൃത്വത്തിൽ മയ്യഴിയിലെ കർമസമിതിയംഗങ്ങളും ഫ്രഞ്ചു് ഭരണാധികാരികളുമായി കൂടിയാലോചനകൾ പലതും നടന്നതിനുശേഷമായിരുന്നു. 1954 ഏപ്രിൽ 9–ാം തീയതി സമരക്കാരും കേളപ്പനും എടുത്ത അന്തിമതീരുമാനമനുസരിച്ചു് പി.കെ. ഉസ്മാൻ, എൻ.സി. കണ്ണൻ എന്ന രണ്ടു യുവാക്കൾ ''ഫ്രഞ്ചുകാർ വിട്ടുപോവുക'' എന്ന മുദ്രാവാക്യവുമായി, ദേശീയപതാകയുമേന്തി, ഫ്രഞ്ചു് അതിർത്തിയിൽ പ്രവേശിച്ചപ്പോൾ അവരെ ഫ്രഞ്ചു് പോലീസ് കഠിനമായി മർദിക്കുകയും കാരാഗൃഹത്തിലടയ്ക്കുകയുമാണുചെയ്തതു്. ഇതേത്തുടർന്നു് ഒരു വലിയ വാളണ്ടിയർസംഘം, കേളപ്പന്റെ അനുഗ്രഹാശ്ശിസ്സുകളോടെ, മയ്യഴിപ്പാലത്തിനു വടക്കുനിന്നു് ദേശീയപതാകകളുമേന്തി ഫ്രഞ്ചുവിരുദ്ധമുദ്രാവാക്യങ്ങളും മുഴക്കി മുന്നോട്ടു നീങ്ങി. അവർ മയ്യഴി അതിർത്തിയിൽ പ്രവേശിച്ചപ്പോൾ

മയ്യഴിയിലെ ജനങ്ങളും കൂട്ടമായി അവരോട് ചേർന്നു. ഭാഗ്യവശാൽ ഈ സന്ദർഭത്തിൽ ഫ്രഞ്ച് അഡ്മിനിസ്ട്രേറ്റർ അവിടെയെത്തി അധികാരം വിട്ടൊഴിഞ്ഞുപോകാനുള്ള ഫ്രഞ്ച് ഭരണക്കാരുടെ സന്നദ്ധത പ്രകടിപ്പിച്ചു. മയ്യഴിജനതയ്ക്കുവേണ്ടി മഹാജനസഭാദ്ധ്യക്ഷൻ ഐ.കെ. കുമാരൻ ഫ്രഞ്ച് അഡ്മിനിസ്ട്രേറ്ററിൽനിന്ന് ഭരണാധികാരം ഏറ്റെടുത്തു. അങ്ങനെ മയ്യഴിവിമോചനസമരം വിജയകരമായി പര്യവസാനിച്ചു. ഈ സമരത്തിന് കേളപ്പൻ നൽകിയ ആവേശകരമായ നേതൃത്വം എന്നും സ്മരണീയമാണ്.

വിനോബാജി കേരളത്തിൽ

ഭൂരഹിതർക്ക് ഭൂമി ദാനമായി ആവശ്യപ്പെട്ടുകൊണ്ട് അഖിലേന്ത്യാ പദയാത്ര നടത്തിയിരുന്ന വിനോബാജി, 1957 ഏപ്രിൽ 18-ാം തീയതി പദയാത്രയായി പാറശാല വഴി കേരളത്തിൽ പ്രവേശിച്ചു. പാറശാലനിന്നു പുറപ്പെട്ട യാത്ര, 1957 ആഗസ്റ്റ് 24-ാം തീയതി കേരളത്തിന്റെ വടക്കേ അററത്തെ ഗ്രാമമായ മഞ്ചേശ്വരത്തുനിന്ന് കർണാടകത്തിൽ പ്രവേശിച്ചതോടെയാണ് ഈ പദയാത്രയുടെ കേരളപാദം പൂർത്തിയായത്. കേളപ്പന്റെയും ഇക്കണ്ടവാര്യരുടെയും നേതൃത്വത്തിൽ കേരളത്തിലെ സർവോദയപ്രവർത്തകരെല്ലാം സംഘടിച്ചും സഹകരിച്ചും പ്രവർത്തിച്ച് വിനോബാജിക്ക് അനേകം കേന്ദ്രങ്ങളിൽ സ്വീകരണം നൽകിയും ഭൂമിദാനത്തിന് ഒട്ടേറെ രംഗങ്ങളൊരുക്കിയും ഈ പദയാത്ര ഒരു വമ്പിച്ച വിജയമാക്കിത്തീർത്തു. ഇതിനുപുറമേ 1957 മെയ് 9,10 തീയതികളിൽ കാലടിയിൽവച്ച് ഒമ്പതാം അഖിലേന്ത്യാ സർവോദയ സമ്മേളനവും വിനോബാജിയുടെ ഈ യാത്രാമദ്ധ്യേ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ വിജയകരമായി നടന്നു. ഇന്ത്യയുടെ എല്ലാ സംസ്ഥാനങ്ങളിൽനിന്നുമായി ധാരാളം സർവോദയ പ്രവർത്തകർ പങ്കെടുത്ത ഈ സമ്മേളനത്തിന്റെ മുഖ്യ സംഘാടകർ കേളപ്പനും ഇക്കണ്ടവാര്യരുമായിരുന്നു. വിനോബാജിയുടെ കേരളപദയാത്രയും കാലടിയിലെ ഈ സമ്മേളനവും കേരളത്തിലെ സർവോദയപ്രവർത്തനത്തിന് പുതിയ ഉണർവും ഉന്മേഷവുമാണു പ്രദാനംചെയ്തത്.

ശാന്തിസേന

വിനോബാജി കേരളപര്യടനം പൂർത്തിയാക്കി കർണാടകത്തിൽ പ്രവേശിച്ചതിന്റെ തലേദിവസം മഞ്ചേശ്വരത്തു

നടത്തിയ പ്രാർത്ഥനായോഗത്തിൽ അദ്ദേഹം കേരളത്തിൽ ഒരു ശാന്തിസേന പ്രസ്ഥാനത്തിന്റെ ഉദ്ഘാടനംകൂടി നിർവ്വഹിക്കുകയുണ്ടായി. കേരളത്തിൽ ഉദ്ഘാടനംചെയ്യുന്ന ഈ ശാന്തിസേനയുടെ നേതാവു് കേളപ്പനായിരിക്കുമെന്നു് കരഘോഷങ്ങൾക്കിടയിൽ അദ്ദേഹം പ്രസ്താവിക്കുയുംചെയ്തു. കേളപ്പനും ഇക്കണ്ടവാര്യരും അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽതന്നെ ശാന്തിസൈനിക പ്രതിജ്ഞയെടുക്കുകയുമുണ്ടായി.

ശാന്തിസൈനികമുഖ്യൻ എന്ന നിലയിൽ അതിനുശേഷം സംഘർഷാത്മകമായ രംഗങ്ങളിൽ പാഞ്ഞെത്തി സമാധാനം സ്ഥാപിക്കാൻ കേളപ്പൻ ചെയ്ത ശ്രമങ്ങൾ പലതുണ്ടു്. 1959 മെയ്‌ മാസത്തിൽ ചാവക്കാടു്, മണത്തല, എങ്ങണ്ടിയൂർ എന്നീ പ്രദേശങ്ങളിൽ ഒരു ഹിന്ദു–മുസ്ലീം വർഗീയ സംഘർഷം വളർന്നു. ഒരു മുസ്ലീം ദേവാലയം ആക്രമണവിധേയമായതിനെത്തുടർന്നാണു് അതു മൂർച്ഛിച്ചതു്. വിവരമറിഞ്ഞു് കേളപ്പൻ അവിടെയെത്തി. ഒപ്പംതന്നെ അവിടെയെത്തിയ ബാഫക്കി തങ്ങൾ, വി. എം. നായർ തുടങ്ങിയ മററു ചില നേതാക്കളുമായി സമാധാനാന്തരീക്ഷമുണ്ടാക്കാനുള്ള മാർഗത്തെപ്പററി അദ്ദേഹം ചർച്ചചെയ്തു. ഭാവിയിൽ അവിടെ ഈ സമുദായവൈരം ഉണ്ടാകാതിരിക്കുന്നതിനു് ഇരുസമുദായങ്ങളിലെയും നേതാക്കന്മാരിൽനിന്നു് അദ്ദേഹം ആവശ്യമായ ഉറപ്പുകൾ സമ്പാദിച്ചു. സമാധാനപ്രവർത്തനത്തിനായി ഒരു ക്യാമ്പ് നടത്തി. പല സർവോദയപ്രവർത്തകരും അതിൽ പങ്കെടുത്തു. അവരുടെ പ്രചരണജോലിയും ഗൃഹസന്ദർശനവുമെല്ലാം ആ ദിക്കിൽ സമുദായസൗഹാർദ്ദം പുനഃസ്ഥാപിക്കാൻ സഹായിച്ചു. ആക്രമണവിധേയമായ മുസ്ലീം ദേവാലയം പുതുക്കിപ്പണിയുന്നതിലേക്കു് ഹിന്ദുസമുദായാംഗങ്ങൾ സംഭാവനകൾ നൽകി സഹായിക്കണമെന്നുകൂടി കേളപ്പൻ അഭ്യർത്ഥിച്ചു. ഇതിന്റെ പ്രാധാന്യം ശരിക്കും കണ്ടറിഞ്ഞു് സംഭാവനകൾ നൽകാൻ പല ഹിന്ദുമാന്യന്മാരും മുന്നോട്ടു വരികയും ചെയ്തു.

ഉപവാസയജ്ഞം

1957 ഏപ്രിലിൽ അധികാരമേററ ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ 28 മാസമേ ഭരണം നടത്തിയുള്ളു. ഭരണീയജനങ്ങളിൽ വലിയൊരു

വിഭാഗം കമ്മ്യൂണിസ്റ്റ് ഭരണത്തിൽ അതൃപ്തിയും പ്രതിഷേധവും പ്രകടിപ്പിച്ചു. വിദ്യാഭ്യാസ ബില്ലിനെച്ചൊല്ലി പ്രൈവററ് സ്കൂൾ മാനേജ്മെൻറുകൾ ആരംഭിച്ച സമരം വളരെ വേഗം ഒരു ബഹുജനസമരമായി മാറി. മന്ത്രിസഭയെ പിരിച്ചുവിടാനാവശ്യപ്പെട്ടുകൊണ്ടു നടന്ന ഈ വിമോചനസമരത്തിൻെറ ഫലമായി പല ദിക്കിലും അക്രമം പൊട്ടിപ്പുറപ്പെട്ടു. അഹിംസയിൽ വേണ്ടത്ര ശിക്ഷണം ലഭിക്കാത്ത ജനങ്ങളും ആയുധശക്തിയിൽ മാത്രം വിശ്വസിക്കുന്ന ഭരണാധികാരവും തമ്മിലുള്ള ഏററുമുട്ടലിൽ അക്രമം, വെടിവയ്പ്, അറസ്റ്റ് എന്നിവയെല്ലാം വളരെയുണ്ടായി. നാട്ടിൽ വളർന്നു വന്ന ഹിംസാശക്തിക്കെതിരെ ഭരണക്കാരനെന്നോ സമരക്കാരനെന്നോ ഉള്ള ഭേദം പരിഗണിക്കാതെ, സ്വന്തം സത്യാഗ്രഹശക്തികൊണ്ടു് പ്രതികരിക്കാനുള്ള തീരുമാനം കേളപ്പൻ പ്രഖ്യാപിച്ചു. പതിന്നാലു ദിവസത്തെ ഉപവാസമാണ് അദ്ദേഹം നടത്താൻ തീരുമാനിച്ചതു്.

കേളപ്പൻ ഉപവാസമാരംഭിച്ച വാർത്ത കേരളജനതയെ ഒട്ടാകെ ഉത്കണ്ഠാകുലരാക്കി. പല പ്രമുഖ നേതാക്കളും ഉപവാസമവസാനിപ്പിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടയച്ച കത്തുകളും കമ്പികളുംകൊണ്ടു് നിളാതീരത്തെ ഉപവാസസ്ഥാനമായ ശാന്തികുടീരം നിറഞ്ഞു. 1959 മെയ് 18–ാംതീയതി ഉപവാസം ആരംഭിച്ചു. 24–ാം തീയതിയായപ്പോഴേക്കു് അതുവരെ പരസ്പരം മത്സരിച്ചും അകന്നും നിന്നിരുന്ന നേതാക്കൾ ഒന്നിച്ചുകൂടുകയും കേളപ്പൻെറ ഉപവാസം അവസാനിപ്പിക്കാനുള്ള മാർഗം ചർച്ചചെയ്യുകയുംചെയ്തു. അവരെ ഒന്നിച്ചു കൂട്ടാൻ ശ്രമം നടത്തിയതു് വി. എം. നായരായിരുന്നു. തങ്ങൾ പ്രതിനിധീകരിക്കുന്ന സംഘടനകൾ ജനാധിപത്യമര്യാദകളും അക്രമരാഹിത്യവും ഭാവിയിൽ സ്വീകരിക്കുമെന്നുറപ്പു നൽകുന്ന ഒരു തീരുമാനം ആ നേതൃയോഗം ഐകകണ്ഠ്യേന സ്വീകരിച്ചു. തീരുമാനം കേളപ്പനെ അറിയിക്കാൻ ആർ. ശങ്കർ, പട്ടം താണുപിള്ള, സെയ്ദ് അബ്ദുറഹ്മാൻ ബാഫക്കി തങ്ങൾ, എ. കെ. ഗോപാലൻ, കെ. മാധവമേനോൻ, മന്ത്രി വി. ആർ. കൃഷ്ണയ്യർ എന്നിവരോടുകൂടി വി. എം. നായർ കേളപ്പൻെറ സമീപമെത്തി. എങ്കിലും കേളപ്പൻ ഉപവാസം അവസാനിപ്പിച്ചില്ല. സമൂഹത്തിലെ സ്ഫോടനാത്മകമായ അന്തരീക്ഷം ശമിപ്പിക്കുക മാത്രമല്ല, ആത്മശുദ്ധീകരണം സഹപ്രവർത്തക

രായ സർവോദയസുഹൃത്തുക്കളെ കൂടുതൽ കർമ്മനിരതരാക്കൽ എന്നിവകൂടി ഉദ്ദേശിച്ചാണ്‌ തന്റെ ഉപവാസമെന്നും അത്‌ നിശ്ചിത ദിവസങ്ങൾവരെ നീട്ടാനാണു തന്റെ തീരുമാനമെന്നും അദ്ദേഹം നേതാക്കളെ വിനയത്തോടെ അറിയിച്ചു. എന്നാൽ, ജീവൻ നഷ്ടപ്പെടുമെന്നു വരുന്ന പക്ഷം, ആ സന്ദർഭത്തിൽ ഉപവാസമവസാനിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. പിന്നീട്‌ ഉപവാസം തുടർന്നുപോയാൽ ജീവഹാനി സംഭവിക്കുമെന്ന്‌ ഡോക്ടർമാർ അദ്ദേഹത്തെ പരിശോധിച്ച ശേഷം അഭിപ്രായപ്പെട്ടതനുസരിച്ച്‌, മെയ്‌ 26–ാം തീയതി കേളപ്പനു്‌ ഉപവാസം അവസാനിപ്പിക്കേണ്ടിവന്നു.

15. അന്ത്യകാലം

വൈദേശികഭരണത്തിൽനിന്നു്‌ മുക്തമായ ഭാരതവും വിശേഷിച്ച്‌, തന്റെ ജന്മസംസ്ഥാനമായ കേരളവും എല്ലാ ജീവിതരംഗത്തും ഗാന്ധിജിയുടെ ആദർശങ്ങളുംകൊണ്ടു്‌ പുതിയൊരു ജന്മം കൈക്കൊള്ളുമെന്നു കരുതിയിരുന്ന കേളപ്പനു്‌ ജീവിതസായാഹ്നത്തിൽ തന്റെ സ്വപ്നങ്ങൾ പലതും തകർന്നു മണ്ണടിയുന്നതു കണ്ടുള്ള വേദനയോടെയാണു്‌ നാളുകൾ കഴിച്ചുകൂട്ടേണ്ടിവന്നതു്‌.

വിദ്യാഭ്യാസരംഗത്തു്‌

ഇന്ത്യയിലെ ദരിദ്രജനകോടികളെക്കരുതിയും നമ്മുടെ ആവശ്യത്തിനും പാരമ്പര്യത്തിനും സംസ്കാരത്തിനും ഉതകുന്ന വിധത്തിലും ഗാന്ധിജിയുടെ നേതൃത്വത്തിൽ രൂപംകൊണ്ട അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ പ്രചാരണത്തിനും വളർച്ചയ്ക്കുംവേണ്ടി വളരെ പ്രവർത്തിച്ചയാളായിരുന്നു കേളപ്പൻ. ബേസിക്‌ സ്കൂളുകളുടെയും പോസ്റ്റ്‌ ബേസിക്‌ സ്കൂളുകളുടെയും ഒരു ശൃംഖല മലബാർ പ്രദേശത്തു്‌ വളർത്തിയെടുക്കാനും ഈ വിദ്യാഭ്യാസസമ്പ്രദായത്തിൽ അർപ്പിതമനസ്കരായി പ്രവർത്തിച്ചിരുന്ന കെ. ഭീമൻനായരെപ്പോലെ ആരാധ്യരായ പല ഗുരുനാഥന്മാരെയും പ്രോത്സാഹിപ്പിക്കാനും അദ്ദേഹം എപ്പോഴും തയ്യാറായിരുന്നു. സ്വാതന്ത്ര്യലബ്ധിയെത്തുടർന്നു്‌ കോൺഗ്രസ്‌ അധികാരത്തിൽ വന്നപ്പോൾ, മുറപ്രകാരം

അടിസ്ഥാന വിദ്യാഭ്യാസ സ്ഥാപനങ്ങളെയും പോസ്റ്റ് ബേസിക് സ്കൂളുകളെയും ഭരിക്കാനും നടത്താനും ഉള്ള ചുമതല, നമ്മുടെ ഉദ്യോഗസ്ഥന്മാരിൽ നിക്ഷിപ്തമായി. എന്നാൽ, അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ തത്വം ഉൾക്കൊള്ളാത്ത അവർ അടിസ്ഥാന വിദ്യാഭ്യാസത്തെ ''കുളിപ്പിച്ചു കുളിപ്പിച്ചു കുഞ്ഞില്ലാതെയാക്കുന്ന'' മട്ടിൽ വിവേകശൂന്യമായി നീങ്ങുന്നതു കണ്ടു്, അദ്ദേഹത്തിനു് അന്ത്യനാളുകളിൽ ദുഃഖിക്കേണ്ടതായിവന്നു. എങ്കിലും ആശ കൈവെടിയാതെ ഒടുവിൽ തവനൂരെ കുന്നിൻപുറത്തു് അദ്ദേഹം ഒരു പോസ്റ്റ് ബേസിക് സ്കൂൾ ആരംഭിച്ചു. നിളാ നദിയുടെ കരയിൽ ഗാന്ധിജിയുടെ സ്വപ്നങ്ങൾ അങ്ങനെ പൂവണിയുന്നതു കാണാൻ അദ്ദേഹം വളരെ ത്യാഗങ്ങളനുഭവിക്കുകയുംചെയ്തു.

പ്രാഥമികതലത്തിൽ, അടിസ്ഥാന വിദ്യാഭ്യാസം നടപ്പാക്കിയതിന്റെ തുടർച്ചയായിട്ടാണല്ലോ സെക്കണ്ടറി തലത്തിൽ പോസ്റ്റ് ബേസിക് സ്കൂളുകൾ ഉണ്ടായതു്. എന്നാൽ, പോസ്റ്റ് ബേസിക് സ്കൂളുകൾകൊണ്ടും അവസാനിപ്പിക്കാവുന്ന ഒരു വിദ്യാഭ്യാസപദ്ധതിയല്ല അടിസ്ഥാന വിദ്യാഭ്യാസം എന്ന പ്രസ്ഥാനംകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ഗാന്ധിജി വിഭാവനചെയ്ത ഗ്രാമസ്വരാജ് നേടുന്നതിനുവേണ്ടിയുള്ള മഹത്തായ യജ്ഞത്തിനു് അർപ്പിതമനസ്കരായ യുവസേവകരുടെ പ്രവർത്തനം ആവശ്യമാണു്. അവർക്കു വേണ്ട സമ്പൂർണശിക്ഷണം നൽകാൻ കുറേക്കൂടി ഉയർന്ന മേഖലയിൽ ഉള്ള അഭ്യസനകേന്ദ്രങ്ങൾ ഉണ്ടാകുമ്പോഴേ അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പൂർത്തിയാവുകയുള്ളു. പോസ്റ്റ് ബേസിക് പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കു് സർവകലാശാലാതലത്തിനു സമാന്തരമായ വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി സ്ഥാപിതമാകുന്ന ഈ സ്ഥാപനങ്ങൾ റൂറൽ ഇൻസ്റ്റിററ്യൂട്ടുകൾ എന്നാണറിയപ്പെടുന്നതു്. തമിഴ്നാട്ടിലെ ഗാന്ധിഗ്രാമിലും മററും പ്രശസ്തമായ നിലയിൽ നടന്നുവന്നിരുന്ന മട്ടിലുള്ള ഒരു റൂറൽ ഇൻസ്റ്റിററ്യൂട്ട് കേരളത്തിലും വേണമെന്നാഗ്രഹിച്ചതും അതിനു മുൻകൈയെടുത്തതും കേളപ്പനായിരുന്നു.

കേരളത്തിൽ ഒരു റൂറൽ ഇൻസ്റ്റിററ്യൂട്ട് തുടങ്ങാൻ കേന്ദ്രാനുമതി ലഭിച്ചപ്പോൾ, അതു തുടങ്ങേണ്ട സ്ഥലം ഏതാണെന്നുള്ളതിനെച്ചൊല്ലി വലിയ തർക്കമുണ്ടായി. വലിയ വിവാ

ങ്ങൾക്കു ശേഷം ഒടുവിൽ അതു തവനൂരിൽതന്നെ സ്ഥാപിക്കണമെന്നും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണസമിതിയുടെ ഉപാധ്യക്ഷൻ കേളപ്പൻതന്നെ ആയിരിക്കണമെന്നും നിശ്ചയം തീരുമാനിക്കപ്പെട്ടു. അങ്ങനെ, ''വിദ്യാഭ്യാസത്തിലൂടെ രാഷ്ട്ര പുനർനിർമ്മാണം'' എന്ന ഗാന്ധിജിയുടെ സുന്ദരസങ്കല്പം തവനൂർ കുന്നിൻപുറത്തു് യാഥാർത്ഥ്യമായി വരുമെന്നു കണ്ടു് കേളപ്പൻ അതിരററു സന്തോഷിച്ചു.

എന്നാൽ, ഗാന്ധിയൻ വിദ്യാഭ്യാസരീതിയുടെ ശരിയായ തത്വമുൾക്കൊള്ളാനോ അതു് അംഗീകരിക്കാനോ അതിനെ പ്രോത്സാഹിപ്പിക്കാനോ തയ്യാറല്ലാത്ത ഒരു ഭരണാധികാരിവർഗ്ഗത്തിന്റെ കൈയിലാണു് ഈ പദ്ധതി ചെന്നുകപ്പെട്ടതെന്ന നിർഭാഗ്യകരമായ വസ്തുത വിസ്മരിച്ചുകൂടാ. പദ്ധതി നടപ്പാക്കാൻ നിയമപ്രകാരം നിർബ്ബന്ധിതരായിരുന്നു എന്നതുകൊണ്ടു മാത്രമാണു് അവർ അതിനൊരുമ്പെട്ടതു്. അവരിൽ പലരും ഖാദി ധരിച്ചിരുന്നെങ്കിലും ഉള്ളാലെ കോട്ടും ഹാററും ധരിച്ച 'ധ്വരമാർ'തന്നെയായിരുന്നു. ഇതിനുപുറമെ ശുദ്ധവും മഹത്തരവുമായ ആദർശത്തിന്റെ പേരിൽ തുടങ്ങുന്ന പ്രസ്ഥാനങ്ങളെ സ്വന്തം കക്ഷിതാല്പര്യങ്ങളുടെ സിദ്ധിക്കായി മാത്രം ഉപയോഗപ്പെടുത്താൻ ആഗ്രഹിക്കുന്ന ഭരണാധികാരികളുടെ പരസ്യവും നിർല്ലജ്ജവുമായ ദുഷ്പ്രവണതയുംകൂടിയായപ്പോൾ ഇൻസ്റ്റിറ്റ്യൂട്ടു് അതിന്റെ ലക്ഷ്യത്തിൽനിന്നകന്നു് ഏറെത്താമസിയാതെ, ആർക്കോ വേണ്ടിയുള്ള ആത്മാവില്ലാത്ത ഒരു സ്ഥാപനമായി മാറിത്തുടങ്ങി. ഈ ഗതി കണ്ടു് ദുഃഖിച്ച കേളപ്പൻ അഞ്ചു വർഷത്തെ സേവനത്തിനു ശേഷം ഭരണസമിതിയിൽനിന്നു സ്വയം പിന്മാറി. ''ഇവിടെ ഈ സ്ഥാപനമുണ്ടാകുന്നതിനുവേണ്ടി എനിക്കു് ഒരു സമരംതന്നെ ചെയ്യേണ്ടിവന്നു. ഈ സ്ഥാപനത്തിന്റെ ഇന്നത്തെ അവസ്ഥ ഇതായിത്തീർന്നതിൽ എനിക്കു ദുഃഖം തോന്നുന്നു.'' ഒരു ദേശീയ കൗൺസിലംഗത്തിനു് അന്നു് റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിനെ പരാമർശിച്ചെഴുതിയ കത്തു് കേളപ്പൻ ഉപസംഹരിച്ചതിങ്ങനെയായിരുന്നു.

മദ്യനിരോധനം

1969 ഒക്ടോബർ 2 മുതൽ 1970 ഫെബ്രുവരി 22 വരെ ഗാന്ധി ജന്മശതാബ്ദി മഹോത്സവമാഘോഷിക്കാൻ തീരുമാന

മുണ്ടായി. കേരളത്തിൽ ഇതിലേക്ക രൂപീകരിച്ച കമ്മററിയിൽ കേളപ്പനും അംഗത്വം സ്വീകരിച്ചിരുന്നു. അതിനുശേഷമാണു് 1967 മാർച്ചിൽ ഇ.. എം. എസ്സ്. നമ്പൂതിരിപ്പാടിൻെറ രണ്ടാമത്തെ മന്ത്രിസഭ കേരളത്തിൽ അധികാരമേററതു്. ഗാന്ധി ജന്മശതാബ്ദിയോട്ട ബന്ധപ്പെട്ടു നിന്നുകൊണ്ടു്, ഗാന്ധിയൻ ആദർശങ്ങാംക്ക പല രംഗത്തും പുതിയ നേട്ടങ്ങാം കൈവരുത്തുന്നതിനുള്ള ചില പദ്ധതികാം കേളപ്പൻെറ മനസ്സിലുണ്ടായിരുന്നു. എന്നാൽ, നമ്പൂതിരിപ്പാടിൻെറ ഗവണ്മെൻറ് തുടക്കത്തിൽതന്നെ സ്വീകരിച്ച ചില നടപടികാം, അദ്ദേഹത്തെ നിരാശനാക്കി. കമ്മററിയിൽനിന്നു് അദ്ദേഹം രാജിവയ്ക്കേണ്ട അവസ്ഥ സംജാതമായി.

1951-ൽ തിരു-കൊച്ചി നിയമസഭ മദ്യനിരോധന ആക്ടു് പാസ്സാക്കകയും,മദ്യനിരോധനം സംസ്ഥാനത്തു് ഭാഗികമായി നടപ്പിൽ വരുത്താനാരംഭിക്കുകയുംചെയ്തിരുന്നു. 1956-ൽ കേരളസംസ്ഥാനം രൂപീകൃതമായപ്പോാം, മുമ്പുതന്നെ മദ്യനിരോധിതമേഖലയായിരുന്ന മലബാർ ഉാംപ്പെടെ,കേരളം മുഴുവൻ പ്രസ്തുത ആക്ററിൻെറ പ്രവർത്തനപരിധിയിൽ വരികയുംചെയ്തു. എന്നാൽ, 1967-ൽ, ഒരു ഉത്തരവുമൂലം മദ്യനിരോധന ആക്ററിൻെറ പ്രവർത്തനം ഇ. എം. എസ്സ്. ഗവണ്മെൻറ് നിർത്തിവയ്ക്കുകയാണുണ്ടായതു്. കേരളം മുഴുവൻ ആക്ററിൻെറ പരിധിയിൽപ്പെടുത്തി, മദ്യനിരോധിത മേഖലയാക്കണമെന്ന വ്യക്തമായ അഭിപ്രായമുണ്ടായിരുന്ന കേളപ്പനെ സർക്കാരിൻെറ ഈ നടപടി രോഷാകുലനാക്കി. സർവോദയപ്രവത്തകരുടെ ഒരു നിവേദകസംഘത്തെ നയിച്ചുകൊണ്ടു് കേളപ്പൻ മുഖ്യമന്ത്രി നമ്പൂതിരിപ്പാടിനെക്കണ്ടു്, മദ്യനിരോധനനിയമം മരവിപ്പിച്ചതു് തെററായിപ്പോയെന്നു് കാര്യകാരണസഹിതം വിശദീകരിക്കയും ആ ഉത്തരവു പിൻവലിക്കണമെന്നാവശ്യപ്പെടുകയുംചെയ്തു. എന്നാൽ, കേളപ്പൻെറ വാദങ്ങളും അഭ്യർത്ഥനകളും ബധിരകർണങ്ങളിലാണു പതിച്ചതു്.

ഇതേത്തുടർന്നാണു് കേളപ്പൻ ഗാന്ധി ജന്മശതാബ്ദിക്കമ്മററിയിൽനിന്നു രാജിവച്ചതു്. മാത്രമല്ല, മദ്യനിരോധനം നടപ്പാക്കാൻ മദ്യഷാപ്പുപിക്കററിങ്ങ് പരിപാടി ആരംഭിക്കാൻ അദ്ദേഹം ജനങ്ങളോടാവശ്യപ്പെടുകയുംചെയ്തു. കേളപ്പൻെറ ആഹ്വാനമനുസരിച്ചു്, മലബാർപ്രദേശത്തെ പല പഞ്ചായ

ത്തുകളും മദ്യനിരോധനം നീക്കിയ ഗവണ്മെൻറിൻെറ നടപടിയിൽ പ്രതിഷേധിച്ചു. ഇക്കൂട്ടത്തിൽ കേളപ്പൻ ജനിച്ച ഗ്രാമമുൾപ്പെട്ട പയ്യോളി പഞ്ചായത്തു് ഒരു പടികൂടി കടന്നു് അവരുടെ പഞ്ചായത്തിൽ മദ്യഷാപ്പനുവദിക്കരുതെന്നു് ഗവണ്മെൻറിനോടാവശ്യപ്പെട്ടു. ആ നിർദേശം ഫലിക്കാതെ വന്നപ്പോൾ പയ്യോളിപ്പഞ്ചായത്തിലെ എല്ലാ മദ്യഷാപ്പുകളും ആറുമാസക്കാലം പിക്കററുചെയ്യാൻ കേളപ്പൻ നിർദേശിച്ചു. പിക്കററിംഗ് ഊർജിതമായി നടന്നു. മദ്യഷാപ്പുകളിൽ ആളുകൾ കയറാതെയായി. അക്കൊല്ലത്തെ തിരുന്നാവായ സർവോദയമേളയോടെയാണു പിക്കററിംഗ് പരിപാടി സമാപിച്ചതു്.

മദ്യനിരോധനം നീക്കിക്കളഞ്ഞതിൽ കേളപ്പൻ വളരെ ദുഃഖിച്ചു. ധാർമികമൂല്യത്തിനു് അല്പവും വില കല്പിക്കാത്ത രാഷ്ട്രീയത്തിനു്, അധികാരമോഹം നിമിത്തം കൂട്ടുനിൽക്കാൻ മടിക്കാത്ത തൻെറ പഴയ സഹപ്രവർത്തകരെപ്പററി അദ്ദേഹത്തിനു വളരെ വേദന തോന്നി. താൻ ഏകാകിയാണെങ്കിലും അദ്ദേഹം പിന്മടങ്ങിയില്ല. ജയപരാജയങ്ങളെ കണക്കാക്കാതെ ധർമത്തിനുവേണ്ടി ജീവൻ ത്യജിച്ചും യുദ്ധം ചെയ്യാൻ പഠിച്ചിരുന്ന ആ അത്ഭുതമനുഷ്യൻ മുന്നോട്ടുള്ള തൻെറ ധീരപ്രയാണം പ്രായത്തെ അവഗണിച്ചും തുടരുകതന്നെചെയ്തു.

അന്ത്യസമരം

കേരളത്തിലെ തകർന്നു മണ്ണടിഞ്ഞ അസംഖ്യം അനാഥക്ഷേത്രങ്ങളുടെ ദയനീയസ്ഥിതിയാണു അന്ത്യദിനങ്ങളിൽ അദ്ദേഹത്തെ അത്യധികം വേദനിപ്പിച്ചിരുന്നതു്. ക്ഷേത്രങ്ങളിൽ അവർണ്ണജാതിക്കാർക്കു പ്രവേശനം ലഭിക്കാൻ ജീവിതത്തിലെ നല്ലൊരു ഭാഗം ചെലവഴിച്ച ആ ധർമയോദ്ധാവു്, കേരളത്തിലെ സാമൂഹ്യജീവിതത്തിൻെറയും കേരളസംസ്കാരത്തിൻെറയും ചൈതന്യസ്രോതസ്സായിരുന്ന ക്ഷേത്രങ്ങളുടെ മഹത്തായ സ്ഥാനം ശരിക്കും കണ്ടറിഞ്ഞ ആളുംകൂടിയായിരുന്നു.

1968 സെപ്റ്റംബറിൽ അങ്ങാടിപ്പുറത്തു് ഒരു സുഹൃത്തിൻെറ വീട്ടിൽ അതിഥിയായി താമസിക്കുമ്പോൾ, ആ ദേശത്തു നശിച്ചുകിടക്കുന്ന ഒരു പുരാതന ശിവക്ഷേത്രത്തെപ്പററി കേളപ്പൻ അറിയാനിടയായി. തിരുമാന്ധാംകുന്നു് ക്ഷേത്രത്തിൽനിന്നു് അല്പം തെക്കുപടിഞ്ഞാറു മാറി മൂന്നു റോഡുകൾ സന്ധിക്കുന്ന പ്രധാനപ്പെട്ട സ്ഥാനത്തു റോഡരികിൽ കാടുകയറിക്കിടക്കുന്ന ഒരു കുന്നയിൽ സാധാരണയിൽ കവിഞ്ഞ

വലിപ്പമുള്ള ഒരു ശിവലിംഗം കാണ്മാനുണ്ടായിരുന്നു. അനേക വർഷങ്ങളായി ആരും തിരിഞ്ഞു നോക്കാതിരുന്ന ആ സ്ഥലം പി. ഡബ്ല്യു. ഡി. പുറമ്പോക്കിൽ പെട്ടതായിരുന്നു. ആ കാടുപിടിച്ച സ്ഥലം മലവിസർജനത്തിനും അതിനു തൊട്ടുള്ള വിശാലമായ തറ മത്സ്യക്കച്ചവടത്തിനും മററുമാണ് ഉപയോഗപ്പെടുത്തിയിരുന്നത്. കേളപ്പൻ ആ സ്ഥലവും അവിടെ നശിച്ച മണ്ണടിഞ്ഞു കിടന്ന ക്ഷേത്രാവശിഷ്ടങ്ങളും സന്ദർശിച്ചു. നവരാത്രിക്കാലത്ത് അവിടെ വിളക്കു വച്ചു ഭജനയും പൂജയും നടത്താൻ അദ്ദേഹം അവിടെയുള്ള ഹൈന്ദവജനങ്ങളോടാവശ്യപ്പെട്ടു. അവർ സസന്തോഷം ആ പരിപാടി തുടങ്ങുകയും ചെയ്തു. എന്നാൽ, ക്ഷേത്രം ജീർണിച്ചു കിടന്നിരുന്ന ആ സ്ഥലത്തിനു സമീപം ഒരു മുസ്ലിം നിസ്കാരപ്പള്ളി സ്ഥിതിചെയ്യുന്നു എന്ന ന്യായത്തിൽ അടുത്തുള്ള മുസ്ലിങ്ങൾ ഇതിൽ പ്രതിഷേധിച്ചു. ക്ഷേത്രാരാധകരുടെ ഈ പുറപ്പാടു തടയാൻ അവർ ഉന്നതരായ മുസ്ലിം നേതാക്കൾവഴി അന്നത്തെ ആഭ്യന്തര മന്ത്രിയായിരുന്ന ഇമ്പിച്ചിബാവയോടാവശ്യപ്പെട്ടു. ഒട്ടും താമസിയാതെ പോലീസ്-റവന്യൂ ഉദ്യോഗസ്ഥന്മാർ സ്ഥലത്തെത്തി സംഘർഷമൊഴിവാക്കാൻ, ആരാധന ഒരു മാസത്തേക്കു നിർത്തിവയ്ക്കണമെന്നും അതിനിടയിൽ പ്രശ്നം രമ്യമായി പരിഹരിക്കാൻ കഴിയുമെന്നും അവർ പറഞ്ഞതു് ക്ഷേത്രാരാധകരായ ജനങ്ങൾ വിശ്വസിച്ചു. ശിവലിംഗം സ്ഥിതിചെയ്യുന്ന ആ സ്ഥലം ക്ഷേത്രസംരക്ഷണസമിതിക്കു വിട്ടുകൊടുക്കാനുള്ള അപേക്ഷയും യഥാസ്ഥാനത്തെത്തി. അനുകൂലമായ മറുപടി കാത്തു നാളുകൾ തള്ളിനീക്കിയ ക്ഷേത്രാരാധകർക്കു കിട്ടിയ മറുപടി, പുറമ്പോക്കുസ്ഥലം വിട്ടുകൊടുക്കാനുള്ള അപേക്ഷ നിരസിച്ചുകൊണ്ടും ശിവലിംഗം സർക്കാർതന്നെ സംരക്ഷിക്കാൻ നിശ്ചയിച്ചതായി അറിയിച്ചുകൊണ്ടുമുള്ളതായിരുന്നു. ഇതേത്തുടർന്നു് സർക്കാരിന്റെ ഏതു നിരോധനവും ലംഘിച്ചു്, തർക്കവിഷയമായിരിക്കുന്ന സ്ഥലത്തു പ്രവേശിച്ചു് ആരാധന നടത്തുമെന്നുള്ള തന്റെ തീരുമാനം കേളപ്പൻ പ്രഖ്യാപിച്ചു. ഇതിനു് ഒരു വർഗീയവാദിയായി അദ്ദേഹത്തെ മുദ്ര കുത്തുമെന്നു ചിലർ താക്കീതു നൽകിയപ്പോൾ കേളപ്പൻ ഇങ്ങനെ പറഞ്ഞു: ''മലബാർ മാപ്പിള ലഹളക്കാലത്തു് ഞാൻ മുസ്ലിം പക്ഷപാതിയായിട്ടാണു മുദ്ര കുത്തപ്പെട്ടതു്. മുദ്രകുത്തലിനെ ഭയന്നു കർത്തവ്യത്തിൽനിന്നു വ്യതിചലിക്കുന്നതു്

ഇന്നു സർവ്വോദയക്കാരുടെ മുഖമുദ്രയായിരിക്കയാണെന്നു തോന്നുന്നു. ഏതായാലും കേളപ്പൻ അത്തരം സർവ്വോദയക്കാരനല്ല.'

1968 നവംബർ 17–ാം തീയതിമുതൽ കേളപ്പന്റെ നേതൃത്വത്തിൽ നിയമലംഘനം ആരംഭിച്ചു. ആരാധനാസ്വാതന്ത്ര്യമെന്ന മൗലികാവകാശം സ്ഥാപിച്ചുകിട്ടാൻ എന്നു പ്രഖ്യാപിച്ചുകൊണ്ടു് ജാഥയായി ക്ഷേത്രപരിസരത്തിലേക്കു കടക്കാൻ ശ്രമിച്ചവരെ, നിരോധനാജ്ഞ ലംഘിച്ചതിനു് പോലീസ്സ് അറസ്റ്റുചെയ്തു രാത്രിയിൽ വിട്ടയച്ചു. ഈ രീതി ഏതാനും ദിവസം തുടർന്നു. ഒടുവിൽ ഒരു ദിവസം കേളപ്പനെ അറസ്റ്റു ചെയ്തു് പോലീസ് സ്റ്റേഷനിൽ കൊണ്ടുചെന്നു. രാത്രിയായപ്പോഠം അദ്ദേഹത്തെ വിട്ടയച്ചതായി പറഞ്ഞിട്ടും സ്റ്റേഷനിൽ നിന്നു പോകാതെ കേളപ്പൻ അവിടെ നിരാഹാരവ്രതം തുടങ്ങി.

ഇതോടെ സമരം രൂക്ഷമായി. കേരളത്തിന്റെ നാനാഭാഗത്തുനിന്നും ജനങ്ങഠം അങ്ങാടിപ്പുറത്തെത്തി. ഇതിനിടെ ക്ഷേത്രത്തിലെ ശിവലിംഗത്തെ മറച്ചു് ഒരു കന്മതിൽ കെട്ടി ഉയർത്തിക്കൊണ്ടിരുന്നു. പുരാവസ്തുവകുപ്പു് ഡയറക്ടറുടെ മേൽനോട്ടത്തിൽ കെട്ടി ഉയർത്തിക്കൊണ്ടിരുന്ന ഈ മതിൽ ഒരു ദിവസം ആരാധനക്കെത്തിയ സ്ത്രീകളുടെ ഒരു സംഘം ചവിട്ടിത്തകർത്തു. അതോടെ ജനക്കൂട്ടം അകത്തേക്കു പാഞ്ഞുകയറി മതിൽ മുഴുവൻ നശിപ്പിച്ചു. പോലീസ് അവിടെ ഉഗ്രമായ ഒരു ലാത്തിച്ചാർജു് നടത്തി.

അങ്ങാടിപ്പുറത്തെ തളിക്ഷേത്രത്തിൽ ആരാധന തടഞ്ഞുകൊണ്ടും ശിവലിംഗം പുരാവസ്തുവെന്നു വിധിച്ചുകൊണ്ടും ഗവണ്മെൻറു് സ്വീകരിച്ച നടപടികഠം പെരിന്തൽമണ്ണ മുൻസിഫു് അടുത്ത ദിവസം സ്റ്റേചെയ്തു. പോലീസ് സ്റ്റേഷനിൽ നിരാഹാരവ്രതം അനുഷ്ഠിച്ചിരുന്ന കേളപ്പൻ ഇതേത്തുടർന്നു് നിരാഹാരവ്രതം അവസാനിപ്പിക്കുകയുംചെയ്തു. തളിക്ഷേത്രത്തിൽ ആരാധന നടത്തുന്നതിനെ എതിർത്തു പരാജയപ്പെടുത്താനുള്ള ഗവണ്മെൻറിന്റെ ശ്രമങ്ങഠം പിന്നീടു് ഒന്നൊന്നായി പരാജയത്തിൽ കലാശിക്കുകയാണുണ്ടായതു്.

അന്ത്യയാത്ര

മരണത്തോടടുത്ത കാലഘട്ടത്തിൽ ഗാന്ധിജിയുടെ മഹത്തായ സങ്കല്പങ്ങഠം ആ മഹാത്മാവിന്റെ രാജ്യത്തു തകർന്നു

മണ്ണടിയുന്നതിൽനിന്നുണ്ടായ നിരാശയുടെ നീർക്കയത്തിൽ കേളപ്പൻ മുങ്ങിപ്പൊങ്ങുകയായിരുന്നു. 1971–ലെ ഗാന്ധി ജയന്തി സന്തോഷത്തിന്റെ നാളുകളായിരുന്നില്ല അദ്ദേഹത്തിനു്. സുഹൃത്തുക്കളുമായുള്ള സൈ്വരസംഭാഷണത്തിലും പൊതുവേദികളിലെ പ്രസംഗങ്ങളിലും വിങ്ങിപ്പൊട്ടുന്ന ആ ഹൃദയത്തിന്റെ മിടിപ്പുകൾ സുഹൃത്തുക്കൾക്കെല്ലാം അനുഭവപ്പെട്ടിരുന്നു.

നിസ്തന്ദ്രവും നിരന്തരവുമായ പ്രവർത്തനത്തിനും സഞ്ചാരത്തിനുമിടയിൽ 1971 ഒക്ടോബർ 6–ാം തീയതി അദ്ദേഹം കേരള സർവോദയസംഘം സെക്രട്ടറി ദാമോദരൻ നമ്പ്യാരുമൊത്തു് സ്റ്റേററ് ലവൽ ഖാദി സർട്ടിഫിക്കേഷൻ കമ്മററി യോഗത്തിൽ സംബന്ധിക്കാൻ തൃശ്ശൂരെത്തി കമ്മററിയോഗം കഴിഞ്ഞു് കുറൂർ നീലകണ്ഠൻനമ്പൂരിപ്പാടിന്റെ വസതിയിൽ വിശ്രമിക്കുമ്പോൾ ഉദരസംബന്ധമായ അസ്വാസ്ഥ്യം അദ്ദേഹത്തിനു കുറച്ചനുഭവപ്പെട്ടു. രാത്രി ഒൻപതുമണിക്കു് തീവണ്ടിയിൽ പുറപ്പെട്ടു് കോഴിക്കോട്ടെത്തി, തന്റെ പതിവു വിശ്രമസ്ഥാനമായ മലാപറമ്പിലെ ഗാന്ധി ആശ്രമത്തിൽ താമസിച്ചു.

രാത്രിയിൽ അദ്ദേഹം രക്തം ഛർദ്ദിച്ചു തീരെ പരവശനായി കണ്ടതിനെത്തുടർന്നു് കേളപ്പന്റെ സെക്രട്ടറിയും ശുശ്രൂഷകനും ശിഷ്യനും സന്തതസഹചാരിയുമായ എസ്. വി. ഗോവിന്ദൻ വിവരം കെ. പി. കേശവമേനോനെ അറിയിച്ചു. കേശവമേനോൻ ഡോ. സി. ബി. സി. വാര്യരുമൊത്തു വേഗം ഗാന്ധി ആശ്രമത്തിലെത്തി. പരിശോധനയ്ക്കുശേഷം ഡോക്ടർ നിർദേശിച്ച പ്രകാരം രോഗിയെ ഉടനെതന്നെ മെഡിക്കൽ കോളേജ് ആസ്പത്രിയിലാക്കി. അവിടത്തെ വിദഗ്ധഡോക്ടർമാരുടെ ചികിത്സകളും ശുശ്രൂഷകളും ഫലിക്കുന്നതായി തോന്നി. കേളപ്പൻ സുഖംപ്രാപിക്കുന്നതായി എല്ലാവരും വിശ്വസിച്ചു. രാത്രിയിൽതന്നെ മൂടാടിയിൽനിന്നു് കേളപ്പന്റെ രോഗവിവരമറിഞ്ഞു് ഏകപുത്രൻ കുഞ്ഞിരാമക്കിടാവും അദ്ദേഹത്തിന്റെ പത്നി (കേളപ്പന്റെ ഭാഗിനേയി)യും കുട്ടികളും ആസ്പത്രിയിൽ എത്തിയിരുന്നു.

1971 ഒക്ടോബർ ഏഴു്. പകൽ. സമയം മൂന്നു മണിയോടടുക്കുന്നു. 'ഒന്നു കുത്തിവയ്ക്കട്ടെ' എന്നു പറഞ്ഞു കിടക്കയ്ക്കരികിലെത്തിയ ഡോക്ടറോടു്, 'ഇനി ഇതൊക്കെ വേണോ?' എന്നു്

കേളപ്പൻ ചോദിച്ചു. ആ ചോദ്യം അർത്ഥവത്തായിരുന്നു. മൂന്നു മണിയടിച്ചു. പെട്ടെന്നു തുറന്ന മിഴികൾ എന്നന്നേക്കുമായി അടഞ്ഞു. മരിക്കുന്നതുവരെ അദ്ദേഹം ബോധവാനായിരുന്നു.

'സിറോസിസ് ഓഫ് ദി ലിവർ' എന്നതായിരുന്നു അദ്ദേഹത്തിനു പിടിപെട്ട രോഗം. തീർച്ചയായും കുറെ നാളുകളായി അദ്ദേഹത്തെ അതു ബാധിച്ചിരുന്നിരിക്കണമെന്നാണ് ഡോക്ടർമാർ അഭിപ്രായപ്പെട്ടതു്. എന്നാൽ, അതിന്റെ ആക്രമണം ഒരവസ്ഥയിലും കൂടെയുള്ളവർക്കു് അറിയാൻ സാധിക്കാത്തവിധം കൊണ്ടുനടക്കുകയായിരുന്നു അദ്ദേഹം. അവിശ്രമം സേവാകർമ്മത്തിൽ മുഴുകിയിരുന്ന ആ കർമ്മയോഗിക്കു് തന്റെ ഈ രോഗത്തെപ്പററിത്തന്നെ അത്ര ഗൗനിക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിൽ അതും അത്ഭുതമല്ലല്ലോ. ജീവിതത്തിന്റെ നശ്വരതയെപ്പററി നല്ലവണ്ണം അറിഞ്ഞിരുന്ന ആ ആത്മജ്ഞാനി, തന്റെ മുടങ്ങാത്ത സേവാകർമ്മബഹുലതയ്ക്കിടയിൽ മരണം വന്നു വിളിച്ചപ്പോൾ അക്ഷോഭ്യനായി മന്ദസ്മിതം തൂകി ആ വിളി കേട്ട വഴിയേ നടന്നു മറയുകയാണുചെയ്തതു്.

കേളപ്പന്റെ മരണവാർത്ത കേട്ടു് ജാതി—മത—കക്ഷി ഭേദങ്ങൾ മറന്നു്, ജീവിതത്തിലെ എല്ലാ തുറകളിലുംനിന്നായി ആസ്പത്രിയിലെത്തിയ അസംഖ്യംപേരുടെ അനുയാത്രയോടെ മൃതദേഹം ഗാന്ധി ആശ്രമത്തിലേക്കു അവിടെ കുറേ നേരം ദർശനത്തിനുവച്ചശേഷം നഗരത്തിലുള്ള ഗാന്ധിഗൃഹത്തിലേക്കു കൊണ്ടുപോയി. ഗാന്ധിഗൃഹത്തിൽ അന്ത്യോപചാരമർപ്പിക്കാൻ വന്നെത്തിക്കൊണ്ടിരുന്ന ജനങ്ങളുടെ തിരക്കു് 8—ാം തീയതി പ്രഭാതമായിട്ടും നിലച്ചില്ല. 8—ാം തീയതി രാവിലെ ഗാന്ധിഗൃഹത്തിൽനിന്നു മൃതദേഹം കേളപ്പന്റെ ഗ്രാമമായ മൂടാടിയിൽ കൊണ്ടുപോയി, ശ്രീനാരായണ മിഷൻ വായനശാലയിൽ അല്പനേരം ദർശനത്തിനുവച്ചശേഷം അനേകായിരങ്ങളുടെ അകമ്പടിയോടെ ഭാരതപ്പുഴയുടെ തീരത്തുള്ള തിരുനാവായിലേക്കു കൊണ്ടുപോയി.

ഭാരതപ്പുഴയുടെ തെക്കേക്കരയിൽ തവനൂർ ആൽത്തറയ്ക്കു് അല്പം തെക്കു മാറി, മണലിൽത്തന്നെ ചിതയൊരുക്കി. കെ. പി. കേശവമേനോനാണു് ഇടറിയ കണ്ഠത്തോടെ ചരമ പ്രസംഗം നടത്തിയതു്. ഭാരതപ്പുഴയിൽ കുളിച്ചു്, ഈറൻവസ്ത്രമണിഞ്ഞ ബന്ധുജനങ്ങളും ഇഷ്ടജനങ്ങളും ചേർന്നു് മൃതദേഹം ചിതയിലേക്കു് എടുത്തുവച്ചു. അടക്കിയിട്ടുമടങ്ങാത്ത ദുഃഖ

ത്തോടെ, ഈറൻമിഴികളുമായി ആയിരക്കണക്കിനാളുകൾ നോക്കിനിൽക്കെ, കേളപ്പന്റെ പുത്രൻ കുഞ്ഞിരാമക്കിടാവു് ചിതയ്ക്കു തീ കൊളുത്തി. സർവ്വോദയപ്രവർത്തകരും പൊതുപ്രവർത്തകരുമായ അനേകം പേരുടെ ഏകകണ്ഠമായ 'രാംധുൻ' ആലാപനം നിളാനദിയുടെ ഇരുകരകളിലും മാറ്റൊലിക്കൊണ്ടിരിക്കെ, നെയ്യിൽ കുതിർന്ന ചന്ദനമുട്ടികളെ ഗ്രസിച്ചുകൊണ്ടിരുന്ന തീനാമ്പുകൾ നിമിഷങ്ങൾക്കകം അഭൗതിക പിണ്ഡത്തെ ചാമ്പലാക്കി മാററി.

x x x x

കേരളത്തിൽ, കേളപ്പനുള്ള സ്ഥാനം അടുത്തകാലത്തു് മറെറാരു നേതാവിനും നേടാൻ കഴിഞ്ഞിട്ടില്ല. ഇന്ത്യയുടെ ആധുനികചരിത്രത്തിലെ സാമൂഹ്യവും രാഷ്ട്രീയവുമായ പ്രവർത്തനങ്ങളിൽ കേരളത്തിനു പ്രശംസനീയമായ പങ്കാണുള്ളതു്. അതിനു മുഖ്യഹേതുഭൂതൻ കേളപ്പനാണു്. വൈക്കം ക്ഷേത്രറോഡുസത്യഗ്രഹം, പയ്യന്നൂർ ഉപ്പുസത്യഗ്രഹം, ഗുരുവായൂർ ക്ഷേത്രപ്രവേശനസത്യഗ്രഹം, മലബാറിലേക്കുണ്ടായ ഗാന്ധിജിയുടെ ചിതാഭസ്മഘോഷയാത്ര എന്നിങ്ങനെ ജനഹൃദയങ്ങളെ ഇളക്കിമറിച്ചു് ആവേശംകൊള്ളിച്ച പ്രസ്ഥാനങ്ങളുടെ ചരിത്രമേ, കേളപ്പന്റെ വിട്ടുവീഴ്ചയറിയാത്ത ആദർശനിഷ്കർഷകൊണ്ടല്ലെങ്കിൽ, കേരളത്തിൽ ഉണ്ടാകുമായിരുന്നില്ല. കേരളത്തിലെ കോൺഗ്രസ്സുകാർ വേദാരണ്യത്തിലെ ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്താൽ മതിയെന്നും കേരളത്തിൽ പ്രത്യേകം ഒരു പ്രസ്ഥാനം തുടങ്ങിയാൽ അതു നിലനിർത്തിപ്പോരാനാവില്ലെന്നും കേളപ്പന്റെയും കേരളത്തിന്റെയും ചില ഉററമിത്രങ്ങൾകൂടി ഉപദേശിക്കുകയും താക്കീതു നല്കുകയുംചെയ്തതിനെ അവഗണിച്ചു് കോഴിക്കോട്ടുനിന്നു് പയ്യന്നൂർക്കു നയിച്ച ആ ഉപ്പുസത്യഗ്രഹജാഥ, കേരളീയ ജനകോടികളുടെ ഹൃദയങ്ങളിൽക്കൂടിയുള്ള ഒരു വിജയഘോഷയാത്രയായി പരിണമിച്ചു. ചിതാഭസ്മം കന്യാകുമാരി സമുദ്രസംഗമത്തിലൊഴുക്കുന്നതുകൊണ്ടു് അഖിലകേരളീയരും തൃപ്തിപ്പെട്ടുകൊള്ളണമെന്നുണ്ടായ നിർദേശം സ്വീകരിക്കാതെ ഉത്തരകേരളത്തിലെ പൊതുജനാഭിലാഷം നല്ലവണ്ണം മനസ്സിലാക്കിയ കേളപ്പൻ തിരുന്നാവായിലേക്കും അതിന്റെ പ്രവേശം സാധിപ്പിച്ചതു്, വരണ്ടുപോയിരുന്ന ബഹുജനഹൃദയങ്ങളിലൂടെയുണ്ടായ ഒരു ഭാഗീരഥിപ്രവാഹമായി അനുഭവപ്പെട്ടു. ഉത്തമമിത്രങ്ങളുടെ

ഉത്കണ്ഠയും ഉപദേശവും വകവയ്ക്കാതെ കേളപ്പൻ തുടങ്ങിയ ഗുരുവായൂർ സത്യഗ്രഹവും അതു സംബന്ധിച്ചുണ്ടായ ഉപവാസവുമാണ് ഗാന്ധിജിയുടെ അഗാധമായ ശ്രദ്ധയ്ക്കു വിഷയമായതും ഇന്ത്യയിൽ അയിത്തം തീരെ ഇല്ലാതാക്കി ഹരിജനങ്ങൾക്കു മററു ഹിന്ദുക്കൾക്കുള്ള സകല അവകാശങ്ങളും അനുവദിക്കുന്നതായ പില്ക്കാലത്തെ നിയമനിർമാണങ്ങൾക്കു വഴിതെളിച്ചതും.

മലബാറിൽ ഹരിജനസേവാപ്രസ്ഥാനം ഫലപ്രദവും പ്രായോഗികവുമായ രൂപത്തിലെത്തിച്ച ആദിപ്രവർത്തകന്മാരിൽ ഒരാളാണ് കേളപ്പൻ. പരേതനായ കൃഷ്ണസ്വാമി അയ്യരുടെ ശബരിയാശ്രമവും കേളപ്പൻെറ പാക്കനാർപുരവും നിസ്വാത്ഥവും ഹൃദയനിർവിശേഷവുമായ ഹരിജനസേവനത്തിൻെറ രണ്ടു മായാത്ത ചിത്രങ്ങളാണ്. ഇന്ന് ഈ സ്ഥാപനങ്ങൾ അഖിലേന്ത്യാ ഹരിജൻ സേവാസംഘത്തിൻെറ കീഴിൽ വിട്ടുകൊടുത്തിരിക്കുന്നു. ഭാരതസേവാസംഘത്തിൻെറ കീഴിൽ അനാഥബാലന്മാരുടെയും വിശേഷിച്ച ഹരിജനക്കുട്ടികളുടെയും ശരണാലയമായി നടത്തിവരുന്ന മൂടാടിയിലെ ഗോപാലപുരം സ്കൂളും കോളനിയും കേളപ്പൻ സ്ഥാപിച്ചതാണ്. ഈ സ്ഥാപനങ്ങളിൽ പഠിച്ചുവളർന്ന വളരെ ഹരിജനയുവാക്കന്മാർ ഇന്നു സമുദായശുശ്രൂഷയിലും ഉദ്യോഗങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. അനേകായിരം ഹരിജന ബാലികാബാലന്മാർക്ക് കേളപ്പൻ അവരുടെ വാത്സല്യപാത്രമായ ഗുരുജിയാണ്. കേളപ്പൻ കുറച്ചു ദിവസമെങ്കിലും തൻെറ താമസസ്ഥലമാക്കുന്ന ഏതൊരു ഗൃഹത്തിലും ശിഷ്യരായോ ശുശ്രൂഷകരായോ ഏതാനും ഹരിജനങ്ങളൊന്നിച്ചു താമസിക്കാതിരുന്നിട്ടില്ല.

മേല്പറഞ്ഞ പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും കേരളചരിത്രത്തിൽ കേളപ്പനുള്ള സുസ്ഥിരസ്മാരകങ്ങളാണ്. എന്നാൽ, അങ്ങനെ ബഹുജനദൃഷ്ടിക്കു പ്രദർശനവസ്തുവാകാതെ അദ്ദേഹവുമായി അടുത്തിടപെടുന്ന ഏവർക്കും ഹൃദയസ്പൃക്കായനുഭവമാകുന്ന ചില ഗുണവിശേഷങ്ങൾ കേളപ്പനെ മററുള്ള നേതാക്കന്മാരിൽനിന്നുയർത്തി വേർതിരിക്കുന്നു. ഏതെങ്കിലും സമരത്തിൽ അദ്ദേഹം നേതൃത്വം വഹിക്കുന്നതു്, പുരാതനകാലങ്ങളിലെ സേനാപതിമാരെപ്പോലെ ഏററവും വലിയ അപകടവും അപായവും അനുയായികളുടെ മുമ്പായി താൻതന്നെ ഏല്ക്കു

മാററാകുന്ന നിലയ്ക്കാണു്. താൻ പിന്നിൽ ഭദ്രമായൊരിടത്തിരുന്നു് സാധാരണഭടന്മാരെ മുന്നോട്ടു് അപകടരംഗത്തിലേക്കു തള്ളിവിട്ടുകൊണ്ടായിരിക്കയില്ല. തൻെറ പ്രവൃത്തിയും അനുഭവവും അനുയായികഠംക്കു് ഒരു ആവേശവും മാതൃകയുമായിത്തീരുകയാണുചെയ്യുന്നതു്. മലബാറിലെ ഖിലാഫത്തു് പ്രക്ഷോഭകോലത്തും അതിനോടുതൊട്ടുണ്ടായ ലഹളയുടെ ഘട്ടത്തിലും ഒരു പ്രവർത്തകൻ എന്തെന്തു ദുരന്തമർദനമോ ക്ലേശമോ ആണു് അനുഭവിക്കേണ്ടിവരികയെന്നതിനെപ്പററി ഒരു തീർച്ചയും പറയാൻ കഴിയാതിരുന്ന അവസരങ്ങളിൽ ജയിലിനെപ്പററിയും ലാത്തിത്തല്ലിനെപ്പററിയും മററു ഭേദ്യങ്ങളെയും തൂക്കുമരത്തെത്തന്നെയും പററിയുള്ള ഭീതിയും നടുക്കവും സാധാരണക്കാരിൽ നിന്നകററാൻ തെല്ലൊന്നുമല്ല കേളപ്പൻെറ നേതൃത്വം സഹായിച്ചതു്. പിന്നീടു ജയിൽ ഒരു ഉല്ലാസകേന്ദ്രവും സ്റ്റഡിക്ലാസ്സിനുള്ള രംഗവും മററുമായി പരിണമിക്കയുണ്ടായി. ജയിലിനെ ആ പരിവർത്തനത്തിലെത്തിച്ചതു് കേളപ്പനെപ്പോലെയുള്ള ആദ്യകാലത്തെ നിർഭയരായ പ്രവർത്തകന്മാരുടെ പ്രവേശനവും പ്രവൃത്തിയുമാണു്.

കേളപ്പൻ ഒരു സമുദായപ്രവർത്തകനും രാഷ്ട്രീയനേതാവും മാത്രമല്ല, അദ്ദേഹം പ്രകൃത്യാ ഒരൊന്നാന്തരം അദ്ധ്യാപകനുമാണു്. ശിശുത്തരംമുതൽ സർവകലാശാലാക്ലാസ്സുവരെ ഏതൊരു ഘട്ടത്തിലും വിദ്യാർത്ഥികളെ പഠിപ്പിക്കുവാനുള്ള അദ്ദേഹത്തിൻെറ കഴിവു് ഒന്നു വേറെതന്നെയാണു്. കൊച്ചുകുട്ടികഠംക്കു് അദ്ദേഹം ഉല്ലാസകാരിയായ ഒരു ക്ലുട്ടുകാരനാണു്. മുതിർന്നവർക്കു് ആവേശകാരിയായ ഒരു ഗുരുവാണു്. തോട്ടിപ്പണിയോ നൂൽനൂൽപ്പോ പാചകവേലയോ അലക്കോ മുട്ടഅടിക്കലോ ചൂടിപിരിക്കലോ ഈവക പണികളിലെല്ലാം അദ്ദേഹം ജയിലിൽ നിർബന്ധമായും, ജയിലിനു പുറമെ സ്വമേധയായും ഏർപ്പെട്ടിട്ടുണ്ടു്. ഏതും എത്രയും വെടിപ്പായും കാര്യക്ഷമമായും ചെയ്യാൻ അദ്ദേഹത്തിനു കഴിയും. സംഗീതത്തിലും കലയിലും നൃത്തങ്ങളിലുമൊക്കെ അദ്ദേഹത്തിനു് അത്യന്ത താല്പര്യമുണ്ടു്. ഈവക വിഷയങ്ങളെപ്പററി അദ്ദേഹം അപ്പപ്പോഠം ചെയ്ത പ്രഭാഷണങ്ങളും എഴുതിയ ലേഖനങ്ങളും സങ്കലനംചെയ്യാമെങ്കിൽ അതൊരു അമൂല്യമായ നേട്ടമായിരിക്കും.

എന്നാൽ, ഈവക വൈദഗ്ദ്ധ്യങ്ങളും ഗുണങ്ങളുമുള്ളവർ

വേറെയും പലരുമുണ്ട്. ഇവയൊക്കെ ഒത്തിണങ്ങിയിട്ടുള്ളവർ ചുരുക്കമാണ്. ആ നിലയ്ക്കുമല്ല കേളപ്പന്റെ ശരിയായ മേന്മ. തന്റെ സകല കഴിവും അവസരവും അദ്ദേഹം സമസൃഷ്ടിശുശ്രൂഷയിൽ അർപ്പണംചെയ്തിരിക്കുന്നു. തനിക്കായി ഒരു പ്രാഭവവും പദവിയും മെച്ചവും അദ്ദേഹം അവകാശപ്പെടുന്നില്ല. വലിയ വിഷമഘട്ടങ്ങളിൽ ആപത്തും അപകടവും നേരിടേണ്ടുന്ന ഘട്ടങ്ങളിലാണ് പൊതുപ്രവർത്തകനെന്ന നിലയ്ക്കുള്ള അദ്ദേഹത്തിന്റെ മേന്മ വിശേഷിച്ചും പ്രകാശിച്ചുകാണുക. മററവസരങ്ങളിൽ അദ്ദേഹത്തെ പക്ഷേ, സൂക്ഷ്മവിവേചനം ശീലിക്കാത്ത ബാഹ്യദൃഷ്ടിക്ക് പ്രാകൃതജനങ്ങളെപ്പോലെയാകാം കാണുക. അപ്പോൾ അദ്ദേഹത്തെപ്പററി തെററിദ്ധാരണകൾ പരക്കാൻ ഇടവരുന്നതിൽ അത്ഭുതമില്ല. ഉയർന്ന അധികാരവും പദവിയും ബഹുമതികളുമൊന്നും അദ്ദേഹത്തെ ഭ്രമിപ്പിക്കാൻ പര്യാപ്തമല്ല. ന്യായവാദങ്ങളിൽ അഥവാ അദ്ദേഹത്തെ കൊണ്ടിറക്കാൻ കഴിഞ്ഞാൽ അദ്ദേഹം തോൽക്കാനേ വഴിയുള്ളു. ഇതൊക്കെ കേളപ്പന്റെ പരാജയമായി ചിലർ പറഞ്ഞു പരത്തിയേക്കും. എന്നാൽ, ഈ പശ്ചാത്തലത്തിലും നിർഭയനും നിസ്വാർത്ഥിയും ശുശ്രൂഷയിൽ ആത്മാർപ്പണംചെയ്യുവനുമായ ഒരു ഉത്കൃഷ്ടമനുഷ്യനാണ് ശരിക്കു നിലകൊള്ളുന്നത്. ബഹുജനഹൃദയത്തിനു് അതറിഞ്ഞു മാനിക്കാൻ കഴിയും. പണ്ട് രാജ്യശുശ്രൂഷയിൽ അനുഭവിച്ച യാതനകളെ മുതലാക്കി ബഹുമതിയും ലാഭങ്ങളും നേടാൻ നേതാക്കന്മാർ മോഹിക്കരുതെന്നു് കേളപ്പനു ദൃഢമായ നിഷ്കർഷയുണ്ട്. കേളപ്പന്റെ ഈ യഥാർത്ഥ തത്ത്വം ശാന്തമായൊരന്തരീക്ഷത്തിൽ സകലരും ഓർമ്മിക്കുകയും മാനിക്കുകയുംചെയ്യുമെന്നാശിക്കാം....''(''കേളപ്പനു് കൂപ്പുകൈ'' എന്ന ശീർഷകത്തിൽ ''മാതൃഭൂമി'' എഴുതിയ മുഖപ്രസംഗത്തിൽനിന്നു്).

തിന്മയോടും നീതികേടിനോടുമുള്ള സന്ധിയില്ലാത്ത സമരമാണ് കേളപ്പൻ എന്ന നാമധേയം നമ്മുടെ ഓർമ്മയിൽ കൊണ്ടുവരുന്നതു്. ഒതേനനു ജന്മം നൽകിയ ഉത്തരകേരളത്തിലെ വീരന്മാരുടെ സംസ്കാരമാണ് ആ ജീവിതത്തിനും നിറം കൊടുത്തതെന്നു പറഞ്ഞാൽ തെററില്ല. ആ സംസ്കാരസ്രോതസ്സിൽ മുളച്ചുപൊന്തിയ ജീവിതം, ഗാന്ധിയെന്ന ഉദയാർക്കന്റെ കുങ്കുമപ്രഭ തട്ടി വിടർന്നപ്പോൾ അതു് കേരളത്തിലെ സാമൂഹ്യജീവിതമണ്ഡലത്തിൽ അഹിംസാത്മകയുദ്ധത്തിന്റെ

അത്ഭുതശക്തിയായി രൂപാന്തരപ്പെട്ടു എന്നുമാത്രം. ഒന്നോർത്താൽ ആ ജീവിതവും പ്രവൃത്തികളും ആർക്കുംവേണ്ടി നിർവഹിക്കപ്പെട്ടതല്ല, അതൊരു ആത്മപ്രേരണയുടെ അദമ്യമായ ആവിഷ്കരണം മാത്രമായിരുന്നു. അതങ്ങനെയായിരുന്നില്ലെങ്കിൽ അദ്ദേഹം അസന്തുഷ്ടനാകുമായിരുന്നു, അസ്വസ്ഥനാകുമായിരുന്നു—അതാണു വസ്തുത.

ജീവിച്ചിരുന്ന കാലമത്രയും കൂടെ നടന്നപ്പോഴെല്ലാം നമ്മിലൊരുവനെപ്പോലെ മാത്രം നാം അദ്ദേഹത്തെ കണ്ടു എന്നതാണു നമുക്കു പററിയ തെററ്. ആ ജീവിതത്തിന്റെ ആഴവും പരപ്പും ശരിക്കും കണ്ടറിയാൻ വൈകിപ്പോയി. കണ്ടറിയാൻ ശ്രമിക്കുമ്പോഴേക്ക് അതാ, സംഭവബഹുലമായ സ്വന്തം ജീവിതത്തെ സംഗലേപരഹിതനായി തിരിഞ്ഞു നോക്കി പുഞ്ചിരി പൊഴിച്ചുകൊണ്ട് മുള്ളൻപന്നിയുടെ പീലി പോലെ എഴുന്നുനില്ക്കുന്ന മുടിയും നിബിഡമായ ശ്രുവണരോമങ്ങളും പ്രോജ്ജ്വലിക്കുന്ന വലിയ കണ്ണുകളുമായി, മുറിക്കയ്യൻ ഷർട്ടിട്ട ഹ്രസ്വകായനായ ആ 'ഉരുക്കു'മനുഷ്യൻ പെട്ടെന്നു കാലയവനികയ്ക്കുള്ളിൽ മറഞ്ഞുകളഞ്ഞു. ''ദയവുചെയ്ത് എന്നെ ആരാധിച്ചുകററാതെ അനുകരിക്കാൻ ശ്രമിച്ച് എന്നെ സന്തുഷ്ടനാക്കു'' എന്നൊരു കനത്ത താക്കീതിന്റെ മുഴക്കമുള്ള ശബ്ദം മാത്രം യവനികയ്ക്കുള്ളിൽനിന്നു പുറപ്പെട്ട് ഇന്നും മാറെറാലിക്കൊള്ളുന്നു!